# HISTORY OF TRAVANCORE

BY

S. SOOBRAMONIA IYER

SECOND MASTER PRACTISING BRANCH

FEMALE NORMAL SCHOOL

TREVANDRUM

# തിരുവിതാംകൂർ ചരിത്രം

തിരുവനന്തപുരം

കോട്ടയ്ക്കകം പെൺനാർമ്മൽ പള്ളിക്കൂടം

പ്രാക്റ്റിസിങ്ങ് ബ്രാഞ്ച് ൨-ാംവാദ്ധ്യാരായ

എസ്. സുബ്രഹ്മണ്യയ്യരാൽ

ഉണ്ടാക്കപ്പെട്ടതു.

തിരുവനന്തപുരം

ഷണ്മുഖവിലാസം അച്ചുക്കൂടത്തിൽ

അച്ചടിപ്പിക്കപ്പെട്ടതു.

1899.

NINTH EDITION.

(Copy-right Registered)

വിലപണം മൂന്നര.

| | | |
|---|---|---|
| 4 . | 25 | 13 |
| 2 . | 10 . | 11 |
| 2 | 15 | 2 : |

ഭോജ്യം വില
ദാരു

| | രൂ. | ച. | കാ. |
|---|---|---|---|
| 50. | ൧. | ൯. | ൨ |
| | ൧. | [illegible] | [illegible] |
| | 2. | ൧0. | ൧൧ |
| | 2. | ൧[illegible]. | [illegible] |
| | ൩ | 0. | [illegible] |

ഷാരു

| രൂ. | ച. | കാ. |
|---|---|---|
| [illegible] | ൧൯. | ൧൩ |
| ൩. | [illegible]. | [illegible] |
| ൧. | [illegible]. | [illegible] |
| 4. | 25. | ൧൩ |

16
1

| | | |
|---|---|---|
| 5 . | 0 . | 9 |
| 4 . | 25 . | 13 |
| | 3 . | 11 |

TO

HIS MOST GRACIOUS HIGHNESS

SRI PADMANABA DASA VANCHI BALA

SIR RAMA VARMA KULASAKHARA KRITAPATI MANNEY SULTAN

MAHA RAJAH RAMARAJA BAHADUR SHAMSHER JANG

KNIGHT GRAND COMMANDER OF THE MOST EXALTED ORDER OF

THE STAR OF INDIA

MAHA RAJAH OF TRAVANCORE

&c., &c., &c., &c.

THIS WORK

IS DEDICATED

BY

HIS HIGHNESS' EVER LOYAL SUBJECT

AND DUTIFUL SERVANT

THE AUTHOR.

# PREFACE

## മുഖവുര

ഇൻഡ്യാഉപദ്വീപിൽ ഏതദ്ദേശീയ രാജാക്കന്മാരാൽ, ഈകാലത്തു ഭരിക്കപ്പെട്ടുവരുന്ന രാജ്യങ്ങളിൽവച്ച "ധർമ്മരാജ്യം" എന്നും "മാതൃകരാജ്യം" എന്നും ഏററവും പ്രസിദ്ധിയുള്ളതായ ഈ തിരുവിതാംകൂർ രാജ്യത്തിന്റെ ആദ്യകാലം മുതൽ ൧൦൫൩-ാമാണ്ടുവരെയുള്ള ചരിത്രം ശംകുണ്ണിമേനോൻ അവർകളാൽ ഇംഗ്ലീഷ് ഭാഷയിൽ എഴുതിഉണ്ടാക്കപ്പെട്ടു ൧൮-സംവത്സരംവരെ ആയിട്ടും തൽഭാഷാപരിജ്ഞാനംഇല്ലാത്ത ജനങ്ങളുടെ ഉപകാരാൎത്ഥം മലയാളത്തിൽ, അങ്ങിനെ ഒരു പുസ്തകം എഴുതിഉണ്ടാക്കുന്നതിനു നാളതുവരെ ആരുംതന്നെ യത്നിക്കായ്കയാലും, താദൃശമായ ഒരു ചരിത്രം എത്രയുംആവശ്യകമാണെന്ന മാനനീയന്മാരായ ചില സ്നേഹിതന്മാർ പറകയാലും, ഏതാദൃശമായ ഒരു ഗ്രന്ഥനിൎമ്മാണത്തിനു വേണ്ടതായ വിശേഷയോഗ്യതകൾ എനിക്കില്ലെന്നറികിലും ഉത്സാഹബുദ്ധികൊണ്ടു ഒരുവിധം ഞാൻ ഈ ചരിത്രം എഴുതീട്ടുള്ളതാകുന്നു.

ഈ പുസ്തകം എഴുതുന്നതിൽ ഞാൻ മിക്കവാറും ശംകുണ്ണിമേനോൻ അവർകളുടെ ഇംഗ്ലീഷ് ചരിത്രത്തെ പിൻതുടൎന്നിട്ടുണ്ടെന്നു വരികിലും, ആധുനികന്മാരായ വിദ്വാന്മാരുടെ ദൃഷ്ട്യാ അതിലുള്ള ആക്ഷേപഭാഗങ്ങളെ കഴിയുന്നതും ഒഴിച്ചും അതിലില്ലാത്ത അനേകം സംഗതികളെ ഇതരപ്രമാണങ്ങൾനോക്കി അവിടവിടെ ചേൎത്തുംഇരിക്കുന്നതുകൂടാതെ ൧൦൫൩-ാമാണ്ടുമുതൽ നാളതുവരെയുള്ള ചരിത്രത്തെ, അഡ്മിനിസ്ട്രേഷൻറിപ്പോൎട്ടുകളുംമററും പരിശോധിച്ച്, യഥാമതി എടുത്തെഴുതിയും ഇരിക്കുന്നു.

ഈ രാജ്യത്തിന്റെ ഉന്നതിപ്രാപ്തിക്കു ആരംഭകാലമായ ൧൦൫൩-ാമാണ്ടുമുതൽ ഏതാവല്പൎയ്യന്തം, തദൎത്ഥം അനേകം നവീന ഏൎപ്പാടുകൾ ചെയ്യപ്പെട്ടിട്ടുള്ളതും അവ ഒ

രോന്നിന്റെയും ഗുണദോഷങ്ങൾ, ഗ്രന്ഥകൎത്താവിന്റെ വിദ്യാഭ്യാസത്തിനും ബുദ്ധിസാമൎത്ഥ്യത്തിനും അനുസരണമായി വിസ്തരിക്കപ്പെടുകയൊ, സംഗ്രഹിക്കപ്പെടുകയൊ, ചെയ്യാവുന്നതും ഗ്രന്ഥവിസ്താരം ചെയ്യുന്നതായാൽ അതു ബാലന്മാരായ അദ്ധ്യേതാക്കൾക്കും സാധാരണജനങ്ങൾക്കും, സുഗ്രഹവും സുലഭ്യവും അല്ലാതെ ഭവിക്കാവുന്നതും ആകകൊണ്ടു പ്രായേണ സംഗതികളെ വിസ്തരിച്ചിട്ടില്ലാത്തതാകുന്നു.

എങ്ങനെ ആയാലും പരിശ്രമപ്രോത്സാഹകന്മാരായ മഹാന്മാർ കിഞ്ചിജ്ഞനായ എന്റെ ഈ പ്രയത്നത്തെ അഭിനന്ദിക്കയും ഈ പുസ്തകം ജനസാമാന്യത്തിനു, സ്ഥൂലമായെങ്കിലും സ്വദേശചരിത്രത്തിന്റെ ഒരു അറിവിനെ കൊടുക്കുന്നതിനു ഉപയോഗപ്പെടുകയും ചെയ്യുന്നപക്ഷം ഞാൻ കൃതകൃത്യനായിഭവിക്കുന്നതാണു.

ഈ പുസ്തകത്തെ ആദ്യാവസാനം പരിശോധനചെയ്തു അതിലുണ്ടായിരുന്ന തെറ്റുകളെ തീൎത്തുതന്നിട്ടുള്ള കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും, രാജരാജവൎമ്മ കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും, കാളേജിലെ മലയാളപണ്ഡിതരായ മാ. രാ. രാ. രാമക്കുറുപ്പു ബി. എ. അവൎകൾക്കും ഞാൻ വളരെ വളരെ വന്ദനങ്ങൾ പറഞ്ഞുകൊള്ളുന്നു.

ഈ പുസ്തകത്തെ അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിൽ ദ്രവ്യമുഖേന സഹായംചെയ്തിട്ടുള്ള പരോപകാരതല്പരരായ പലമഹാന്മാൎക്കും കഴിയുന്നതും വൃത്തിയായി അച്ചടിക്കുന്നതിനു പ്രത്യേകം ശ്രദ്ധവച്ചിട്ടുള്ള "ഷണ്മുഖവിലാസം പ്രസ്സ്" പ്രൊപ്രൈറ്റർ അവൎകൾക്കും ഞാൻ എന്തുമാത്രം കടമപ്പെട്ടിരിക്കുന്നു എന്നുള്ളതു അനിൎവ്വചനീയമാകുന്നു.

ഈ പുസ്തകം ഉടമസ്ഥന്റെ മുദ്രയോടുംകൂടി വിൽക്കപ്പെടും.

൧൦൮൩-മാണ്ടു
കൎക്കടകമാസം ൧൫-ാംനു } എസ്. സുബ്രഹ്മണ്യയ്യൻ

# TESTIMONIALS.

തിരുവനന്തപുരം നാമ്മൽ പെൺപള്ളിക്കൂടം ദ്വിതീയോപാദ്ധ്യായരായ എസ്- സുബ്രഹ്മണ്യയ്യരാൽ എഴുതപ്പെട്ട തിരുവിതാംകൂർചരിത്രം മുഴുവനും ഞാൻ വായിച്ചുനോക്കി. എത്രയും പ്രാചീനകാലംമുതൽ ഏതൽകാലംവരെ ഉള്ള ഈ രാജ്യത്തിന്റെ ചരിത്രത്തെ സംക്ഷിപ്തമായും സുഗ്രഹമായും വിവരിച്ചിരിക്കുന്ന ഒരു പുസ്തകം മലയാംപള്ളിക്കൂടങ്ങളിലേക്കു ഏറ്റവും ഉപയോഗമുള്ളതായിരിക്കുമെന്നു അഭിപ്രായപ്പെടുന്നതിൽ ഞാൻ സംശയിക്കുന്നില്ലാ.

തിരുവനന്തപുരം<br>
൧൦൬൭-മീനം ൫-നു

കേരളവമ്മ

---

എല്ലാജനങ്ങൾക്കും അവരവരുടെ ദേശചരിത്രങ്ങൾ അറിഞ്ഞിരിക്കേണ്ടതു ആവശ്യമാകുന്നു. എന്നാൽ ആവക ചരിത്രങ്ങൾ എഴുതിയ പുസ്തകങ്ങൾ പാശ്ചാത്യഖണ്ഡങ്ങളിൽ ഉള്ളതുപോലെ ഇൻഡ്യയിൽ അത്ര സാധാരണങ്ങളല്ലാ- എന്നാൽ ഇൻഡ്യയിൽ ഓരോരോ സ്ഥലമാഹാത്മ്യങ്ങൾ എന്നുള്ള പ്രാചീന ഗ്രന്ഥങ്ങൾ പലതും ഉണ്ടു. അതുകളിൽ അതാതുദേശങ്ങളിലെ നദികൾ തീർത്ഥങ്ങൾ ദേവാലയങ്ങൾ ഇവകളെക്കുറിച്ചു പറയുന്നതല്ലാതെ ആ ദേശത്തെ രാജാക്കന്മാരെയും രാജ്യഭാരരീതിയേയും കുറിച്ചു മറ്റും പറയുന്നില്ലാ. തിരുവിതാംകൂറിലും തിരുവനന്തപുരം വർക്കല മുതലായ സ്ഥലങ്ങളിലെ സ്ഥലമാഹാത്മ്യ ഗ്രന്ഥങ്ങൾ ഉണ്ടു. അതുകളിലും അവിടെയുള്ള രാജാക്കന്മാരുടെയും രാജ്യഭാരത്തിന്റെയും വിവരങ്ങൾ ഒന്നുമില്ലാ. അതുകളെ വിവരിക്കുന്നതായ തിരുവിതാംകൂർചരിത്രം എന്നൊരുപുസ്തകം ഇദം പ്രഥമമായിട്ടു ഉണ്ടാക്കിയതു പാച്ചുമൂത്തതാണു.

അതിൽ പ്രാചീനങ്ങളായ ചില സംഗതികൾ പറയുന്നതിന ശരിയായ പ്രമാണങ്ങൾ ഒന്നും ഉണ്ടെന്ന തോന്നുന്നില്ല. അതുകൂടാതെയും അതിൽ ഇംഗ്ലീഷ പുസ്തകങ്ങളിൽ പറയുന്നമാതിരി രാജാക്കന്മാരുടെ രാജ്യഭാര രീതിയെക്കുറിച്ച അധികം വൎണ്ണിച്ചിട്ടില്ലാത്തതിനാൽ അതിനെ പരിഷ്കരിക്കാൻവേണ്ടി ഇവിടത്തെ ദിവാൻജിയായിരുന്ന സർ. ടി. മാധവരായരവർകൾ ഇംഗ്ലീഷിൽ ഒരു പുസ്തകമുണ്ടാക്കി ബുക്കമറ്റിയാൽ മലയാളത്തിൽ തൎജ്ജമപ്പെടുത്തീട്ടുണ്ട. അതിനെയാണിപ്പോൾ മലയാംപള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചു വരുന്നത. എന്നാൽ അതിൽ കൊല്ലവൎഷം ൯൦൪-ാമാണ്ടു മുതൽ ൯൭൩-ാമാണ്ടുവരെ രണ്ടു രാജാക്കന്മാരുടെ രാജ്യഭാരമാകുള്ളു. അതില്പിന്നെ ട ശങ്കുണ്ണിമേനോൻപേഷ്കാർ ഇംഗ്ലീഷിൽ ഒരുപുസ്തകമുണ്ടാക്കി. അതിൽ വളരെപ്രാചീനകളായ കഥകളും ൧൦൩൩-ാമാണ്ടുവരെയുള്ള രാജ്യഭാരക്രമങ്ങളും അടങ്ങീട്ടുണ്ട. ആ പുസ്തകത്തിലും പ്രാചീനങ്ങളായ വിവരങ്ങൾക്കു വിശ്വാസയോഗ്യങ്ങളായ പ്രമാണങ്ങൾ ഒന്നും ഉണ്ടെന്നതോന്നുന്നില്ല. അതിനാൽ ഇപ്പോൾ തിരുവനന്തപുരം നാൎമ്മൽസ്കൂൾ വാദ്ധ്യാരായിരിക്കുന്ന സുബ്രഹ്മണ്യയ്യൻ മലയാളത്തിൽ ഒരു തിരുവിതാംകൂർചരിത്രം എഴുതിയിരിക്കുന്നു. അതിൽ പ്രാചീനസംഗതികളൊക്കയും ശങ്കുണ്ണിമേനോൻപേഷ്കാർപുസ്തകത്തിൽനിന്നും സംഗ്രഹിച്ചിട്ടുള്ളതാകകൊണ്ടു അതുകൾക്കു അത്ര വിശ്വാസയോഗ്യത ഇല്ലെങ്കിലും ഇയ്യാൾ ഇംഗ്ലീഷിലും സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും സാമാന്യപരിജ്ഞാനവും സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും കവിതാവാസനയും ഉള്ള ആളാകകൊണ്ടു മേല്പറഞ്ഞ പുസ്തകത്തിൽനിന്നും അനാവശ്യഭാഗങ്ങളെ തള്ളിയും ആവശ്യങ്ങളായ ഭാഗങ്ങളെ സ്വീകരിച്ചും നല്ലപോലെ പരിശ്രമിച്ചു ൧൦൬൭-ാമാണ്ടുവരക്കും ഉള്ള സംഗതികളെ വിവരിച്ചും എഴുതീട്ടുള്ളതാകകൊണ്ടു ഒരു പുസ്തകം ഇപ്പോൾ മലയാംപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിന

വളരെ ഉപകാരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

൧൦൬൬-ാമാണ്ടു                                        രാജരാജവൎമ്മാ
കൎക്കടകമാസം ൧൨-ാം നു-                         കൊച്ചുകോയിത്തമ്പുരാൻ

—൦:൦:൦—

കോട്ടയ്ക്കകം നാൎമ്മൽസ്കൂൾ ൧-ാംവാദ്ധ്യാർ എസ്-സുബ്രഹ്മണ്യയ്യൻ എഴുതിയുണ്ടാക്കീട്ടുള്ള തിരുവിതാംകൂർചരിത്രം ഞാൻമിക്കവാറും പരിശോധിച്ചു. മുഖ്യമായി ഇദ്ദേഹം ശങ്കുണ്ണിമേനോൻപേഷ്കാർ അവർകളുടെ ചരിത്രത്തെ പിൻതുടൎന്നിട്ടുണ്ടെങ്കിലും അതിലില്ലാത്ത നൂതനമായ അനേകം കാൎയ്യങ്ങൾ തമിഴ് ഗ്രന്ഥങ്ങളും അഡ്മിനിസ്ത്രേഷൻ റിപ്പോൎട്ടുകളും മററും പരിശോധിച്ചു എടുത്തെഴുതിയിരിക്കുന്നു. ഇപ്രകാരമുള്ള പ്രമാണങ്ങളെ അവിടവിടെ കുറിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ സൂചിപ്പിച്ചതിനെ അദ്ദേഹവും സമ്മതിച്ചിട്ടുണ്ടു. ഇതു പുസ്തകത്തിനു പ്രാമാണ്യതയെ കൊടുക്കുന്നതാണ്. എഴുതിട്ടുള്ളടത്തോളം, സംഗതികൾ അനാവശ്യമായി വൎദ്ധിക്കാതെ, ചുരുക്കമായും, സാരാംശങ്ങൾ ഒട്ടുംവിടാതെയും ലളിതമായും ശുദ്ധമായും ഭാഷയിൽ ഇദ്ദേഹം ഒരു ചരിത്രം ഉണ്ടാക്കീട്ടുള്ളതു അദ്ദേഹത്തിന്റെ പ്രയത്നശീലത്തേയും സാമൎത്ഥ്യത്തേയും കാണിക്കുന്നു. ഒരു വേല എത്രയും ശ്ലാഘനീയമായുള്ളതാകയാൽ സ്വഭാഷാഭിവൃദ്ധി തല്പരന്മാരായവരെല്ലാം സുബ്രഹ്മണ്യയ്യനെ അഭിനന്ദിക്കയും ഉത്സാഹിപ്പിക്കയും ചെയ്യാനുള്ളതാണ്.

൧൦൬൬-മീനം-൧൧                                  ആററുകാൽ ഗോവിന്ദപ്പിള്ള.
തിരുവനന്തപുരം

—൦:൦:൦—

I have carefully gone through the whole of the Malayalam History of Travancore compiled by S. Soobramonia Iyer. This work if printed will be of immense use to all. Its special excellence seems

to consist in the fact that Soobramonia Iyer has omitted a great deal of the prehistoric matter which has made Mr. Sankoony Menon's otherwise valuable History in English somewhat repugnant to many a matter of fact reader. The composition of the manuscript in question is blotless and Soobramonia Iyer deserves public support in getting his useful production printed as soon as possible.

Trevandrum. N. RAMAKURUP B. A
28th. January 1892. Head Malayalum Pandit.

---

I have with much pleasure gone through Mr. Soobramonia Iyen's sketch of the History of Trivancore, and am glad to say that the book exhibits considerable labour and thought It is written in good idiomatic Malayalam. The author has very wisely confined himself to stating facts and wherever he has ventured to give his opinion he has been careful to avoid extremes. I have no doubt that the book will be appreciated by the Travancore public. The author has my best wishes.

Trevandrum
5th. June 1892 P. THANOO PILLAY.

---

I have gone through Mr. Soobramonia Iyer's "Manual of the History of Travancore" in Malayalam, and have much pleasure, in certifying that the author has, in this noble attempt rendered a very valuable service to the Malayalam reading Public-especially to the students of the vernacular schools. It may be said to his credit that he has, to some extent succeeded in steering clear of myths

in compiling this short History. He has confined himself to bare facts, and has arranged them in chronological order. As a manual it is invaluable and is calculated to give a clear outline of the subject to the readers. I sincerely hope and wish that the work will meet with that support from the public which it so richly deserves.

Trevandrum
3rd. April 1892

P. AIYAPPEN PILLAY
Head master

---

My dear Soobramonia Iyer.

I went through your History of Travancore carefully and I am glad to find that you have done your best to bring out a History of Travancore from the earliest times down to the present in a clear and concise form. Your book really supplies the long-felt want of a class book on the subject in the higher class vernacular schools. The only Malayalam treatise we have on the subject is an incomplete one being but an account of the reigns of the most important Sovereigns of Travancore by the late Raja Sir. T. Madhava Row. It totally abstains from all mention of the early history of Travancore nor is any mention made of the sovereigns who ruled this state since the great Rama Varma who died in 973. You have on the other hand sketched the history of Travancore in a connected form, from prehistoric times down to the present and the accurate and concise manner in which you have done your task shows that you have spared no pains to make the book acceptable to the general reading public and have no hesitation in saying that your book willbe

a valuable addition to our Malayalam historical literature.

I am
Yours truly
K. RAGHUNATHA IYER
Head Inspector

Karamanai
5th. Medam 1067.

---

My dear Mr. Soobramonia Iyer,

I have been able to go through your Malayalam History of Travancore, with much pleasure. You have in closely following Mr. Shangoony menon, advisedly omitted all the dry and unimportant portions of his work. You have more over, brought the history of this interesting 'model state, almost down to the present period. You must have evidently, expended a good deal of time and labour on it and deserve credit for what you have done. I have no hesitation your book will be very useful to the Malayalam reading public at large and especially to the pupils of our vernacular schools as there is no other book of its kind in the language. The only book we have on the subject, is a Malayalam translation of Raja Sir. T. Madhava Row's history of two reigns—of their Highness Marthanda Vurma and Rama Vurma. Now we have, before us, in small compass almost a complete history of our country in our mother tongue. I wish you every success in your laudable attempt.

Trevandrum
24th March 1892

I remain
Yours very sincerely
K. MARUTHANAYAKAM PILLAY.

# തിരുവിതാംകൂർ ചരിത്രം

## ൧-ാം അദ്ധ്യായം.

### കൃതയുഗംമുതൽ കലിയുഗാരംഭംവരെ.

ചന്ദ്രവംശത്തിൽ പ്രസിദ്ധനായ യയാതി എന്ന ചക്രവൎത്തിക്ക് യദു എന്നും തുൎവ്വസു എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരിൽ കനിഷ്ഠനായ തുൎവ്വസുവിനു ദക്ഷിണ ഇൻഡ്യാ മുഴുവനും യയാതിയാൽ കൊടുക്കപ്പെട്ടു. ആ തുൎവ്വസുവിന്റെ വംശത്തിൽ കരന്ധമൻ എന്നൊരു രാജാവിനു ചേരൻ, ചോളൻ, പാണ്ഡ്യൻ, കോളൻ എന്നു നാലു പുത്രന്മാർ ജനിച്ചു. അവർ പിതാവിന്റെ കാലാനന്തരം ആ രാജ്യത്തെ നാലായി വിഭജിച്ചു. അവരവരാൽ ഭരിക്കപ്പെട്ട ഭാഗങ്ങൾക്കു യഥാക്രമമായി ചേരദേശം, ചോളദേശം, പാണ്ഡ്യദേശം, കോളദേശം എന്ന പേരുകളും സിദ്ധിച്ചു.

ആ ഭാഗങ്ങളിൽവച്ചു ഏററവും വലിയതു ചേരദേശം ആകുന്നു. അതിൽ കോയമ്പത്തൂർ, സേലം ജില്ലകളും, മൈസൂർ രാജ്യത്തിന്റെ ഒരു അംശവും സഹ്യപൎവ്വതത്തിനു പടിഞ്ഞാറു ഗോകൎണ്ണംമുതൽ കന്യാകുമാരിവരെയുള്ള ദേശവും ഉൾപ്പെട്ടിരുന്നു. അതിനെ ആയുഗത്തിലും അടുത്തതായ ത്രേതായുഗത്തിലും ചേരവംശജന്മാരായ അനേകം രാജാക്കന്മാർ പാലിച്ചിരുന്നു.

ആയിടക്കു ഒരുകാലത്തു ചേരരാജ്യത്തിന്റെ മുഖ്യാംശമായ കന്യാകുമാരിമുതൽ ഗോകൎണ്ണംവരെ സഹ്യപൎവ്വത

ത്തിന്ന പടിഞ്ഞാറവശത്തുള്ള രാജ്യം ഏതോകാരണവശാൽ സമുദ്രത്തിൽ മഗ്നമായിപ്പോയി. എന്നാൽ അങ്ങിനെ സംഭവിച്ചതു സഗരപുത്രന്മാർ ഭൂമിയെഖനനംചെയ്തു മൂലമെന്നു പൌരാണികരും പ്രകൃത്യാ സംഭവിക്കുന്ന ഭൂകമ്പം മുതലായവയാൽ ആയിരിക്കണമെന്നു ഇംഗ്ലീഷ് ശാസ്ത്രജ്ഞന്മാരും പറയുന്നു. സമുദ്രമഗ്നമായ ൟ ഭൂഖണ്ഡത്തിന്റെ ഉദ്ധാരണത്തിലും ൟവിധം അഭിപ്രായഭേദങ്ങൾ കാണുന്നു.

ഗോകർണ്ണംമുതലായ പ്രസിദ്ധ ക്ഷേത്രങ്ങൾ സാഗരമഗ്നങ്ങളായി ഭവിച്ചസമയം തപസ്വികളായ മഹർഷികളുടെ അപേക്ഷ അനുസരിച്ച് പരശുരാമൻ ഗോകർണ്ണത്തെത്തി അവിടെനിന്നു തന്റെ പരശു എന്ന ആയുധത്തെ ദക്ഷിണാഭിമുഖമായി എറിഞ്ഞതായും ആയതു കന്യാകുമാരിക്കു സമീപംചെന്നുപതിക്കയാൽ അത്രത്തോളം സമുദ്രം പിൻവാങ്ങിയതായും ഒരുപക്ഷവും, മറെറാരുപക്ഷം താൻ ചെയ്തവീരഹത്യാദി പാപനിവൃത്തിക്കായി, ഭൂമി ആസകലം ബ്രാഹ്മണർക്കു ദാനംചെയ്യപ്പെട്ടകകാരണം, തന്റെ വാസത്തിനായിക്കൊണ്ടു വരുണന്റെപക്കൽനിന്നു ഗോകർണ്ണംമുതൽ കന്യാകുമാരിവരെ സഹ്യാചലത്തിന്ന പശ്ചിമഭാഗത്തുള്ള ൟ ഭൂമിയെ സ്വീകരിച്ചു എന്നും മററുമാകുന്നു.

എങ്ങനെആയാലും ഉയർത്തപ്പെട്ട ആൾ പാർപ്പില്ലാതെ കിടന്നിരുന്ന ഭൂമിയിൽ പരശുരാമൻ സമീപദേശങ്ങളിൽനിന്നു ബ്രാഹ്മണർ മുതലായവരെകൊണ്ടുവന്നു പാർപ്പിക്കയും അവർ സ്വദേശങ്ങളിലേക്കു തിരിച്ചുപോകാതിരിക്കുന്നതിനായി, പൂർവ്വശിഖമുതലായ പല നൂതന നിയമങ്ങളും, കാലക്ഷേപമാർഗ്ഗങ്ങളും അവർക്കു കല്പിച്ചതുകൂടാതെ, രാജ്യരക്ഷക്കായി ഓരോസ്ഥലങ്ങളിൽ ക്ഷത്രിയ രാജാക്കന്മാരെകൊണ്ടുവന്നു പാർപ്പിച്ചു അവർക്കു ദേശങ്ങൾ വിട്ടുകൊടുക്കയുംചെയ്തു. ഇപ്രകാരമാകുന്നു തളിപ്പറമ്പു, കോഴിക്കോട്,

ത്രിപ്പൂണിത്തുറ, പത്മനാഭപുരം, ഈ സ്ഥലങ്ങളിൽ കൊലത്തിരി, സാമൂതിരി, ത്രിപ്പൂന്നുൻ, ഭാനുവിക്രമൻ മുതലായ രാജാക്കന്മാരുടെ വംശം ഉത്ഭവിച്ചതു.

ഈ തിരുവിതാംകൂർ മഹാരാജാക്കന്മാർ, ശ്രീവദ്ധനപുരം (അ) പത്മനാഭപുരം എന്ന സ്ഥലത്തു, കേരളരാജാവായി പരശുരാമനാൽ അഭിഷേകംകഴിച്ചു വാഴിക്കപ്പെട്ടവനും ചേരവംശോത്ഭവനും ആയ ഭാനുവിക്രമന്റെ വംശജന്മാരാകുന്നു.

മേൽപ്രകാരം തന്നാൽവാഴിക്കപ്പെട്ട ഭാനുവിക്രമ രാജാവിനു, പരശുരാമൻ തന്റെവാളും, സ്വർണ്ണ സിംഹാസനവും കൊടുത്തതുകൂടാതെ രാജ്യത്തിലെ ഉപയോഗത്തിനായി, രാശിഎന്നു ഒരു സ്വർണ്ണനാണയവും അടിപ്പിച്ചുകൊടുത്തു.

ഈവിധം ഈ രാജ്യത്തിന്റെയും രാജവംശത്തിന്റെയും സ്ഥാപകനും മഹാനും ആയ പരശുരാമന്റെ ചരിത്രത്തെ, ഈ സന്ദർഭത്തിൽ, സംഗ്രഹമായെങ്കിലും അദ്ധ്യേതാക്കളുടെ അറിവിനായി പ്രസ്താവിക്കേണ്ടതു അത്യന്താപേക്ഷിതമാകുന്നു.

വിഷ്ണുവിന്റെ ആറാമത്തെ അവതാരമായി വിചാരിക്കപ്പെട്ടിരിക്കുന്ന ഈ രാമൻ, ഭൃഗുവംശജനായ ജമദഗ്നിമഹർഷിയുടെ പുത്രനാകുന്നു. ഇദ്ദേഹം ത്രേതായുഗത്തിന്റെമദ്ധ്യമകാലത്തു നർമ്മദാനദിയുടെ തീരത്തിലുള്ള ഒരു ആശ്രമത്തിൽ അവതരിച്ചു. മാതാവായ രേണുകാ ആനദിയിൽ നിന്നും, ദിവസേന ജലംകൊണ്ടുവരികപതിവായിരുന്നു. ഒരുദിവസം ജലവുംകൊണ്ടു തിരിച്ചുവരുന്നതിനു സ്വല്പംതാമസിക്കയാൽ ഭർത്താവായ ജമദഗ്നിഋഷി താമസത്തിനുള്ള കാരണം ചോദിച്ചപ്പോൾ ആ സാധുശീലയായ രേണുകാ, അ

തിസുന്ദരനായ ചിത്രാംഗതൻ എന്നഗന്ധൎവ്വന്റെ രമണായാ അ
വൻ ആകാശമാൎഗ്ഗത്തൂകൂടി പോകുമ്പോൾ, ജലത്തിൽപ്രതി
ഫലിച്ചതിനെ സ്വല്പനേരം താൻ നോക്കിനിന്നിരുന്നു പര
മാൎത്ഥം അറിയിച്ചു. ഇതുകേട്ട അത്യന്തം കുപിതനായ ഋഷി
തന്റെ പുത്രന്മാരെ ഓരോരുത്തരെയായി വിളിച്ചു അ
വരുടെ മാതാവായ രേണുകയെ വധിക്കണമെന്നു പ്ര
ത്യേകം ആജ്ഞാപിച്ചു. അവരിൽ നാലാളുകൾ സ്ത്രീഹത്യ
വളരെ നിന്ദ്യവും പാപകാരിയും ആണെന്നും വിശേഷിച്ചും
മാതാവായസ്ഥിതിക്കു തീരെ പാടില്ലെന്നുംപറഞ്ഞു മാറിക്ക
ളഞ്ഞു. എന്നാൽ അഞ്ചാമത്തെമകനായ പരശുരാമൻ, പി
തൃവാക്യപരിപാലനം മുഖ്യധൎമ്മമാണെന്നു വിചാരിച്ചു അ
ച്ഛന്റെ കല്പനയെ നിരസിച്ചില്ലാ. അതുകണ്ടു സന്തുഷ്ടമാന
സനായ ജമദഗ്നി ആവശ്യമുള്ളതു അപേക്ഷിച്ചാൽ ആയതു
സാധിച്ചുതരാമെന്നു പുത്രനോടു വാഗ്ദാനംചെയ്തു. തൽ
ക്ഷണം അതിബുദ്ധിമാനായ പരശുരാമൻ സ്വമാതാവി
നെ സജീവയായി കാണേണമെന്നു അപേക്ഷിച്ചു. അദ്ദേഹം
തപഃശക്തികൊണ്ടു അവളെജീവിപ്പിച്ചു- അനന്തരംപരശു
രാമൻ പ്രപിതാമഹനായ ഭൃഗുവിന്റെ പക്കൽനിന്നും സ
കലവിദ്യകളെയും അഭ്യസിച്ചു. അദ്ദേഹത്തിന്റെ നിയോ
ഗാനുസാരേണ ശിവനെഭജിച്ചു പരശു എന്ന ആയുധവും
ഒരു സ്യന്ദനവും മററുംവാങ്ങിച്ചു. അതുമുതൽക്കാകുന്നു ഇദ്ദേ
ഹത്തിനു പരശുരാമൻ എന്ന നാമധേയം സിദ്ധിച്ചതു. അ
തഃപരം ഒരിക്കൽ താൻ തപസ്സിന്നായി പോയിരിക്കുന്ന
സമയം കാൎത്തവീൎയ്യാൎജ്ജുന വംശജനായ ഒരു രാജാവു പൂൎവ്വ
ദ്വേഷ ഹേതുവാൽ സ്വാശ്രമത്തുചെന്നു നിജപിതാവി
നെ വധിക്കയും മാതാവായരേണുക ഭൎത്തൃദേഹത്തോടൊ
ന്നിച്ചു സ്വശരീരത്തെ ദഹിപ്പിക്കയും ചെയ്തതായി പരശു
രാമൻ അറിഞ്ഞു, കോപാവേശംകൊണ്ടു ഭൂമിയിൽ ക്ഷത്രി
യവംശത്തെ ഇല്ലായ്മചെയ്യണമെന്നുള്ള ദുസ്സഹമായ ശപ
ഥംചെയ്തു സാഗരമേഖലയായ മേദിനിയെ ചുററിനടന്നു

ഇതാപത്തൊന്നുപ്രാവശ്യം ക്ഷത്രിയരാജാക്കന്മാരെവധിച്ചു. തദ്ദോഷനിവൃത്തിക്കായി ഭൂമിയെല്ലാം ബ്രാഹ്മണൎക്കു ദാനംചെയ്തു് തപസ്സുചെയ്തിരിക്കുന്നകാലത്താകുന്നു മുമ്പിൽ പ്രസ്താവിച്ചപ്രകാരം ഗോകൎണ്ണവാസികളായ ഋഷികളാൽ ഈ ദേശത്തിന്റെ ഉദ്ധാരണം യാചിക്കപ്പെട്ടതു.

ചേരനാൽ ആദ്യം ഭരിക്കപ്പെട്ടകാരണം ചേരദേശം എന്നപേര് ലഭിച്ചതുകൂടാതെ ശ്രീവാഴുംകോട (അ) തിരുവാഴുംകോട, കേരളം, വാനവൎന്നാട് (അ) വേണാട്, വഞ്ചിഭൂമി, തിരുവടിദേശം, മലയാളം, ധൎമ്മരാജ്യം. എന്നീസംജ്ഞകളും ഓരോ കാരണവശാൽ, ഈ രാജ്യത്തിനു സിദ്ധിച്ചിട്ടുണ്ട്.

ഭാനുവിക്രമൻമുതൽക്കുള്ള എല്ലാരാജാക്കന്മാരിടെ പേരുകളും ആ കാലങ്ങളിലുള്ള സംഭവങ്ങളും തീരെ അറിവാൻപാടില്ലെന്നു വരികിലും സീതാന്വേഷണത്തിനായി കേരളത്തിലും രാമദൂതന്മാർ ചെന്നിരുന്നു എന്നു രാമായണത്തിലും ഭാരതയുദ്ധത്തിൽ കേരളരാജാവുകൂടി ഉണ്ടായിരുന്നു എന്നു ഭാരതത്തിലും കാണുന്നതിനാൽ ഭാനുവിക്രമൻ രാജ്യഭാരംചെയ്ത ത്രേതായുഗം മുതൽ യുധിഷ്ഠിര ചക്രവൎത്തിയുടെ കാലം അവസാനിച്ചതായ കലി ൩൬൩൦- വരെ ഈ രാജവംശം അനസ്യൂതമായി വന്നിരിക്കണമെന്നു നിൎണ്ണയിക്കാവുന്നതാണ്.

—ഠഃഠഃഠ—

## ൨-ാം അദ്ധ്യായം.

## കലിയുഗാരംഭംമുതൽ കൊല്ലം ആണ്ടു ആരംഭംവരെ.

അനന്തരം കലിവൎഷം ൪൦൯൦-വരെ ചേരരാജ്യംരക്ഷിച്ചുവന്നതായി ഉദയചേരൻ മുതലായി ൨൫- രാജാക്കന്മാരുടെ നാമധേയംമാത്രം, ഈറോഡിൽ കൊടുമുടി രാമലിംഗ

മിസ്റ്റർ ശംകുണ്ണിമേനവ
കവിരായരുടെ പക്കൽ ഉണ്ടെന്ന
ന്റെ ഇംഗ്ലീഷ് ചരിത്രത്തിൽ കാണുന്നു. പിന്നീടുചേര
രാജ്യം രക്ഷിച്ചുപോന്ന രാജാക്കന്മാരുടെ പേരുവിവരംകൂടി
അറിവാൻ പാടില്ലാ. എന്നാൽ ചേരരാജാക്കന്മാരുടെ ശ
ക്തിക്ഷയത്താൽ, അവർ കലിവൎഷം ൪൦൦൦-ന്നു ഇടക്കു രാ
ജധാനിയെ കേരളത്തിൽ തിരുവഞ്ചിക്കുളംഎന്ന സ്ഥലത്തു
മാററിപാൎത്തുവരുന്നസമയം, ആവംശത്തിൽ കലി ൪വൃന്നും-
ൽ കുലശേഖര ആൾവാർ എന്നൊരുമഹാൻ ജനിച്ചതായി
തമിഴ് ഗ്രന്ഥങ്ങളിൽ കാണുന്നു. അദ്ദേഹത്തിന്റെഅച്ഛൻ
ദൃഢവ്രതൻ എന്ന രാജാവായിരുന്നു. അദ്ദേഹംവലിയവിഷ്ണു
ഭക്തനും വിദ്വാനും ആയിരുന്നു. ആ മഹാൻ തമിഴിൽതിരു
വാമൊഴി മുതലായി പലഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു. അദ്ദേ
ഹം പുത്രനെ രാജ്യഭാരം ഏല്പിച്ചു ൬൭-മത്തെ വയസ്സി
ൽ തിരുനൽവേലിജില്ലയിൽ ബ്രഹ്മദേശം താലൂക്കിൽവച്ചു
ചരമഗതിയെപ്രാപിച്ചു. ആ മൃതശരീരത്തെ മന്നാർകോവി
ൽ ക്ഷേത്രത്തിൽ അടക്കംചെയ്തു വൈഷ്ണവർ ഇന്നും അതി
ന്നു അൎച്ചനാദികൾ കഴിച്ചുവരുന്നു. ഇദ്ദേഹത്തിന്നു തമിഴിൽ
കോഴിക്കാവലൻ, ചാപ്പികൊൻ, കൂഡപുരാധീശൻ കുല
ശേഖര തിരുവടികൾ എന്നും നാമധേയങ്ങൾ ഉണ്ടു.

അനന്തരംഭവിഷ്യല്പുരാണപ്രകാരം കലിവൎഷം ൩൦൦൦
ത്തിന്നു ഇടക്കു വിക്രമാദിത്യസഹജീവിയായി കേരളത്തിൽ
ധീരകേരള വൎമ്മൻ രാജാവായിരുന്നു എന്നുകാണുന്നു. അതി
നാൽ കുലശേഖരആൾവാരുടെകാലംമുതൽകലി ൩൦൦൦-വ
രെ കേരളം ഓരോരാജാക്കന്മാരാൽ തിരുവഞ്ചിക്കുളത്ത് പാ
ൎത്ത് പാലിക്കപ്പെട്ടിരുന്നു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

* ഈഇടക്കു കലി ൩൧൫൩ / എ.ഡി. ൫൨ ൽ ക്രിസ്തുവിന്റെ അപ്പൊസ്ത
ലായ സെൻറ് താമസ്സ് കേരളത്തുവന്നു സ്വദേശികളിൽ

---

* മലയാള ഭാഷാചരിത്രം

പലരേയും ക്രിസ്തുമാൎഗ്ഗം സ്വീകരിപ്പിച്ചു, നിരണം, കൊട്ടം കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിൽ ഓരോ പള്ളികൾ ഏൎപ്പെടുത്തി.

തദനന്തരം കേരള രാജാക്കന്മാരുടെ ദൌൎബ്ബല്യത്താലൊമററൊ ബ്രാഹ്മണർതന്നെ ഈ രാജ്യത്തെ നാലായിവിഭജിച്ചു സ്വല്പകാലം സ്വയമായും പിന്നീട്ട രക്ഷാപുരുഷർ മുഖമായും ഭരിച്ചുവരികയും അതു ശരിയായി നടക്കായ്കയാൽ കലി ൩൩൪൬-ൽ ചേരമാൻ കേരളൻ എന്നൊരു രാജാവിനെ കോയമ്പത്തൂരിൽനിന്നും കൊണ്ടുവന്നു വാഴിക്കയുംചെയ്തു. ഇതുമുതൽ ൨൪൨-വൎഷം ൨൫- പെരുമാക്കന്മാർ കേരളത്തിൽ ഓരോഭാഗങ്ങളിൽ രാജധാനിയും തീൎപ്പിച്ചു പാൎത്തു രക്ഷിച്ചുവന്നു.

പെരുമാക്കന്മാരുടെ രാജ്യഭാരം ആരംഭിച്ചു ഇരുപതു സംവത്സരം കഴിഞ്ഞശേഷം കലി ൩൩൩൬-ൽ വിശ്വവിഖ്യാതനായ ശങ്കരാചാൎയ്യർ എന്ന ദിവ്യപുരുഷൻ ആലുവായ്ക്കു സമീപം ഉളിയന്നൂർഗ്രാമത്തിൽ കാലടി എന്നദിക്കിൽ ഒരു നമ്പൂതിരിയുടെ ഇല്ലത്ത് അവതരിച്ചു. പിതാവു ദേശയാത്രപോയിരുന്നസമയം ജനിക്കയാൽ നമ്പൂതിരിമാർ അദ്ദേഹത്തിനുംമാതാവിനും ദോഷത്തെആരോപിച്ചു. ആമഹാൻ ൮-വയസ്സിൽസന്യസിച്ചു കാശിയിൽചെന്നു ഗോവിന്ദസ്വാമിയോടു ഉപദേശവുംമേടിച്ചു ബദൎയ്യാശ്രമത്തെത്തി സൂത്രഭാഷ്യംചെയ്തു തനിക്കപ്രത്യക്ഷനായ വേദവ്യാസനെ കാണിച്ചു അനുഗ്രഹംവാങ്ങിസ്വദേശത്തുതിരിച്ചുവന്നു. ആസമയം മാതാവു മരിക്കയും അപരക്രിയക്കു നമ്പൂതിരിമാർ വരാതിരിക്കയും ചെയ്കയാൽ താൻതന്നെ ആ മാതൃദേഹത്തെ ഹോമിച്ചു. അനന്തരം പരശുരാമന്റെ അനുവാദപ്രകാരം കേരളത്തിലെ ആചാരങ്ങളേയും നടപടികളേയുംപററി അനേകം ഏൎപ്പാടുകൾ ചെയ്തശേഷം വീണ്ടും ബദൎയ്യാശ്രമത്തു

..ചന്ന സവ്വജ്ഞപീഠം കയറി ന.ൻ-ാമത്തെ വയസ്സിൽ സ്വൎഗ്ഗാരോഹണംചെയ്തു. ഇപ്പോൾ പ്രസിദ്ധമായിരിക്കുന്ന ശൃംഗെരിമഠം ഇദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്.

*ഇതുകൂടാതെ ഇവരുടെകാലത്തു ബൌദ്ധന്മാർ കേരളത്തെ ആക്രമിച്ചു എങ്കിലും വേഗം പരാജിതരായി അവർ തിരിച്ചുപോയി.

* കലി ന ര-ര-ന്ന / എ. ഡി. ന ര-ഥ ൽ മലയാളത്തിൽ കച്ചവടത്തിനായിവന്ന കാനാ തൊമ്മ എന്ന ഒരു അർമ്മീനിയൻ വ്യാപാരി ഈ രാജ്യത്തിൽ നാട്ടുക്രിസ്ത്യാനികൾ ഉണ്ടെന്നറിഞ്ഞു തന്റെ രണ്ടാമത്തെയാത്രയിൽ ന ര-ര-ഫ / എ.ഡി.ന ൪൦ ൽ സ്വദേശത്തിൽനിന്നും ൪൦൦. സിരിയൻ കുഡുംബക്കാരെയും ഒരുമെത്രാനെയും കപ്പൽമാൎഗ്ഗം കൊണ്ടുവന്നു കൊടുങ്ങല്ലൂർപാൎപ്പിച്ചു. ഏകദേശം ആകാലത്തുതന്നെ ജൂതന്മാരും കേരളത്തുവന്നു കൊടുങ്ങല്ലൂർ പാൎത്തുതുടങ്ങി. ഈ രണ്ടുകൂട്ടക്കാൎക്കും പെരുമാക്കന്മാർ വളരെ ഉന്നതപദവികളും സ്ഥാനമാനങ്ങളും താമ്രശാസനങ്ങളിൽ എഴുതിച്ചു തീൎപ്പുചാൎത്തികൊടുത്തിട്ടുള്ളതു അദ്യാപി അവരുടെ കൈവശം ഉണ്ടു. അവയിൽ ഒന്നാം നമ്പർപട്ടയം കലി ന-നന-൪ / എ. ഡി. ൨ന-൦ ൽ വീര രാഘവപ്പെരുമാളിനാലും രണ്ടാംനമ്പർപട്ടയംകലി ന-നവ്യ൪ / എ.ഡി ൨വ്യ൪ ൽ സ്ഥാണുരവിഗുപ്ത പെരുമാളിനാലും മൂന്നാംനമ്പർപട്ടയം കലി നര-വ്യ൪ / എ.ഡി.നവ്യ൪ ൽ ഭാസ്കരരവിപ്പെരുമാളിനാലും കൊടുക്കപ്പെട്ടതായികാണുന്നു. ഈ മൂന്നുപട്ടയങ്ങളിലും അവൎക്കു

---

* മലയാള ഭാഷാചരിത്രം

കൊടുക്കപ്പെട്ടസ്ഥാനമാനങ്ങളെപ്പററിമാത്രം പറയുന്നതിനാൽ അവയുടെവിവരം ഇവിടെ പ്രസ്താവിക്കുന്നില്ല. പെരുമാക്കന്മാരിൽ ഒടുവിലത്തെ ആളും ചേരമാൻ പെരുമാൾ എന്ന് പ്രസിദ്ധിയുമുള്ള ഭാസ്കരരവിപ്പെരുമാൾ കലി ൩൪൪൭-ൽ രാജ്യഭാരം ഏററു. അദ്ദേഹം ഒരു നല്ല തമിഴ് കവിയും ഭക്തനും ആയിരുന്നു. * ആ ഭാഷയിൽ ചിലപ്പതികാരം മുതലായി അനെകം ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അദ്ദേഹംഅവസാനകാലത്തിൽ തന്നെ ആശ്രയിച്ചിരുന്ന പലക്കും ഓരൊ ദെശങ്ങളും അധികാരങ്ങളും ആൾ അടുമ മുതലായവയും കൊടുക്കയാൽ കേരളത്തിൽ രാജാക്കന്മാരും പ്രഭുക്കന്മാരും അധികമായിതീൎന്നു. ഇങ്ങനെ ഉണ്ടായ രാജാക്കന്മാരിൽ ഒരാളാകുന്നു സാമൂതിരി. സാമൂതിരിയുടെ രാജ്യത്തിനും വടക്ക മംഗലപുരംമുതൽ ഗോകൎണ്ണംവരെയുള്ള ദേശം പരദേശാചാരമനുസരിക്കയാൽ ആയത്തു മലയാളത്തിൽനിന്നും വെർപെട്ടു.

പ്രബലന്മാരായ ഒരം പെരുമാക്കന്മാരുടെ കാലത്ത് കലി ൩൪൬൨-ൽ കേരളത്തിലെ ആദ്യ ചക്രവൎത്തിയായ വീരകേരളവൎമ്മ രാജാവ് തുലാപുരുഷദാനം ഹിരണ്യഗൎഭം എന്ന അടിയന്തരങ്ങൾ കഴിച്ച കുലശേഖരപ്പെരുമാൾ എന്ന സ്ഥാനപ്പേരിനെ ലഭിച്ചു. ആ മഹാരാജാവിൻെറ രാജ്യഭാരം നീടിച്ചതും ശുഭപ്രദവും ആയിരുന്നു. അദ്ദേഹംകേരളപുരത്തായിരുന്നു താമസിച്ചിരുന്നത്. ഭാസ്കരരവിപ്പെരുമാളുടെകാലത്തു അദ്ദേഹം പരലോകത്തെപ്രാപിച്ചു.

ഇതിൽനിന്നും വീരകേരളവൎമ്മ രാജാവിൻെറ കാലംവരെ ഭാനുവിക്രമാനാടയം തുടച്ചയായി വന്നിരുന്നു എന്നുള്ളതു ഗ്രഹിക്കാവുന്നതാണ്. അതിൽപിന്നെ അവിടത്തെ അനുജനും അനന്തരം ഭാഗിനേയൻ വീരകേരള വൎമ്മാവും രാജ്യഭാരം ചെയ്തിരുന്നു. ഒരം വീരകേരളവൎമ്മ രാജാവിൻെറ

* ചിലപ്പതികാരം

കാലത്താകുന്നു * ചേരമാൻ പെരുമാൾ സ്വസഖാവായ സുന്ദരസ്വാമിയെ സേവിച്ചു കലി ൩൯൨൮-ൽ സശരീരത്തോടൻ കൈലാസത്തു പോയത്. ഈ ചേരമാൻ പെരുമാളോടുകൂടി പെരുമാക്കന്മാരുടെ രാജ്യഭാരവും അവസാനിച്ചു.

ഈ അദ്ധ്യായം സമാപ്തിയാകുന്നതിനു മുമ്പിൽ മുൻ പ്രസ്താവിക്കപ്പെട്ട തുലാപുരുഷദാനം, ഹിരണ്യഗർഭം, എന്ന രണ്ടു വിശേഷങ്ങളേയുംപററി സ്വല്പമായിവിവരിക്കുന്നു.

തുലാപുരുഷദാനം ഈ വാക്കിൻെറ അർത്ഥം കർത്താവിന് സമം തൂക്കമുള്ള ഒരുപുരുഷപ്രതിമയെ ദാനംചെയ്ക എന്നാകുന്നു. എന്നാൽ അങ്ങനെചെയ്യുന്ന നടപ്പുകാണുന്നില്ലാ. ഇപ്പോൾ ഇവിടെ ആചരിച്ചുവരുന്ന ക്രമത്തെയാകുന്നു താഴെ വിവരിക്കുന്നത്.

ഏതദുദ്ദേശ്യമായി തുലാഭാരമണ്ഡപം എന്ന സംജ്ഞയോടുകൂടി ഒരു കെട്ടിടം നിർമ്മിച്ചു അലങ്കരിച്ചു അതിൽനാട്ടപ്പെട്ടിട്ടുള്ള ഒരുത്രാസിൽ സുമുഹൂർത്തത്തിൽ ഒരുതട്ടിൽ സർവ്വാലങ്കാര ഭൂഷിതനായ മഹാരാജാവിനേയും മറെറാരുതട്ടിൽ ആയത്തു നിലത്ത് സ്പൃശ്ശിക്കുന്നതുവരെ ഇതിലേക്കായി മുൻകൂട്ടി അടിക്കപ്പെട്ടിട്ടുള്ള തുലാഭാരക്കാശ് എന്ന സ്വർണ്ണനാണയങ്ങളേയും അവ തികയാഞ്ഞാൽ സ്വർണ്ണക്കട്ടിയേയും പൂജിക്കപ്പെട്ടഒരുപ്രതിമയേയും ഇട്ടുനിറുത്ത് അവയെഎടുത്തു ബ്രാഹ്മണർക്ക ദാനംചെയ്യുന്നു. ഇതു സാധാരണയായി ൮- ദിവസംകൊണ്ടു നടത്തപ്പെടുന്നു. ആ എട്ടുദിവസങ്ങളിലും ആ മണ്ഡപത്തിൽവച്ചു ഋത്വിക്കുകൾമൂലമായി അനവധി വൈദികകർമ്മങ്ങൾ നടത്തപ്പെടുന്നതുകൂടാതെ ബ്രാഹ്മണഭോജനവും വിശേഷമായി കഴിക്കപ്പെടുന്നു. ഒന്നാംദിവസം ഗുരുവരണം, ഋത്വിഗ്വരണം, ഇവയും, ശിവൻ, വിഷ്ണു, മുതലായ പ്രതിമകളുടെപൂജാരംഭവും, രണ്ടാംദിവസംമഹാരാ

---

* പെരിയപുരാണം

ജാവിന് വിശേഷമായ ഒരു അഭിഷേകവും മൂന്നാം നാലും അ
ഞ്ചും ദിവസങ്ങളിൽ പ്രതിമകളുടെ ദിവസേനയുള്ള പൂജകൾ
മാത്രവും ആറാംദിവസം മണ്ഡപശുദ്ധിയും വാസ്തുബലിയും
ഏഴാംദിവസം ശാസ്ത്രോക്തമായ മണ്ഡപാലങ്കാരവും ചെയ്യ
പ്പെടുന്നു. എട്ടാംദിവസം അതികാലത്തു മഹാരാജാവു ദിനകൃ
ത്യങ്ങൾ കഴിച്ചു മതിലകത്തെഴുന്നള്ളി നടക്കു ഒരു കൊമ്പ
നാനയെ വെയ്ക്കുന്നതുകൂടാതെ അനവധികാണിക്കകളും സ
മർപ്പിച്ചു പ്രദക്ഷിണമായി തുലാഭാരമണ്ഡപത്തിലെത്തി അഭി
ഷേകാനന്തരം പൂർവ്വാംഗമായി ചിലദാനങ്ങൾ ചെയ്യുന്നു. അ
നന്തരം അലംകൃതനായി ത്രാസിൽ വലത്തെത്തട്ടിൽ എഴുന്ന
ള്ളിഇരുന്നു ഗുരുപ്രോക്തമായ ചിലവേദമന്ത്രങ്ങളെ ജപിക്കു
മ്പോൾ മറ്റെത്തട്ടിൽ പൂർവ്വോക്തപ്രകാരം നാണയങ്ങളെ
യും മററും ഇടുന്നു. ഈ തട്ടു ഭൂസ്പർശമായ ഉടൻ മഹാരാജാവ് താ
ഴെ ഇറങ്ങി ആനാണയം മുതലായവയെ സോദകമായി ബ്രാ
ഹ്മണരെ ഉദ്ദേശിച്ചു ദാനം ചെയ്യുന്നു വീണ്ടും അഭിഷേകവും
കോവിലെഴുന്നള്ളത്തും കാണിക്കമുതലായവയും ഉള്ളതാകു
ന്നു. ആനാണയങ്ങൾ പലതരത്തിലും ഉണ്ടാക്കപ്പെട്ടിരിക്കും
അവയുടെ ഒരുവശത്തു ശംഖും മററൊരുവശത്തു ശ്രീപത്മ
നാഭാ എന്ന അക്ഷരങ്ങളും കൊത്തപ്പെട്ടിരിക്കും. ഈ നാണ
യങ്ങൾ പിന്നീടു ബ്രാഹ്മണർക്കു യോഗ്യതാതാരതമ്യം അനു
സരിച്ചു കൊടുക്കപ്പെടുന്നു. ഈ ദാനം സ്വർണ്ണംകൊണ്ടുതന്നെ
വേണമെന്നില്ലാ. ഇതരലോഹങ്ങളെയും രത്നാദികളെയും
ധാന്യഫലാദികളെയും കൊണ്ടുനടത്താവുന്നതാണ്. ഇതു മ
ഹാദാനങ്ങളിൽ ഒന്നാം പാപഹരവും ആകുന്നു.

ഹിരണ്യഗർഭം ഇത് മഹാരാജാക്കന്മാർ മൂപ്പേൽക്കുന്ന
സമയം നടത്തേണ്ടതായ ഒരു അടിയന്തരമാകുന്നു. ഇതിന്റെ
ക്രമം എങ്ങനെ എന്നാൽ പത്തടിപൊക്കവും, എട്ടടിവീതി
യും ആയി സ്വർണ്ണംകൊണ്ടു ഒരു താമരപ്പൂവും അതിനുയോ
ജിപ്പായി കിരീടം മാതിരി സ്വർണ്ണത്തിൽ ഒരു മൂടിയും

ത്തീട്ട് ആ താമരപ്പൂവിൽ പാതിരനോളം പഞ്ചഗവ്യം നിറച്ച് അതിനെ ഋത്വിക്കുകൾ മുമ്പാന്തരം ജപിപ്പിച്ച് സുമുഹൂർത്തത്തിൽ മഹാരാജാവ് അതിൽ തദർത്ഥം തീർപ്പിക്കപ്പെട്ട ഏണിപ്പടിവഴിയായി ഇറങ്ങി മന്ത്രപുരസ്സരം ൩- പ്രാവശ്യം മുങ്ങുകയും അപ്പോൾ ആ പാത്രത്തിനെ കിരീടമാകുന്ന മൂടികൊണ്ടു അടയ്ക്കുകയും ചെയ്യുന്നതുകൂടാതെ ആ സമയം നമ്പൂതിരിമാർ വേദപാരായണവുംമററും ചെയ്യുന്നു. അനന്തരം മഹാരാജാവു താഴെഇറങ്ങി വസ്ത്രപരിവർത്തനവും ചിലദാനങ്ങളും കഴിച്ചശേഷം ഈ ക്രിയകൾക്കെല്ലാം പ്രമാണിയായനമ്പൂതിരിപ്പാട ആ കിരീടം മഹാരാജാവിൻെറശിരസ്സിൽ വെച്ചു ആദ്യം കുലശേഖരപ്പെരുമാൾ എന്ന നാമധേയംപറഞ്ഞുവിളിക്കും. അതിൽപിന്നെ മഹാരാജാക്കന്മാൎക്ക് ഒരു സ്ഥാനം കിട്ടുന്നതുകൂടാതെ പൊന്നുതമ്പുരാൻ എന്നാവരിനും അതുകാരണമായിതീരുന്നു. മററുഭാഗങ്ങളിൽ എല്ലാം ഈ അടിയന്തരം തുലാപുരുഷദാനത്തെ അനുസരിച്ചിരിക്കും.

ഒടുവിലത്തെ പെരുമാളുടെ കാലാനന്തരം കേരള ചക്രവൎത്തികളുടെ ശക്തിക്ഷയംകൊണ്ട്, പെരുമാക്കന്മാരുടെ ബന്ധുവാണെന്നും പറഞ്ഞ് കൊച്ചീ രാജാവു അവരുടെ രാജധാനിയായിരുന്ന തിരുവഞ്ചിക്കുളം മുതലായ സ്ഥലങ്ങളെയും മുമ്പിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒടുവിലത്തെ പെരുമാളുടെ ആശ്രിതനായ ഒരു ഏറാടിതനിക്കു അദ്ദേഹത്തിനാൽ നല്കപ്പെട്ട ഒരു വാളും ഏതാനം ആളുകളും വെച്ചുംകൊണ്ടു, കോഴിക്കോട്ടുമുതലായ സ്ഥലങ്ങളെയും കൈവശപ്പെടുത്തിയതുകൂടാതെ പരശുരാമനാൽ ക്ഷേത്രകാൎയ്യാദികൾ നോക്കുന്നതിനായി കോവിലധികാരികൾ എന്ന പേരോടുകൂടി നിയമിക്കപ്പെട്ടിരുന്ന സാമന്തക്ഷത്രിയന്മാർ ഇടപ്രഭുക്കന്മാരായും ഭവിച്ചു. കൊല്ലത്തു താമസി

ച്ചിരുന്ന ൧ാം വീരകേരളവൎമ്മ രാജാവിൻെറ കാലംമുതൽ കലി ൩൯൦൨-ൽ രാജ്യഭാരം ഏററ രാജാവിൻെറ കാലം വരെ പ്രബലന്മാരായ അനേകം ഭൂമിപാലന്മാർ ൧ാം രാജ്യം രക്ഷിച്ചിരുന്നു എന്നല്ലാതെ അവരുടെ നാമധേയങ്ങൾ പോലും അറിവാൻ പാടില്ല.

—ഠഠഠ—

## ൩-ാം അദ്ധ്യായം.

### കൊല്ലവൎഷാരംഭംമുതൽ

### കൊല്ലം ൮൭൨- വരെ

൧ാം ഉദയമാൎത്താണ്ഡവൎമ്മ മഹാരാജാവ് വിദ്വാനും സമൎത്ഥനും ആയിരുന്നു. ഇദ്ദേഹം വേണാട്ട, ദേശിങ്ങനാട്ട, തൃപ്പാപ്പൂർ, തിരുവിതാംകോട്, ചിറവായ് ഇങ്ങനെ അഞ്ചുസ്ഥലങ്ങളിൽ താമസിച്ചിരുന്ന അഞ്ചുതാവഴി രാജാക്കന്മാരേയുംഒന്നായിയോജിപ്പിച്ചു.

മഹാരാജാവ് കൊല്ലത്തുവച്ച് കലി $\frac{൩൯൨൬}{എ. ഡി. ൮൨൫}$ ൽ കേരളത്തിലുള്ള പലവിദ്വാന്മാരേയും വരുത്തി ആലോചിച്ചു ആവൎഷം ആഗസ്റ്റുമാസം ൨൫-ാംനു- മുതൽ കൊല്ലം ആണ്ടു എന്ന സംജ്ഞയോടുംകൂടി കേരളത്തിലെ ഉപയോഗത്തിന്നായി ഒരുനവീന അബ്ദം ഏൎപ്പെടുത്തി. അത് ക്രമംകൊണ്ടു സമീപ ദേശങ്ങളിലും നടപ്പായി.

ആ ആണ്ടു ചിങ്ങമാസം ൧-ാംനു- രാജകുഡുംബങ്ങളേയും സ്വാമിയാരേയും പ്രഭുക്കളേയും ചേൎത്ത് ആലോചിച്ചു ശ്രീപത്മനാഭക്ഷേത്രത്തിലെ അടിയന്തരാദികൾക്കും നി

ത്ര്യപൂജ മുതലായവകൾക്കും ചില നിബന്ധനകൾ നിശ്ച
യിച്ചു. ഈ മഹാരാജാവ് കൊല്ലം ൭-ൽ പരമപദത്തെ
പ്രാപിച്ചു. അനന്തരം നാടുവാണിരുന്ന രാജാക്കന്മാരു
ടെ നാമധേയങ്ങളും മററും നല്ല നിശ്ചയമില്ലെന്നു വരികിലും
ആകാലത്തിലുള്ള ചില മുഖ്യസംഭവങ്ങളെമാത്രം താഴെ
പ്രസ്ഥാപിക്കുന്നു.

കൊല്ലം ൨൯-ൽ പാണ്ഡ്യരാജാവിന്റെ സാമന്തന്മാ
രായിരുന്ന ഇപ്പഴത്തെ പന്തളം രാജാക്കന്മാർ അപ്പൊൾ ഇ
വിടെ രാജ്യഭാരംചെയ്തിരുന്ന മഹാരാജാവിന്റെ അനുവാദ
ത്തോടും കൂടി ഈ രാജ്യത്തുവന്നു പാർപ്പുതുടങ്ങി.

കൊച്ചിയിലേയും കോഴിക്കോട്ടേയും രാജാക്കന്മാർ പെ
രുമ്പടപ്പ്, നെടുംവിരിപ്പ് എന്ന നാമധേയങ്ങളും കല്പി
ച്ചു അവരുടെ രാജ്യങ്ങളെ ക്രമേണ കൂടുതൽചെയ്തു. തെക്കു
ള്ള നാഞ്ചിനാടു മുതലായ ദേശങ്ങൾ പാണ്ഡ്യരാജാവിനാൽ
അപഹരിക്കപ്പെട്ടു. ഈ ഇടക്കു പൂർവം പ്രസ്ഥാപിക്കപ്പെട്ട ഇ
ടപ്രഭുക്കന്മാരും, തൽക്കാലം നാടുവാണിരുന്ന രാജാവിന്റെ
ദൌർബല്യം കൊണ്ടു സ്വതന്ത്രന്മാരായി തീർന്നു. ഈ വിധം
അപ്രസിദ്ധന്മാരായ ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കും
കൂർ, മുതലായസ്ഥലങ്ങളിലെ രാജാക്കന്മാരും പ്രബലന്മാ
രായി ഭവിച്ചു. ഇത്യാദികാരണങ്ങളാൽ പൂർവം ൪൦൦-മയിൽ
വരെ വ്യാപിച്ചിരുന്ന കേരളദേശം സ്വല്പകാലത്തിനിട
യിൽ ഇടവാമുതൽ ഇരട്ടമലവരെ ൨൦-മയിൽ നീളവും ൫൦-
മയിൽ വീതിയും ഉള്ള ഒരു ചെറിയ രാജ്യമായിതീർന്നു.

ഭാഗ്യവശാൽ കോലരാജാവിന്റെ വംശക്കാരായി മാ
വേലിക്കരെ താമസിച്ചിരുന്ന മാടത്തിൻകൂർ സ്വരൂപത്തി
ലേക്കു ഈ രാജകുഡുംബത്തിൽനിന്നും രണ്ടു ആളുകളെ ദ
ത്തെടുക്കയാൽ ആദേശം ഇവിടത്തേക്കുഅധീനമായിഭവിച്ചു.

കൊല്ലം ൨൨൭-ൽ നാടുവാണിരുന്ന മഹാരാജാവു ശ്രീപത്മനാഭക്ഷേത്രം അഴിച്ചു പണികഴിപ്പിച്ചതുകൂടാതെ എട്ടരയോഗം എന്ന ഒരു സംഘവും ഏൎപ്പെടുത്തി. ആദ്യകാലത്തു ഇതിലേക്കുള്ള ഉദ്ദേശ്യം ക്ഷേത്രകാൎയ്യാദികളെ വെടിപ്പായി നടത്തിക്കുന്നതിനായിരുന്നു എങ്കിലും ഇതു് പിൻകാലങ്ങളിൽ ഈ രാജകുഡുംബത്തിലേക്കു അനവധി സങ്കടങ്ങൾക്കു കാരണമായിഭവിച്ചു എന്നുള്ളതു മേലുള്ള കഥകളാൽ ബോദ്ധ്യപ്പെടുന്നതാണ്.

എട്ടരയോഗം എന്നാൽ ഓരോയോഗം വീതമുള്ള ആറുപോററിമാരും ഒരു സ്വാമിയാരും അരയോഗം വീതമുള്ള ശ്രീകാൎയ്യത്തു പോററിയും, കണ്ണുത്താഴക്കൂപ്പും, മഹാരാജാവും കൂടിയുള്ള ഒരു സമാജം എന്നാകുന്നു. * ആറുപോററിമാർ എന്നതു (൧) കൂവക്കറപോററി (൨) വഞ്ചിയൂർ അത്തിയറപ്പോററി (൩) കൊല്ലൂർ അത്തിയറപ്പോററി (൪) മുട്ടവിളപ്പോററി (൫) കരുവപ്പോററി (൬) നെയ്തശ്ശേരിപ്പോററി ഇവരാകുന്നു.

ഈ യോഗനിബന്ധനപ്രകാരം ദേവസ്വംവക വസ്തുക്കളും അവയുടെ കാൎയ്യവിചാരവും ഈ പോററിമാരുടേയും മററും അധീനമായി ഭവിക്കയാലും മഹാരാജാക്കന്മാർ ദേവസ്വകാൎയ്യങ്ങളിൽ തീരെ പ്രവേശിക്കാതെ തിരുവനന്തപുരത്തിൽനിന്നും ൨൦- മയിൽ അകലെയായ തിരുവിതാംകോടു എന്നസ്ഥലത്തു താമസിക്കയാലും മഹാരാജാവു എന്നൊരാൾ ഉണ്ടെന്നുള്ള വിചാരംപോലും ഇല്ലാതെ അവർ ബോധിച്ചതുപോലെ ഓരോന്നു പ്രവൎത്തിക്കാൻ ആരംഭിച്ചു.

അവർ പ്രഥമതഃ ദേവസ്വം വസ്തുക്കളെ എല്ലാം എട്ടു ഭാഗമായി ഭാഗിച്ചു അവയിൽ ഓരോന്നിനും മേൽ അധി

---

* ക്ഷേത്രാധികാരികളോടു ചോദിച്ചറിഞ്ഞു.

കാരികളായി തങ്ങളുടെ ആശ്രിതന്മാരായ വ്യ- ശൂദ്രരെ നിയമിച്ചു. അവർ അതാതുഭാഗങ്ങളിലെ കരംമുതലായവ പിരിച്ച് കണക്കുകൾ യോഗക്കാരെ ബോധപ്പെടുത്തി വന്നു. വസ്തുക്കൾ സ്വാധീനമായി ഭവിക്കയാൽ ജനങ്ങളും ക്രമേണ അവരുടെ അധീനന്മാരായിതീൎന്നു. തന്നിമിത്തം അവർ ശക്തിയിൽവൎദ്ധിച്ചു താന്താങ്ങളുടെ ഭാഗങ്ങൾക്കു നായകന്മാരായിതീൎന്നു. ഇവരേയാകുന്നു രാജദ്രോഹികളായ എട്ടുവീട്ടിൽ പിള്ളമാർ എന്നു പറയുന്നതു. അവരുടെ പേരുവിവരം (൧) രാമനമഠത്തിൽപിള്ള (൨) മാത്താണ്ഡമഠത്തിൽപിള്ള (൩) കളത്തൂർപിള്ള (൪) കഴക്കൂട്ടംപിള്ള (൫) ചെമ്പഴഞ്ഞിപ്പിള്ള (൬) പള്ളിച്ചൽപിള്ള (൭) കൊടുമൺപിള്ള (൮) വെങ്ങാനൂർപിള്ള.

പൂൎവകാലങ്ങളിൽ രാജ്യരക്ഷക്കായി രാജ്യത്തിൽ ജനിക്കുന്ന എല്ലാ പുരുഷപ്രജകളെയും സൎക്കാരിൽനിന്നും ഗുരുക്കന്മാരെ ഏൎപ്പെടുത്തി ആയുധാഭ്യാസവും, ധനുൎവ്വിദ്യയും മറ്റും അഭ്യസിപ്പിക്കയും യുദ്ധാൎത്ഥം സൈന്യം ആവശ്യപ്പെടുന്നസമയം, അവരെ മുന്നിലക്കാരൻ, ചേരുമാനക്കാരൻ, മുതലായ ചില കീഴ്ജീവനക്കാർ മുഖാന്തരം ശേഖരിപ്പിച്ചു ഉപയോഗപ്പെടുത്തി വരികയും ചെയ്തിരുന്നു. ആ ഗുരുക്കന്മാൎക്കും മുന്നിലക്കാരൻ മുതലായ പ്രമാണികൾക്കും ഏതദൎത്ഥം, സൎക്കാരിൽനിന്നും വസ്തുക്കൾ കരം ഒഴിവായി കൊടുക്കപ്പെട്ടിരുന്നു. ഒരംവക വസ്തുക്കളേയും മററും ആകുന്നു ഇപ്പോൾ വിരുത്തി എന്നു വിളിച്ചുവരുന്നതു. ഇന്നും ആവക വസ്തുക്കളെ അനുഭവിച്ചു അനേകം ജനങ്ങൾ പലവിധമായ സൎക്കാർ ഊഴിയങ്ങൾ ചെയ്തുവരുന്നു.

യുദ്ധകാലങ്ങളിൽ അനായാസേന സൈന്യം ശേഖരിക്കുന്നതിനു വളരെ സൌകൎയ്യമായിരുന്ന ഒരം നടപ്പു ക്രമേണ ക്ഷയിച്ചുവരികയും നൂതനമായ ഒരം ദേവസ്വം

എട്ടുവീട്ടു ആക്ഷയത്തിനെ സഹകരിക്കുകയുംചെയ്തു. അതിനാൽ മഹാരാജാക്കന്മാർ ദിവസേന വർദ്ധിച്ചുവരുന്നതായ എട്ടുവീടരുടെ ശക്തിയെ തൽക്ഷണം നിരോധിക്കുന്നതിനു സമർത്ഥരായി ഭവിച്ചില്ലാ. അവർ മാടമ്പിമാർ എന്ന പ്രഭുക്കളേയും ദുർബോധനചെയ്തു തങ്ങൾക്കു സ്വാധീനമാക്കി പലവിധമായ ഉപദ്രവങ്ങൾക്കു ആരംഭിച്ചു.

കൊല്ലം ൩൬൪-ൽ നാഞ്ചിനാടു ഭരിച്ചിരുന്ന നാഞ്ചിക്കുറവനെജയിച്ചു ആദേശം വീണ്ടെടുക്കപ്പെട്ടു.

കൊല്ലം ൩൯൦-ൽ പന്തളംരാജാക്കന്മാൎക്കു കുറെദേശം വിട്ടുകൊടുക്കപ്പെട്ടു.

കൊല്ലം ൩൯൯-ൽ ആദിത്യവൎമ്മ രാജാവിൻെറകാലത്തു പരാക്രമപാണ്ഡ്യൻ എന്ന മധുരരാജാവിനെ മഹമ്മദർ ജയിച്ചു തടവുകാരനായി കൊണ്ടുപോയതുമൂലം രാജാവിൻെറ ബന്ധുക്കളായ ഇപ്പഴത്തെ പൂഞ്ഞാറു രാജവംശക്കാർ ഒരു രാജ്യത്തു പാൎക്കുന്നതിനുവരികയാൽ അതും ചുററുമുള്ള ചില സ്ഥലങ്ങളും അവൎക്കു വിട്ടുകൊടുക്കപ്പെട്ടു.

ആദിത്യവൎമ്മ രാജാവ് കൊല്ലം ൪൭൦-ൽ * കോലത്തുനാട്ടിൽനിന്നും രണ്ടുസ്ത്രീകളെ ദത്തെടുത്തു ആററങ്ങൽ നൂതനമായി ഒരു കൊട്ടാരംകെട്ടിച്ചു ആററങ്ങൽ മൂത്തതമ്പുരാൻ, ഇളയതമ്പുരാൻ, എന്ന സ്ഥാനപ്പേരുംകൊടുത്തു അവരെ അതിൽപാൎപ്പിച്ചു. അതുംഅടുത്തതായ ഇടക്കോടു അധികാരവും അവൎക്കു കരം ഒഴിവായി കൊടുക്കപ്പെട്ടു.

ദത്തെടുത്തതിൽ മൂത്തസ്ത്രീയുടെ പുത്രനും ൨൫ വയസ്സു പ്രായവും ആയിരുന്ന ശ്രീവീരരാമ മാൎത്താണ്ഡവൎമ്മ രാജാവ് കൊല്ലം ൪൭൪-ൽ രാജ്യഭാരം ഏററു. ഇവിടുന്നു തിരുവനന്തപുരത്തു ഒരു കോട്ടകെട്ടിച്ചതു കൂടാതെ

* ഇംഗ്ലീഷ് പഞ്ചാംഗം

ക്ഷേത്രസമീപമായി ഒരു കൊട്ടാരവും പണികഴിപ്പിച്ചു അതിൽ പാർപ്പുതുടങ്ങി. ഈ രാജാവു എട്ടുവീടരോടും യോഗക്കാരോടും ദേവസ്വംവക കണക്കുകൾ തന്നെ ബോധപ്പെടുത്തണമെന്നു നിബന്ധിക്കയാൽ അന്നുമുതൽ അവൎക്കു ഈ രാജകുഡുംബവുമായുള്ള വിരോധം വൎദ്ധിച്ചു. അവിടുന്നും ൫൪൦-ൽ നാടുനീങ്ങി.

* കൊല്ലം ൫൩൮-ൽ ദത്തെടുത്തതിൽ മൂത്തസ്ത്രീയുടെ പുത്രിയായ ലക്ഷ്മിറാണി, കേരളവൎമ്മ, ചേരഉദയമാൎത്താണ്ഡവൎമ്മ, എന്നു രണ്ടു പുത്രന്മാരെ പ്രസവിച്ചു.

അനന്തരം രവിവൎമ്മ ൭-കൊല്ലവും പിൻ കേരളവൎമ്മ ൬-മാസവും രാജ്യഭാരംചെയ്തു.

അതിൽപിന്നെ * ചേരഉദയമാൎത്താണ്ഡവൎമ്മ രാജാവ് കൊല്ലം ൫൫൭-ൽ സിംഹാസനാരോഹണം ചെയ്തു. അവിടുന്നു ൬൨- കൊല്ലം രാജ്യഭാരംചെയ്കയും. കിഴക്കുള്ള മിക്ക ദേശങ്ങളേയും വീണ്ടെടുക്കയുംചെയ്തു. ഇത്ര ദീൎഘകാലം ഈ രാജകുഡുംബത്തിലെ രാജാക്കന്മാർ ആരുംതന്നെ നാളതുവരെ രാജ്യഭാരംചെയ്തിട്ടില്ലാ.

ഈ മഹാരാജാവ് മിക്കകാലവും ചേരമഹാദേവിയിൽ താമസിച്ചിരുന്നു. ആയതു ഒരിക്കൽ ഇവിടത്തോടു അധീനമായി ഇരുന്നു എന്നതിലേക്കുള്ള ലക്ഷ്യങ്ങൾ ഇന്നും അവിടത്തെ ക്ഷേത്രത്തിൽ കാണ്മാനുണ്ടു. ഇതുകൂടാതെയും വള്ളിയൂർ, കളക്കാടു, മന്നാർകോവിൽ മുതലായ സ്ഥലങ്ങളും ഒരുകാലത്തു ഈ രാജ്യത്തിൻെറ ഒരുഭാഗമായിരുന്നു എന്നുള്ളതിനു വേണ്ടതെളിവുകൾ അതാതു ക്ഷേത്രങ്ങളിൽ അദ്യാപി വിശദമായിരിക്കുന്നു.

---

* പാച്ചുമൂത്തതിൻെറ തിരുവിതാംകൂർ ചരിത്രം

* കൊല്ലം ൬൩൯-ൽ ൦൪ാം മഹാരാജാവിൻെറ അനന്തരവനായ ഇളയടസ്വരൂപത്തിലെ രാജാവ് വള്ളിയൂർതാമസിച്ചിരുന്നസമയം എട്ടിയാപുരം പ്രബലമായുണ്ടായ ഒരു യുദ്ധത്തിൽ പരാജിതനായി, ആത്മഹത്യ ചെയ്കയാൽ ആവരുടെ രാജധാനി കൊട്ടാരക്കരക്ക മാററി അദ്ദേഹത്തിൻെറ ശേഷക്കാരേയും അവിടെപാർപ്പിച്ചു.

ഈ മഹാരാജാവ് ൬൩൯-ൽ പരലോകത്തെപ്രാപിച്ചു. അനന്തരം ൬൪൫-വരെ വേണാട്ടു മൂത്തരാജാവും ൬൫൬-വരെ ശ്രീവീരമാൎത്താണ്ഡവൎമ്മരാജാവും ൬൬൫-വരെ ആദിത്യവൎമ്മരാജാവും ൬൭൮-വരെ രവിവൎമ്മ രാജാവും ൬൭൯ വരെ * രവിവൎമ്മ ശ്രീവീര മാൎത്താണ്ഡവൎമ്മാവും ൭൦൫-വരെ ശ്രീവീരരവിവൎമ്മാവും ൭൧൨-വരെ മാൎത്താണ്ഡവൎമ്മാവും ൭൨൦-വരെ ഉദയമാൎത്താണ്ഡവൎമ്മാവും ൭൫൮ വരെ കേരളവൎമ്മാവും ൭൧൨-വരെ ആദിത്യവൎമ്മാവും ൭൬൯-വരെ ഉദയമാൎത്താണ്ഡവൎമ്മാവും ൭൭൯-വരെ * ശ്രീവീര രവിവൎമ്മാവും ൭൮൬-വരെ ശ്രീവീരവൎമ്മാവും ൭൯൧ വരെ രവിവൎമ്മാവും ൮൦൦-വരെ ഉണ്ണികേരളവൎമ്മാവും ൮൦൬-വരെ രവിവൎമ്മാവും ൮൪൬-വരെ ഉണ്ണികേരളവൎമ്മാവും രാജ്യഭാരംചെയ്തിരുന്നു.

കൊല്ലം ൭൬൭-ൽ രാജ്യഭാരംചെയ്ത ഉദയമാൎത്താണ്ഡവൎമ്മ രാജാവിൻെറ കാലത്തു ഫ്രാൻസിസ്‌സേവിയർ എന്നൊരു റോമൻ കാത്തോലിക് പാതിരി മലയാളത്തുവന്ന സമുദ്രതീരവാസികളായ മുക്കവരെ ആസകലം ക്രിസ്തുമതത്തിൽചേൎത്തു.

കൊല്ലം ൭൧൬-ൽ ആദിത്യവൎമ്മ രാജാവിൻെറ കാലത്ത തിരുവനന്തപുരത്തിൽ ഗോപുരം പണി ആരംഭിച്ചു.

---

* മലയാള ഭാഷാചരിത്രം

asan

a.asan

* ഈ കാലത്തുകൊല്ലവൎഷം ൭൦൦ നുമുതൽ ൮൦൦ നു അകം ആകുന്നു മലയാളഭാഷാപ്രചാരത്തിനു കാരണഭൂതനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ജീവിച്ചിരുന്നതു ഈ രാജാക്കന്മാരുടെ കാലത്തും എട്ടുവീട്ടിൽപിള്ളമാരുടേയും മാടമ്പിമാരുടേയും ഉപദ്രവങ്ങളും പണത്തിനുള്ള ബുദ്ധിമുട്ടും അധികമായിത്തന്നെ ഇരുന്നു. അതിനാൽ ഠരം രാജാക്കന്മാരിൽ (*) ഠരം അടയാളമിട്ടിട്ടുള്ള മൂന്നു രാജാക്കന്മാരേയും ഒഴിച്ചു മററാരുംതന്നെ കലശേഖരപ്പെരുമാൾ എന്ന സ്ഥാനത്തെ പ്രാപിച്ചില്ലാ. ഇവരിൽ ചിലർ കല്ക്കാട്ടു മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്നതായും കാണുന്നു.

* കൊല്ലം ൬൭൪-ൽ പോൎത്തുഗീസ് കപ്പിത്താനായ ആൽബുക്കർക്ക് എന്നവൻ കൊല്ലത്തുവരികയും അന്നുമുതൽ ആ ജാതിക്കാർ മഹാരാജാവിന്റെ സമ്മതത്തോടുകൂടി കൊല്ലം, പുറക്കാട്ടു, മുതലായ സ്ഥലങ്ങളിൽ വ്യാപാരാൎത്ഥം പണ്ടകശാലകൾകെട്ടി ഠരംരാജ്യത്തു പാൎത്തുതുടങ്ങുകയും ചെയ്തു. ഇവരുടെ കച്ചവടവൎദ്ധനയെകണ്ടു ഡെയിൻസ്കാർ, ലന്തക്കാർ, ഇംഗ്ലീഷ്കാർ മുതലായവർ ക്രമേണവന്നുതുടങ്ങി ഉണ്ണിക്കേരളവൎമ്മ രാജാവിന്റെ കാലാനന്തരം കൊല്ലം ൮൫൬-ൽ ആദിത്യവൎമ്മരാജാവ് രാജ്യഭാരം ആരംഭിച്ചു. ഠരം മഹാരാജാവ് ശാന്തനും വിനീതനും ഠരംശ്വരഭക്തനും ആയിരുന്നതിനാൽ മാടമ്പിമാർ മുതലായവർ അവിടത്തെ നാനാപ്രകാരേണ ഉപദ്രവിക്കുകയും ഒടുവിൽ പ്രാണഹാനിക്കവേണ്ട മാൎഗ്ഗങ്ങൾ ആലോചിക്കയുംചെയ്തു.

എതദുദ്ദേശ്യമായി അവർ ഒരുരാത്രി കൊട്ടാരത്തിൽതീവെച്ചു. അവരെഭയന്നു സമീപവാസികൾ ആരുംതന്നെ തീകെടുക്കുന്നതിനു ചെല്ലായ്കനാൽ കൊട്ടാരം അഗ്നിക്കു ആഹാരമായിഭവിച്ചു എങ്കിലും ദൈവകൃപയാൽ മഹാരാജാവു

---

* മലയാളഭാഷാചരിത്രം

ആ ആപത്തിൽനിന്നും രക്ഷിക്കപ്പെട്ടു. അനന്തരം ഇളയ രാജാവിനായി പുത്തൻകോട്ടയിൽ കെട്ടിയിട്ടിരുന്ന കൊട്ടാരത്തിൽചെന്നു താമസിച്ചതല്ലാതെ തന്റെ ശാന്തസ്വഭാവം ഹേതുവാൽ മഹാരാജാവ് അവരോടു ഒരു കൃത്യത്തെ പററി ചോദിക്കപോലും ചെയ്തില്ലാ. പിന്നീടു ഒരു ദിവസം അവർ എല്ലാവരും ഒന്നായിചേൎന്നു കൊട്ടാരത്തിൽ ചെന്നു മുഖം കാണിച്ചു മഹാരാജാവിനോടു തങ്ങൾ തീവെച്ചു സംഗതിയെപ്പററി ഒന്നും അറിഞ്ഞിട്ടില്ലെന്നും അതു ദൈവീകമായ ഒരു സംഭവമാണെന്നും മററും അറിയിച്ചതിനെ അവിടുന്നും വിശ്വസിച്ചതു തിരുമനസ്സിലെ മനോനൈൎമ്മല്യത്തെ ദൃഷ്ടാന്തീകരിക്കുന്നു.

ഈ ക്രൂരകൃത്യംകൊണ്ടു തങ്ങളുടെ അഭീഷ്ടം സാധിക്കായ്കയാൽ മതിലകത്തുനിന്നും ദിവസേന അമൃതിനുകൊണ്ടുപോകുന്ന നിവേദനത്തിൽ പോററിയെ സ്വാധീനപ്പെടുത്തി അവർ ഒരു ദിവസം വിഷംചേൎപ്പിച്ചു കൊടുത്തയച്ചു. ഈ വിഷമിശ്രിത ഭക്ഷണംമൂലം രോഗമുണ്ടായി അവിടുന്നു ൮൫൨-ൽ ചരമഗതിയെപ്രാപിച്ചു.

ആ സമയം രാജ്യാവകാശികളായി ഉമയമ്മറാണി എന്നൊരു സ്ത്രീയും അവർ പ്രസവിച്ചതായി പ്രായംതികയാത്തതിൽ ആറു പുരുഷസന്തതികളും മാത്രമെ ഉണ്ടായിരുന്നൊള്ളു.

—ം:ഃ:ം—

## നാലാം അദ്ധ്യായം.

### ൮൫൨-മുതൽ ൮൬൦-വരെ.

അനന്തരം രാജ്യഭാരം വഹിക്കുന്നതിനു മുൻപ്രസ്താവിച്ചപ്രകാരം പ്രാപ്തിയായ പുരുഷന്മാർ ആരുമില്ലാത്തതിനാൽ ൮൫൨-ൽ ഉമയമ്മറാണി എന്ന രാജസ്ത്രീതന്നെ തൽക്കാലം രാജ്യംഭരിച്ചുതുടങ്ങി. എട്ടുവീട്ടിൽപിള്ളമാർ മുതലായവർ

മിത്രഭാവം നടിച്ചു കൂടക്കൂടെ ചെന്നു സുഖം കാണിക്കുകയും വേണ്ട സഹായങ്ങൾ ചെയ്യാമെന്നു പറകയും ചെയ്തു പതിവായിരുന്നു. ഒരു സന്ദൎഭത്തിൽ ഒരുദിവസം രാത്രി ചന്ദ്രികയിൽ പുത്തൻകോട്ട കൊട്ടാരത്തിൽ രാജകുമാരന്മാരൊന്നിച്ചു കളിച്ചുംകൊണ്ടിരുന്നു ഈ പാപികളുടെ കുട്ടികളിൽ ഒരുത്തൻ മുൻകൂട്ടിയുള്ള അവരുടെ പ്രേരണയിൻപേരിൽ കൊട്ടാരത്തിൽനിന്നും വളരെ അകലെഃഅല്ലാത്ത കളിപ്പാൻകുളത്തിന്റെ തീരത്തിൽ കളിക്കാൻ പോകാമെന്നു പറഞ്ഞതിനെ മറ്റെല്ലാവരും സമ്മതിച്ചു രാജപുത്രന്മാരെയുംവിളിച്ചു. കാലദോഷത്താൽ അവരിൽ ൫- പേർ മാതാവിനെ അറിയിക്കാതെ സ്വയംസമ്മതിച്ചുചെന്നു കളിച്ചുംകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഒരാൾ അവിടെ എത്തി ആ ൫- നൃപസൂനുക്കളേയും വെള്ളത്തിൽ താഴ്ത്തി ഗതജീവിതരാക്കി. രാജ്ഞിയോടു കുളത്തിൽവീണുമരിച്ചു എന്ന് അറിയിക്കുന്നതിനും ചട്ടംകെട്ടി. ഈ വൎത്തമാനംകേട്ടു അത്യന്തം ശോകസാഗരമഗ്നയായ രാജ്ഞി അവരെ തന്റെ അമ്മാവന്റെ ദഹനസ്ഥലത്തുതന്നെ ദഹിപ്പിച്ചു അപരക്രിയകളും കഴിച്ചതിൽപിന്നെ ഭാഗ്യവശാൽ ശേഷിച്ച ൯- വയസ്സുപ്രായമുള്ള ഏകപുത്രനോടുംകൂടി ഇവരെഭയന്നു നെടുമങ്ങാട്ടുചെന്നു താമസിച്ചു.

അതിമനോഹരമായിരുന്ന ആ സരസ്സും അതിന്റെ തീരവും താമസിയാതെ ഒരു ശ്മശാനമായിഭവിച്ചു.

പുത്രശോകത്താലും ഇവരെക്കുറിച്ചുള്ള ഭയംകൊണ്ടും ഈ രാജ്ഞി നെടുമങ്ങാട്ടു താമസിക്കുന്നകാലത്തു തിരെ രാജ്യകാൎയ്യങ്ങളെ അന്വേഷിക്കായ്കയാൽ രാജ്യത്തിൽ വളരെ അനീതിവൎദ്ധിച്ചു-

ഈ സന്ദൎഭംനോക്കി ദക്ഷിണ ഇൻഡ്യയിൽ കൊള്ളയിട്ടുനടന്നിരുന്ന മുകിലൻ എന്നൊരു മൊഗൾസർദാർ ആരുവാമൊഴി മാൎഗ്ഗമായി ൮൫൫-ൽ ഈ രാജ്യത്തിൽപ്രവേ

ശിച്ചു നാഞ്ചനാട്ടിൽ ഗ്രാമങ്ങളെ തീവെക്കുക ക്ഷേത്രങ്ങളെ അശുദ്ധിയാക്കുക ബിംബങ്ങളെ തകൎക്കുക മുതലായ പല അക്രമങ്ങളുംചെയ്തു. അവനെ നിരോധിക്കുന്നതിനു ആരും ഇല്ലാത്തതിനാൽ അവൻ ക്രമേണ തിരുവനന്തപുരത്തെത്തി മണക്കാട്ടിൽ പാളയംഅടിച്ചു. യോഗക്കാർമുതലായവർ അവനെഭയന്നു ക്ഷേത്രങ്ങൾ അടച്ചുംകൊണ്ടു ഓടിക്കളഞ്ഞു. അപ്പോൾ സർദാർ ബോധിച്ചതുപോലെ പ്രവൎത്തിക്കാമായിരുന്നു എങ്കിലും ദൈവഗത്യാ അതിനു ഒന്നും സംഗതിവന്നില്ല. എന്തുകൊണ്ടെന്നാൽ മുകിലൻ മണക്കാട്ടിൽ വന്നുകൂടുമ്പോൾ അവിടെ ഉണ്ടായിരുന്ന സ്വദേശികളും രാജഭക്തിയുള്ളവരും ആയ ചില പട്ടാണികൾ രാജ്ഞിയുടെയും എട്ടുവീട്ടിൽപിള്ളമാർ മുതലായവരുടെയും കഥകളെ അവനെ കേൾപ്പിച്ചു നല്ലവാക്കുകൾ പറകയാലായിരുന്നു. എതൃക്കുന്നതിനു ഇവിടെ ആരും ഇല്ലാതിരുന്നതിനാൽ ആരുവാമൊഴിമുതൽ ഇടവാവരെയുള്ള ഭരം രാജ്യം അവനു അനായാസേന സ്വാധീനമായിഭവിച്ചു.

അവൻ തന്റെ സൈന്യങ്ങളെ അവിടവിടെ താമസിപ്പിച്ചു കരം പിരിപ്പിച്ചു സുഖമായിട്ടു മൂന്നുസംവത്സരകാലം പാൎത്തിരുന്നു. ആയിടക്കു സ്വമതാനുസരണമായി ചില നിയമങ്ങൾ അവൻ ഏൎപ്പെടുത്തീട്ടുള്ളവയെ അദ്യാപി ചില ആളുകൾ അനുഷ്ഠിച്ചുവരുന്നു. അവയിൽ മുഖ്യമായിട്ടുള്ളവ താഴെ പറയുന്നവയാകുന്നു.

(൧) വീട്ടിനുപുറത്തിറങ്ങുന്നസമയം പുരുഷന്മാർ തലയേയും സ്ത്രീകൾ ദേഹത്തേയും മറച്ചിരിക്കണം.

(൨) പത്തുവയസ്സു കഴിയുന്നതിനുമുമ്പിൽ പുരുഷന്മാൎക്കു ചേലാകൎമ്മം കഴിക്കണം.

(൬) കല്യാണസമയങ്ങളിൽ സ്ത്രീപുരുഷന്മാർ തല
യും മറച്ചൊന്നിച്ചു വൃത്താകാരമായിരുന്നു ഒരു പാത്രത്തിൽ
ഉണ്ണണം.

(൭) സ്ത്രീകൾ തററുടുക്കരുതു.

(൮) ശിഖയെടുത്താൽ കുഞ്ഞുങ്ങൾ ശിരസ്സിൽ ഒരു
ലേസ് കെട്ടണം.

(൯) സ്ത്രീകൾ മുഖം, കൈ, മുതലായസ്ഥലങ്ങളിൽ
പച്ചകുത്തണമെന്നും മററുമാകുന്നു. :

ഉമയമ്മറാണി ൟ ആക്രമത്തിൽ നിന്നും സ്വരാജ്യ
ത്തെ രക്ഷിക്കുന്നതിന് കോലത്തുനാട്ടു വംശക്കാരനും ത
ന്റെ ബന്ധുവുമായ കേരളവൎമ്മരാജാവിനെ കോട്ടയത്തുനി
ന്നും വരുത്തി.

ഇദ്ദേഹം ഒരു നല്ലയോദ്ധാവും ആയുധാഭ്യാസിയും ആ
യിരുന്നതിനാൽ വന്ന ഉടൻ ഏതാനും ആളുകളെ ശേഖ
രിച്ചു ആദ്യം ൮൫൮-ൽ മുകിലനെമണക്കാട്ടുവച്ചു എതിൎത്തു. അ
വന്റെ പട്ടാളം പലസ്ഥലത്തുമായിരുന്നതിനാൽ അവൻപ
രാജിതനായി ഓടിത്തുടങ്ങി. രാജാവുപിൻതുടൎന്നു. വഴിക്കുവന്നു
ചേൎന്ന സേനകളോടുംകൂടെ അവൻതിരുവട്ടാററുവച്ചുകേരള
വൎമ്മരാജാവിനെഎതിൎത്തു എങ്കിലുംസ്ഥലത്തിന്റെഅസൌക
ൎയ്യത്താൽ അവന്നുപരാജയം ഉണ്ടായി എന്നുമാത്രമല്ലാ കടന്ത
ക്കൊട്ടിയും കവണൊറികൊണ്ടും അവൻമരിച്ചു. രാജാവിന്നുഈ
യുദ്ധത്തിൽവച്ചു ൩൦൦-കുതിരകളും അത്രയും ആളുകളുംപല
ആയുധങ്ങളുംകിട്ടി. അദ്ദേഹം തിരുവനന്തപുരത്തുവന്നു ഇവ
യെകൊണ്ടു ഒരു അശ്വസൈന്യവും ൨- പദാതി സൈന്യവും
ഏൎപ്പെടുത്തി. പുത്തൻകോട്ട കൊട്ടാരം പൊളിപ്പിച്ചു

സാമാനങ്ങളെ കൊണ്ടു തേവാരത്തുകോയിക്കലും വല്യകോയിക്കലും രണ്ടുകൊട്ടാരം പണികഴിപ്പിച്ചു വല്യകോയിക്കൽ കൊട്ടാരത്തിൽ താൻ പാൎത്തുതുടങ്ങി.

ആസമയം നെടുമങ്ങാട്ടിൽനിന്നും രാജ്ഞിയും തിരുവനന്തപുരത്തുവന്നു അഗ്നിബാധയിൽ നഷ്ടപ്പെട്ട കൊട്ടാരം അഴിച്ചു പണികഴിപ്പിച്ചു അതിൽപാൎത്തു.

ഈ രാജ്ഞിയുടെ കാലത്ത് ഇംഗ്ലീഷ്കാൎക്കു അഞ്ചുതെങ്ങിൽ ഒരു കോട്ടകെട്ടുന്നതിനു അനുവാദംകൊടുക്കപ്പെട്ടു.

ഈ വിധം കാൎയ്യാദികൾ സ്വല്പകാലം ശരിയായിനടന്നുപോരുമ്പോൾ മാടമ്പിമാർ മുതലായവരുടെ അക്രമങ്ങൾക്കു നടപ്പില്ലാതെ ആയിതീൎന്നു. അതിനാൽ ഇവർ ഇതിവേക്കു കാരണഭൂതനായ കേരളവൎമ്മ രാജാവിനെ ഇല്ലായ്മചെയ്യണമെന്നു കരുതി ഒരുദിവസം രാത്രി ആദ്ദേഹം താമസിച്ചിരുന്ന വല്യകോയിക്കൽ കൊട്ടാരത്തിൽവച്ചു അവിടത്തെ പ്രാണഹാനിവരുത്തി എന്നല്ലാതെ ആരു ഇന്നാരുടെ കൃത്യമാണെന്നു അദ്യാപി അറിവാൻ പാടില്ലാ. * ഈരാജാവ് സമൎത്ഥനായ ഒരു കവിയായും ഇരുന്നു.

തന്റെ പുത്രൻ രവിവൎമ്മാ പ്രാപ്തിയാകയാൽ ഉമയമ്മറാണി ൮൭൦-ൽ രാജ്യഭാരം മകനെ ഏല്പിച്ചു. കേരളവൎമ്മ രാജാവിനാൽ രാജ്യരക്ഷക്കുവേണ്ടു ഏൎപ്പാടുകൾ ചെയ്യപ്പെട്ടിരുന്നതിനാൽ ഈ കാലത്തു എട്ടുവീടരുടെയും മററും ഉപദ്രവങ്ങൾ അത്രതന്നെയില്ലായിരുന്നു. തൻമൂലം ഈ മഹാരാജാവിനു രാജ്യകാൎയ്യങ്ങളെനോക്കി പരിഷ്കരിക്കുന്നതിനുവേണ്ട അവസരമുണ്ടായി.

---

* മലയാള ഭാഷാചരിത്രം.

ഇപ്രകാരം ഓരോചെറിയഗ്രാമങ്ങളിലേയും മുതലെടുപ്പി
നെ ഉദ്ദേശമായി കണക്കുകൂട്ടി വരുമാനത്തിനെ അതാതു
ഗ്രാമപ്രമാണി വസൂൽചെയ്തു ദേവസ്വം ബ്രഹ്മസ്വം പട്ടാ
ളംമുതലായ വകക്കവേണ്ടിവരുന്ന ചിലവുനീക്കി ശേഷി
പ്പുള്ളതിനെ സൂക്ഷിച്ചുകൊള്ളണമെന്ന പുരാതനമായ നട
പ്പിനെ ഭേദപ്പെടുത്തി താഴെ കാണിക്കുന്നപ്രകാരം വ്യവ
സ്ഥചെയ്തു. അതായതു, അവിടുന്നു ഓരോഗ്രാമങ്ങളേയും പ
കുതികളായി ഭാഗിച്ചു ഓരോ പകുതികളിലേയും മുതലെടു
പ്പിനെ തിട്ടപ്പെടുത്തി അവ ഓരോന്നിനും ചുമതലയായി ഓ
രോ ജീവനക്കാരേയും നിയമിച്ചു അവരുടെ അധികാരങ്ങ
ളേയും ക്ലിപ്തപ്പെടുത്തിയതു കൂടാതെ അവർ കീഴിലെ നടപ്പു
അനുസരിച്ചു കരം വസൂൽചെയ്തു ചിലവുനീക്കി ശേഷിപ്പു വരു
ന്നപണം ഉടനുടൻ സർക്കാർ ഖജനാവിൽ ഒടുക്കണമെന്നും
ഏർപ്പാടുചെയ്തു. ഇതുകൊണ്ടും മാടമ്പിമാർ മുതലായവരുടെ
ശക്തിക്ക സ്വല്പം ക്ഷീണതഭവിച്ചു.

രാജകുടുംബത്തിൽ വംശവർദ്ധിനികളായ സ്ത്രീകൾ ആ
രും ഇല്ലാതിരുന്നതിനാൽ കോലത്തുനാട്ടുനിന്നും രണ്ടു സ്ത്രീ
കളേയും ഉണ്ണിക്കേരളവർമ്മ രാമവർമ്മ എന്നു രണ്ടുപുരുഷ
ന്മാരേയും ദത്തെടുത്തു. കോട്ടയം കേരളവർമ്മ രാജാവി
ന്റെ അനുഭവത്തെ അറിഞ്ഞിരുന്ന കോലത്തുനാട്ടുരാജാ
വ് ദത്തുകൊടുക്കാൻ ആദ്യംസംശയിച്ചു എങ്കിലും ഒടുവിൽസ
മ്മതിച്ചുകൊടുത്തു. ദത്തെടുത്ത് ഒരുസംവത്സരം കഴിഞ്ഞ
പ്പോൾ ഉമയമ്മറാണിയും അടുത്തതോടെ അവരിൽ മൂ
ത്തസ്ത്രീയും നാടുനീങ്ങി. * അനന്തരം ആറ്റിങ്ങൽമൂത്തതമ്പു
രാട്ടിയായിഭവിച്ച ആ ഇളയസ്ത്രീ ൮൱൮൰൧-ാമാണ്ടു ഇടവമാസ
ത്തിൽ പ്രസിദ്ധനായ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ
രാജാവിനെ പ്രസവിച്ചു. രവിവർമ്മരാജാവ് തന്റെസന്തോ
ഷസൂചകമായി ആസമയം വളരെ ദാനധർമ്മങ്ങൾ ചെയ്തു

* പാച്ചുമൂത്തതിന്റെ തിരുവിതാംകൂർചരിത്രം

രവിവൎമ്മരാജാവ് ൯൬൫-ൽ നാടുനീങ്ങുകയാൽ മറ്റെടുത്തതിൽ മൂത്താളായ ഉണ്ണിക്കേരളവൎമ്മ രാജാവ് ആ ആണ്ടിൽ രാജ്യഭാരം സ്വീകരിച്ചു. ഈ രാജാവു ശാന്തനും ധൈൎയ്യഹീനനും ആയിരുന്നതിനാൽ മാടമ്പിമാർ മുതലായവരുടെ ശക്തിവൎദ്ധിക്കുകയും കേരളവൎമ്മരാജാവിനാൽ ശേഖരിക്കപ്പെട്ടിരുന്ന സൈന്യം അവരുടെ അധീനമായിഭവിക്കയുംചെയ്തു.

ഇതുകണ്ടു സഹിയാതെ ൩൯-വയസ്സു പ്രായമുള്ള രാമവൎമ്മ രാജാവ് മാതുലനായ മഹാരാജാവിനോടു രാജ്യകാൎയ്യങ്ങളെ നോക്കുന്നതിനു തനിക്കു അനുവാദം കിട്ടേണമെന്നു അപേക്ഷിച്ചു. അവിടുന്നു ബാലനായ അനന്തിരവന്റെ ബുദ്ധിയേയും ധൈൎയ്യത്തേയും നന്നായി ആലോചിച്ചു ഗവൎമ്മേണ്ടു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായപ്രകാരം ഇഷ്ടാനുസാരേണ വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിനു അനുവദിച്ചു. ഈവിധം അധികൃതനായരാജാവു ആ ദുഷ്ടന്മാരുടെ അക്രമനിവൎത്തിക്കു തക്കമാൎഗ്ഗങ്ങൾ ചിന്തിക്കയാൽ അവൎക്ക് അദ്ദേഹത്തിനോടു ബദ്ധവൈരംഉണ്ടായി. അതുകാരണം അവിടുന്നു സ്ഥിരമായി ഒരുസ്ഥലത്തു താമസിക്കാതെ വേഷപ്രച്ഛന്നനായി മാവേലിക്കര, ആററിങ്ങൽ മുതലായി പലസ്ഥലങ്ങളിൽ ചുററിസഞ്ചരിച്ചിരുന്നു. ആസഞ്ചാരങ്ങളിൽ അവരുടെകയ്യിൽ അകപ്പെടാൻ തക്കസംഗതികൾ അനേകം പ്രാവശ്യം സംഭവിച്ചു. എങ്കിലും ദൈവഗത്യാ ഒരിക്കലും അവിടത്തെ പിടികിട്ടീട്ടില്ലാ. ആ രാജാവിനു ഈശ്വരാനുഗ്രഹം പരിപൂൎണ്ണമായി ഉണ്ടായിരുന്നു എന്നുള്ളത് താഴെ പ്രസ്താവിക്കുന്ന ഒരുചെറിയ ഉപകഥയാൽ ബോദ്ധ്യമാകുന്നതാണ്.

ഒരുരാത്രിയിൽ ആ രാജാവു ഒരു ക്ഷേത്രത്തിൽ ഒളിച്ചു താമസിക്കുന്ന വിവരം അറിഞ്ഞു എട്ടുവീട്ടിൽപിള്ളമാരുടെ

യും മാടമ്പിമാരുടെയും ആളുകൾ അതിനെ ചുററിവളഞ്ഞപ്പോൾ സ്വാമിഭക്തിയുള്ളവനായ ആ ക്ഷേത്രത്തിലെ ശാന്തിക്കാരൻ താൻ രാജവേഷംധരിക്കയും രാജാവിനെതൻെറ വേഷം ധരിപ്പിക്കയും ചെയ്തു അവിടത്തെ കയ്യിൽ നിവേദനച്ചോറുള്ള ഉരുളിയും കൊടുത്തു മന്ത്രോച്ചാരണ ഭാവംനടിച്ചു പുറത്തുപോകുന്നതിനും ആസമയം രാജാവ് അകത്തു മറഞ്ഞിരിക്കുന്നതായി അവരോടു പറയുന്നതിനും പറഞ്ഞയച്ചു. ഈ കൌശലത്താൽ മഹാരാജാവ് രക്ഷപ്പെടുകയും ഗുണവാനായ പോററി അവരുടെ കയ്യിൽപ്പെട്ടു മരിക്കയുംചെയ്തു.

ഈവിധം ഒളിച്ചുനടക്കുന്ന കാലങ്ങളിൽ അവിടുന്നു ഇംഗ്ലാണ്ടിലെ രാജാവായ ചാറൽസ് രണ്ടാമനെപ്പോലെ കാടുകളിലും ചെറിയകുടിലുകളിലും വൃക്ഷങ്ങളിലും താമസിച്ചു നിദ്രപോലും ചെയ്തിട്ടുണ്ടു. കൊല്ലം ൮൯൮-ൽ ഉണ്ണിക്കേരളവർമ്മരാജാവ് വീണ്ടുംകോലത്തുനാട്ടിൽനിന്നും ഒരുസ്ത്രീയെ ദത്തെടുത്തു. ഈ റാണി * ൮൯൯-ാമാണ്ടു കർക്കടകമാസത്തിൽ പ്രസിദ്ധനായ കാൎത്തികതിരുനാൾ രാമരാജാവിനെ പ്രസവിച്ചു. ഉണ്ണിക്കേരളവൎമ്മ രാജാവ് ൮൯൯-ൽ നാടുനീങ്ങുകയാൽ അവിടത്തെ അനുജനായ രാമവൎമ്മരാജാവു ആ ആണ്ടിൽ രാജ്യഭാരം ആരംഭിച്ചു. ഈ മഹാരാജാവിനു പൂൎവ്വികന്മാരായ മിക്കരാജാക്കന്മാരെക്കാളും ധൈൎയ്യവും സ്ഥൈൎയ്യവും ഉണ്ടായിരുന്നതുകൂടാതെ അനന്തരവനായ മാൎത്താണ്ഡവൎമ്മ രാജാവിനെക്കുറിച്ചു വളരെ സ്നേഹവും ഉണ്ടായിരുന്നു. അതിനാൽ ഇവിടത്തെ പ്രഥമോദ്ദേശ്യം എട്ടുവീടർ മുതലായവരുടെ ദ്രോഹകൃത്യങ്ങൾക്കു പകരം ചെയ്യണമെന്നായിരുന്നു. തദൎത്ഥം ബുദ്ധിമാനായ ഭാഗിനേയനുമായി ആലോചിച്ചു കൊല്ലം ൯൦൧-ൽ ചില ഉദ്യോഗസ്ഥന്മാർ സഹിതം ത്രിച്ചിനാപ്പള്ളിക്കു എഴുന്നള്ളി പാണ്ഡ്യരാജാവിനോടു താ

* പാച്ചുമൂത്തതിൻെറ തിരുവിതാംകൂർചരിത്രം

ൻ ആണ്ടുതോറും ൩൦൦൦ രൂപാ കപ്പംകൊടുത്തുകൊള്ളാമെ ന്നും പകരം ആ രാജാവ് ൨൦൦൦ പദാതിയും ൧൦൦൦ അശ്വ സൈന്യവും സഹായാൎത്ഥം അയച്ചുതരണമെന്നും കരാറുചെ യ്തു സൈന്യവും കൊണ്ടുപൊന്നു.

അവിടത്തെ ഈ വരവ് കണ്ടുകൂട്ടമ്പോൾതന്നെ മാ ടമ്പിമാർ ഓടിക്കളഞ്ഞു എങ്കിലും യോഗക്കാരുടെ ഉപദ്രവ ത്തിനുമാത്രം ശമനംവന്നില്ലാ. എന്തുകൊണ്ടെന്നാൽ അ വർ ക്ഷേത്രാധികാരികളാകയാൽ മഹാരാജാവിന് അവരു ടെ നേൎക്ക് കഠിനമായിഒന്നും പ്രവൎത്തിക്കാൻപാടില്ലാ എന്നു ള്ളപരമാൎത്ഥം അവർ ഗ്രഹിച്ചിരിക്കയാലായിരുന്നു. അവരി ൽനിന്നും ആപത്തിനെ ശങ്കിച്ചു യുവരാജാവ്, മൂത്തറാണി യോടും രാജകുമാരനോടുംകൂടി മാവേലിക്കര, ആററങ്ങൽ മു തലായ സ്ഥലങ്ങളിൽ താമസിച്ചിരുന്നു.

ആസന്ദൎഭത്തിൽ ഒരിക്കൽ, രാജകുമാരനെ തിരുവന ന്തപുരത്തുനിന്നും ആററങ്ങലിലേക്കു കൊണ്ടുപൊകുന്ന വ ൎത്തമാനം അറിഞ്ഞു മാതാവിനേയും, ശിശുവിനേയും വഴി ക്കുവച്ചു വധിക്കണമെന്നു കരുതി എട്ടുവീടരിൽ പ്രമാണി യായ രാമനമഠത്തിൽപിള്ള അനേകം ആളുകളുമായി കഴ ക്കൂട്ടത്തിനുസമീപം ഒളിച്ചിരുന്നു.

എന്നാൽ പരമകാരുണികനായ ഈശ്വരൻെറ അനുഗ്ര ഹത്താൽ അവരുടെ ഈ ദുരാലോചന ഫലപ്പെട്ടില്ലാ. എന്തു കൊണ്ടെന്നാൽ റാണിയുടെ സഹായാൎത്ഥംകൂടി ചെന്നിരു ന്നകിളിമാനൂർ കോയിത്തമ്പുരാൻ ഈ സംഗതിമുമ്പിൽക്കൂട്ടി അറികയാൽ രാജകുമാരനേയും, മാതാവിനേയും സമീപമാ യ ഒരു ഗ്രാമത്തിലേക്കു തന്ത്രമായിഅയക്കുകയും താൻ മേ നാവിൽകയറി രാജപരിവാരസഹിതം പോകയും ചെയ്തു. അവർ ഇതുകണ്ട് രാജ്ഞിയാണെന്നു വിചാരിച്ചു അടു ത്തുവന്ന കൂട്ടമ്പോൾ സിംഹതുല്യനായ അദ്ദേഹം ആയുധ

പാണിയായി താഴെഇറങ്ങി ശത്രുക്കളിൽ മിക്കപേരേയും വധിച്ചു എങ്കിലും കാലസാമാന്യത്താൽ അവരുടെ കയ്യാൽ താനും മരണത്തെ പ്രാപിച്ചു. ഈ വിധം അദ്ദേഹംചെയ്ത ഉപകാരത്തിന്നായി ൯൦൩-ൽ കിളിമാനൂർ ദേശം ആ വംശക്കാൎക്കു കരംഒഴിവായി കൊടുക്കപ്പെട്ടു. ആയത് ഈ കാലത്തും അവർഅനുഭവിച്ചുവരുന്നു.

രാജ്യത്തിൽ വളരെപരിഷ്കാരങ്ങൾ ചെയ്യണമെന്ന് വിചാരിച്ചിരുന്ന ഈ രാമവൎമ്മ മഹാരാജാവ് അതിന്നു ഇടയാകാതെ ൯൦൪-ൽ നാടുനീങ്ങി.

—൦൪൦—

## ൫-ാം അദ്ധ്യായം.

### ൯൦൪-മുതൽ ൯൩൩-വരെ

### മാൎത്താണ്ഡവൎമ്മ അനിഴംതിരുനാൾ

അനന്തരം അവിടത്തെ ഭാഗിനേയനായ ൨൩- തിരുവയസ്സുപ്രായം ഉള്ള മാൎത്താണ്ഡവൎമ്മ മഹാരാജാവ് ൯൦൪-ൽ രാജ്യാധിപത്യത്തെ പ്രാപിച്ചു.

ആ സമയം പ്രബലന്മാരായപാണ്ഡ്യരാജ്യത്തിലേയും, കൊച്ചിയിലേയും, കൊഴിക്കോട്ടിലേയും, രാജാക്കന്മാർ സ്വദേശ ഛിദ്രങ്ങളാൽ അവിടത്തേക്കു ഉപദ്രവകാരികളായി ഭവിക്കാൻ അസമൎത്ഥന്മാരായിരുന്നു. ഇതരന്മാരായചെറിയരാജാക്കന്മാരും പ്രഭുക്കളും ഓരോരുത്തരായിതിരുവിതാംകോട്ടേക്കു ബാധകംചെയ്യുന്നതിനു ശക്തന്മാരായിരുന്നില്ലാ. ദൈവം ഈ രാജ്യം പ്രകൃത്യാ പൂൎവ്വഭാഗത്തിൽ അത്യുന്നതങ്ങളായച

ന്നത പങ്ക്തികളാലും ദക്ഷിണപശ്ചിമ ഭാഗങ്ങളിൽ സമുദ്ര ത്താലും രക്ഷിക്കപ്പെട്ടും ഇരുന്നത് ഏതദ്ദേശീയ രാജാക്ക ന്മാരുടെ പ്രവേശനത്തിന്ന ഒരുവലിയ പ്രതിബന്ധകമായും അന്യദേശീയന്മാരിൽ തൽക്കാലം പ്രബലന്മാരായിരുന്ന ല ന്തക്കാർ നൂതനമായി രാജ്യങ്ങൾ ചേക്കുന്നതിൽ താല്പൎയ്യം ഇല്ലാത്തവരായും ഇരുന്നു.

ഈ കാരണങ്ങളാൽ മഹാരാജാവിന്ന പുറമെനിന്നുംശ ത്രുബാധകളെ അധികം ഭയപ്പെടുവാനില്ലായിരുന്നു.

തന്നിമിത്തം മഹാരാജാവിന് രാജ്യകാൎയ്യങ്ങളെ ശരി യായി നടത്തുന്നതിന്നും ഇതരരാജ്യങ്ങളെ സ്വാധീനപ്പെടു ത്തുന്നതിന്നും ഉത്സാഹിപ്പാൻ സൌകൎയ്യമുണ്ടായി എങ്കിലും ഈ ഉദ്ദേശ്യസാദ്ധ്യങ്ങൾക്ക വിരോധമായി എട്ടുവീട്ടിൽ പി ള്ളമാരുടേയും മാടമ്പിമാരുടേയും ഉപദ്രവങ്ങളും പണത്തി ന്റെ ബുദ്ധിമുട്ടും അധികമായിരുന്നു.

അതിനാൽ ഈ അന്തഃഛിദ്രങ്ങളെ തീൎക്കുന്നതിനായി ട്ടാകുന്നു അവിടുന്ന ആദ്യമായി ആരംഭിച്ചതു.

അതിന്മേലക്കായി കഴിഞ്ഞ രാജ്യഭാരകാലത്ത് ദളവാ വേലനോക്കിയിരുന്ന ആറുമുഖംപിള്ളയെ ആ വേലയിൽ സ്ഥിരപ്പെടുത്തിയതുംകൂടാതെ കുമാരസ്വാമിപിള്ള എന്നആ ളിനെ സേനാനായകനായും ദളവായുടെ അനുജൻ താണു പിള്ളയെ ദ്വിതീയ സേനാധിപതിയായും തന്റെ ആശ്രിത നായ രാമയ്യനെ കൊട്ടാരം രായസമായും നിയമിച്ചു.

ഈ ഇടയ്ക്ക് ഇവിടെനിന്നും ഉടമ്പടിപ്രകാരം പാണ്ഡ്യ രാജ്യത്തിലേക്ക് കൊടുപ്പാനുണ്ടായിരുന്ന കപ്പക്കുടിശ്ശികയെ വാങ്ങിച്ച ഏറ്റുകൊള്ളുന്നതാകചെയ്തും ആ രാജാവിന്റെ അ

നുമതിയോടുകൂടി വന്നിരുന്ന ചിലകച്ചവടക്കാർ ആവക പണത്തിനും അവിടെനിന്നും സ്വമാത്തുലനാൽ സഹായാത്ഥം കൊണ്ടുവരപ്പെട്ടിരുന്ന സൈന്യക്കാർ അവരുടെ ശമ്പളക്കുടിശ്ശികക്കും ആയിമഹാരാജാവിനെ നിർബ്ബന്ധിക്കയാൽ അവയെ കൊടുത്തുതീക്കുന്നതിനായി അയിട്ടന്ന ആറുമുഖം പിള്ള ദളവായോടു കല്പിച്ചു. അയാളുടെകൈവശം പണം ഇല്ലായ്കയാൽ ദളവാ അവധിപറഞ്ഞുതുടങ്ങി. ഉടനെ സൈന്യക്കാരും മററും അയാളെ ബലമായിപിടിച്ചു തൃക്കണംകുടിയിൽ കൊണ്ടുചെന്നു ഉപദ്രവിക്കയാൽ അയാൾ കോട്ടാററിൽ ചിലകച്ചവടക്കാരുടെ പക്കൽനിന്നും കുറെ പണം കടംമെടിച്ചു അവരുടെ ഇടപാടുകളെതീത്തു. എന്നിട്ടും അവർ അയാളെവിട്ടില്ലാ.

ഇതിനിടക്കു മഹാരാജാവ് തന്റെ സേനാനായകന്മാർ മുഖാന്തരം കടുക്കരക്കും കന്യാകുമാരിക്കും മദ്ധ്യേ അരക്ഷിതമായിരുന്ന സ്ഥലത്ത് ഒരു മൺകോട്ടകെട്ടിക്കയും ഏതാനം മറവന്മാരെ ശേഖരിച്ചു ഒരു സൈന്യം ചേക്കുകയും അവരെക്കൊണ്ട് ആ കൊട്ടയെ സൂക്ഷിപ്പിക്കയുംചെയ്തു.

അനന്തരം ദളവായെ വിടുവിച്ചു കൊണ്ടുവരുന്നതിനായി മഹാരാജാവ് ഒരുസൈന്യത്തോടുകൂടി കുമാരസ്വാമിപ്പിള്ളായെ അയച്ചു. അയാൾ നിയോഗാനുസാരേണ വേഗം ദളവായെ വിടുവിച്ചു കൊണ്ടുവരികയാൽ മഹാരാജാവിന്റെപ്രീതിക്കു പാത്രമായിഭവിച്ചു.

പാണ്ഡ്യരാജ്യത്തെ സൈന്യം മേലാൽ ആവശ്യമില്ലെന്നുകാണുകയാൽ അതിനെ തിരിച്ചു അയക്കുകയും ആ ഗവർമേൻറിനോട് അപേക്ഷിച്ച് മുൻ ഉടമ്പടിയെ റദ്ദ് ചെയ്യിക്കയുംചെയ്തു.

ഇവിടത്തെ മാതുലനായ രാമവൎമ്മരാജാവിനു കുഞ്ചു
തമ്പിമാർ എന്നു പ്രസിദ്ധപ്പെട്ട പപ്പുത്തമ്പി, രാമൻതമ്പി
എന്നു രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇവർ ആ മഹാരാജാവി
ന്റെ കാലത്തു വലിയപദവിയും വളരെ ഐശ്വൎയ്യവും അനു
ഭവിച്ചിരുന്നു; അവിടത്തെ കാലാനന്തരം അവർ സാധാര
ണജനങ്ങളുടെ സ്ഥിതിയിൽ ആയിത്തീൎന്നു. അഭിമാനശീലം
ഹേതുവാൽ അവർ ഈ അപകൎഷത്തെ സഹിയാതെ വളരെ
അതൃപ്തിഭാവം നടിച്ചു മഹാരാജാവു തങ്ങളെ വളരെ അ
നാദരവായി ഭാവിക്കുന്നു എന്നും തങ്ങൾക്കു നിത്യവൃത്തിക്കു
പോലും ഒന്നും തരുന്നില്ലെന്നും മറ്റും മറ്റും സങ്കടങ്ങൾ
പറഞ്ഞുനടന്നു. ഈവിധം മഹാരാജാവിനും തമ്പിമാൎക്കും ത
മ്മിലുള്ള രസക്ഷയത്തെ ദുൎബുദ്ധികളും രാജകുടുംബദ്വേഷി
കളും ആയ മാടമ്പിമാരും എട്ടുവീട്ടിൽ പിള്ളമാരും അറി
ഞ്ഞു ഇരുകക്ഷികളുടേയും സാധാരണ ശത്രുവായ മഹാരാ
ജാവിന്റെ വിരോധമായി തമ്പിമാൎക്കും തങ്ങളാൽ കഴിയുന്ന
സഹായം ചെയ്യാമെന്നു വാഗ്ദാനംചെയ്തു.

ഇവ്വിധമായ ഉറപ്പു കിട്ടിയശേഷം തമ്പിമാർ മഹാ
രാജാവിനെ രാജ്യഭ്രഷ്ടനാക്കി ചെയ്യണമെന്നു ആലോചിച്ചു
അവരിൽ പപ്പുത്തമ്പി ൯൦൭-ൽ തൃശ്ശിനാപ്പള്ളിക്കു ചെ
ന്നു പാണ്ഡ്യരാജാവിനോടു താൻ രാജ്യാവകാശിയാണെ
ന്നും അതിനെ മഹാരാജാവു അന്യായമായി അപഹരിച്ചിരി
ക്കുന്നുഎന്നും അതിനാൽ ആ രാജ്യത്തെ തനിക്കു കൈവശപ്പെ
ടുത്തിത്തരുന്നപക്ഷം തക്കതായ പ്രതിഫലം കൊടുക്കാമെന്നും
പറകയാലും, മഹാരാജാവും ഇവരുടെ അക്രമങ്ങളെ അമൎച്ച
ചെയ്യുന്നതിനായി സഹായത്തെ അപേക്ഷിച്ചു തന്റെ ആ
ളുകളെ അയക്കയാലും, ആ രാജാവു ഇതു തനിക്കു വാദ
ത്തിനു ഒരു നല്ല അവസരമാണെന്നുകരുതി, സ്ഥലത്തു എ
ത്തി ഇവരുടെ അവകാശങ്ങളെ കേട്ടു തീൎച്ചചെയ്യുന്നതി
നായി അളഗപ്പമുതലിയാർ എന്ന ഒരു ഉദ്യോഗസ്ഥനെ

ക്കറെസൈന്യത്തോടുകൂടി പറഞ്ഞയച്ചു. അയാൾ ഉദയഗിരി കോട്ടയിൽവന്നു താമസിച്ചു വിചാരണകഴിച്ചതിൽ തെളിവിൻെറയും സമ്മാനങ്ങളുടെയും ആധിക്യത്താൽ മഹാരാജാവിനു അനുകൂലമായി തീർച്ചചെയ്യുകയും തമ്പിമാരെ മേലാൽ ക്രമമായി നടക്കുന്നതിനു ചട്ടംകെട്ടുകയും ചെയ്തുകൂടാതെ രാജ്യരക്ഷക്കായി താൻ കൊണ്ടുവന്നിട്ടുള്ള സൈന്യത്തിൽ ഒരുഭാഗം ഇവിടെ താമസിപ്പിക്കയുംചെയ്തു.

മഹാരാജാവിനെ രാജ്യഭ്രഷ്ടനാക്കണമെന്നുള്ള ഉദ്ദേശ്യം സാഫലമാകായ്കയാൽ, അവർ അനന്തരം അവിടത്തെ അപായപ്പെടുത്തുവാൻ നിശ്ചയിച്ചു. ഇതിലേക്കായി വെങ്ങാനൂർ സമീപം ഒരു വഴിയമ്പലത്തിൽവച്ചു, കഴക്കൂട്ടത്തുപിള്ളയും, കൊടുമൺപിള്ളയും, പപ്പുത്തമ്പിയും മററുചിലരും ഒരു സംഘംകൂടി അതിലേക്കു പലചലമാർഗ്ഗങ്ങൾ ആലോചിച്ചു ഒടുവിൽ താഴെപറയുന്നപ്രകാരം നിശ്ചയിച്ചു. തുലാമാസത്തിൽ ആറാട്ടുദിവസം അവരെ ചേർന്നവരായ സകല ആളുകളും ആയുധപാണികളായി അകമ്പടിസേവിച്ചു കടൽപ്പുറംവരെ പോകണമെന്നും അവിടെ മഹാരാജാവു കൊട്ടാരത്തിൽ എഴുന്നെള്ളുന്നസമയം പെട്ടെന്നു ചിലർ അടുത്തു വധിക്കണമെന്നും മററുള്ളവർ അറിയാത്തഭാവത്തിൽ സ്വസ്ഥരായി നിൽക്കണമെന്നും മഹാരാജാവിൻെറ ആളുകൾ അതിനെ വിരോധിക്കയൊ കലഹത്തിനു ആരംഭിക്കയൊ ചെയ്യുന്നതായാൽ എല്ലാവരും ഒന്നിച്ചുകൂടണമെന്നും അതിലേക്കു എഴുത്തുകൾ അയച്ചു ഏർപ്പാടു ചെയ്യണമെന്നും മററും ആയിരുന്നു.

അതിന്മണ്ണം ഉടൻതന്നെ എഴുത്തുകൾ തയ്യാറാക്കി അയക്കയുംചെയ്തു. ഈ നടപടികളെ എല്ലാം അതിൽ പാത്രിരുന്നവനും മഹാരാജാവിൻെറ ചാരന്മാരിൽ ഒരുവനും ആയ ഒരുപണ്ടാരം കൂടെഇരുന്നു മനസ്സിലാക്കി. അവർ ഇവനെ

അത്രഗണിക്കയും ചാരനാണെന്ന ഗ്രഹിക്കയും ചെയ്തില്ലാ. ഈ പണ്ടാരം സംഘംപിരിഞ്ഞുകൂട്ടമ്പോൾ, മഹാരാജാവിനാൽ പ്രേഷിതനായി, ആ ഭാഗങ്ങളിൽ, ഇവരുടെ നടപടികളെ അറിയുന്നതിനായി സഞ്ചരിച്ചിരുന്ന, മറെറാരു ചാരനോട ഈവിവരങ്ങൾ പറകയും അവൻ തൽക്ഷണം വൎത്തമാനം തിരുമനസ്സു അറിയിക്കയുംചെയ്തു. ഉടൻ സന്ദേശഹാരികളെ പിടിക്കുന്നതിനായി ആളുകളെ അയച്ചു. പിറെറദിവസം പ്രഭാതാൽപൂൎവം അവരിൽ രണ്ടാളുകൾ ഹാജരാക്കപ്പെട്ടു. അവരുടെ പാദരക്ഷകളിൽനിന്നും രണ്ടു എഴുത്തുകളുംകിട്ടി. അവരെ ശ്രദ്ധമായി ബന്ധനത്തിൽ പാൎപ്പിച്ചു. മഹാരാജാവ് തന്റെ വിശ്വാസസ്ഥനായ രാമയ്യൻ മുഖാന്തരം, ആറാട്ടുദിവസം അകമ്പടിസേവിച്ചു പോരുന്നതിനായി ഒരു വലുതായ പദാതിയും അശ്വസൈന്യവും ശേഖരിച്ചതുകൂടാതെ അവരുടെ ഉപരി നടപടികളെ അറിയുന്നതിനുവേണ്ടി രഹസ്യമായി ആളുകളേയും അയച്ചിരുന്നു. ഈ ഏൎപ്പാട അനുസരിച്ചു ഹാജരായതും അസാധാരണമായതും ആയ ഒരു വലിയസൈന്യത്തോടുകൂടി, മഹാരാജാവു ആറാട്ടുദിവസം നിൎഭയനായി എഴുന്നെള്ളുകയാൽ, പൂൎവാലോചനപ്രകാരം പ്രവൃത്തിക്കുന്നതിനു അവൎക്കു ധൈൎയ്യം ഉണ്ടായില്ലാ.

ഉത്സവാനന്തരം, മഹാരാജാവു ൯൦൨-ൽ നാഗർകോവിലിൽ എഴുന്നെള്ളി താമസിക്കുന്നസമയം, അവിടത്തെ പൂൎവ്വദ്വേഷികളുടെയും തമ്പിമാരുടെയും ഉന്മൂലനാശം വരുത്തണമെന്ന നിശ്ചയിച്ചു അതിലേക്കുവേണ്ട ഏൎപ്പാടുകൾ രാമയ്യനെക്കൊണ്ടു ചെയ്യിച്ചു.

ഈ സന്ദൎഭത്തിൽ ഒരുദിവസം കാലത്തു കല്പിച്ചു നാഗർകോവിൽ കൊട്ടാരത്തിലെ മാളികയിൽ തൃക്കയ്യഞ്ചാത്തിൽ എഴുന്നെള്ളിയിരിക്കുന്ന സമയം മൂത്തതമ്പി മുഖംകാണി

ക്കാൻ വരുന്നതിനെക്കണ്ടു അകത്തു വിടേണ്ടായെന്നും ബലമേൽ ചെയ്യുന്നതായാൽ അയാളുടെ പ്രാണഹാനിവരുത്താണമെന്നും സേവകന്മാരോടു ആജ്ഞാപിച്ചു. ഇതറിയാതെ, താൻ ഒരു മഹാരാജാവിന്റെ പുത്രനാകയാൽ ഏതുസമയത്തും തടസ്ഥംകൂടാതെ രാജസന്നിധിയിൽ ചെല്ലാമെന്നുള്ള അഹങ്കാരത്തോടുകൂടി കൊട്ടാരത്തിനകത്തു പ്രവേശിച്ചപ്പോൾ മുകളിൽ കയറുന്നതിനു രാജഭൃത്യന്മാർ വിരോധം പറകയാൽ, കോപിതനായതമ്പി വാൾ ഊരിപ്പിടിച്ചു അവരിൽ ഒരുത്തനെ വധിക്കാൻ ശ്രമിക്കയും അതിനിടക്ക അവർ എല്ലാവരുംകൂടി ബലംപ്രയോഗിച്ചു അയാളുടെ പ്രാണഹാനി വരുത്തുകയുംചെയ്തു. ഇതറിഞ്ഞു രാമൻതമ്പി, വേഗം വാളുമായി മുകളിൽചെന്നു മഹാരാജാവിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി ഒരുവെട്ടുവെട്ടിയതു ദൈവഗത്യാ തുലാത്തിൽ കൊള്ളുകയും അതിനെ എടുത്തു രണ്ടാമതും വെട്ടുന്നതിനകം അഭ്യാസിയായ മഹാരാജാവ അയാളെതള്ളിയിട്ടു കഠാരി എന്ന ആയുധത്തിനെ നെഞ്ചിൽ കുത്തിയിറക്കുകയുംചെയ്തു. ഈവിധം പ്രമാണികളായ തമ്പിമാരുടെവധം കഴിഞ്ഞ ശേഷം കല്പനപ്രകാരം ആ ഒരുദിവസംകൊണ്ടു എട്ടുവീട്ടിൽ പിള്ളമാരെയും മാടമ്പിമാരെയും മുത്തേടത്തുപണ്ടാരം, ഇളമ്പായിൽപണ്ടാരം, ഇരുമ്പള്ളിപണ്ടാരം, ഇടത്തറപ്പോററി മുതലായവരെയുംപിടിച്ചു കൽകുളത്തു എഴുന്നെള്ളിയിരുന്ന മഹാരാജാവിന്റെ മുമ്പിൽ ഹാജരാക്കി. അവരെ വിചാരണകഴിച്ചു അതിൽ ൪൨ പേർക്ക മരണശിക്ഷ വിധിച്ചു ഉടൻ വിധിയെനടത്തിച്ചു. ബ്രാഹ്മണർമുതലായവരെ നാടുകടത്തി. അവരുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും നീചന്മാരായ മുക്കുവർക്കുവിററു, വീടുകളെ തട്ടിനിരത്തി വസ്തുക്കളെ സർക്കാരിൽ എടുത്തു.

ബഹുകാലമായി ഈ രാജകുടുംബത്തിനു പലപ്രകാരത്തിലും അത്യുപദ്രവികളായിരുന്ന മാടമ്പിമാരുടേയും

എട്ടുവീട്ടിൽ പിള്ളമാരുടെയും ജീവാവസാനത്തോടുകൂടി രാജ്യഛിദ്രങ്ങളും അവസാനിച്ചു.

ഇതിനിടയിൽ മഹാരാജാവ് ൯൦൬-ൽ വളരെ ജീർണ്ണം ഭവിച്ചിരുന്ന ശ്രീപത്മനാഭക്ഷേത്രം അഴിച്ചു പണികഴിപ്പിക്കയും തിരുമലപ്പാറയിൽനിന്നും ൨൦-അടി സമചതുരവും ൨॥ അടി ഘനവും ഉള്ള ഒരു ഒറ്റക്കല്ലുവെട്ടിച്ചു അതിനെ വളരെ ശ്രമപ്പെട്ടു കൊണ്ടുവന്ന് ശ്രീകോവിലിന്റെ പുരോഭാഗത്ത് ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ വെപ്പിക്കയും പത്മതീർത്ഥം വിസ്താരത്തിൽ കുഴിപ്പിക്കയും കരിങ്കല്ലുകൊണ്ടു കെട്ടിക്കയും പത്മനാഭബിംബം സാളഗ്രാമങ്ങളെക്കൊണ്ടു പണികഴിപ്പിക്കയും ചെയ്തു. ഇതുകൂടാതെ കരക്കെട്ടിക്കുളിയിൽ മിക്കഭാഗവും പണിചെയ്തുതീർത്തു. ൫൦൦ ചക്രം മുതലായതുകൊണ്ടു അനേകം കുളങ്ങളേയും നിർമ്മിച്ചു. ശേഷിപ്പുള്ള പണം കൊണ്ടു നാഞ്ചിനാട്ടിൽ കൃഷിക്കു അത്യന്തം ഉപയുക്തങ്ങളായ പൊന്നനണയും പുത്തൻഅണയും കെട്ടിച്ചു.

മഹാരാജാവിന്റെ അനന്തരമായ ഉദ്ദേശ്യം സ്വരാജ്യത്തെ വലുതാക്കണമെന്നായിരുന്നു. അവിടുന്നു മൂപ്പേൽക്കുന്നസമയം ൟ രാജ്യം ആരുവാമൊഴിമുതൽ ഇടവാവരെയും വ്യാപിച്ചിരുന്നതുകൂടാതെ കായംകുളത്തിനു വടക്കും തെക്കുംകൂർ വടക്കുംകൂർ ൟ രാജ്യങ്ങൾക്കു തെക്കുമായി ഉള്ളതാനം വച്ചിന്നദേശങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. അവയുടെ പ്രധാനപട്ടണം മാവേലിക്കര ആയിരുന്നു. നിരപരാധികളായ ഇതരരാജാക്കന്മാരോടു അകാരണമായി യുദ്ധം ആരംഭിക്കുന്നതു അനീതിഎന്നു ആലോചിച്ചിരിക്കുന്ന സമയം ദേശിങ്ങനാട്ടു എന്ന കൊല്ലത്തു രാജാവു ഇവിടത്തെ സമ്മതംകൂടാതെ കായംകുളത്തുനിന്നും ദത്തെടുത്തു. അതിനാൽ മഹാരാജാവു സേനാസഹിതനായി യുദ്ധത്തിനുപുറപ്പെട്ട് കൊല്ലത്തു എത്തിയ ഉടനെ ആ രാജാവു യുദ്ധത്തിൽ

ജയിക്കുന്നതു തന്നാൽ സാദ്ധ്യമല്ലെന്നു കരുതി സമാധാനത്തിന്നു അപേക്ഷിച്ചു. (൧) കൊല്ലവും കായംകുളവുമായുള്ള ഉടമ്പടിയെ അസ്ഥിരപ്പെടുത്തണമെന്നും (൨) അവിടെനിന്നും തിരുവിതാംകോട്ടേക്കു കപ്പംകൊടുക്കണമെന്നും (൩) അവിടെയുള്ള കോട്ടകൊത്തളങ്ങളെ ഇടിച്ചുനിരത്തണമെന്നുമുള്ള കരാറിൻപേരിൽ ഇവിടുന്നു സമാധാനത്തിന്നു അനുവദിച്ചു. കുറെസൈന്യങ്ങളോടുകൂടി ആറുമുഖംപിള്ളദളവായെ അവിടെ താമസിപ്പിച്ചുംവച്ചു മഹാരാജാവു ദേശിങ്ങനാടു രാജാവിനെ തിരുവനന്തപുരത്തു വലിയകോയിക്കൽ കൊട്ടാരത്തിൽ കൊണ്ടുവന്നുപാർപ്പിച്ചു. ഇത് ൯൰൭-ൽ ആയിരുന്നു. മഹാരാജാവിന്റെ ശക്തി വർദ്ധിച്ചുവരുന്നതുകണ്ടു അസഹിഷ്ണുവായി, കായംകുളം രാജാവു കൊച്ചീരാജാവിന്റേയും മറ്റും സഹായത്തോടുകൂടി കൊല്ലത്തു രാജാവിന്നു സ്വാതന്ത്ര്യം ലഭിക്കുന്നതിൽ സഹായിക്കാമെന്നു ഗൂഢമായി അദ്ദേഹത്തെ ഗ്രഹിപ്പിച്ചു. ഇതിനാൽ ആ രാജാവു ഒരുദിവസം ആരുംഅറിയാതെ തിരുവനന്തപുരത്തുനിന്നും തിരിച്ചു കായംകുളത്തുഎത്തി സസൈന്യനായി വീണ്ടും കൊല്ലത്തുചെന്നു ആറുമുഖംപിള്ളദളവായെ യുദ്ധത്തിൽതോല്പിച്ചു. ഇതറിഞ്ഞു കൊല്ലത്തെ വീണ്ടെടുക്കുന്നതിനായി മഹാരാജാവു വലിയസൈന്യത്തോടുകൂടി ചെന്നു എന്നുവരികിലും ആ രാജാവിന്നു കായംകുളത്തേയും കൊച്ചിയിലേയും സഹായം ഉണ്ടായിരിക്കയാൽ ഇരുകക്ഷികൾക്കും വളരെ നഷ്ടം സംഭവിച്ചതല്ലാതെ ആർക്കുംതന്നെ ജയം ഉണ്ടായില്ലാ. അതുകൊണ്ടു മഹാരാജാവു മടങ്ങിപ്പോന്നു.

ഈ ജയംകൊണ്ടു മദാന്ധനായ കൊല്ലംരാജാവ് കാരണംകൂടാതെ തിരുവിതാംകൂർവകയായ കല്ലട, മാവേലിക്കര, ഈ സ്ഥലങ്ങളെ ആക്രമിച്ചു. ഒരംപ്രവൃത്തിയാൽ മഹാരാജാവിന് വളരെദ്വേഷ്യംഉണ്ടായി കൊല്ലം, കായംകുളം, ഒരം രണ്ടു രാജ്യങ്ങളേയും ഏകകാലത്തിൽ ആക്രമിക്കുന്നതിനുവേണ്ടി

കൂടുതൽ സൈന്യങ്ങളും അഞ്ചുതെങ്ങിലും ഇടവായിലും ഇ
രുന്ന ഇംഗ്ലീഷ് കാർമുഖാന്തരം ആയുധങ്ങളും ശേഖരിച്ചു
൯൦൯-ൽ താണുപിള്ളയേയും സേനാപതി കുമാരസ്വാമി
പ്പിള്ളയേയും അവർ സഹായത്തിനായി രാമയ്യനേയും അ
യച്ചു. ഇതുകണ്ടു കായംകുളംരാജാവു ഡച്ചുകാരോടു സ
ഹായത്തിനു അപേക്ഷിച്ചു എങ്കിലും തിരുവിതാംകൂറുമായുള്ള
ഈ വിരോധം അഹേതുകമായി സ്വയം സമ്പാദിക്കപ്പെട്ട
താണെന്നുള്ള കാരണത്തിന്മേൽ ഡച്ചുഗവർണ്ണരായ ഏ
മേററൻ ആ അപേക്ഷയെ നിരസിച്ചുകളഞ്ഞു. എന്നാൽ
അവർക്കു കൊച്ചീരാജാവിൻെറ സഹായം ഉണ്ടായിരുന്നു.

ഘോരമായ യുദ്ധമദ്ധ്യത്തിൽ കായംകുളം രാജാവ്
തിരുവിതാംകൂറിലെ ഒരു കുതിരശിപായിയാൽ കൊല്ലപ്പെട്ടു.
അനന്തരം അവരുടെ സൈന്യം നായകനില്ലാതെ പിൻ
മാറി എങ്കിലും ആ രാജാവിൻെറ ധീരനായ സഹോദരൻ
അവരെ വീണ്ടും യോജിപ്പിച്ചു യുദ്ധം ആരംഭിച്ചു. ഈ സ
മയത്തിൽ യുവരാജാവിനോടുകൂടെ മഹാരാജാവും കൊല്ല
ത്തുഎഴുന്നെള്ളി സ്വസൈന്യത്തെ ഉത്സാഹിപ്പിച്ചു. ഇവി
ടെയുള്ള സേനകളെക്കൊണ്ടു മതിയാകയില്ലെന്നു വിചാ
രിച്ചു രാമയ്യൻ തിരുനെൽവേലിയിൽചെന്നു പൊന്നുപാ
ണ്ഡ്യത്തേവൻെറ വരുതിയിൽ ഏതാനും മറവന്മാരേയും
കാറ അശ്വഭടന്മാരേയും കൊട്ടാരക്കരമാർഗ്ഗം കൊണ്ടുവന്നു.
കല്പനപ്രകാരം രാമയ്യൻ സേനാധിപത്യം വഹിച്ചു സാമ
ർത്ഥ്യത്തോടു യുദ്ധം നടത്തുകയാൽ ശത്രുക്കൾ പരാജിതരാ
യി ഓടിത്തുടങ്ങി.

കായംകുളം രാജാവ് സമാധാനത്തിന അപേക്ഷി
ക്കയാൽ തൽകാലം യുദ്ധം അവസാനിച്ചു.

ഈ സമയം ഇവിടത്തെ ബന്ധുവും ഇളയിടസ്വരൂപ ത്തിലെ ടേവിവത്തെ രാജാവും ആയ വീരകേരളവൎമ്മ നാട്ടു നീങ്ങുകയും അവകാശികളായി ഒരു സ്ത്രീ അല്ലാതെ മററാ രും ഇല്ലാതിരിക്കയുംചെയ്കയാൽ മഹാരാജാവു ദുൎബുദ്ധിയായ അവിടത്തെ മന്ത്രിയെമാററി പകരം യോഗ്യനായ ഒരാളിനെ നിയമിച്ചതുംഅല്ലാതെ ൯൦൯-ൽ ആ രാജ്യത്തെ തിരുവിതാം കോടിനോടു ചേൎക്കയുംചെയ്തു. അവരുടെ മനസ്സുപോലെ തിരുവനന്തപുരത്തിലൊ കൊട്ടാരക്കരയിലൊ താമസിക്കു ന്നതിനും ആ രാജ്ഞിയോടുപറഞ്ഞു. ഇളയിടസ്വരൂപം എ ന്നതിൽ നെടുമങ്ങാടു, പത്തനാപുരം, കൊട്ടാരക്കര, ൨൦ മണ്ട പത്തുംവാതൽകളും ചെങ്കോട്ട, ക്ലാങ്കാടു, കൾക്കുടി, ൨൦ മണി യങ്ങളും വള്ളിയൂർദേശവും അടങ്ങിയിരുന്നു.

ഈ ഇടക്ക ൯൦൯-ൽ കൊല്ലത്തെ രാജാവു മരിച്ചുകൂട്ട പ്പോൾ കായംകുളവുമായുള്ള സംബന്ധം ൯൦൬-ലെ ഉട മ്പടിയാൽ ദുൎബലപ്പെടുത്തപ്പെട്ടിരുന്നു എങ്കിലും അതിനെ വിചാരിക്കാതെ കായംകുളംരാജാവു ദേശിങ്ങനാടിനെ സ്വ ദേശത്തോടുകൂടിചേൎത്തു. ഇതു അനീതിയാണെന്നു മഹാ രാജാവു പറഞ്ഞതിനെ അദ്ദേഹം തീരെ ഗണിച്ചില്ല. കൊ ച്ചിക്കാരുടേയും ലന്തക്കാരുടേയും സഹായത്താൽ ആ രാ ജാവു യുദ്ധത്തിനു വേണ്ട യത്നങ്ങൾ ചെയ്തു. ലന്തഗവൎണ്ണ രായ ഏ.മെററൻ തിരുവിതാംകൂറിലെ വൎദ്ധിച്ചുവരുന്ന ശ ക്തികണ്ടു അസൂയയോടുകൂടി അതിനെ കുറയ്ക്കുന്നതിനു അ വസരത്തെ പ്രതീക്ഷിച്ചിരുന്നു. അതിനാൽ ഇതുനല്ല അവ സരമാണെന്നുകരുതി ഇളയിടസ്വരൂപത്തിലെ രാജ്ഞി ശ രിയായി രാജ്യഭാരംചെയ്യുന്നില്ല എന്നുള്ള ഭാവവുംനടിച്ചു അ തിനെ തിരുവിതാംകൂറിനോടു ചേൎത്തതു അനീതിയാകയാൽ അതിനെ തിരിയെ രാജ്ഞിയെ ഏല്പിക്കണമെന്നും കായം കുളവുമായി യുദ്ധത്തിനു പോകരുതെന്നും മഹാരാജാവിനോ ട് അറിയിക്കുന്നതിനായി ഒരുദൂതനെഅയച്ചു. അയാളുടെസ

ന്ദേശത്തിന് മറുപടിയായി തിരുമനസ്സുകൊണ്ടു ഡച്ചുകമ്പനിക്കാരുടെ കച്ചവടസംബന്ധമല്ലാത്ത ഇതരകാൎയ്യങ്ങളിൽ അയാൾ അനാവശ്യമായി പ്രവേശിക്കേണ്ടഎന്നും അവിടുന്നു അവരുടെ കച്ചവടവൎദ്ധനയെ കഴിയുന്ന സഹായംചെയ്തുവരുമ്പോൾ ഈവിധം പറഞ്ഞയച്ചതിനെപററി വ്യസനിക്കുന്നു എന്നുംമററും കല്പിച്ചു. ഇത് അയാൾക്ക തീരെരസിച്ചില്ലാ എന്നു മാത്രവുമല്ലാ അവരുടെനേൎക്കചെയ്യപ്പെട്ട അപമാനമാണെന്നും അതിനെ വിചാരിച്ചു.

* ആയിടക്ക ൯൧൨-ാമാണ്ടിൽ റാണിമഹാരാജാവ് മകയിരം നാളിൽ ഒരു പുത്രനെ പ്രസവിച്ചു.

ഈ സന്ദൎഭത്തിൽ ആറുമുഖംപിള്ളദളവായും പകരം നിയമിക്കപ്പെട്ട താണുപിള്ളയും മരിക്കയാൽ കായംകുളത്തിലുണ്ടായ ജയത്തിന്റെശേഷം ദ്വതീയ മന്ത്രിസ്ഥാനം വഹിച്ചിരുന്ന രാമയ്യൻ ൯൧൪-ൽ ദളവായായി നിയമിക്കപ്പെട്ടു. ഉടൻ കായംകുളവുമായുള്ള യുദ്ധത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്യതുടങ്ങി.

൯൧൫-ൽ കൊച്ചിയിൽ ഡച്ചുഗവൎണ്ണരായിവന്ന വാൻ ഇമ്മാഫ് ഈ വൎത്തമാനങ്ങൾ അറിഞ്ഞു എതദ്ദേശിയരാജാക്കന്മാരുടെ, ശക്തിയെ ന്യൂനാധികഭാവംകൂടാതെസമീകരിക്കേണ്ടതു തങ്ങളുടെ കച്ചവടത്തിനും ഗുണാഭിവൃദ്ധിക്കും ആവശ്യമെന്നുകണ്ടു ഇയാളും തന്റെ പൂൎവ്വികനെപ്പോലെ രാജസന്നിധിയിൽ അതെ കാൎയ്യത്തിനായി ആദ്യം രണ്ടു ആളുകളെ പറഞ്ഞയച്ചു. പൂൎവ്വോക്തപ്രകാരമായ തിരുമനസ്സിലെ മറുപടികൊണ്ടു കുപിതനായി ൯൧൬-ൽ ഇളയടസ്വരൂപത്തെ ആരാജ്ഞിക്ക വിട്ടുകൊടുക്കുന്നതിനായി അയാൾ ഒരു എഴുത്തയച്ചു. അതും ഫലമില്ലെന്നു കാണുകയാൽ താൻതന്നെ നേരിട്ടുചെന്നു തന്റെ അപേക്ഷപ്രകാരം ആ

* പാച്ചുമൂത്തതിന്റെ ചരിത്രം

ദേശത്തെ ആ രാജ്ഞിക്കു വിട്ടുകൊടുത്തില്ലെങ്കിൽ ലന്തക്കാർ തിരുവിതാംകൂറിനെ ആക്രമിക്കുമെന്നു അറിയിച്ചു. അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ലെന്നും എന്നാൽ അതിൽ ജയത്തെ പ്രാപിക്കുന്നതു പ്രയാസമാണെന്നും ഒരുസമയം അവർ ജയിക്കുന്നതായാലും നിർബാധമായി താമസിക്കുന്നതിനു തിരുവിതാംകൂറിൽ ധാരാളം കാടുകൾ ഉണ്ടെന്നും കല്പിച്ചതിനു അവക്കു എഴുന്നെള്ളുന്ന സ്ഥലങ്ങളിലെല്ലാം ചെല്ലാവുന്നതാണെന്നു അയാൾ അറിയിച്ചു. അതിനു അവിടുന്നു ആ സമയം വള്ളങ്ങളേയും മുക്കുവന്മാരേയുംകൊണ്ടു യൂറോപ്പ് ഖണ്ഡത്തെ ആക്രമിക്കുന്നതായിരിക്കുമെന്നും നിന്ദാഭാവമായി പറഞ്ഞുപിരിഞ്ഞു.

ഈ ഗവർണരുടെ ഏതാദൃശമായ നടപടികൾക്കു കാരണം യുദ്ധത്തിനു ഒരു ഹേതു ഉണ്ടാക്കണമെന്നല്ലാതെ മററൊന്നും അല്ലായിരുന്നു. തന്നിമിത്തം അയാൾ ഇതിനെ ഒരു കാരണമാക്കി യുദ്ധത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്തുതുടങ്ങി സിലോണിലേക്കു പട്ടാളം അയക്കുന്നതിനും എഴുതി അയച്ചു.

൯൬൩-ൽ ഇളയടസ്വരൂപത്തിലെ രാജ്ഞിയെ അയാൾ രാജ്യാധിപത്യത്തിനു നിയമിച്ചു. ഈ ഉപകാരത്തിനു പ്രതിഫലമായി ആ രാജ്ഞി അയാൾക്കു കുറെദേശം വിട്ടുകൊടുത്തു.

തൽക്ഷണം മഹാരാജാവു, തൻെറ സൈന്യത്തിനെ അയച്ചു ഡച്ചുകാരുടേയും രാജ്ഞിയുടേയും സൈന്യങ്ങളെ തോല്പിക്കയും അവരിൽ അനേകം ആളുകളെ വധിക്കയും ചെയ്തതുകണ്ടു രാജ്ഞിയും സൈന്യങ്ങളും കാന്ദിശീകന്മാരായി. ഇപ്രകാരം ആ രാജ്യത്തെ വീണ്ടും കൈവശപ്പെടുത്തിയശേഷം തിരുവിതാംകൂറിലെ സൈന്യം കായംകുളത്തെ ആക്രമിച്ചു.

ഇവിടത്തെസ്ഥിതി ഈവിധം ആയിരിക്കുമ്പോൾ സീലോണിൽനിന്നും വാൻഇംഹാഫിൻെറ എഴുത്തിൻപ്രകാരം ഉള്ള സൈന്യം കുളച്ചലിൽവന്നിറങ്ങി യുദ്ധം ആരംഭിച്ചു. അവിടെ എതൃക്കുന്നതിന് ആരും ഇല്ലാതിരുന്നതിനാൽ അവർ ബോധിച്ചതുപോലെ ഗ്രാമങ്ങളെ തീവെയ്ക്കുകയും ജനങ്ങളെ കൊല്ലുകയും ചെയ്തുകൂടാതെ കുളച്ചൽമുതൽ കോട്ടാറുവരെ ഉള്ളഗ്രാമങ്ങളേയും സ്വാധീനപ്പെടുത്തി പത്മനാഭപുരത്തെ കോട്ടപിടിക്കുന്നതിനും ഉത്സാഹിച്ചു.

ഇത് അറിഞ്ഞു മഹാരാജാവു തൽക്ഷണം ഹാജരുള്ള സൈന്യവുംകൊണ്ടു അവിടെഎത്തി. രാമയ്യനെ സൈന്യത്തോടുകൂടി പത്മനാഭപുരത്തു വേഗം എത്തുന്നതിനുംപറഞ്ഞയച്ചു. പ്രഞ്ചുകാരുമായി ഉടമ്പടി ചെയ്യുന്നതിനു വേണ്ടഏർപ്പാടുചെയ്തു രാമയ്യൻ ചെന്നുകൂടുമ്പോൾ മഹാരാജാവു താന്നെ സേനാനായകത്വംവഹിച്ചു യുദ്ധംനടത്തി. ഈയുദ്ധം കുളച്ചലിൽവെച്ചു ൯൧൬-ാമാണ്ടു ആടിമാസം ൨൭-ാനു നടത്തപ്പെട്ടു. ഇതിൽ പരന്ത്രീസുകാർ നിശ്ശേഷം തോററുപോയി. ആമാസം ൩൧-ാനു അവരുടെവകയായ അവിടെയുള്ള കോട്ടയെരോധിച്ചു. രണ്ടുമണിക്കൂറുകൊണ്ടു ആ കോട്ട സ്വാധീനപ്പെട്ടു. ഈ കോട്ടയിൽനിന്നും ൪൦൦-ഓളം തോക്കുകളും ഏതാനം പീരങ്കികളും അനവധി വാളുകളും തിരുവിതാംകോട്ടുകാർക്കുകിട്ടി. കുളച്ചൽ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ൨൪-ആളുകളെ ഉദയഗിരിക്കോട്ടയിൽ കൊണ്ടുപോയി ബന്ധനത്തിൽപാർപ്പിച്ചു. അവരുടെനേരെ മഹാരാജാവു കാണിച്ച ദയവിനാൽ അവരിൽ ചിലർ മഹാരാജാവിനു അധീനന്മാരും വിശ്വസ്ഥന്മാരും ആയിരുന്നുകൊള്ളാമെന്നു വാഗ്ദാനംചെയ്തു. തിരുമനസ്സുകൊണ്ടു അവരെ ബന്ധനത്തിൽനിന്നുംമോചിപ്പിച്ചു തൻെറസൈന്യത്തിൽചേർത്തു. അതിലും യൂസ്റ്റേഷിയസ് ഡിലനായി, ഡോനാഡി, എന്നു രണ്ടുപേരുടെനേർക്കു പ്രത്യേകം സ്ഥായി ഉണ്ടായിരിക്കയാൽ

മഹാരാജാവു അവർരണ്ടുപേരേയും പട്ടാളങ്ങളിലെ കപ്പിത്താന്മാരായിനിയമിച്ചു. ഈ ഡിലനായി മഹാരാജാവിൻെറ സൈന്യത്തെ യൂറോപ്പ്ദേശത്തെ മാതിരിയായി യുദ്ധക്രമങ്ങൾ അഭ്യസിപ്പിക്കുകയും യുദ്ധസാമാനങ്ങൾ വരുത്തിച്ചും ഉണ്ടാക്കിച്ചും കൊടുക്കുകയും ഉദയഗിരികോട്ട കെട്ടിക്കയും മററുകോട്ടകളെ നന്നാക്കിക്കയും വലിയതോക്കും ഉണ്ടകളും വാർപ്പിക്കയും മററുംചെയ്തു. ഈ രാജ്യത്തെ തൻെറ അവസാനകാലത്തോളം ശത്രുക്കളിൽനിന്നും രക്ഷിച്ചിരുന്നു. മഹാരാജാവിൻെറ ഭാവിയായ ജയങ്ങൾക്കെല്ലാം ഇയാൾ ഒരു മുഖ്യകാരണഭൂതനായിരുന്നു. മരണാനന്തരം ഇയാളുടെദേഹം ഉദയഗിരികോട്ടയിൽ നിക്ഷേപിക്കപ്പെട്ടു. ആസ്ഥലം ഇപ്പഴും അവിടെ കാണ്മാനുണ്ടു. ഇയാളെആകുന്നു ഇന്നും ജനങ്ങൾ വലിയകപ്പിത്താൻ എന്നുപറയുന്നതു.

ആർക്കാട്ടിലെ നബാബായ ഡോസ്തആലിഖാൻ തൻെറ പ്രഥമപുത്രനായ സാഫ്ദർആലിഖാന് ഒരു ചെറിയരാജ്യം ഉണ്ടാക്കികൊടുക്കണമെന്നു വിചാരിച്ച് തൻെറ സംബന്ധികളും സമർത്ഥന്മാരുമായ ചന്ദാസാഹിബിനേയും ബഡാസാഹിബിനേയും ഒരുവലിയസൈന്യത്തോടുകൂടി അയച്ചിരുന്നു. അവർ ദക്ഷിണഇൻഡ്യയിൽ മിക്ക ഹിന്ദുരാജാക്കന്മാരുടെ ദേശങ്ങളേയും ആക്രമിച്ച് കൊള്ളയിട്ടുവരുന്നവഴി ൯൧൫-ൽ ആരുവാമൊഴിമാൎഗ്ഗം ഈ രാജ്യത്തു കടന്നു നാഗർകോവിൽ, ശുചീന്ദ്രം, മുതലായസ്ഥലങ്ങളെ സ്വാധീനപ്പെടുത്തിയതുകൂടാതെ ശുചിന്ദ്രത്തുക്ഷേത്രത്തെ കൊള്ളയിടുകയും അവിടെയുള്ള ബിംബങ്ങളെ തകൎക്കുകയും വലിയതേരിനെ തീവെച്ചു നശിപ്പിക്കുകയുംചെയ്തു. അവരുടെ ആക്രമത്തെ നിരോധിക്കുന്നതിനായി രാമയ്യൻ ദളവായെ സൈന്യത്തോടുകൂടികല്പിച്ചയച്ചു എന്നുവരികിലും അവരുമായി ഉണ്ടായയുദ്ധത്തിൽ ദളവായ്ക്കു ജയംലഭിച്ചില്ലാ.

അവൎക്കു സ്വദേശത്തു പോകേണ്ടതു ആവശ്യമായി

രിക്കയാലും ഇവിടെനിന്നും സമ്മാനങ്ങൾകൊടുക്കയാലും അ വർ പടിഞ്ഞാറോട്ടു വരാതെ തിരിച്ചുപോയി. അനന്തരം ആരുവാമൊഴിയിൽ വേണ്ടരക്ഷകൾ ചെയ്യുംവച്ച് ദളവാ തിരുവനന്തപുരത്തു വന്നകൂട്ടമ്പൊൾ ഡിലനായുമായി കാ യംകുളത്ത് പൊകുന്നതിനു ആജ്ഞാപിക്കപ്പെട്ടു. അവർ അവിടെചെന്നു യുദ്ധം ആരംഭിച്ചു. കായംകുളവുമായിഅനെ കംയുദ്ധം ഉണ്ടായി എന്നുവരികിലും ഇരുകക്ഷികൾക്കുംജയാ പജയം ഉണ്ടായില്ലാ. ഇതിൽ കായംകുളത്തുകാൎക്കു ലന്തക്കാ രുടെ സഹായം നല്ലപൊലെ ഉണ്ടായിരുന്നു.

൯൧൬-ൽ തിരുവിതാംകോട്ടുസൈന്യം കായംകുളം മ ന്ത്രിയായ അച്യുതവാരരാൽ സൂക്ഷിക്കപ്പെട്ടിരുന്ന കൊല്ലത്തു ള്ള ഒരു ലന്തക്കകോട്ടയെ ആക്രമിച്ചു. അതിൽ തിരുവി താംകൂർസൈന്യം തോററുപോയി. പിന്നെയും യുദ്ധംനടന്നു കൊണ്ടിരുന്നു.

൯൧൭-ൽ കായംകുളത്തുകാരും ലന്തക്കാരുംകൂടി കി ളിമാനൂർകോട്ടയെ സ്വാധീനപ്പെടുത്തി. ഇത് അറിഞ്ഞു ശുചീന്ദ്രത്ത് എഴുന്നെള്ളിയിരുന്നമഹാരാജാവ് സ്ഥലത്ത് എത്തി മഹാരാജാവും, യുവരാജാവും രാമയ്യൻ ദളവായും, ഡിലനായുംകൂടി ഏകകാലത്തിൽ ആ കോട്ടയെ രോധിച്ചു നൂറ- ദിവസം കഴിയുന്നതുവരെ ശത്രുക്കൾ ജയിക്ക പ്പെട്ടില്ലാ. അനന്തരം അവർ പരാജിതരായി ഓടിക്കള ഞ്ഞു. കോട്ട മഹാരാജാവിനു സ്വാധീനമായി. അതിൻെറ ശേഷം തിരുവിതാംകൂർസൈന്യം കായംകുളത്തെ ആക്രമി ച്ചു. സ്വല്പം കഴിഞ്ഞുകൂട്ടമ്പൊൾ ൯൨൭-ൽ ആ രാജാവ് സമാധാനത്തിനു അപേക്ഷിച്ചു. ഒരം ഉടമ്പടിയിലെ നി ബന്ധനകൾ.

i കായംകുളം രാജ്യത്തിൽ അനേകംഭാഗം തിരുവി താംകോട്ടേക്കു വിട്ടുകൊടുക്കണമെന്നാം.

ii ആ രാജാവ് തിരുവിതാംകൊട്ടെ അധീനത്തിൽ ഇരുന്നുകൊള്ളണമെന്നും.

iii ആണ്ടിൽ ഒരു ആനയും ൪൦൦൦- ഉറുപ്പികയും വീതം ഇവിടത്തെക്കു കപ്പംകൊടുക്കണമെന്നും.

iv തിരുവിതാംകൊട്ടെ ശത്രുക്കളെ സ്വന്ത ശത്രുക്കളെ പൊലെ വിചാരിക്കണമെന്നും ആയിരുന്നു.

ഈ ഉടമ്പടി ൯൰൭-ൽ മാന്നാറ്റുവെച്ച് ഉണ്ടായതാകുന്നു. ഇതിന്റെശെഷം കൊല്ലംരാജാവ് ഡച്ചുകാരുടെ സഹായത്തോടുകൂടി കലഹത്തിനു ആരംഭിച്ചു. ഉടനെമഹാരാജാവ് സൈന്യം അയച്ചു അദ്ദേഹത്തെ തോല്പിക്കയും ആ രാജ്യത്തെ ൯൰൭-ൽ തിരുവിതാംകൂറിനൊടു ചേർക്കയുംചെയ്തു.

ഈ യുദ്ധങ്ങൾ കഴിഞ്ഞശെഷം ഡച്ചുകാൎക്ക് ഭയം ഉണ്ടായിത്തുടങ്ങി. മേലാൽതിരുവിതാംകൂറുമായുള്ള വിരോധം അനേകം ദോഷങ്ങൾക്കു കാരണമായിഭവിക്കുമെന്നു വിചാരിച്ച് ഡച്ച്കാർസമാധാന തല്പരരായിതീൎന്നു. ആ അഭിപ്രായത്തെ സ്വയം വെളിയിൽവിടുന്നതിനു സംശയിച്ചിരുന്നസമയം രാമയ്യൻദളവാ തിരുവിതാംകൊട്ടുകാർ ലന്തക്കാരുമായി യുദ്ധംചെയ്യുന്നതിനു തയ്യാറായിരിക്കുന്നു എന്നും മഹാരാജാവിന്റെ ഇഷ്ടാനുസാരേണ ഉടമ്പടിചെയ്യുന്നപക്ഷം അതിനും വിരോധം ഇല്ലെന്നും കായംകുളംരാജാവ് മുഖെന ലന്തക്കാരെ ഗ്രഹിപ്പിച്ചു. ഇതു കെട്ടപ്പോൾ അവൎക്കു വളരെ ആനന്ദം ഉണ്ടായി.

ഈ ഇടക്കു മാന്നാറ്റിലെ ഉടമ്പടിപ്രകാരം കായംകുളംരാജാവു ൯൨൪- വരെ കപ്പംകൊടുക്കായ്കയാൽ രാമയ്യൻ ദളവാ കപ്പംവസൂലാക്കുന്നതിനായി അവിടെചെന്നു. രാജാ

വ് തൽക്ഷണം രാജ്യം ഉപെക്ഷിച്ച് വടക്കൊട്ടു ഓടിക്കളഞ്ഞു. അതിനാൽ ആരാജ്യം ൯൨൧-ൽ തിരുവിതാംകൂറിനോടു ചെൎക്കപ്പെട്ടു. അവിടത്തെ റിക്കാൎഡുകൾ ശോധനചെയ്തതിൽ ചില എഴുത്തുകളും ചെമ്പകശ്ശേരി രാജാവിൻെറ പേരു കൊത്തീട്ടുള്ള ചിലവാളുകളും കാണപ്പെട്ടു.

മാന്നാത്തിലെ ഉടമ്പടികഴിഞ്ഞ ഉടൻതന്നെ ലന്തക്കാർ തിരുവിതാംകൂറുമായി ഉടമ്പടിചെയ്വാൻ യത്നിച്ചു എങ്കിലും ആ ഉടമ്പടി ൯൨൯-ാമാണ്ടു ചിങ്ങമാസം ൩൧-ആകുന്നു നടന്നത്. ഇതിലെക്കുള്ള കാരണം i ഡച്ചുഗവൎണൎക്ക് ബെറ്റെവിയാ ഗവൎമെൻറിൽനിന്നും അനുവാദംവരുന്നതിനു ൩- സംവത്സരംവരെവെണ്ടിവന്നു. ii മഹാരാജാവിന് അനുവദിക്കുന്നതിനുമനസ്സുണ്ടായിരുന്നതിൽ അധികംതങ്ങൾക്കു ഗുണകരമായ വിധത്തിൽ ഉടമ്പടിചെയ്യണമെന്ന് ലന്തക്കാൎക്ക് ഉദ്ദെശ്യം ഉണ്ടായിരുന്നു. ഠരംതങ്ങളാൽ ൧൮- വൎഷംവരെ താമസപ്പെട്ടു എങ്കിലും ഒടുവിൽ ഇരുകക്ഷികൾക്കും തൃപ്തികരമാകുംവണ്ണം അത് ഡച്ചുഗവൎണ്ണരായ സിക്യുൻസിമായിനാൽ ൧൭൫൩-ാം വൎഷം ആഗസ്റ്റമാസം ൧൫ാനു- മാവെലിക്കരവെച്ച് നടത്തപ്പെട്ടു. അതിലെ മുഖ്യനിബന്ധനകൾ.

i ഇരുകക്ഷികളുംതമ്മിൽ സ്നെഹമായിരിക്കണം.

ii തിരുവിതാംകൊട്ട സംസ്ഥാനത്തിൽ അന്യയൂറൊപ്യന്മാൎക്ക് ഒരുസ്ഥിതിക്കു അവകാശംകൊടുക്കരുതു.

iii ലന്തക്കാർ ഇംഗ്ലീഷ്കാൎക്ക് ഇടവായിലും, വിഴിഞ്ഞത്തും, അഞ്ചുതെങ്ങിലും ഉള്ള കച്ചവടസ്ഥലങ്ങളിൽ യാതൊരുപദ്രവവും ചെയ്യരുതു.

iv മഹാരാജാവ്, ഇംഗ്ലീഷ്കാൎക്കു അപ്പൊൾ ഉള്ളതിലും അധികം സ്വാതന്ത്ര്യം കൊടുക്കരുതു.

v അന്യദേശീയന്മാരുടെ ആക്രമം ഉണ്ടായാൽ ലന്തക്കാർ സ്ഥലമാൎഗ്ഗമായും ജലമാൎഗ്ഗമായും തിരുവിതാംകോട്ടുകാൎക്കു കഴിയുന്ന സഹായം ചെയ്യണം.

vi ലന്തക്കാർ തിരുവിതാംകോട്ടെ ശത്രുക്കൾക്കു അഭയദാനം ചെയ്കയൊ സഹായിക്കയൊ ചെയ്യരുതു.

vii രണ്ടുപക്ഷത്തിൽനിന്നും വിട്ടു ഒളിച്ചുപോകുന്ന ആളുകളെ പരസ്പരം പിടിച്ചു ഏല്പിക്കണം.

viii മഹാരാജാവു തന്റെ രാജ്യത്തിൽവന്നു താമസിക്കുന്ന ലന്തക്കാൎക്കു വേണ്ടരക്ഷകൾ ചെയ്യണം.

ix മഹാരാജാവ് തിരുവിതാംകോട്ടു തീരത്തിൽ അടിഞ്ഞുപോകുന്ന ലന്തവക കപ്പലിലെ ആളുകളേയും സാമാനങ്ങളേയും അവരെ ഏല്പിക്കണം.

x മഹാരാജാവ് സ്വപ്രജകളും ലന്തക്കാരും കച്ചവട സംബന്ധമായി ചെയ്യുന്ന സകല ഉടമ്പടികളേയും ശരിയായി നടത്തിച്ചുകൊടുക്കണം.

xi മഹാരാജാവ് ലന്തക്കാരുടെ ചരക്കുകൾക്കു ക്രമത്തിലധികമായി തീരുവ ഏൎപ്പെടുത്തരുതു.

xii ലന്തക്കാർ മലയാളത്തിലെ മററുരാജാക്കന്മാരോടും വിശിഷ്യ മഹാരാജാവിന്റെ വിരോധികളോടുംയാതൊരു ഏൎപ്പാടും ചെയ്യരുതു.

xiii ലന്തക്കാർ ആണ്ടുതോറും മഹാരാജാവിനു ലാഭം കൂടാതെ ൧൨,൦൦൦-ത്തുപായ്ക്കു യുദ്ധസാമാനങ്ങൾ കൊടുക്കണം

xiv മഹാരാജാവ് ഒരുസ്ഥിരമായ നിരക്കിൻപ്രകാരം ആണ്ടുതോറം ലന്തക്കാൎക്ക അപ്പോൾഉള്ളതും മേലാൽസ്വാധീനപ്പെടുന്നതും ആയ ദേശങ്ങളിൽനിന്നും ഇത്രമുളകവീതം കൊടുക്കണമെന്നും ആയിരുന്നു.

ഈ ഉടമ്പടിനടന്നസമയം തങ്ങളുടെ പൂൎവ്വമിത്രമായ കൊച്ചീരാജാവിന്റെ രക്ഷയെക്കുറിച്ച ഒരുഉറപ്പുവാങ്ങുന്നതിന്ന ലന്തക്കാർ ശ്രമിച്ചു. എന്നാൽ കൊച്ചിയിൽനിന്നും വിരോധത്തിന്ന ഇടവരുത്തിയില്ലെങ്കിൽ ആ രാജാവുമായി രഞ്ജിച്ചിരുന്നു കൊള്ളാമെന്നുള്ള ഒരു അനുവാദം മാത്രമെ തിരുവിതാംകോട്ടിൽനിന്നും അവൎക്ക വാങ്ങിക്കാൻ കഴിഞ്ഞുള്ളു.

വംശവൎദ്ധിനികളായ മഹാരാജാവിന്റെ ഭാഗിനേയികൾ പ്രസവിക്കായ്കയാൽ ദത്തെടുക്കേണ്ടതു ആവശ്യകമായിതീൎന്നു, അതിനായി കോലസ്വരൂപത്തിൽ പുതിയപള്ളികോവിലകത്തുള്ള രണ്ടുതമ്പുരാട്ടിമാരെ മാന്നാത്ത് വരുത്തി കുറെക്കാലം പാൎപ്പിച്ചതിന്റെശേഷം അവരെ തിരുവനന്തപുരത്തേക്ക കൊണ്ടുവന്നു ൯൨൩-ാമാണ്ടിൽ രാജകുഡുംബത്തിലേക്ക ക്രമപ്രകാരം ദത്തെടുത്തു. ആ ആണ്ടുതന്നെ ദത്തെടുത്ത തമ്പുരാട്ടിമാരിൽ ഒരാളുടെ പള്ളിക്കെട്ടു ആറങ്ങൽവെച്ചു നടത്തി.

അനന്തരം മഹാരാജാവ് കായംകുളം രാജാവിനെ സഹായിച്ചകാരണത്താൽ, രാമയ്യൻദളവായെ ഒരുവലിയസൈന്യത്തോടുകൂടി ചെമ്പകശ്ശേരി രാജാവിന്റെ നേൎക്ക് യുദ്ധത്തിന്ന അയച്ചു. ഈ വൎത്തമാനംഅറിഞ്ഞു ആ രാജാവ് തന്റെ സേനാധിപതിയായ മാത്തൂർപ്പണിക്കരെ യുദ്ധശീലം ഉള്ളതായ ഒരുവലിയസൈന്യത്തോടുകൂടിഅയച്ചു. അവർതോട്ടപ്പള്ളിയിൽവച്ചു രാമയ്യൻദളവായെ എതൃത്തു വിഷലിപ്തങ്ങളായ അസ്ത്രങ്ങൾ പ്രയോഗിക്കയാൽ തിരുവിതാംകോട്ടുകാ

ക്ക തോലി ഉണ്ടായി. ഇതുകണ്ടു ദളവായുടെകൂടി ഉണ്ടായിരുന്ന നായർസൈന്യം ചിലഅജ്ഞാനങ്ങൾനിമിത്തം പിൻമാറുകയാൽ ഢിലനായി വരുന്നതുവരെ രാമയ്യൻ യുദ്ധം നിറുത്തിയിരുന്നു. അയാൾ വന:ശേഷമുള്ള കരുപ്രയോഗത്താൽ ചെമ്പകശ്ശേരി സൈന്യത്തിനു വളരെ നാശംഭവിച്ചു. തൻമൂലം മാത്തൂപ്പണിക്കരും തെക്കേടത്തു ഭട്ടതിരിയും സ്വരാജാവിനോടു സമാധാനത്തിനു അപേക്ഷിക്കുന്നതാണു നന്ന് എന്നു ഉപദേശിച്ചു. എന്നാൽ അദ്ദേഹം അതിനെ സ്വീകരിച്ചില്ലാ. അതിനാൽ ദളവാ വീണ്ടും യുദ്ധം ആരംഭിച്ചു ശത്രുസൈന്യത്തെ തോല്പിച്ചതിനു പുറമെ രാജധാനിയിൽ പ്രവേശിച്ചു ചതുരംഗലോലുപനായ രാജാവിനെ പിടിച്ചു ബന്തോവസ്തായി തിരുവനന്തപുരത്തേക്കു അയച്ചു. ഈ വിധം ചെമ്പകശ്ശേരിരാജ്യം ൯൨൯-ൽ സ്വാധീനപ്പെട്ടു. മാത്തൂപ്പണിക്കരും തെക്കേടത്തു ഭട്ടതിരിയും ചെയ്ത സഹായത്തിനായി അവക്കു ആരാജധാനിയിൽ ഉണ്ടായിരുന്ന സകലപദവികളും അനുഭവങ്ങളും ഇവിടെനിന്നു കൊടുത്തു. അവയെ ആ വംശക്കാർ അദ്യാപി അനുഭവിച്ചുവരുന്നു.

അടുത്തപോലെ തെക്കുംകൂർരാജ്യം പിടിക്കണമെന്നായിരുന്നു ആലോചന ഇതിൽ ചങ്ങനാശ്ശേരി,ഏറ്റുമാനൂർ ഈ മണ്ടപത്തും വാതിൽകളും ഉൾപ്പെട്ടിരുന്നു. ഇവിടത്തെരാജാവ് കായംകുളം, ചെമ്പകശ്ശേരി ഈ രാജാക്കന്മാക്കു സഹായിച്ചതുകൂടാതെ തന്നെഭയന്നു മഹാരാജാവിനെ ശരണം പ്രാപിച്ചിരുന്ന അവിടത്തെ ഇളയരാജാവിനെ സ്വമാതാവു, ആസന്ന മൃത്യുവായിരിക്കുന്നു എന്നും കാണുന്നതിനു ആഗ്രഹിക്കുന്നു എന്നും അതിനാൽ ഉടൻ അയക്കണമെന്നും മഹാരാജാവിനു വ്യാജമായി ഒരു എഴുത്തു അയച്ചുവരുത്തി അദ്ദേഹത്തിനെ കൊല്ലിക്കയും പാമ്പുകടിച്ചു മരിച്ചു എന്നു ഒരുകിംവദന്തിഉണ്ടാക്കുകയുംചെയ്തു. മഹാരാജാവു ഈ പരമാത്ഥം അറിഞ്ഞു ഉടൻതന്നെ രാമയ്യനെ സൈ

ന്യത്തോട ആരംഭമാക്കയെച്ചു. ആരാജാവു ബ്രാഹ്മണ
രെ തിരുവിതാംകോട്ടുകാർ ഉപദ്രവിക്കയില്ലെന്നു വിചാരി
ച്ചു തന്റെ ആശ്രിതന്മാരായ ചില തെലുംകുബ്രാഹ്മണരെ
സൈന്യത്തിന്റെനേരെ അയച്ചു. രാമയ്യൻ, അവരുടെ പ്ര
വൃത്തി അധമ്മമാണെന്നും മര്യാദക്കു ഒഴിഞ്ഞുകൊള്ളണ
മെന്നുംഉള്ള തന്റെ ഗുണദോഷവാക്കുകളെ സ്വീകരിക്കാ
തെ അവർ അക്രമങ്ങൾക്കു ആരംഭിക്കയാൽ, ശിഥിലനായോ
ട ദാക്ഷിണ്യംകൂടാതെ യുദ്ധംചെയ്യുന്നതിനു പറഞ്ഞു.
അത് അനുസരിച്ചു സൈന്യം എത്തിത്തു ചെന്നപ്പോൾ
ബ്രാഹ്മണരും രാജാവും ഓടിക്കളഞ്ഞു. ഈവിധം യുദ്ധം കൂ
ടാതെ തെക്കുംകൂർരാജ്യം ൯൩൦-ൽ ഇവിടത്തെ അധീനമാ
യിത്തീൎന്നു. ആരാജധാനിയിൽ നിന്നും അനേകം ആഭര
ണങ്ങളും യുദ്ധസാമാനങ്ങളും മറ്റും തിരുവിതാംകോട്ടുകാ
ൎക്കു ലഭ്യമായി.

ഇതിനപ്പുറം വടക്കുംകൂർരാജ്യം ആയിരുന്നു. ഇതു
മൂവാറ്റുപുഴ ആറുവരേയും വ്യാപിച്ചിരുന്നു. അവിടത്തെ
രാജാവു തിരുവിതാംകോട്ടിലെ വൎദ്ധിച്ചുവരുന്ന ശക്തിയെ
കണ്ടുഭയന്നു കോഴിക്കോട്ടേക്കു ഓടിപ്പോയി. ഉടനെ രാമ
യ്യൻ അതും സ്വാധീനപ്പെടുത്തി. ആയിടക്കുതന്നെ കോട്ട
യം രാജാവും ഡച്ചുകാരേയുംമറ്റും സഹായിച്ചകാരണത്താ
ൽ യുവരാജാവിനാൽ സൈന്യസമേതം എതിൎക്കപ്പെടുകയും
യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെടുകയുംചെയ്തു. ആ
ദേശവും തിരുവിതാംകൂറിനോടു ചേൎക്കപ്പെട്ടു.

പിന്നീട, അതിനപ്പുറം ഉള്ള ഓരോ പ്രഭുക്കന്മാരുടെ
ദേശങ്ങളും ക്രമേണ കൈവശമായി. ഈവിധം മഹാരാജാ
വു പറവൂർ, ആലങ്ങാട എന്നു രണ്ടു സ്ഥലങ്ങളെയും ഒഴിച്ചു
ഇടവാമുതൽ പെരിയാറുവരെയുള്ള ദേശങ്ങളെ സ്വബുദ്ധിബ
ലംകൊണ്ടു ജയിച്ചു സ്വാധീനപ്പെടുത്തി. ഈ രണ്ടുഖണ്ഡ

പത്തുംവാതൽകളും കൊച്ചീരാജാവിനു കപ്പംകൊടുത്തുവന്നാരണ്ടുപ്രഭുക്കന്മാരുടെ വകയായിരുന്നു. അനന്തരം ജയിക്കപ്പെട്ടരാജ്യങ്ങളിലെ ജനങ്ങൾക്കു വേണ്ട രക്ഷകൾ ചെയ്തുയും അവിടങ്ങളിൽ കോട്ടകൾ കെട്ടിക്കയുംചെയ്തു.

ഈ ഒടുവിലത്തെ ജയത്താൽ കൊച്ചീരാജാവു പ്രബലന്മാരായ രണ്ടുരാജാക്കന്മാരുടെ മദ്ധ്യസ്ഥനായിഭവിച്ചു. അവരിൽ സാമൂതിരി സ്വരാജ്യത്തെ തെക്കോട്ടു കൂട്ടുന്നതിനും മഹാരാജാവ് തന്റെ രാജ്യത്തെ വടക്കോട്ടുകൂട്ടുന്നതിനും താല്പര്യമുള്ളവരായിരുന്നു.

ഈ സമയം അമ്പലപ്പുഴരാജാവ് തിരുവനന്തപുരത്തുനിന്നും ഒളിച്ചോടി തെക്കുംകൂറിലേയും വടക്കുംകൂറിലേയും രാജാക്കന്മാരുമായി യോജിച്ചു സ്വരാജ്യങ്ങളെ വീണ്ടെടുക്കുന്നതിനു നിശ്ചയിച്ചു. തദർത്ഥം പാലിയത്തു മേനവൻ കോടശ്ശേരികൈയ്മൾ മുതലായപ്രഭുക്കന്മാരോടു സഹായത്തിനു അപേക്ഷിച്ചു. അവരും അവരുടെ ദുർബോധനയാൽ കൊച്ചീരാജാവും വേണ്ട യുദ്ധോദ്യമങ്ങൾചെയ്തു. ഇതിനെപ്പററി ലന്തഗവർണ്ണർ മഹാരാജാവിനു അറിവുകൊടുക്കയാൽഅവിടുന്നും വേണ്ട യത്നങ്ങൾചെയ്തു യുവരാജാവിനോടും രാമയ്യനോടുംകൂടെ യുദ്ധാർത്ഥം യാത്രതിരിച്ചു. മാവേലിക്കരയിൽചെന്നു സേനാനിവേശംചെയ്തു താമസിച്ചു. ആയിടക്കു കൊച്ചിയിൽനിന്നുംപാലിയത്തച്ചന്റെയും കോടശ്ശേരികയ്മളുടേയും വരുതിയിൽ അനവധിസൈന്യം കരമാർഗ്ഗമായും കടൽമാർഗ്ഗമായും പുറക്കാട്ടുവന്നുചേർന്നു. ഉടൻ രാമയ്യനും ഡിലനായുംകൂടിചെന്നു അവരെ എതിർത്തു തോല്പിക്കയും പാലിയത്തു മേനവൻ കോടശ്ശേരികയ്മൾ മുതലായ ചിലപ്രഭുക്കന്മാരെ തടവുകാരായി പിടിച്ചു തിരുവനന്തപുരത്തേക്കയക്കയുംചെയ്തു.

അനന്തരം രാമയ്യൻ യുവരാജാവിനോടൊന്നിച്ചു ശത്രുസൈന്യത്തെ അരൂക്കുററിവരെ ഓടിക്കയും മാർഗ്ഗമദ്ധ്യേ കൊ

ച്ചീരാജാവിന്റെ കുഡുംബനാമാസ്പദകമായ മാടത്തിൻകര കൊട്ടാരത്തിനെ അനായാസേന കൈവശമാക്കുകയും ചെയ്തു. അതുകൊണ്ടു വന്തഗവൎണ്ണൎ തങ്ങളുടെ ദേശങ്ങൾ കൊച്ചിയിൽനിന്നും രണ്ടുമയിൽ തെക്കോട്ടു ഉണ്ടെന്നും ആ അതൃത്തികളെ ലംഘിക്കാതെ ഇരിക്കണമെന്നും അപേക്ഷിച്ചു മഹാരാജാവിനു ഒരു എഴുത്തയക്കയാൽ അവരുടെ ദേശങ്ങളെമാത്രം ഒഴിച്ചു കൊച്ചീരാജ്യത്തിന്റെ ഒരുഭാഗമായ കരപ്പുറം മുഴവനും രാമയ്യൻ സ്വാധീനപ്പെടുത്തി. അതു വപ്പുത്തിനു പടിഞ്ഞാറു വേമ്പനാട്ടുകായലിനും സമുദ്രത്തിന്നുമദ്ധ്യെ ആഴ്വാടുമുതൽ അത്രക്കുററിവരെയും ഉള്ള സ്ഥലമാകുന്നു. തിരുവിതാംകോട്ടിൽനിന്നും കൊച്ചിയിലെവക യായ മററുദേശങ്ങളെ ആക്രമിക്കുന്നതിനുമുമ്പിൽ അവർസമാധാനത്തിനു അപേക്ഷിച്ചു. അതു ദളവാക്കു നല്ലസമ്മതമല്ലായിരുന്നു എങ്കിലും മഹാരാജാവിന്റെ ശാന്തസ്വഭാവം ഹേതുവായിട്ടു അതിനെ അനുവദിച്ചു. അതിനെപ്പററിൻ൯൩൨-ൽ ഉണ്ടായ ഉടമ്പടിയിൽ i കൊച്ചിയിൽനിന്നും തിരുവിതാംകോട്ടെ ശത്രുക്കൾക്കു മേലാൽ സഹായിക്കയും അവരുമായി യാതൊരു ഏൎപ്പാടുകളും ചെയ്കയും ഇല്ലെന്നും. ii അവിടത്തേക്കു കപ്പം കൊടുത്തുവന്ന വടക്കുംകൂർ മുതലായ ദേശങ്ങളിൽ തിരുവിതാംകോട്ടിൽനിന്നും ജയിച്ചിട്ടുള്ള സ്ഥലങ്ങൾ മഹാരാജാവിനു അധീനങ്ങളായിരുന്നുകൊള്ളട്ടെ എന്നും iii രാജ്യഭ്രഷ്ടനായ ചെമ്പകശ്ശേരിരാജാവു തൃശ്ശിവപെരൂർ പാൎത്തുകൊള്ളട്ടെ എന്നും സമ്മതിച്ചതുകൂടാതെ കൊച്ചീരാജാവു അദ്ദേഹവുമായി യാതൊരു ഏൎപ്പാടും ചെയ്യരുതെന്നും കൂടിയുണ്ടായിരുന്നു.

ആയിടക്ക ൯൨൯-ൽ അമ്പലപ്പുഴെ, ചങ്ങനാശേരി, കോട്ടയം, ഏററുമാനൂർ മുതലായസ്ഥലങ്ങളിലെ ജനങ്ങൾ ആ ദേശങ്ങളിലെ രാജാക്കന്മാരുടെയും സാമൂതിരിയുടെയും പ്രേരണയാൽ കലഹത്തിനു ആരംഭിച്ചു. അതിനെ അമൎച്ച

വരുത്തുന്നതിനായിട്ട മഹാരാജാവു രാമയ്യനെഅയച്ചു. ദളവാ തന്റെ സാമൎത്ഥ്യം ആ വിഷയത്തിൽ ഫലപ്രദമായി തീരുകയില്ലെന്നുകണ്ടു മഹാരാജാവിനെ അത്രടം എഴുന്നള്ളുന്നതിനു അപേക്ഷിച്ചു. മഹാരാജാവിന്റെ സന്ദൎശനമാത്രത്താൽ ജനങ്ങൾ സമാധാനപ്പെട്ടു കലഹത്തിൽനിന്നും വിരമിച്ചു. എന്നുവരികിലും വീണ്ടും അതിനു സംഗതി വരാതെ ഇരിക്കണമെന്നുകരുതി തിരുമനസ്സുകൊണ്ടു മൈസൂരിലെ രാജാവായ ഹൈദരാലിയോടു സഹായത്തിനു അപേക്ഷിച്ചു. ആ പരമദുഷ്ടന്റെ നാമധേയശ്രവണമാത്രത്താൽ അവിടെയുള്ള ജനങ്ങൾ അത്യന്തം വിനീതരായിഭവിക്കയും അവർ ഉപരി ലഹളകൾ ആരംഭിക്കയില്ലെന്നു മഹാരാജാവിനു വിശ്വാസംജനിക്കയും ചെയ്കയാൽ അയാളെ അവിടുന്നു വിളിച്ചുവരുത്തിയില്ല. ഇതുകൂടാതെയും മഹാരാജാവിനു അയാളെ വരുത്തുന്നതു അത്ര വെടിപ്പുള്ളതല്ലെന്നു ദ്വിതീയാലോചനയിൽ തോന്നുകയുംചെയ്തു.

ഹൈദർ മഹാരാജാവിന്റെ പ്രഥമക്ഷണനത്തെ സന്തോഷത്തോട. സ്വീകരിച്ചിരുന്നു. രണ്ടാമതു എഴുത്തുചെല്ലായ്കയാൽ താൻ പട്ടാളസഹിതം ഒരുങ്ങിയിരിക്കുന്നു എന്നും എപ്പോൾ തിരിക്കണമെന്നും എഴുതി ചോദിച്ചതിനു ലഹളകൾ അമച്ചുവരികയാൽ തൽക്കാലം സഹായം ആവശ്യമില്ലെന്നു കല്പിച്ചു മറുപടിഅയച്ചു.

ഇതു അയാളുമായുള്ള വിരോധത്തിനു ബീജാവാപം ആയിതീൎന്നു.

മഹാരാജാവു തിരുവിതാംകൂറിന്റെ വടക്കു ഭാഗങ്ങളിൽ യുദ്ധോദ്യുക്തനായി താമസിക്കയാൽ ദക്ഷിണഭാഗത്തുള്ള വള്ളിയൂർ,കളക്കാട, മുതലായുള്ള ദേശങ്ങളെ നബാബിന്റെ ആളുകൾ സ്വരാജ്യത്തോടു ചേൎത്തു അനുഭവിച്ചുവന്നിരുന്നു. ൟ സന്ദൎഭത്തിൽ ൯൨൭-ൽ മുദീമിയാ എന്നൊരു പട്ടാണി കൎണ്ണാടക ദേശത്തിലെ നബാബിനാൽ മധുര, തിരുനെൽ

വേലി ഠരം രാജ്യങ്ങളെ ഭരിക്കുന്നതിനായി നിയമിക്കപ്പെട്ടു. ഈ ആൾ നബാബിനു അധീനൻ എന്നുഭാവിച്ചു എന്നുവരികിലും സ്വാതന്ത്ര്യമായി ദേശങ്ങളേയും മററും എഴുതികൊടുക്കയും കാരോസമ്മാനങ്ങൾ നൽകയും ചെയ്തുവന്നിരുന്നു. മഹാരാജാവു ഠരംയാളുടെ സ്വഭാവംഅറിഞ്ഞു രാമയ്യൻദളവായെ തിരുനെൽവേലിക്കു പറഞ്ഞയച്ചു. മുദീമിയാ ദളവായുടെ അപേക്ഷപ്രകാരം വള്ളിയൂർഉൾപ്പെടെ കളക്കാടു മുതൽ കന്യാകുമാരിവരെ ൩൦-മയിൽ ദൂരസ്ഥലം തക്കതായ പ്രതിഫലം പററി തിരുവിതാംകോട്ടേക്കു എഴുതി കൊടുത്തു. ദളവാ ആസ്ഥലത്തിന്റെ രക്ഷക്കായി ഒരു സൈന്യത്തെ അവിടെ താമസിപ്പിച്ചും വച്ചു തിരിച്ചുപോന്നു.

മുദീമിയായുടെ അക്രമം സഹിയാതെ നബാബായ മഹമ്മതാലി ൧൭൩൦-ൽ അയാൾക്കുപകരം മുഹമ്മൂഖാൻ എന്നൊരുആളിനെ നിയമിച്ചു. അയാളോടുകൂടി ഒരു വലിയ സൈന്യത്തേയുംഅയച്ചു. നബാബിന്റെ അപേക്ഷഅനുസരിച്ചു ഇംഗ്ലീഷ്കാരും കർണ്ണൽഹീരന്റെവശതിയിൽ അയാളുടെസഹായാർത്ഥം ഒരുവലിയ സൈന്യത്തെ അയച്ചു ൨൦൦൦-ഏതദ്ദേശിയ ഭടന്മാരും ൫൦൦ യൂറോപ്യന്മാരും ഉള്ള ഇംഗ്ലീഷ്സൈന്യവും നബാബിന്റെ സൈന്യവും കൂടെ യോജിച്ചു വേഗംമധുരയെസ്വാധീനപ്പെടുത്തി. അവർതിരുനെൽവേലിയിൽ എത്തിയവിവരം കളക്കാട്ടിൽതാമസിച്ചിരുന്ന തിരുവിതാംകൂർസൈന്യം അറിഞ്ഞുഭീതരായി സ്ഥലംവിട്ടു തോവാളയിൽ വന്നുചേർന്നു. അതിനാൽ കളക്കാടുമുതലായ സ്ഥലങ്ങൾ യുദ്ധം കൂടാതെ മുഹമ്മൂഖാനു അധീനമായി ഭവിച്ചു. അനന്തരം ഇംഗ്ലീഷ് സൈന്യം തിരിച്ചുപോയി.

ഉടൻ ആ സൈന്യം പോകുന്നതുവരെ അടങ്ങിപാർത്തിരുന്ന മുദീമിയാ പുലിത്തേവർ എന്നു പ്രസിദ്ധപ്പെട്ട പാളയക്കാരനെ ആശ്രയിച്ചു മുഹമ്മൂഖാനുമായി പിണങ്ങുന്നതിനു വേണ്ടയത്നങ്ങൾചെയ്തു. ആയാൾ തിരുവനന്തപു

രത്തുവന്ന കളക്കാട്ട മുതലായദേശങ്ങളെ തിരിച്ചെടുക്കുന്നതിനായി മഹാരാജാവിനെ ഉത്സാഹിപ്പിച്ചു അവിടെനിന്നും കൊടുക്കപ്പെട്ട ൨൦൦൦- പദാതിയോടും അത്രയും മറവഭടന്മാരൊടും തിരിച്ചുചെന്നു. ആയിടക്കു പാളിഗാരുടെ സൈന്യവും കളക്കാടിനു സമീപം വന്നു ചേരുകയാൽ മുദീമിയാ,അവിടെ താമസിച്ചിരുന്ന മുഫ്ന്യൂഖാൻെറ സൈന്യത്തെ തോല്പിച്ചു കളക്കാട്ടിലെ കോട്ടപിടിക്കുന്നതിനു മുമ്പിൽ മഹാരാജാവു സ്വസൈന്യത്തെ അടിയന്തിരമായി തിരുവനന്തപുരത്തുവരുത്തുകയാൽമുദീമിയായും കൂടിപോന്നു. ഇവിടത്തെആവശ്യംകഴിഞ്ഞശേഷം അവൻവീണ്ടും യുവരാജാവിനെഒന്നിച്ചു സസൈന്യനായിച്ചെന്നു കളക്കാട്ടിലെ കോട്ടയേയുംസ്വാധീനപ്പെടുത്തി. ഇപ്രകാരം തിരുവിതാംകോട്ടേക്കുപുനശ്ച കളക്കാടുമുതലായ ദേശങ്ങളുടെ ആധിപത്യം ലഭിച്ചു.

൯൩൦-ൽ സാമൂതാരി കൊച്ചീരാജ്യത്തെ ആക്രമിച്ചുഅവിടത്തെവകയായചആലങ്ങാട്ട, പറവൂർ മുതലായ പ്രദേശങ്ങളെ കൈവശപ്പെടുത്തി. ഈവിധം സാമൂതിരിക്കു ജയം ലഭിച്ചു കൂടുമ്പോൾ രാജ്യവിഹീനരാക്കി ചെയ്യപ്പെട്ട രാജാക്കന്മാരും പ്രഭുക്കളും തിരുവിതാംകൂർമഹാരാജാവിൻെറഅഹങ്കാരത്തെശമിപ്പിക്കുന്നതിനു അപേക്ഷിച്ചു. അദ്ദേഹം സമ്മതിച്ചു. സഹായാർത്ഥം ലന്തക്കാരെവിളിച്ചു. ഈ സഹായത്തിനു പ്രതിഫലമായി അവൎക്കആണ്ടുതോറും ൨൦൦൦ കണ്ടി നല്ലമുളകു കൊടുക്കാമെന്നു പറഞ്ഞു. എന്നിട്ടും അവർ അനുസരിച്ചില്ലാ എന്നുമാത്രമല്ലാ മഹാരാജാവിനു ഈ വിവരങ്ങളെപററി എഴുത്തുംഅയച്ചു. മഹാരാജാവു സാമൂതിരിയുടെ ആക്രമത്തെ നിരോധിക്കുന്നതിനു യത്നങ്ങൾചെയ്യുന്നസമയം ലന്തക്കാൎക്കു ബറേറവിയായിൽനിന്നും കൂടുതൽ സൈന്യം വന്നുചേൎന്നു. അനന്തരം സാമൂതിരി ഈ രണ്ടു സൈന്യങ്ങളെയും ജയിക്കുന്നതു അശക്യമെന്നു വിചാരിച്ച് സ്വരാജ്യത്തെ ഹൈദർആക്രമിക്കാൻ യത്നിക്കുന്നു എന്നുള്ള

വൎത്തമാനം അറിഞ്ഞും തിരുവിതാംകൂറിനെ ജയിക്കണമെന്നുള്ള തന്റെ ഉദ്യമത്തിൽനിന്നും വിരമിച്ചു. എന്നാൽ ലന്തക്കാരുടെ സൈന്യം വരുന്നതിനുമുമ്പിൽ സാമൂതിരി ഒരുവലിയ സൈന്യത്തെ കടൽമാൎഗ്ഗം പുറക്കാട്ടേക്കു അയച്ചിരുന്നു അതിനെ രാമയ്യനും ഡിലനായും കൂടിതോല്പിച്ചു. സാമൂതിരിയുടെ പ്രയത്നങ്ങൾക്കെല്ലാം കൊച്ചീരാജാവു അനുകൂലിയായി ഇരുന്നിരിക്കയാൽ ആ രാജാവു തന്റെ ഉദ്യമത്തിൽ നിന്നും വിരമിച്ചു കൂടുമ്പോൾ മാടഭൂപതി മഹാരാജാവിന്റെ അപ്രീതിയെ ശങ്കിച്ചു മുഖദാവിൽ സമാധാനം പറയുന്നതിനായി മാവേലിക്കരക്കുവന്നു. അപ്പോൾ മഹാരാജാവു അവിടെ എഴുന്നെള്ളി ഇരിക്കയായിരുന്നു. തന്റെ മന്ത്രിമാരുടെയും സ്നേഹിതന്മാരുടേയും ദുൎബ്ബോധനയാൽ തനിക്കു അബദ്ധം പററിപ്പോയെന്നും അതിനെ മഹാരാജാവു ക്ഷമിക്കണമെന്നും നല്ലവാക്കുപറകയും ചെയ്തുകൂടാതെ ആ രാജാവു ൯൨൫ൽ നൂതനമായി ഒരു ഉടമ്പടിയുംചെയ്തു. അതിലെ നിബന്ധനകൾ.

i കൊച്ചീരാജാവു തിരുവിതാംകൂർ രാജാവുമായി ആചന്ദ്രതാരം സ്നേഹമായിരുന്നുകൊള്ളാമെന്നും.

ii തിരുവിതാംകോട്ടുകാരാൽ തന്റെ രാജ്യത്തിൽ ജയിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളെ താൻ മനസ്സോടുകൂടി വിട്ടുകൊടുത്തിരിക്കുന്നുഎന്നും.

iii ആലങ്ങാട്ടും പറവൂരുംഒഴിച്ചു തന്റെരാജ്യത്തിനുവടക്കുള്ള ചെറിയ പ്രഭുക്കന്മാരുടെ ദേശങ്ങളിൽ തനിക്കുള്ള സകല ബാദ്ധ്യതകളെയും ഒഴിഞ്ഞിരിക്കുന്നു എന്നും.

iv രാജ്യഭ്രഷ്ടനായ അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ ൩ രാജാക്കന്മാരുമായുള്ള ഇടപാടുകളിൽനിന്നുംതാൻപി

വ്യ

ൻമാറിയിരിക്കുന്നു എന്നും മേലാൽ അവരുമായി യാതൊരു വിധത്തിലും ഇടപെടുന്നതല്ലെന്നും ആയിരുന്നു.

ഈ യുദ്ധങ്ങളുടെ ഇടയിൽ ബുദ്ധിമാനായ മഹാരാജാവിനാലും സമൎത്ഥനായ മന്ത്രിവരനാലും രാജ്യത്തിന്റെ രക്ഷക്കായും പ്രജകളുടെ ഗുണത്തിനായും ചെയ്യപ്പെട്ടിട്ടുള്ള അനേകം ഏൎപ്പാടുകളെ ഇതിനടിയിൽ പ്രസ്താപിക്കുന്നു.

തെക്കുംകൂർ, വടക്കുംകൂർ, ഈ രാജ്യങ്ങളെ ജയിച്ചശേഷം ഡിലനായെ തിരുവിതാംകൂർ സൈന്യത്തിലെ സേനാനായകനായി നിയമിച്ചു. അയാളുടെയും രാമയ്യൻ ദളവായുടെയും മുഖാന്തരം രാജ്യത്തിൽ പലസ്ഥലങ്ങളിൽ കോട്ടകൾ, കൊത്തളങ്ങൾ, കെട്ടിക്കയും പഴയകോട്ടകളെ നന്നാക്കിക്കയും ചെയ്തു. ആകപ്പാടെയുള്ള സൈന്യത്തിനെ താരതമ്യംപോലെ വീതിച്ചു രാജ്യരക്ഷക്കായി അവിടവിടെ താമസിപ്പിച്ചു. കച്ചവടവൎദ്ധനക്കായിട്ടു പത്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങളിൽ പണ്ടകശാലകൾ കെട്ടിച്ചു. അവയിൽ വിചാരിപ്പുകാരന്മാരെ നിയമിച്ചു നല്ലമുളക, പുകയില, വെട്ടപാക്കു മുതലായ സാമാനങ്ങളെ സൎക്കാരിൽനിന്നും ശേഖരിച്ചിട്ടു ഒരു നിരക്കു ഏൎപ്പെടുത്തി കുടികൾക്കു വിററുവന്നു. ഈ വക ചരക്കുകളെ മററാരും വിററുകൂടാ എന്നും അങ്ങനെ വ്യാജമായി വില്ക്കുന്ന ചരക്കുകളെ വാങ്ങിച്ചുകൂടാ എന്നും മററും കച്ചവടസംബന്ധമായി അനേകം നിബന്ധനകൾ ചെയ്തു. അനേകം ചരക്കുകൾക്കു തീരുവനിശ്ചയിച്ചു ആയതു തീൎപ്പിക്കുന്ന വകക്കായി ചവുക്കകളും ഏൎപ്പെടുത്തി. ഉപ്പളങ്ങൾ, കൂടചന്ദ്രങ്ങൾ, പണ്ടകശാലകൾ, ഇവയെ സ്ഥാപിച്ചു. ഉപ്പിന്റെവിലയെ വ്യവസ്ഥചെയ്തു. ഇവയെ ശരിയായി നടത്തിക്കുന്നതിനു വേണ്ടി ദളവാ സസൈന്യയായി ന..വൎഷകാലംവരെ സദാസഞ്ചരിച്ചിരുന്നു. രാജ്യ

ത്തിലെ ചിലവു വരവിൽ അധികമാകാതിരിക്കുന്നതിനു വേണ്ടി രാമയ്യൻ സകല ചിലവുകൾക്കും പതിവു ഏൎപ്പെടുത്തി. തിരുവനന്തപുരത്തു തെക്കൽകോട്ടകെട്ടിച്ചു. ൯൨൩-ാമാണ്ടിൽ ആരംഭിക്കപ്പെട്ടിരുന്ന ഗോപുരം അഞ്ചുതട്ടുവരെ പണികഴിപ്പിച്ചു. ൭-മാസകാലംകൊണ്ടു ശീവേലിപ്പുരതീൎപ്പിച്ചു. പൊന്നുംകൊടിമരം പ്രതിഷ്ഠിപ്പിച്ചു. അതിനു തേക്കുതടി കക്കാച്ചൽ കാട്ടിൽനിന്നും മുറിപ്പിച്ചു ശാസ്ത്രോക്തപ്രകാരം തിരുവനന്തപുരത്തുവരുത്തി. പത്മനാഭപുരം കൃഷ്ണപുരം മുതലായ സ്ഥലങ്ങളിൽ കൊട്ടാരങ്ങളും വഴിയാത്രക്കാരുടെ സൌകൎയ്യത്തിനായി മാൎഗ്ഗങ്ങളിൽ ഊട്ടുപുരകളും പണികഴിപ്പിച്ചു. താൻചെയ്തിട്ടുള്ള പാപങ്ങളുടെ നിവൃത്തിക്കായും രാജ്യത്തിന്റെ ക്ഷേമത്തിനായും അനേകംവിദ്വാന്മാരുമായി ആലോചിച്ചു ഭദ്രദീപവും മുറജപവും ഏൎപ്പെടുത്തി. ആദ്യത്തെ ഭദ്രദീപം ൯൨൯-ാമാണ്ടു മിഥുനമാസം൨൮-നു ആരംഭിച്ചു. ൯൨൫-ാമാണ്ടു തുലാപുരുഷദാനം ചെയ്തു. ൧-ാമത്തെ മുറജപം ൯൨൬-ാമാണ്ടു വലിയ ആഘോഷത്തോടു നടത്തപ്പെട്ടു. ൯൩൦-ൽ ഹിരണ്യഗൎഭം കഴിച്ചു. ൯൩൪-ൽ പാപഹരമായ അനേകം ദാനങ്ങൾ നടത്തി. നൂതനമായി മീനമാസത്തിൽ ഉത്സവം ഏൎപ്പെടുത്തി. പണ്ഡിതന്മാരും വൈദീകന്മാരും ആയ ബ്രാഹ്മണൎക്കു അനേകം അഗ്രഹാരങ്ങൾ കെട്ടിച്ചു ദാനംചെയ്തു.

ആഭ്യന്തരങ്ങളായ സകല ഛിദ്രങ്ങളേയും നിവൎത്തിപ്പിച്ചു അനേകം രാജ്യങ്ങളെ ജയിച്ചു അവയ്ക്കു വേണ്ട രക്ഷകൾ ചെയ്തശേഷം പരമഭക്തനായ മഹാരാജാവു ൯൨൫-ാമാണ്ടു മകരമാസം ൫-ാംനു കാലത്തു ബന്ധുക്കളോടും രാമയ്യനോടുംകൂടെ മതിലകത്തു എഴുന്നെള്ളി യോഗക്കാരേയും വരുത്തി അവരുടെഎല്ലാം മുമ്പിൽവച്ചു വളരെ ഭക്തിവിശ്വാസത്തോടുകൂടി തന്നെയും തന്റെ സകലത്തെയും പത്മനാഭാൎപ്പണമായി സങ്കല്പിച്ചു തന്റെ ഉടവാളു തൃപ്പടിയി

ൽവച്ചു പിന്നീട്ട തിരിച്ചുവാങ്ങിച്ചു. അന്നുമുതൽ അവിടുന്നു പത്മനാഭദാസനാണെന്നും ക്ഷേത്രത്തിലെ പ്രതിനിധിയായി രാജ്യകാൎയ്യങ്ങൾ താൻ നോക്കുകയാണെന്നും കല്പിച്ചു. അന്നുമുതൽ ഈ മഹാരാജാക്കന്മാൎക്ക പത്മനാഭദാസന്മാർ എന്ന പേരുസിദ്ധിച്ചു. മേലും ഈ മഹാരാജാവു പ്രബലനായ കൎണ്ണാട്ടിക്കിലെ നബാബുമായി ഒരു ഉടമ്പടിചെയ്തു. അതിൽ ആണ്ടുതോറും ൩൦൦൦-രൂപായും ഒരുആനയും മഹാരാജാവു കപ്പമായികൊടുത്തുകൊള്ളാമെന്നും പകരം അയാൾതിരുവിതാംകൂറിനെ ആഭ്യന്തരമായും ബാഹ്യമായും ഉള്ള സകലശത്രുക്കളിൽനിന്നും രക്ഷിച്ചുകൊള്ളാമെന്നും സമ്മതിച്ചിരുന്നു. ഈവിധം മഹാരാജാവു പ്രബലന്മാരായ ഡച്ചുകാരുടെയും നബാബിൻെറയും മിത്രമായി ഭവിക്കയാലും അഞ്ചുതെങ്ങിലുള്ള ഇംഗ്ലീഷ്കാർ സഹായിക്കുന്നതിനു ജാഗരൂകന്മാരായിരിക്കയാലും രാജ്യം സുരക്ഷിതമായിതീൎന്നു.

രാമയ്യൻ ദളവാ ൯൨൩-ൽ കണ്ടെഴുത്തു ആരംഭിച്ചു ൯൨൯-ൽ ആ ജോലിയെ പൂരിപ്പിച്ചു ആദ്യമായി ആയക്കെട്ടു കണക്കുണ്ടാക്കി കുടികൾക്കു പതിവുകൊടുത്തു. സൈന്യങ്ങളുടെയും യാത്രക്കാരുടെയും സൌകൎയ്യത്തിനായി അനേകം റോഡുകളും ഇടവ, പരവൂർ, ചവറ, മുതലായ തോടുകളും വെട്ടിച്ചതുകൂടാതെ വഴികളിൽവൃക്ഷങ്ങളും വെപ്പിച്ചു. * ദത്തെടുത്തതിൽ മൂത്തസ്ത്രീ ൯൩൧-ൽ അശ്വതിതിരുനാൾ രാജാവിനേയും അടുത്തആണ്ടിൽ വേറൊരു പുത്രനേയും പ്രസവിച്ചു. ഇളയസ്ത്രീ ൯൩൨-ൽ ഒരുപുത്രനേയും പ്രസവിച്ചു.

അത്യന്തം സമൎത്ഥനും വിശ്വാസിയുമായ രാമയ്യൻ ദളവാ ൯൩൧-ാമാണ്ടു മാവേലിക്കരവച്ചുമരിച്ചു. ദീനം അതിക്രമിച്ചിരുന്നസമയം മഹാരാജാവു യുവരാജാവിനെ അയച്ചു അയാളുടെ അപേക്ഷയെ ചോദിപ്പിച്ചു. അതിനു ദളവാ അയാൾക്കു യാതൊന്നിലും അപേക്ഷയില്ലെന്നും താൻ തൻെറ

* പാച്ചുമൂത്തതിൻെറ ചരിത്രം

ന്യായമായ ഭേദഭയല്ലാതെ മറ്റുയാതൊന്നും കൂടുതലായി ചെയ്തിട്ടില്ലെന്നും കൊച്ചിരാജ്യംകൂടി പിടിക്കുന്നതിനു കല്പിച്ചു അനുവദിക്കാത്തതു തിനിക്കു വളരെ വ്യസനമാണെന്നും യുവരാജാവിനോടു പറഞ്ഞയച്ചു.

ഭാൎയ്യാ മരിച്ചകാലംമുതൽ മഹാരാജാവു ഉത്സാഹഹീനനായിഭവിച്ചു. ൯൭൩ാമാണ്ടു മിഥുനമാസം ൨൭-ാനു അനായാസേന ചരമഗതിയെ പ്രാപിച്ചു. ഏതാദൃശമായ മരണം കൊണ്ടു ആ മഹാരാജാവിന്റെ മനോഗുണങ്ങളെയും ഈശ്വരഭക്തിയെയും നിശ്ചയിക്കാവുന്നതാണ്.

അവിടുന്നുനാടുനീങ്ങിയതിനും സ്വല്പംമുമ്പിൽ അവിടത്തെ ഭാഗിനേയനോടു താഴെപറയും പ്രകാരം ഉപദേശിച്ചു.

i രാജ്യംമുഴുവനും പത്മനാഭാൎപ്പണമാക്കിചെയ്തിട്ടുള്ളതിനെ അതിലംഘിക്കരുതെന്നും മേലാൽ ജയിക്കുന്ന ദേശങ്ങളെയും അതുപോലെ അൎപ്പണം ചെയ്യണമെന്നും.

ii ഏൎപ്പെടുത്തീട്ടുള്ള ധൎമ്മങ്ങളെ ലോപം കൂടാതെ നടത്തിക്കണമെന്നും.

iii കുഡുംബഛിദ്രങ്ങൾക്കു ഇടവരുത്തരുതെന്നും.

iv രാജ്യത്തിലെചിലവുവരവിൽഅധികരിക്കരുതെന്നും.

v കൊട്ടാരംവക ചിലവുകളെ മുളകു കുത്തകയിൽ നിന്നും വരുന്നലാഭംകൊണ്ടുതന്നെ നടത്തിക്കണമെന്നും.

vi കായംകുളവുമായുള്ള ശത്രുതയെവിസ്മരിക്കയൊഅവിടുന്നും ചെയ്തിട്ടുള്ള ദ്രോഹങ്ങളെക്ഷമിക്കയൊ ചെയ്യരുതെന്നും

൧ii ഇംഗ്ലീഷ് ഒരംസ്റ്റിൻഡ്യാകമ്പനിയുമായുള്ള സ്നേഹത്തിനു ഒരുകാലത്തും ന്യൂനത വരുത്തരുതെന്നും ആയിരുന്നു.

ഈ കാലത്തു ഇംഗ്ലീഷ് നൈററ് ഹൂഡ്ഡിനു സമമായ ചെമ്പകരാമൻ എന്ന ഒരുസ്ഥാനവും ഏൎപ്പെടുത്തി.

—ഠഃഠഃഠ—

## ൫-ാം അദ്ധ്യായം.

### ൯൩൩-മുതൽ ൯൭൪-വരെ

### കാൎത്തികതിരുനാൾ രാമവൎമ്മ മഹാരാജാവ്

അനന്തരം അവിടത്തെ ഭാഗിനേയനായ രാമവൎമ്മമഹാരാജാവ് ൯൩൩-ാമാണ്ടു രാജ്യഭാരം ആരംഭിച്ചു. നാടുനീങ്ങിയ മഹാരാജാവ്, രാമവൎമ്മരാജാവിനെ കാൎയ്യാലോചനകളിൽ കൂടുന്നതിനു നിൎവ്വിശങ്കമായി അനുവദിച്ചിരുന്നതിനാൽ അവിടുത്തേക്കു രാജ്യകാൎയ്യങ്ങളുടെ പരിപൂൎണ്ണജ്ഞാനവും രാജ്യഭാരത്തെ വഹിക്കുന്നതിനു വേണ്ടസാമൎത്ഥ്യവും ഉണ്ടായിരുന്നു.

ഈ മഹാരാജാവു രാജ്യഭാരത്തിനു വന്നുകൂടുമ്പോൾ സൈന്യത്തെ വൎദ്ധിപ്പിച്ചു അതിനെ നബാബിൻെറയും ഇംഗ്ലീഷ്കാരുടെയും സേനകളെപ്പോലെ യുദ്ധക്രമങ്ങൾ അഭ്യസിപ്പിച്ചു. വലിയസൎവ്വാധിയായിരുന്ന അയ്യപ്പൻ മാൎത്താണ്ഡപ്പിള്ളയെ ൯൩൩-ൽ ദളവാവേലക്കുനിയമിച്ചു. രാമയ്യൻ ദളവായുടെ മരണാനന്തരം മാൎത്താണ്ഡപ്പിള്ളയാകുന്നു ദളവാവേല നോക്കിവന്നിരുന്നതു.

മഹാരാജാവ് റവന്യൂ, ജൂഡിഷ്യൽ, ൟരം ഡിപ്പാർട്ട്മെ
ൻറുകൾ സംബന്ധമായി അനേകം പരിഷ്കാരങ്ങൾ ചെയ്തു
രാജ്യം ഒട്ടുക്കു വടക്കുമുഖം, തെക്കുമുഖം പടിഞ്ഞാറുമുഖം
എന്നു മൂന്നുഭാഗമായി ഭാഗിച്ചു ഓരോന്നിനും മേലാവായി
ഓരോവലിയ സർവാധികാര്യക്കാരെയും നിയമിച്ചു.

ഈ ഭാഗങ്ങളെ ഭാഗിച്ചു ഓരോ സർവാധികാര്യക്കാ
രുടെ വരുതിയിലും ആ സർവാധികാര്യക്കാരന്മാരുടെ ഭാഗ
ങ്ങളെ വിഭജിച്ചു ഓരോ കാര്യക്കാരുടെ വരുതിയിലും
ആ ഭാഗങ്ങളെ വീണ്ടും ഭാഗിച്ചു ഓരോ അധികാരിയുടെ വ
രുതിയിലും ഏല്പിച്ചു. കാര്യക്കാരന്മാരുടെ ഭാഗങ്ങൾക്കു
മണ്ഡപത്തും വാതുക്കൽ എന്നും അതിലെ ഭാഗങ്ങൾക്കു അ
ധികാരം, കേൾവി, പിടാക, മണിയം, എന്നും പല പേരു
കളും കല്പിച്ചു. ഇതിൽ ഓരോരുത്തരുടെയും സഹായത്തിനാ
യി കണക്കു പിള്ളമാർ, രായസം പിള്ളമാർ ശിപായിമാർ മു
തലായവരെയും നിയമിച്ചു.

ഈ സന്ദർഭത്തിൽ ഇളയറാണി ൯൩൮-ാമാണ്ടിൽ ഒ
രു സ്ത്രീപ്രജയെ പ്രസവിച്ചു.

സാമൂതിരി, താൻ മുമ്പു കൊച്ചീരാജാവിൻെറ വക
യായ അനേകം ദേശങ്ങളെ അപഹരിച്ചിരുന്നിട്ടും വീണ്ടും
ആ രാജാവിൻെറ രാജ്യങ്ങളെ ആക്രമിക്കുന്നതിനു യത്നിക്ക
യാൽ കൊച്ചീരാജാവു ഭയന്നു തൻെറ മന്ത്രിയായ പാലിയ
ത്തച്ചനെ മഹാരാജാവിനോടു സഹായത്തെ അപേക്ഷി
ക്കുന്നതിനായി തിരുവനന്തപുരത്തേക്കു പറഞ്ഞയച്ചു. അ
വിടെത്തെ മന്ത്രിവന്നു മുൻകൂട്ടിവേണ്ടുന്ന ആലോചനകൾ
ക്കെയും ചെയ്തു തീർന്നതിൻെറശേഷം നവീനമായി ഒരു ഉട
മ്പടിനടത്തുന്നതിനായിട്ടു കൊച്ചീരാജാവു തന്നെ പുറപ്പെ
ട്ടു തിരുവനന്തപുരത്തേക്കുവന്നു. ൟരം ഉടമ്പടി ൯൩൯-ാ

* പാച്ചുമൂത്തതിൻെറ ചരിത്രം

മാണ്ടു ധനുമാസം ൩൨-ാംനു- നടത്തപ്പെട്ടു. ഇതിലെ മുഖ്യ നിബന്ധനകൾ.

i കൊച്ചീരാജാവു സാമൂതിരിയാൽ അപഹരിക്കപ്പെട്ടിട്ടുള്ള തന്റെ രാജ്യങ്ങളെ വീണ്ടെടുക്കുന്നതിൽ ഉപയോഗിക്കപ്പെടുന്ന തിരുവിതാംകൂർ സൈന്യത്തിന്റെ സകലചിലവുകളെയും താൻസഹിച്ചുകൊള്ളാമെന്നും.

ii തനിക്കു കരപ്പുറം ദേശത്തിലുള്ള സകല ബാദ്ധ്യതകളെയും താൻ ഒഴിഞ്ഞുകൊള്ളാമെന്നും.

iii ആലങ്ങാടു, പറവൂർ, ഒരം മണ്ടപത്തുംവാതൽ കളെ അവയിൽ തനിക്കുള്ള സകല അവകാശങ്ങളോടുകൂടി വിട്ടുകൊടുത്തുകൊള്ളാമെന്നും.

vi കൊച്ചീയിലെ വകയല്ലാതെ, സാമൂതിരിയുടെ സ്വന്തരാജ്യങ്ങളിൽ നിന്നും ഏതെങ്കിലും ഭാഗങ്ങളെ തിരുവിതാംകോട്ടുകാർജയിക്കുന്നതായിരുന്നാൽ അവ മഹാരാജാവിന്റെ വകയായിതന്നെ ഇരിക്കുന്നതിനു താൻ സമ്മതിച്ചിരിക്കുന്നു എന്നും ആയിരുന്നു.

അനുഭവത്താൽ കൊച്ചീരാജാവിനെ വിശ്വസിക്കുന്നതിൽ മഹാരാജാവിനു സംശയം ജനിക്കയാൽ ഉടമ്പടിപ്രകാരം ഉടൻസൈന്യം അയച്ചില്ല. മഹാരാജാവിന്റെ ഒരം വിധമായ സന്ദേഹത്തെ കൊച്ചീരാജാവു അറിഞ്ഞു മഹാരാജാവിന് വേണ്ടുന്നഉറപ്പുവരുത്തി കൊടുക്കുന്നതിനായി തന്റെ അനന്തരവനായ രോഹിണിതിരുനാൾ രാജാവിനെ തിരുവനന്തപുരത്തേക്ക് അയച്ചു. ഇദ്ദേഹം മഹാക്ഷേത്രമായ ശുചീന്ദ്രത്ത് വച്ച് കൊച്ചീരാജാവായ താനും തന്റെ വംശജന്മാരും മഹാരാജാവിനും ഇവിടത്തെ വംശ

ജന്മാക്കും വിരോധമായി യാതൊരു കൃത്യവും ചെയ്കയൊ ചെയ്യിക്കയൊ ചെയ്യുകയില്ലെന്നും തിരുവിതാംകോട്ടെ ശത്രുക്കളുമായി യാതൊരു എർപ്പാടുകളും ചെയ്യുന്നതല്ലെന്നും സത്യംചെയ്തു.

അനന്തരം മഹാരാജാവു അയ്യപ്പൻ മാർത്താണ്ഡപ്പിള്ള ദളവായെ ഡിലനായുടെ വരുതിയിൽ ഒരു വലിയ സൈന്യത്തോടുകൂടി അയച്ചു. അവർ പറവൂരിൽചെന്നു അവിടെതാമസിച്ചിരുന്ന സാമൂതിരിയുടെസൈന്യത്തെ പലായനം ചെയ്യിച്ചു. അതിൽപിന്നെ സൈന്യത്തെ രണ്ടായിപ്പിരിച്ചു ഒരുഭാഗവുംകൊണ്ടു ദളവാ കരുവപ്പടനമാർഗ്ഗം ത്രിശ്ശൂരിലേക്കും, ഡിലനായി മററെഭാഗവുംകൊണ്ടു ചാവക്കാട്ടിലേക്കും തിരിച്ചു. ചാവക്കാട്ടിൽ ഇരുന്ന സാമൂതിരിയുടെ സൈന്യം വേഗം പരാജിതരായി. ആ സൈന്യത്തെ ഓടിച്ചുംകൊണ്ട് ഡിലനായി ത്രിശ്ശൂരിൽ എത്തുംപോൾ ദളവാ സാമൂതിരി രാജാവിനേയും അദ്ദേഹത്തിൻെറ സൈന്യത്തെയും ഓട്ടിച്ച് അവിടത്തെ സ്വാധീനപ്പെടുത്തിയിരുന്നു. അവർ രണ്ടുപേരുംകൂടി കോഴിക്കോട്ടിനെ ആക്രമിക്കണമെന്ന് ആലോചിക്കുന്ന സമയം, സാമൂതിരി, അടിയന്തരത്തിൻ മഹാരാജാവിന് ആൾ അയച്ചു സമാധാനത്തിന്നു അപേക്ഷിക്കയാൽ അവരെ തിരിച്ചുപോരുന്നതിന്നു കല്പിച്ചു. സാമൂതിരി ഇവിടത്തേക്കു യാതൊരു അപരാധവും ചെയ്തായ്കയാലും കൊച്ചീരാജാവുമായുള്ള ഉടമ്പടിപ്രകാരം സാമൂതിരിരാജാവിനെ, കൊച്ചീരാജ്യത്തിൽനിന്നും പുറത്ത് അയക്കകയാലും മഹാരാജാവ് സമാധാനത്തിന്നു അനുവദിച്ചു. ഇതിലെക്കായി സാമൂതിരി പത്മനാഭപുരത്തുവന്നു ൯൩൨-ാമാണ്ടു ഉടമ്പടിചെയ്തു. അതിൽ i മഹാരാജാവിൻെറ യുദ്ധച്ചിലവിനായി സാമൂതിരി ലക്ഷത്തൻപതിനായിരംരൂപാ കൊടുത്തുകൊള്ളാമെന്നും ii തിരുവിതാംകൂറുമായി എന്നും സ്നേഹത്തോടും വിശ്വാസത്തോടുംകൂടി ഇരുന്നുകൊള്ളാമെന്നും

iii കൊച്ചിയിലേക്ക യാതൊരു ഉപദ്രവവും ചെയ്യുകയില്ലെന്നും
iv അവർ തമ്മിൽ ഏതെങ്കിലും വിരോധം ഉണ്ടാകുന്നതാ
യാൽ തിരുവിതാംകോട്ടിലെ നിഷ്പക്ഷപാതമായും സ്നേഹപൂ
ർവ്വമായും ഉള്ള തീരുമാനത്തെ അനുസരിച്ചുകൊള്ളാമെന്നും
സമ്മതിച്ചിരുന്നു. കൊച്ചീരാജാവിൻെറ രക്ഷക്കായി അവിട
ത്തെ ചിലവിന്മേൽ ഒരു പട്ടാളത്തെ കൊച്ചിയിൽ താമസി
പ്പിച്ചുംവച്ചു ദളവാ തിരുവനന്തപുരത്തേക്ക പോന്നു.

ഈ വിധം കൊച്ചീരാജാവിനു കപ്പം കൊടുത്തിരുന്ന രണ്ടുപ്രഭുക്കന്മാരുടെ വകയായ ആലങ്ങാടും പറവൂരും തിരുവിതാംകോട്ടേക്ക സ്വാധീനപ്പെട്ടു. കൊച്ചീരാജാവുമായുള്ള ഉടമ്പടിയാലും സാമൂതിരിയെ ജയിച്ചതിനാലും കിട്ടീട്ടുള്ള ദേശങ്ങളിൽ തനിക്ക സിദ്ധിച്ചിട്ടുള്ള അവകാശത്തെ ഉറപ്പിക്കുന്നതിനായി ആദേശങ്ങളിലെ പ്രഭുക്കന്മാരുടെ സമ്മതത്തേയും ൯൩൯-ൽ മഹാരാജാവു എഴുതിവാങ്ങിച്ചു. അവരുടെ വകയായുള്ള മററ ദേശങ്ങളെയും മഹാരാജാവ് ക്രമേണ സ്വാധീനപ്പെടുത്തി. അവൎക്കും അവരുടെ സന്തതികൾക്കും നടക്കത്തക്കവണ്ണം അടുത്തൂണും പതിച്ചുകൊടുത്തു. കൊച്ചീരാജാവ് ദളവായുടെ പ്രവൃത്തികളെക്കുറിച്ചു സന്തോഷിച്ചു, പുത്തൻചിറയെന്ന പ്രവൃത്തിയെ അയാൾക്കഎഴുതികൊടുത്തു എന്നവരികിലും അയാൾ അതിനെ തിരുവിതാംകൂറിനോടുചേൎത്തു. സാമൂതിരിയുമായുള്ള യുദ്ധം അവസാനിച്ചശേഷം, മഹാരാജാവു ഹൈദരുടെ ആക്രമത്തെ ശങ്കിച്ചു കൊടുങ്ങല്ലൂർ അഴിയുടെ തെക്കവശത്തുള്ള കരിയാപ്പള്ളികോട്ടമുതൽ കിഴക്കമലവരെ ൩൦-മയിൽ നീളത്തിൽ നെടുങ്കോട്ടയെന്നു പ്രസിദ്ധമായ ഒരു കോട്ടകെട്ടിക്കാൻ താൻകൂടി ചെന്നിരുന്നു ആരംഭിച്ചു. ആസമയം അന്നമനടയിൽവച്ചു കൊച്ചീരാജാവിനെക്കണ്ടു അതിലേക്ക വേണ്ട സഹായം ചെയ്യുകൊടുക്കുന്നതിനും കല്പിച്ചു. ആ വേലക്ക ദളവായേയും ഡിലനായേയും ചുമതലപ്പെടു

ത്തിയശേഷം തിരുവനന്തപുരത്തു എഴുന്നെള്ളി. ഒരു കോ
ട്ട ൫൨-അടി പൊക്കവും ൨൦-അടി വീതിയും ഉള്ളതാകുന്നു.
ഇതിന്റെ ഇടത്തുഭാഗത്തിൽ ൫൰-അടി വീതിയും ൨൦-
അടിതാഴ്ചയും ഉള്ള കിടങ്ങും അതിന്റെ കരയിൽ മുളയും
മററു മുൾചെടികളുംവച്ചു പിടിപ്പിക്കപ്പെട്ടും ഇരുന്നതും കൂ
ടാതെ വടക്കു ഭാഗത്തു വിസ്താരമുള്ള ഒരുറോഡും ഉണ്ടാ
യിരുന്നു. ആധുനികന്മാരായ യുദ്ധതന്ത്രജ്ഞന്മാരുടെ ദൃഷ്ട്യാ
ഈ പ്രാകാരം വളരെ ആക്ഷേപാസ്പദമാണെന്നു വരികിലും
അത് ആകാലത്തിൽ എത്രയും ഉപയുക്തമായി ഭവിച്ചു എ
ന്നുള്ളതു മേൽ ബോധപ്പെടുന്നതാണ്. ഇതിനു വെട്ടികോ
ട്ട എന്നും ഒരു നാമധേയം ഉണ്ടു.

ഡിലനായി തന്റെസൈന്യത്തെ സദാ സഞ്ചരിപ്പിച്ചു
അക്രമികളായുള്ളവരെഎല്ലാം അമച്ചുവരുത്തി. നൂതനമായി
സമ്പാദിക്കപ്പെട്ട പറവൂരിലും, ആലങ്ങാട്ടിലും തിരുവിതാംകൂ
ർ ചട്ടങ്ങളേയും നടപടികളേയും നടപ്പുവരുത്തിയശേഷം ദ
ളവാ തിരുവനന്തപുരത്തേക്കു തിരിച്ചു. വരുന്നവഴികൃഷ്ണപു
രംകൊട്ടാരത്തിനു സമീപം ഒരു കോട്ട പണി ആരംഭിച്ചതു
കൂടാതെ കൊല്ലത്തുനിന്നും കൃഷ്ണപുരംവഴി പുറക്കാട്ടിലേക്കു
ഒരു റോഡ് വെട്ടിച്ചു. നീണ്ടകര അഴിക്കു കിഴക്കുവശമുള്ള
ഒരു കാട്ടിനെ വെട്ടിത്തെളിച്ചു പുരയിടമാക്കി തെങ്ങുവപ്പിച്ചു
അതിനെ ഇന്നും ദളവാപുരം എന്നു വിളിച്ചുവരുന്നു. വ
ക്കാലയിൽ ൨൫-ഗൃഹം കെട്ടിച്ചു അവയെ കല്പനപ്രകാരം
ബ്രാഹ്മണക്കു ദാനമായും ഇനാമായും കൊടുത്തു. അന്നുമുത
ൽ അവിടത്തേക്കും പ്രാബല്യംഭവിച്ചു.

ഈ സന്ദർഭത്തിൽ തിരുവിതാംകൂറിന്റെ തെക്കുഭാഗ
ത്തിൽ വലുതായ ഒരു കലഹം ആരംഭിച്ചു. നബാബിന്റെ
ഗവർണരായി തൃച്ചിനാപ്പള്ളിയിൽ താമസിച്ചിരുന്ന മുഹ്
മ്മൂദ്ഖാൻ എന്നവൻ, നബാബിന്റെനേക്കു ദ്രോഹിച്ചു,

രെവലിയസൈന്യത്തോടുകൂടി തിരുവിതാംകൂർ വകയായ കളക്കാട്ടിനെ ആക്രമിച്ചു അവിടെ താമസിച്ചിരുന്ന ഇവിടത്തെ സൈന്യത്തെ ആരുവാമൊഴിവരെ ഓടിച്ചു. ഇതുകേട്ടിട്ടു മഹാരാജാവ്, ഒരു സേനാനായകനായ തമ്പികുമാരൻ ചെമ്പകരാമൻ പിള്ളയുടെ വരുതിയിൽ ഒരു സൈന്യത്തെ അയച്ചു അയാളെ തോല്പിച്ചു ഓടിച്ചു.

ഈ മൂഫ്സ്യഖാൻ മഹാരാജാവിന്റെ വകയായ ചെങ്കോട്ടയേയും അപഹരിച്ചിരിക്കയാൽ ഇതിനെപ്പറ്റി അവിട്ടന്നു നബാബിന്നു എഴുതിഅയച്ചു. നബാബ് അയാളെ മാററി പകരം യൂസഫ്ഖാൻ എന്ന സമത്ഥനായ ഒരാളിനെ ഗവർണർ വേലക്കു നിയമിച്ചു. യൂസഫ്ഖാൻ ഏകനായി മൂഫ്സ്യഖാനെ ജയിക്കുന്നതു സാദ്ധ്യമല്ലെന്നു കാണുകയാൽ, മഹാരാജാവിനോടു സഹായത്തിന്നു അപേക്ഷിച്ചു. ഇതുകൂടാതെയും നബാബും ഇംഗ്ലീഷുകാരും യൂസഫ്ഖാന്നു കഴിയുന്ന സഹായം ചെയ്യണമെന്നു മഹാരാജാവിന്നു എഴുതിഅയച്ചും ഇരുന്നു. അതിനാൽ ഇവിടുന്നു അവന്റെ അപേക്ഷപ്രകാരം, തമ്പികുമാരൻ ചെമ്പകരാമനെ ൩൦൦൦- ആളുകളോടുംകൂടെ അയാൾ അപ്പോൾ താമസിച്ചിരുന്ന തോവാളയിൽനിന്നും യൂസഫിനോടുകൂടി ചേരുന്നതിന്നു ആജ്ഞാപിച്ചതും അല്ലാതെ, കൊല്ലത്തുനിന്നും ൧൦൦൦൦- ആളുകളെ നേരിട്ടു ചെങ്കോട്ടക്കും അയച്ചു. തന്റെ സ്വന്തസൈന്യമാകുന്ന ൩൦൦൦- ആളുകളുടെയും മഹാരാജാവിന്റെ വലിയ സൈന്യത്തിന്റെയും സഹായത്താൽ മൂഫ്സ്യഖാനേയും അവന്നു സഹായിയായിരുന്ന വടകര പാളിഗരിനേയും ഓട്ടിച്ചു സ്വാധീയാധികാരത്തെ സ്ഥാപിച്ചു. ഏതാദൃശമായ ഉപകാരത്തിന്റെ കൃതജ്ഞതാസൂചകമായി യൂസഫ്ഖാൻ കളക്കാടുമുതലായ കിഴക്കു ദിക്കുകളെ മഹാരാജാവിന്നു തിരിച്ചുകൊടുത്തു. എന്നാൽ ഒരംസ്ഥലങ്ങൾ മഹാരാജാവിന്റെ അധീനതയിൽ അധികകാലം

ഇരുന്നില്ലാ. യൂസഫ്ഖാനും തന്റെ പൂർവികന്മാരെപ്പോലെ യജമാനനെ ദ്രോഹിക്കയാൽ, നബാബും ഇംഗ്ലീഷ്കാരും കൂടി അവനെ ജയിക്കുന്നതിനായി ഒരുവലിയ സൈന്യത്തെ അയച്ചു. ഈ സമയംപക്ഷപ്രതിപക്ഷക്കാർ രണ്ടുപേരും മഹാരാജാവിനോടു സഹായത്തെ അപേക്ഷിച്ചു. ബുദ്ധിമാനായ മഹാരാജാവു യൂസഫിന്റെ അപേക്ഷയെ നിരാകരിച്ചു. ഒടുവിൽ യൂസഫ് നബാബിനാൽ ൯൩൯-ൽവധിക്കപ്പെട്ടു. ഇറ്റെൻറപ്പിൻവാഴ്ചക്കാരൻ കളക്കാടുമുതലായദേശങ്ങളെ അപഹരിച്ചിരിക്കുന്നതു രാജ്യത്തോടു ചേൎക്കയാൽ മഹാരാജാവു, ഈ വിവരങ്ങൾ നബാബിനോടു പറയുന്നതിനായി ഇവിടുന്നും മാണിക്കലാലാവിനെ അയച്ചു. ഐശ്വൎയംകൊണ്ടുംമററും മദാന്ധനായ നബാബ് മഹാരാജാവിന്റെ മന്ത്ര്യനെ അത്യന്തം അനാദരമായിഭാവിച്ചു. എന്നുമാത്രമല്ലാ ലാലാവിന്റെ വാക്കുകളേയും തീരെശ്രദ്ധിച്ചില്ലാ. തന്നിമിത്തം തിരുമനസ്സുകൊണ്ടു ഈ വിവരങ്ങളെ മദ്രാസ്ഗവൎണ്ണരായ മിസ്റ്റർ റാബട്ട്പാൎക്കിനെ ഗ്രഹിപ്പിക്കയും അയാൾ നബാബുമായി കാൎയ്യാദികൾ പറഞ്ഞു തീൎക്കുകയും ചെയ്കയാൽ ഇംഗ്ലീഷ്വൎഷം ൧൭൬൬-ക്കു മലയാളവൎഷം ൯൪൧-ൽ മഹാരാജാവും നബാബുമായി ഒരു ഉടമ്പടിയുണ്ടായി. അതിലെ നിബന്ധനകൾ i തിരുവിതാംകോട്ടിൽ നിന്നും കളക്കാടു ദേശങ്ങളിലേക്കുള്ള അവകാശങ്ങളെ ഒഴിഞ്ഞുകൊള്ളാമെന്നും ii ചിലകണക്കുകൾ തീൎന്നവകയിൽ കൊടുപ്പാനുള്ളതും കളക്കാടുദേശങ്ങളിലെ മുതലെടുപ്പിനെ അപഹരിച്ചതിനു പ്രതിഫലവുമായി രണ്ടുലക്ഷം ഉറുപ്പികകൊടുത്തു കൊള്ളാമെന്നും iii നബാബിന് വിരോധമായി പാളിഗാർമാരെ സഹായിക്കുന്നതല്ലെന്നും iv മധുരയിലൊ തിരുനൽവേലിയിലൊ യുദ്ധം ഉണ്ടാകുമ്പോൾ നബാബിനെ സഹായിക്കാമെന്നും v നബാബ് തിരിച്ചു ഒഴിഞ്ഞു കൊടുത്ത കന്യാകുമാരി, ചെങ്കോട്ട ഈ ദേശങ്ങൾക്കായി ആണ്ടുതോറും ൫൦൦൦൦- ഉറുപ്പിക കപ്പം കൊടുക്കാമെന്നു

ടി പകരം നബാബ് ആഭ്യന്തരമായും ബാഹ്യമായുമുള്ള സകല ശത്രുക്കളിൽനിന്നും തിരുവിതാംകോട്ടെക്ക കഴിയുന്നരക്ഷ കൾ ചെയ്യാമെന്നും ആയിരുന്നു.

മേൽവിവരിച്ച ഉടമ്പടി നടത്തേണ്ട സംഗതിയെപ്പററി മദ്രാസ് ഗവണ്ണരായ മിസ്റ്റർ പാക്ക മഹാരാജാവിനു എഴുതി അയച്ചിരുന്ന ഒരു എഴുത്തിൽ "കമ്പനിക്കാരുടെഇരം ഉപകാരത്തെ നിങ്ങൾ വിസ്മരിക്കാതെ അവക്ക തക്കതായപ്രതിഫലം ചെയ്യുന്നതായിരിക്കുമല്ലൊ" എന്നുംകൂടി പ്രസ്താവിച്ചിരുന്നു.

ഈ മഹാരാജാവു, തന്റെ മാതുലനായ മാത്താണ്ഡവമ്മ മഹാരാജാവു രാമയ്യൻദളവായെ വളത്തിവന്നതുപോലെ, അവിടുന്നു യുവരാജാവായിരുന്ന കാലംമുതൽ വിളവംകോട മണ്ടപത്തുംവാതുക്കൽ കന്നത്തൂർ പ്രവൃത്തിക്കാരനായ ഒരു യുവാവിനെ വളത്തിവന്നിരുന്നു. അയാളുടെപേരുരാമൻ കേശവൻ (അ) കേശവപിള്ള എന്നായിരുന്നു. ഇയാളെ ൨൧-വയസ്സിൽ കൊട്ടാരം സംപ്രതിപ്പിള്ളയുടെതാഴെ രായസംപേലക്ക നിയമിച്ചു. ഇയാൾതന്റെ ബുദ്ധിസാമത്ഥ്യവും ജാഗ്രതയുംകൊണ്ടു മഹാരാജാവും മന്ത്രിയും രാജ്യകായ്യങ്ങളെ തന്നോട ആലോചിക്കത്തക്ക സ്ഥിതിയിൽ സമത്ഥനായി തീന്നു. ഒരം കേശവപിള്ള ഡിലനായുടെപക്കൽ നിന്നും യുദ്ധക്രമങ്ങളെയും പോർട്ട്ഗീസ്, ഡച്ചു ഒരംഭാഷകളെയുംപട്ടാളത്തിലെ പട്ടാണിഉദ്യോഗസ്ഥന്മാരുടെ പക്കൽ നിന്നും പാർസി, ഹിന്ദുസ്ഥാനി ഒരം ഭാഷകളെയും അഭ്യസിച്ചു. കല്പിച്ചു കച്ചവടസംബന്ധമായ സകലജോലികൾക്കും ഇയാളെ ചുമതലപ്പെടുത്തിയിരുന്നു. ആ ജോലികൾക്ക വിഴ്ചകൂടാതെ കച്ചവടക്കാരായ കൊച്ചിയിലെ ലന്തക്കാരോടും അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് കാരോടും അതുസംബന്ധമായ എഴുത്തുകുത്തുകളും കേശവപിള്ള നടത്തിവന്നു. നല്ലാമുളകുമുതലാ

യ കത്തുക ചരക്കുകളെ ഠരം കച്ചവടക്കാൎക്കകൊടുത്തു പക രം. ഇരുമ്പു, ചെമ്പു, പഞ്ചസാര, യുദ്ധസാമാനങ്ങൾ ഇവയെ വാങ്ങിച്ചുവന്നിരുന്നു.

സാമൂതിരിയുമായുള്ള യുദ്ധംകഴിഞ്ഞു വന്നുകൂടുമ്പോൾ അയ്യപ്പൻമാൎത്താണ്ഡപ്പിള്ള ദളവാ ൯൱൭൨-ൽ മരിക്കയാൽ, മഹാരാജാവു, ൯൱൩൮-ൽവക്കലെക്കാരനായസുബ്ബയ്യൻ എന്നൊരു ബ്രാഹ്മണനെ ആവേലയിലും മിസ്റ്റർവേഗസ്സ് എന്നൊരു പോൎത്തുഗീസ്കാരനെ ആയിടക്കു കൊട്ടാരം റൈട്ടർവേലയിലുംനിയമിച്ചു. ഠരം ദളവായും തന്റെ പൂൎവികനെപ്പോലെ സമൎത്ഥനായിരുന്നു. ഠരം ദളവായുടെ ഉത്സാഹത്താൽ ആകന്ന പറവൂരിലേയും ആലങ്ങാട്ടെയും പ്രജകളുടെ സമ്മതം മുൻപ്രസ്താവിച്ചപ്രകാരം സിദ്ധിച്ചതു.

ദളവാ രാമയ്യനാൽ ആരംഭിക്കപ്പെട്ടിരുന്ന രാജ്യസമ്പാദനത്തെയും മാൎത്താണ്ഡപിള്ളയാൽ ആരംഭിക്കപ്പെട്ടിരുന്ന നെടുംകോട്ടവേലയെയും പൂൎത്തിയാക്കിയതു കൂടാതെ ഈ ദളവാ ഗുണകരങ്ങളായ മററുപലവേലകളെയുംസ്വയമായി നടത്തിച്ചു.

ഈ സന്ദൎഭത്തിൽ മലയാളവൎഷം ൯൩൯-ക്കു ഇംഗ്ലീഷ് വൎഷം ൧൭൬൬-ൽ മൈസൂരിലെഅധിപതിയായ ഹൈദരാലീ മലയാളത്തിൽ പ്രവേശിച്ചു വടക്കുള്ള മിക്കരാജ്യങ്ങളെയും സ്വാധീനപ്പെടുത്തി. ആയിടക്കുസാമൂതിരി ഓരോരാജാക്കന്മാരും പ്രജകളും തന്നോടെതിരത്തു ഉണ്ടാകുന്ന അപമാനംവിചാരിച്ചു കുഡുംബസഹിതം, കൊട്ടാരത്തിൽ തീവയ്ക്കിച്ചുപ്രാണത്യാഗംചെയ്തു. അതിനാൽ ആ രാജ്യവും മൈസൂരിലെപ്രഭുവിനു അധീനമായിഭവിച്ചു. ഹൈദരുടെ ഠരം ജയങ്ങളെകണ്ടു കൊച്ചീരാജാവുഭയന്നു സ്വയമേവ രണ്ടു ലക്ഷം രൂപായും വ-ഗജങ്ങളും കൊടുത്തതുകൂടാതെ താൻഅ

ഴിടത്തെ അധീനനായി ഇരുന്നുകൊള്ളാമെന്നും സമ്മതിച്ചു.

കണ്ണൂർമുതൽ പൊന്നാനിവരെയുള്ള ദേശം തനിക്കു അധീനമായും കൊച്ചീരാജാവു സ്വാജ്ഞാനുസാരിയായും ഭവിക്കയാൽ ഹൈദർ അടുത്തപോലെ തിരുവിതാംകൂറിനെ ആക്രമിക്കാൻ നിശ്ചയിച്ചു. ഇതിനു പ്രതിബന്ധമായി ഉഭയമിത്രമായ ലന്തക്കാർ കൊച്ചിയിൽ താമസിച്ചിരിക്കയാൽ കൊച്ചീ രാജാവിനെപ്പോലെ മഹാരാജാവും ൪൰-ലക്ഷം രൂപായും ൩൦- ആനകളും കൊണ്ടുകൊടുത്തു അയാളുടെവരുതിയിൽ ഇരുന്നുകൊള്ളാമെന്നു സമ്മതിക്കുന്നപക്ഷംതാൻ തിരുവിതാംകൂറിനെ ആക്രമിക്കുന്നതല്ലെന്നു ഹൈദർപറഞ്ഞയച്ചു. ഇതു രണ്ടും തനിക്കു ഇഷ്ടമില്ലെന്നും താൻ ഹാണറബിൾ ഒരംഗ്ലീഷ് ഇൻഡ്യാ കമ്പനിക്കാരുടെയും കർണ്ണാട്ടിക്കിലെ നബാബിൻെറയും സഖാവാണെന്നും ഉള്ളവിവരം ഈവിഷയത്തിൽ അയാളുടെ ദൌത്യം വഹിച്ചിരുന്ന ഡച്ചുകാർ മുഖാന്തരം അയാളെ ഗ്രഹിപ്പിച്ചതുമല്ലാതെ വൃത്താന്തങ്ങൾ മദ്രാസ് ഗവർണരെയും കർണ്ണാട്ടിക്കു നബാബിനെയും തെര്യപ്പെടുത്തി. ജനറൽഡിലനായെയും ദളവായേയും യുദ്ധസന്നാഹങ്ങൾചെയ്യുന്നതിനും നെടുംകോട്ടയെ ഉറപ്പിക്കുന്നതിനും ആയി വടക്കു അയച്ചു.

ഈ അവസരത്തിൽ ൯൪൩-ൽ സമർത്ഥനായ സുബ്ബയ്യൻദളവാമരിച്ചു. പകരം നിയമിക്കപ്പെട്ട നാരായണയ്യൻ ആ ജോലിക്കു അത്രപിടിപ്പില്ലെന്നു കാണുകയാൽ സേനാനായകനായ തമ്പിചെമ്പകരാമൻപിള്ളയെ വലിയസർവാധി ഉദ്യോഗത്തിൽ നിയമിച്ചു ദളവായുടെ ജോലികൾ കൂടിനോക്കിച്ചു. കേശവപിള്ളയെ കൊട്ടാരം സംപ്രതി ആക്കി. മഹാരാജാവിൻെറ ഒരം ഏർപ്പാടുകൾ എല്ലാജനങ്ങൾക്കും വളരെതൃപ്തികരമായിരുന്നു.

ഈശത്രുതയാൽ ഇംഗ്ലീഷ്കാരുമായുള്ള പലയുദ്ധങ്ങളിൽ ഹൈദർ ഒരംയിട പരാജയത്തെ പ്രാപിക്കയാൽ അവൻെറ അഹങ്കാരവും, ധിക്കാരവും ശമിച്ചു അവരോടു സമാധാനത്തിനു അപേക്ഷിച്ചു.

കമ്പനിക്കാരും അവനുമായി ൧൭൬൯-ാംവർഷം മദ്രാസിൽവച്ചു നടന്ന ഉടമ്പടിയിൽ അവൻ മേലാൽ തിരുവിതാംകൂറിനെ ആക്രമിക്കാതെ ഇരിക്കുന്നതിനുവേണ്ട നിബന്ധനകൾ ചെയ്തിരുന്നു. കമ്പനിക്കാർ ഈ വിവരത്തിനു മഹാരാജാവിനു എഴുതിഅയച്ചു. അതു കേട്ടപ്പോൾ അവിടത്തേക്കു വളരെ ആശ്വാസം ഉണ്ടായെന്നുവരികിലും അവിടുന്നു ബുദ്ധിയും ദീർഘാലോചനയും ഉള്ള ആളായിരുന്നതിനാൽ ഹൈദരുടെ മേൽ നടപടികളെ അപ്പോൾ അപ്പോൾ അറിയുന്നതിനായിട്ടു സ്ഥാനാപതി എന്നുവിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥനെ അയാളുടെ രാജധാനിയിൽ അയച്ചുതാമസിപ്പിച്ചു. ഇതുപോലെയുള്ള സ്ഥാനാപതിമാർ കർണ്ണാട്ടിക്ക്, കോഴിക്കോടു, മുതലായ സ്ഥലങ്ങളിലും അയക്കപ്പെട്ടിരുന്നു. അതിൻെറശേഷം മഹാരാജാവു വടക്കോട്ടു എഴുന്നെള്ളി കൊച്ചീരാജാവിനോടും ലന്തക്കാരോടും, ഉടമ്പടിവിരുദ്ധമായി ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കുന്നപക്ഷം, തന്നെ സഹായിക്കുന്നതിനു വലിയസർവ്വാധികാര്യക്കാരുടെയും കേശവപിള്ളയുടെയും മുഖാന്തരത്താൽ വേണ്ടഏർപ്പാടുകൾചെയ്തു. ൨-വർഷത്തിനകം വലിയസർവ്വാധികാര്യക്കാർ മരിക്കയാൽ പകരം തത്തുല്യനായ മല്ലൻചെമ്പകരാമൻപിള്ളക്കു ആ ജീവനംകൊടുക്കപ്പെട്ടു. ഇയാൾ കല്പനപ്രകാരം കന്നെഴുത്തു ആരംഭിച്ചു ആവേലയെ ൯൪൭-ൽ പൂർത്തിയാക്കി. തിരുവനന്തപുരത്തുനിന്നും പത്മനാഭപുരത്തേക്കുള്ള റോഡിനെ നന്നാക്കിച്ചു. ആ മാർഗ്ഗമദ്ധ്യത്തിൽ വഴിയരികെ പാറശ്ശാല എന്ന നഗരം സ്ഥാപിച്ചു അവിടെ ഒരു ഊട്ടും ഏർപ്പെടുത്തി.

നാമമാത്രം ദളവായായിരുന്ന ഗോപാലയ്യൻ ൯൩൬-ലും പകരംനിയമിക്കപ്പെട്ട മല്ലൻചെമ്പകരാമൻ ൯൩൭-ലും അനന്തരം ആ ഉദ്യോഗത്തിനുവന്ന വടിവീശ്വരം സുബ്രഹ്മണ്യയ്യൻ ൯൪൧-ലും മരിക്കയാൽ പിന്നീട നാഗരുകോവിൽ രാമയ്യൻ ദളവായായി നിയമിക്കപ്പെട്ടു. ഇയാൾ ൬-വഷം ഉദ്യോഗംഭരിച്ചു എന്നുവരികിലും അത്രസമത്ഥനായിരുന്നില്ല. അതിനാൽ വലിയസവ്വാധിചെമ്പകരാമൻപിള്ള കാൎയ്യാദികൾനോക്കിവന്നു. ഇയാൾ കൃഷിക്കു ഉപയോഗമായി കോതയാററിൽ ഒരുഅണ കെട്ടിക്കാൻ ആരംഭിച്ചു.

൯൪൧-ൽ, ഹൈദർ, മലബാറിൽ അക്രമങ്ങൾക്കു ആരംഭിക്കയാൽ സാമൂതിരി കുഡുംബസഹിതംവന്ന മഹാരാജാവിനെ ശരണംപ്രാപിച്ചു. ഇതുകേട്ട കുപിതനായ ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനു ഡച്ചുകാരോട മാൎഗ്ഗംചോദിച്ചു. അവർ ബറേറവിയാ ഗവൎമ്മേൻറിലെ അനുവാദംകൂടാതെ വഴിവിട്ടുകൊടുക്കാൻപാടില്ലെന്നു അവനോട പറഞ്ഞതിനു പുറമെ, തങ്ങൾ ഹൈദരെ എതിൎക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിൽ മഹാരാജാവിനു, ചേരുന്നതിനു മനസ്സുണ്ടോ എന്നും ഇവിടെ എഴുതിചോദിച്ചു. അതിനു, തിരുവിതാംകോട്ടിൽനിന്നും ഹൈദരുമായുള്ള യുദ്ധത്തിൽ ലന്തക്കാരോട യോജിക്കുന്നതിനു മദ്രാസിലെ ഉടമ്പടി തടസ്ഥമായിരിക്കുന്നുഎന്നും എന്നാൽ അവൻെറ ആക്രമത്തിൽനിന്നും ഇവിടത്തെ കോട്ടയെ രക്ഷിക്കുന്നതിൽ, അവരുമായി ചേരുന്നതിൽ വിരോധം ഇല്ലെന്നും മഹാരാജാവു മറുപടികൊടുത്തു.

ലന്തക്കാർ തനിക്കു മാൎഗ്ഗം തരുന്നതിനു വിരോധം പറകയാൽ ഹൈദർ, കൊച്ചിരാജ്യത്തിൽകൂടി ഒരുവലിയ സൈന്യത്തെ അയച്ചു. ഒരം രാജാവു ലന്തക്കാരുടെ പ്രത്യേകാശ്രിതനായിരിക്കയാൽ മദ്രാസ് ഉടമ്പടിയിൽ ഇദ്ദേഹത്തിൻെറ

രാജ്യരക്ഷയെപ്പററി ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നു. അതുകാരണം ആരാജാവു ഹൈദരോടു താൻ അയാളുടെ അധീനതയിൽ ഇരുന്നുകൊള്ളാമെന്നും ആണ്ടുതോറും ഒന്നരലക്ഷം രൂപാവീതം കപ്പംകൊടുത്തുകൊള്ളാമെന്നും സമ്മതിച്ചതുകൂടാതെ തൽക്കാലം നാലുലക്ഷംരൂപായും നാലു ആനകളും അയാൾക്കുകൊടുത്തു.

ഈസമയം ഡിലനായ്ക്ക സുഖക്കേടു ഭവിക്കയാൽ ഇവിടത്തെസൈന്യം വലിയസർവാധിയുടെയും, കേശവപിള്ളയുടെയും പരുതിയിൽ ഡച്ചുസൈന്യത്തിനെ ഒന്നിച്ചു ഹൈദരുടെ സൈന്യപ്രവേശത്തെ നിരോധിച്ചു.

മഹാരാജാവിൽനിന്നും, ഹൈദരുടെ ഉടമ്പടിലംഘന ത്തെ കമ്പനിക്കാർഅറിഞ്ഞു അയാളുമായി സമരം ആരംഭിച്ചു. അവരുടെ അപേക്ഷ അനുസരിച്ചു മഹാരാജാവ് കഴിയുന്നതും സഹായിച്ചു. ഇവിടത്തെസൈന്യം ദൂരസ്ഥലങ്ങളായ കോഴിക്കോടു, പാലക്കാടു, തിരുനെൽവേലി മുതലായ സ്ഥലങ്ങളിൽ, ചെന്നു യുദ്ധംചെയ്കയും അതിൽ കീർത്തിസമ്പാദിക്കയും ചെയ്തു.

ഈ യുദ്ധത്തിൽ ഇംഗ്ലീഷ്കാർക്കു മഹാരാജാവുചെയ്തിട്ടുള്ള സഹായത്തെ പ്രശംസിച്ചു കപ്പിത്താൻ ററംബർസ്റ്റൻ എന്ന ഇംഗ്ലീഷ് സേനാനായകൻ "തിരുമനസ്സുകൊണ്ടു ഇംഗ്ലീഷ്കാർക്കു എത്രയുംസ്ഥിരനും വിശ്വാസ്യനും ആയ ഒരു സഹായിയാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ടു" എന്നും ദക്ഷിണദേശങ്ങളിലെ സേനാനായകനായ കപ്പിത്താൻഫുല്ലർട്ടൻ "മഹാരാജാവു ഇംഗ്ലീഷ്കാരോടു കാണിച്ചിരിക്കുന്ന വലുതായ സ്നേഹത്തേയും അവരുടെ പൊതുവായ ഗുണത്തിനും പ്രത്യേകം എന്റെ സൈന്യത്തിനും ചെയ്തിട്ടുള്ള ഉപകാരങ്ങളെയും ഞാൻ ഗവർണ്ണരേയും അയാളുടെ ആ

ലോചന സഭയേയും ഗ്രഹിപ്പിക്കാം" എന്നുംമററും എഴുതി ഇരുന്നു.

ഈ ഇടക്ക സേനാനായകനായ ഡിലനായി മലയാളവർഷം ൯൫൨-ക്ക ഇംഗ്ലീഷ്‌വർഷം ൧൭൭൭-ൽ ഉദയഗിരി കോട്ടയിൽവച്ചുമരിച്ചു. തിരുവിതാംകൂറിലെ ജയങ്ങൾക്കെല്ലാം മുഖ്യകാരണഭൂതനായിരുന്ന ആ സേനാധിപതിയുടെ ദേഹത്തെ മതിയായ ബഹുമാനത്തോടുകൂടി അവിടെ അടക്കം ചെയ്തിട്ടും അതിൽ ഒരു ശിലാലേഖനം എഴുതി സ്ഥാപിക്കയുംചെയ്തു.

യുദ്ധമദ്ധ്യേ ൯൫൭-ൽ ഹൈദർ മരിക്കയാൽ അയാളുടെ പുത്രനായ ടിപ്പുവിനു ആധിപത്യംലഭിച്ചു. ഇവൻകമ്പനിക്കാരുമായി ൯൫൯-ൽ മംഗലപുരത്തുവച്ചു ഒരു ഉടമ്പടിചെയ്തു. ഇതിലും തിരുവിതാംകൂറിലെ രക്ഷക്കവേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. ഈ ഉടമ്പടിനടത്തിയ ഇംഗ്ലീഷ് കമ്മിഷണരായിരുന്ന മിസ്റ്റർ സ്റ്റാൻറൺ മിസ്റ്റർ ഹഡിൽസ്റ്റൻ ഇങ്ങനെ രണ്ടുധരമാർ അവരുടെ മദ്രാസിലേക്കുള്ള യാത്രയിൽ അഞ്ചുതെങ്ങിൽ ൧൭൮൪-ാംവർഷം മാർച്ച് മാസം ൨൨-ാംനു വന്നിറങ്ങി മഹാരാജാവിനു ഉടമ്പടി നടന്നവിവരത്തെപ്പററി അയച്ച എഴുത്തിൽ ഉടമ്പടിസമയം കമ്പനിക്കാർ, അവരുടെനേക്കു മഹാരാജാവു സകലാവസ്ഥകളിലും ഏകരൂപമായി കാണിച്ചിരിക്കുന്ന വിശ്വാസത്തേയും സ്ഥിരമായ സ്നേഹത്തെയും വിസ്മരിച്ചിട്ടില്ലെന്നും ഉടമ്പടിയിൽ മഹാരാജാവ് അവരുടെ മിത്രവും സഹായിയുമാണെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ടെന്നും അവരുടെ സ്വന്ത കാര്യങ്ങളെപ്പോലെ തിരുമനസ്സിലെ കാര്യങ്ങളെയും സദാ വിചാരിക്കുന്നതാണെന്നു നിശ്ചയിച്ചു കൊള്ളണമെന്നും" എഴുതിയിരുന്നു.

ഈ പത്രസന്ദർശനത്താൽ കുറെ കാലത്തേക്കു ഉപദ്രവം ഇല്ലാതിരിക്കുമെന്നുവിചാരിച്ചു, മധുര, തിരുനെൽവേലി, മുതലായസ്ഥലങ്ങളെ കാണുന്നതിനായും സേതുവിൽ തന്റെ മാതാവിന്റെ അസ്ഥികളെ നിക്ഷേപിക്കുന്നതിനായും രാമേശ്വരത്തു തീൎത്ഥസ്നാനം ചെയ്യുന്നതിനായും ൯൭൯-ൽ കല്പിച്ചെഴുന്നെള്ളി. മഹാരാജാവു യാത്രതിരിക്കുന്നതിനുമുമ്പിൽ കമ്പനിക്കാൎക്കും നബാബിനും എഴുതിഅയച്ചു സഹായാൎത്ഥം കുറെ ഇംഗ്ലീഷ് സൈന്യത്തേയും നബാബിന്റെ ചില ഉദ്യോഗസ്ഥന്മാരേയും വരുത്തി കൂട്ടിച്ചുംകൊണ്ടു പോയി. സേതുസ്നാനംകഴിച്ചു തിരിച്ചുവരുന്നവഴി അവിടങ്ങളിലുണ്ടായിരുന്ന കൃഷിമരാമത്തുവേലകളേയും, വഴികൾ, പാലങ്ങൾ, സത്രങ്ങൾ, മുതലായവയേയും പ്രത്യേകം ഗ്രഹിച്ചുവെച്ചുമനസ്സിലാക്കി. മഹാരാജാവു തന്റെ യാത്രയിൽ സമ്പാദിച്ച അറിവുകളെ സ്വപ്രജാക്ഷേമത്തിൽ ഉപയോഗിച്ചു.

അവിടുന്നു ഡച്ച്, പോൎട്ടുഗീസ്, ഇംഗ്ലീഷ് മുതലായ ഭാഷകളേയും അഭ്യസിച്ചു എങ്കിലും അവിടത്തേക്ക് പാർസി, ഹിന്ദുസ്ഥാനി, ഈ രണ്ടുഭാഷകളിലും വിശേഷജ്ഞാനം ഉണ്ടായിരുന്നു. യൂറോപ്യന്മാരുടെ ഇടയിൽ സാധാരണയായി സഞ്ചരിച്ചുതുടങ്ങി. സൎക്കാർ അഞ്ചലിനെ പരിഷ്കരിച്ചു. ഈ കാലത്തു രാജ്യം വളരെ അഭിവൃദ്ധിയായിരുന്നതുകൂടാതെ പ്രജകളുടെ സുഖവും ക്ഷേമവും വഴിനായെ പ്രാപിച്ചു. ജനങ്ങൾ നിർബ്ബാധമായി കൃഷി കച്ചവടം മുതലായ തൊഴിലുകൾ ചെയ്തുവന്നു. കളവു കവൎച്ച മുതലായ കുററങ്ങൾ അഭാവത്തെ പ്രാപിച്ചു. മോഷണവിഷയത്തിൽ മോഷണംപോയ സ്ഥലത്തിലെ കുടിയാനവന്മാരും ദേശകാവൽകാരും തൊണ്ടിസഹിതം കുററക്കാരനെ പിടിച്ചു ഏല്പിക്കണം എന്നും അങ്ങനെ ചെയ്യാത്തപക്ഷം അവർ അപഹൃതാൎത്ഥന്റെ മുതലിനെ കൊടുക്കണമെന്നും ആയിരുന്നു ആ കാലത്തെ നിബന്ധന.

൯൬൪-ൽ നാഗർകോവിൽ രാമയ്യൻദളവാ മരിക്കയാൽ
പകരം കൃഷ്ണൻ ചെമ്പകരാമനെ നിയമിച്ചു. ഇയാൾ അ
ത്രതന്നെ ശേഷിമാൻഅല്ലാതെ ഇരുന്നതിനാൽ സംപ്രതി
കേശവപിള്ളയെ സർവാധിഉദ്യോഗത്തിൽ നിയമിച്ചു ദളവാ
യുടെ ജോലികൂടി നോക്കുന്നതിനു ചട്ടംകെട്ടി. ഠരം കേശവ
പിള്ള ഠരംരാജ്യവും ബ്രിട്ടീഷ് ഗവമ്മേൻറുമായുള്ള സ
ഖ്യത്തെ പ്രബലപ്പെടുത്തുന്നതിനു ഉദ്യോഗിച്ചു.

കേശവപിള്ളയെ നിയമിച്ചു സ്വല്പദിവസംകഴിഞ്ഞ
ശേഷം മഹാരാജാവു ആലുവായ്ക്കു എഴുന്നെള്ളി അവി
ടെവെച്ചു ഒരു യാഗം കഴിപ്പിച്ചു. ഇതിലേക്കു അനവധി
ദ്രവ്യവ്യയം ഉണ്ടായിരുന്നതു കേശവപിള്ളയുടെ സാമത്ഥ്യ
ത്താൽ അധികശ്രമംകൂടാതെ നിർവഹിക്കപ്പെട്ടു.

ഈ സമയത്തിൽ ദളവായ്ക്കു സുഖക്കേടു ഉണ്ടാകയും
ജീവദശ സന്ദിഗ്ദ്ധമാകയും ചെയ്കയാൽ മഹാരാജാവു കേശ
വപിള്ളയെ ആ ഉദ്യോഗത്തിൽ നിയമിക്കണമെന്നു ആ
ലോചിച്ചു. കേശവപിള്ള തനിക്കു ദളവാ എന്ന പ്രാചീ
നമായ നാമധേയം പോരാ എന്നു വിചാരിച്ചു തൻെറ
ഇംഗ്ലീഷ് സ്നേഹിതന്മാരോടും നബാബിനോടും കൂടി
ആലോചിച്ചു മുഗൾചക്രവത്തികളുടെ രാജധാനിയിൽ അ
പ്പോൾ ഉണ്ടായിരുന്നതുപോലെ ദിവാൻ എന്ന നവീന
സ്ഥാനപ്പേരിനെ സ്വീകരിക്കുന്നതിനുനിശ്ചയിച്ചു. ൯൭൦-ൽ
മഹാരാജാവു ആലുവായിൽനിന്നു നവരാത്രി മഹോത്സവ
ത്തിനായി മാവേലിക്കര എഴുന്നെള്ളി താമസിക്കുന്നസമ
യം ദളവാ വേല ഒഴിവു വരികയും ഉടൻ ആയാണ്ടു കന്നി
മാസം ൨-നു- തിരുവിതാംകൂറിലെ ആദ്യത്തെ ദിവാനായി
സർവാധി കേശവപിള്ളയെ നിയമിക്കയുംചെയ്തു. ഇപ്രകാ
രം ആകുന്നു ഠരം രാജ്യത്തിൽ ദിവാൻ എന്നുള്ള സ്ഥാനപ്പേ
രു ഉത്ഭവിച്ചതു.

തിരുവിതാംകൂറിന്റെ അഭിവൃദ്ധിയേയും തിരുമനസ്സിലെ യശോവ്യാപ്തിയേയും കണ്ടു അസഹിഷ്ണുവായി ടിപ്പു വീണ്ടും ഇവിടത്തെ സ്വാധീനപ്പെടുത്തുവാൻ നിശ്ചയിച്ചു പ്രഥമമായി ൯൬൪-ൽ മലബാറിൽ പ്രവേശിച്ചു ഗ്രാമങ്ങളെ കൊള്ളയിടുകയും, മതഭേദവും, വസ്ത്രഭേദവും, കൂടാതെ സകല ജനങ്ങളേയും സ്വമതത്തിൽചേരുന്നതിനു ഹിംസിക്കയും അതിനു തടസ്ഥം പറയുന്ന സകലരേയും വധിക്കയും ചെയ്തുവന്നു. തന്മൂലം മുമ്പിൽ എന്നപോലെ സാമൂതിരി രാജാവും അവിടെ ഉള്ള ഉൽകൃഷ്ടജാതിക്കാരും മററും തിരുവിതാംകൂറിൽവന്നു അഭയം പ്രാപിച്ചു. ദയാനിധിയായ മഹാരാജാവു അവരെ സ്വരാജ്യത്തിൽ നിർഭയമായി വസിച്ചുകൊള്ളുന്നതിനു അനുവദിച്ചു. ഇതിനാൽ ടിപ്പു, അത്യന്തംക്രോധിച്ചു അവർ സ്വരാജ്യത്തിൽനിന്നും ഒളിച്ചോടിവന്നിട്ടുള്ളവരാണെന്നും അതിനാൽ അവരെ തിരിച്ചു അയച്ചു തരണമെന്നും അവന്റെ വിശ്വസ്ഥന്മാരായ ചില ഉദ്യോഗസ്ഥന്മാരെ എഴുത്തും കൊടുത്തയച്ചു. മഹാരാജാവു ഇതിനു മറുപടിയായി അവിടെനിന്നും വന്നിട്ടുള്ള ജനങ്ങൾക്കു തിരിച്ചു പോകുന്നതിനു മനസ്സായിരുന്നാൽ സുൽത്താന്റെ ഇഷ്ടത്തെ അനുവർത്തിക്കുന്നതിൽ തനിക്കു യാതൊരു വിരോധവും ഇല്ലെന്നും അവരെ ബലാൽക്കാരമായി തന്റെ രാജ്യത്തിൽനിന്നും ഓട്ടിക്കുന്നതു അനീതിയാണെന്നും താഴ്മയോടു എഴുതി അയച്ചു. ഈ മറുപടികേട്ടപ്പോൾ ടിപ്പുവിനു വളരെ ദേഷ്യമുണ്ടായെന്നു വരികിലും ഓടിപ്പോയിട്ടുള്ളതിൽ ചിലരെ ശിക്ഷിക്കണമെന്നു പ്രത്യേകം താല്പര്യം ഉണ്ടായിരിക്കയാൽ അതിനെ തൽക്കാലം സഹിച്ചു. അനന്തരം കൊച്ചീരാജാവിനെ ആളയച്ചു വരുത്തി എന്തെങ്കിലും ഒരു കാരണം ഉണ്ടാക്കി തിരുവിതാംകൂറുമായി യുദ്ധം ആരംഭിക്കണമെന്നും അതിനു ആ രാജാവു് ആലങ്ങാടു, പറവൂർ, ഈ മണ്ടപത്തുംവാതലുകൾ തനിക്കുള്ളതാണെന്നും പറഞ്ഞു വാദിക്കണമെന്നും, മഹാരാജാ

വു തടസ്സം പറയുന്നപക്ഷം തൽക്ഷണം യുദ്ധം ആരംഭിച്ചാൽ താൻ സഹായിക്കാമെന്നും പറഞ്ഞതുകേട്ടു കൊച്ചീരാജാവു പരിഭ്രമിച്ചു മുമ്പു തിരുവിതാംകൂറിൽനിന്നും തനിക്കു ചെയ്തിട്ടുള്ള സഹായത്തിനായി ആ ദേശങ്ങൾ വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളതാണെന്നും അപേക്ഷിച്ചാൽ കിട്ടുന്നതല്ലെന്നും മറുപടിപറഞ്ഞു. ടിപ്പു, ഠരം രാജാവിൻെറ ഭീരുതയെ വളരെ ആക്ഷേപിച്ചതുമല്ലാതെ തിരുവിതാംകൂറിനെ താൻ വിചാരിച്ചാൽ ഒരു ആഴ്ചവട്ടത്തിനകം കീഴടക്കാൻ കഴിയുന്നതാണെന്നും, മഹാരാജാവിനു ഇംഗ്ലീഷ്കാരുടെ സഖ്യംകൊണ്ടു യാതൊരു ഫലവും ഉണ്ടാകയില്ലെന്നും അതിനാൽ മൈസൂരിലേക്കു കപ്പം കൊടുത്തു അവിടത്തെ അധീനതയിൽ താമസിക്കുന്നതു ഏററവും ഗുണകരമായിരിക്കുമെന്നും, തിരുവിതാംകൂർ മഹാരാജാവിനോടു ഉപദേശിക്കുന്നതിനും പറഞ്ഞയച്ചു. വല്ലവിധേനയും അവൻെറ പക്കൽ നിന്നും തെററിപ്പിരിക്കണമെന്നുള്ള വിചാരത്തോടുകൂടി അവൻ പറഞ്ഞ കാര്യ സാദ്ധ്യത്തിനായി വേണ്ട യത്നങ്ങൾ ചെയ്യാമെന്നും തിരുവിതാംകൂറിലെക്ക് എഴുതിഅയക്കാമെന്നും വാഗ്ദത്തംചെയ്തു മടങ്ങിപ്പോന്നു സുൽത്താനും മഹാരാജാവിനു എഴുത്തയക്കാമെന്നും വാക്കു കൊടുത്തു.

കൊച്ചീരാജാവ്, ഠരം വിവരങ്ങളെപ്പററി മഹാരാജാവിനു എഴുതിഅയക്കുന്നതിനുമുമ്പിൽഅവിടുന്നവർത്തമാനങ്ങൾ വിശദമായി അറിഞ്ഞു തൻെറ പാളയസ്ഥലങ്ങളെ നൊക്കുന്നതിനായി അന്നമനടയിൽ എഴുന്നള്ളിയിരിക്കുന്ന സമയം കൊച്ചീരാജാവും അവിടെവന്നുവിവരങ്ങൾ അറിയിച്ചു. ഇതുകൂടാതെയും ടിപ്പുവിനു മഹാരാജാവിനൊടു സഖ്യം ചെയ്യുന്നതിനു മനസ്സാണെന്നും മഹാരാജാവ് തക്കതായ കപ്പം കൊടുക്കണമെന്നും ഉടമ്പടിക്കു വെണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു സമ്മാനങ്ങളും കൊണ്ടു ടിപ്പുവിൻെറ

ആളുകൾവരുന്നു എന്നാം പറഞ്ഞതിന്നു ഉത്തരമായി ക
മ്പനിക്കാരുടെയും നബാബിന്റെയും സമ്മതംകൂടാതെ ടിപ്പു
വുമായി ഉടമ്പടി ചെയ്യുന്നതിന്നു മനസ്സില്ലെന്നു കല്പിച്ചു.
അനന്തരം ൟ വിവരങ്ങളെക്കുറിച്ചും സുൽത്താന്റെ എഴു
ത്തിനെ സംബന്ധിച്ചും ഗുണദോഷവിചാരം ചെയ്യുന്നതി
ന്നു സത്യവും സാമർത്ഥ്യവും ഉള്ള ഒരു ഉദ്യോഗസ്ഥനെ ത
ന്റെ രാജധാനിയിലേക്ക അയച്ചുതരണമെന്നുള്ള മഹാരാ
ജാവിന്റെ അപേക്ഷയെ മദ്രാസ ഗവർണ്ണരായ സർ ആർച്ചി
ബാൾഡ ക്യാംബെൽ വളരെ അഭിനന്ദിച്ചു പാലയംകോട്ട
യിൽ താമസിച്ചിരുന്ന മേജർ ബാനർമാനെ കുറെസൈന്യ
ത്തോടുംകൂടി പറഞ്ഞയച്ചു. ൟ ഉദ്യോഗസ്ഥന്റെ മുമ്പി
ൽവെച്ചു സുൽത്താന്റെ എഴുത്തുകൊണ്ടുവന്നിരുന്ന ഗുലാ
മൈതീയനേയും ദാതാറാവിനേയും മഹാരാജാവു കാണുകയും
അവിടെവെച്ചു സുൽത്താന്റെകത്ത (പത്രികാ) പരസ്യമായി
വായിക്കപ്പെടുകയും ചെയ്തു. അതിൽ മഹാരാജാവു യോഗ്യനും ന
ല്ലവനും ആണെന്നും താനുമായി സഖ്യം ചെയ്യുന്നതിന്നു താ
ല്പര്യപ്പെടുന്നു എന്നും കൊച്ചിരാജാവു പറഞ്ഞറിയുന്നു എന്നും
തന്റെ സ്നേഹം മഹാരാജാവിന്നു വളരെ ഗുണപ്രദമായി
തീരുന്നതാണെന്നും മറ്റുവിവരങ്ങൾ അവർ പറയുമെന്നും
മഹാരാജാവിന്നു ഒരു ഉടുപ്പും ചില ആഭരണങ്ങളും ഒരു കുതി
രയും കൊടുത്തയച്ചിരിക്കുന്നു എന്നും എഴുതിയിരുന്നു. ൟ കൂ
ടിക്കാഴ്ചസമയത്തിൽ മഹാരാജാവു സുൽത്താന്റെ ദൂതന്മാരെ
വളരെ ബഹുമാനിച്ചു എന്നുവരികിലും മേജർ ബാനർമാ
ന്റെ സാന്നിദ്ധ്യം അവൎക്ക തീരെ രസിച്ചില്ല. ഇവിടുന്ന
അവൎക്ക സമ്മാനങ്ങൾകൊടുത്തു മറുപടി പിന്നീട അയക്കാ
മെന്നു കല്പിച്ചയച്ചു. ഇത ൯൬൫-ൽ ആയിരുന്നു.

മഹാരാജാവ് സുൽത്താന്റെ ദയവിനെ വളരെ അ
ഭിനന്ദിക്കുന്നു എന്നും ൟസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ
ആശ്രയത്തിലും രക്ഷയിലും വളരെക്കാലമായി ഇരിക്കുന്നതു

കൊണ്ടു അവരുടെ അറിവും സമ്മതവും കൂടാതെ സുൽത്താനുമായി ഉടമ്പടി ചെയ്യുന്നതിനു താൻ അസമൎത്ഥനായി ഭവിച്ചിരിക്കുന്നു എന്നും ഒരു മറുപടിയും അനേകം വിലപിടിച്ച സമ്മാനങ്ങളും കൊടുത്തു, തന്റെ ഹിന്ദുസ്ഥാനി മുൻഷിയായ ചന്ദ്രഭാനു ലാലാജിനേയും പട്ടാളത്തിലെ നാട്ടുകാരനായ ഒരു ഉദ്യോഗസ്ഥനേയും ന്നൂരം-ൽ സുൽത്താന്റെ അടുക്കൽ കല്പിച്ചയച്ചു. ഈ രണ്ടു എഴുത്തുകളുടേയും നേരുപകൎപ്പ് മദ്രാസ് ഗവൎണ്ണൎക്കും അയച്ചു. ഈ പകൎപ്പുകളോടുകൂടി അയച്ച തിരുവെഴുത്തിൽ, ടിപ്പുവിന്റെ എഴുത്തിൽ ആദ്യം പറഞ്ഞിട്ടുള്ള ഭാഗം തീരെ വ്യാജമാണെന്നും അതു കൊച്ചീരാജാവിന്റെ തെററിനാൽ ഉണ്ടായിട്ടുള്ളതാണെന്നും എഴുതിയിരുന്നു.

മഹാരാജാവിന്റെ സ്ഥൈൎയ്യത്തെയും നിൎവ്യാജമായ സ്നേഹത്തേയും രാജ്യതന്ത്രത്തേയും പററി ഗവൎണ്ണർ വളരെ സന്തോഷിച്ചു. മേജർ ബാനർമാനും ഈ വിവരങ്ങളെപ്പററി ഗവൎണ്ണൎക്കു എഴുതി അയച്ചിരുന്നു. മിസ്റ്റർ ആൎച്ചിബാൾഡ് ക്യാംബൽ തന്റെ സന്തോഷസൂചകമായി മഹാരാജാവിനു അനേകം എഴുത്തുകൾ അയച്ചു.

തിരുമനസ്സിലെ ആളുകളെ സുൽത്താൻ വളരെ ബഹുമാനിച്ചു എന്നുവരികിലും മഹാരാജാവിന്റെ മറുപടി സുൽത്താന് അത്ര രസമായില്ലെന്നു ഊഹിക്കേണ്ടതിനു വേണ്ട കാരണങ്ങൾ ഉണ്ടായിരുന്നു. സുൽത്താൻ യുദ്ധത്തിനു വേണ്ട യത്നങ്ങൾ ചെയ്യുന്നതായി ചന്ദ്രഭാനുലാലാ മുതൽപേർ വന്നറിയിച്ചു. ടിപ്പുവിന്റെ വാക്കുകളിൽ മഹാരാജാവിനു അത്ര വിശ്വാസം ഇല്ലായ്കയാൽ അതൃത്തിയിലുള്ള കോട്ട, കൊത്തളങ്ങളെ ബലപ്പെടുത്തുന്നതിനും പട്ടാളത്തെ വൎദ്ധിപ്പിക്കുന്നതിനും ശ്രമിച്ചു.

ഡിലനായുടെ മരണാനന്തരം നല്ലവണ്ണം അഭ്യാസം
ഇല്ലാത്ത തന്റെ സൈന്യത്തെ വേണ്ടുംപ്രകാരം യുദ്ധക്രമ
ങ്ങൾ അഭ്യസിപ്പിക്കുന്നതിനായി നാലു യൂറോപ്യൻ ഉദ്യോഗ
സ്ഥന്മാരെയും പന്ത്രണ്ടു ചെറിയ ഉദ്യോഗസ്ഥന്മാരെയും
അയച്ചുതരണമെന്നു മഹാരാജാവു മദ്രാസ് ഗവർമ്മേൻറിൽ
അപേക്ഷിച്ചു. അതിനു മറുപടിയായി സമർത്ഥനും രാജ്യത
ന്ത്രനിപുണനും ആയ സർ ആർച്ചിബാൾഡ് ക്യാംബെൽ ഇ
പ്രകാരം എഴുതി അയച്ചു. "ബഹുമാനപ്പെട്ട കമ്പനിക്കാ
രുടെ ഉദ്യോഗസ്ഥന്മാർ ധീരന്മാരും ഗുണവാന്മാരും തങ്ങ
ളുടെ പ്രവൃത്തികളെ ശ്രദ്ധയോടും സാമർത്ഥ്യത്തോടും കൂടി
ചെയ്യുന്നവരും ആകുന്നു. എന്നാൽ ആ ഉദ്യോഗസ്ഥന്മാ
രെ കമ്പനിക്കാരുടെ വകയായുള്ള സൈന്യത്തിനല്ലാതെ
മറെറാരു സൈന്യത്തിനു നായകന്മാരാക്കി അയക്കുന്നതു
ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള ചട്ടത്തിനു വിരുദ്ധമായിരിക്കു
ന്നു. മറിച്ചു ചെയ്യുന്നതിൽവച്ചു വളരെ തരക്കേടുകൾ
സംഭവിച്ചിട്ടുണ്ടു്. അതിനാൽ നിങ്ങളുടെ അപേക്ഷ
യെ സാധിക്കാത്തതിൽവച്ചു നിങ്ങൾക്കു അപ്രീതി ജനി
ക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ രാജ്യത്തി
ൽ സുൽത്താന്റെ അപ്രതീക്ഷിതമായ ആക്രമത്തെ നിരോ
ധിക്കുന്നതിനു ബഹുമാനപ്പെട്ട കമ്പനിക്കാരുടെ വകയാ
യിട്ടുള്ളതിൽ ഒന്നോ രണ്ടോ അല്ലെങ്കിൽ മൂന്നോ പട്ടാളങ്ങ
ൾ തന്നെയും ഉപയോഗപ്പെടത്തക്കവണ്ണം ഏതെങ്കിലും
ഒരു മാർഗ്ഗം പറഞ്ഞാൽ അതിനെ ഞാൻ ഉടൻതന്നെ ആ
ലോചിച്ചു കഴിയുമെങ്കിൽ ഞങ്ങളുടെ ചട്ടങ്ങളെ ലംഘി
ക്കാതെ നിങ്ങളുടെ രാജ്യത്തിനു നിർബ്ബാധത ഉണ്ടാകത്തക്ക
വണ്ണം ഒരു ഏർപ്പാടുചെയ്യാം".

ഗവർണ്ണരുടെ ഒരം എഴുത്തിന്റെ താല്പര്യവും അതിനാ
ലുള്ള ഭവിഷ്യത്തും മഹാരാജാവിനു നല്ലപോലെ മനസ്സി
ലായിരുന്നു എങ്കിലും കമ്പനിവക രണ്ടു പട്ടാളങ്ങളെ സ്വ

രാജ്യത്തു താമസിപ്പിക്കാമെന്ന നിശ്ചയിച്ച മറുപടി അയച്ച
തെന്തെന്നാൽ "എനിക്ക ഇംഗ്ലീഷ കമ്പനിക്കാരോടുള്ള സ്നേ
ഹവും വിശ്വാസവും സൎവത്ര പ്രസിദ്ധമായിരിക്കുന്നു. ഞാ
ൻ ഇംഗ്ലീഷകാരെതന്നെ ആധാരമാക്കി അവലംബിച്ചിരി
ക്കുന്നു, എന്നുള്ളതിന പരംപരന്തന്നെ സാക്ഷി. ആയതു
കൊണ്ടു നിങ്ങളുടെ എഴുത്തിൽ പറഞ്ഞിട്ടുള്ളതുപോലെ
കമ്പനിക്കാരുടെ വകയായിട്ടുള്ളതിൽ ഏതാനും പട്ടാളങ്ങ
ളെ എന്റെ സംസ്ഥാനത്തിൽ പാൎപ്പിച്ചുകൊള്ളുന്നതിന
ഞാൻ പൂൎണ്ണമനസ്സോടുകൂടി സമ്മതിച്ചിരിക്കുന്നു. ഏതുവി
ധേനയും എന്റെ രാജ്യത്തിൽ ക്ഷേമവും രക്ഷയും ഉണ്ടാകു
ന്നതിന നിങ്ങൾ താല്പൎയ്യപ്പെടണം".

മഹാരാജാവിന്റെ നിഷ്കാപട്യമായ ഈ എഴുത്തിന മ
ദ്രാസ് ഗവൎണ്ണർ താഴെപറയുന്ന മറുപടി അയച്ചു. "ഇംഗ്ലീ
ഷ കമ്പനിയുടെ സ്നേഹസ്ഥിരതയിൽ നിങ്ങൾക്കുള്ള വി
ശ്വാസം ഒരിക്കലും ദോഷകരമായി ഭവിക്കുന്നതല്ല. അവർ
നിങ്ങളെ അവരുടെ വിശ്വസ്ഥനായ മിത്രമായി ഗണിക്ക
യും നിങ്ങളുടെ കാൎയ്യങ്ങളെ അവരുടെ സ്വന്തകാൎയ്യങ്ങളെ
പോലെ തന്നെ വിചാരിക്കയുംചെയ്യുന്നു. കമ്പനിക്കാ
രുടെവക ചില പട്ടാളങ്ങളെ താമസിപ്പിക്കണമെന്നുള്ള എ
ന്റെ അഭിപ്രായത്തിൽ നിങ്ങൾ ചേൎന്നതു ഏററവും വി
വേകപൂൎവകമായ ഒരു ആലോചനയാകുന്നു. അതിനാൽ
നിങ്ങളുടെ രാജ്യത്തിന ശത്രുക്കളിൽനിന്നും സിദ്ധമായി രക്ഷ
ഉണ്ടാകയും പരംപരാനുഗ്രഹംകൊണ്ടു അവരാൽ അജ
യ്യന്മാരായിരിക്കുന്ന ഇംഗ്ലീഷകാരുടെ സഹായത്തോടുകൂടി
യ ഒരു രാജാവിനോടു കലഹിക്കുന്നതു അപജയമുള്ളതാ
ണെന്ന അവൎക്ക ബോധപ്പെടുകയുംചെയ്യാം. എനിക്ക
നിങ്ങളുടെ രാജ്യം പൂൎണ്ണരക്ഷയോടുകൂടി ഇരിക്കണമെന്ന താ
ല്പൎയ്യം ഉള്ളതുപോലെതന്നെ അതിനുവേണ്ടി നിങ്ങൾക്കുള്ള
ചിലവു ലഘുവായിരിക്കണമെന്നും വളരെ താല്പൎയ്യം ഉണ്ടു.

സമാധാനമുള്ള സമയങ്ങളിൽ കമ്പനിവക ഇൻഡ്യൻപ
ട്ടാളങ്ങളെ നിങ്ങളുടെ അതൃ
ദാതി സൈന്യത്തിൽ രണ്ടുപട്ടാളങ്ങളെ നിങ്ങളുടെ അതൃ
ത്തി സ്ഥലങ്ങളിൽ താമസിപ്പിക്കാം. അവയുടെ ചിലവി
നുള്ളത് പണമായിട്ടൊ മുതലായിട്ടൊ നിങ്ങളുടെ സൌക
ര്യംപോലെ കമ്പനിക്കാൎക്ക കൊടുക്കണം എപ്പോളെ
ങ്കിലും നിങ്ങളുടെ രാജ്യത്തെ ശത്രുക്കൾ ആക്രമിക്കുകയും, അ
വരെ നിരോധിക്കുന്നതിന്ന ഇതുതലായി യൂറോപ്യന്മാരുടെ
യും ഇൻഡ്യൻകാരുടെയും സൈന്യങ്ങൾ ആവശ്യപ്പെടുകയും
ചെയ്താൽ അവയുടെ ചിലവു കമ്പനിക്കാർതന്നെ കൊ
ടുത്തുകൊള്ളുന്നതാണ്.

"എന്നാൽ നിങ്ങൾ അവൎക്കവേണ്ടുന്ന ഭക്ഷണസാ
ധനങ്ങളും അവൎക്ക വാസത്തിനായി പുരകൾ കെട്ടികൊടു
ക്കുന്നതിന്ന വേണ്ടുന്ന സാമാനങ്ങളും അവിടത്തെ നിരക്കി
ൻപ്രകാരം ഉള്ളവിലക്ക അവൎക്ക കൊടുക്കുന്നതിന്ന ചട്ടം
കെട്ടണം."

മഹാരാജാവു ഈ എഴുത്തിൻപ്രകാരമുള്ള എല്ലാ സം
ഗതികളേയും സന്തോഷത്തോടുകൂടി സമ്മതിച്ചു. ഇപ്രകാ
രത്തിലാകുന്ന തിരുവിതാംകോട്ടും ബ്രിട്ടീഷ് ഗവൎമ്മേൻറും
തമ്മിലുള്ള സഖ്യത്തിൻെറ ആദ്യമായ ഉൽഭവം.

—ഠഃഠ—

൭-ാം അദ്ധ്യായം.

൯൮൨-മുതൽ ൯൭൩-വരെ

രാമവൎമ്മ മഹാരാജാവു

തുടൎച്ച

മുൻ അദ്ധ്യായത്തിൽ വിവരിക്കപ്പെട്ട ഉടമ്പടിപ്രകാ
രം മലയാളവൎഷം ൯൬൭-ൽ ഇംഗ്ലീഷ വൎഷം ൧൭൯൨-ൽ
ക്യാപ്റ്റൻ നാക്സ് എന്ന ഉദ്യോഗസ്ഥൻെറ കീഴ വരുതിയിൽ
രണ്ടുപട്ടാളങ്ങളെ തിരുവിതാംകോട്ടിൻെറ വടക്കെ അതൃ

ത്തിയിൽ ആയിക്കോട്ട എന്നസ്ഥലത്ത്, ആദ്യമായി താമസിപ്പിച്ചു. അതോടുകൂടി, ബ്രിട്ടീഷ് ഗവൎമ്മേൻറും മഹാരാജാവും തമ്മിലുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനു, തിരുവിതാംകൂറിൽ ഒരു സിവിൽ ഉദ്യോഗസ്ഥൻ വേണമെന്നു കണ്ടിട്ടു, മിസ്റ്റർ ജാൎജ്ജ് പൌനിഎന്ന ആളിനേയും ഇവിടെപാൎപ്പിച്ചു. അയാളെ തിരുവിതാംകൂറിലെ ആദ്യത്തെ റസിഡൻറു എന്നുതന്നെപറയാം. ൟവിധ ഏൎപ്പാടുകളാൽ മഹാരാജാവിനു ഉണ്ടായിരുന്ന മനോവിചാരം മിക്കതും തീൎന്നു എന്നുവരികിലും ടിപ്പുവിൻെറ ആക്രമത്തെ നിരോധിക്കുന്നതിനു മുൻ കരുതലുകളായ ഏൎപ്പാടുകളെ, അവിടുന്നു ജാഗ്രതയായി ചെയ്തുവന്നു.

ഏകദേശം ൟ സമയം ഒരു വലിയ സൈന്യത്തോടുകൂടി ടിപ്പു തിരുവിതാംകൂറിനെ ആക്രമിക്കണമെന്നുവിചാരിച്ചു പാലക്കാട്ടിൽ എത്തി തൻെറ ആശ്രിതനായ കൊച്ചീരാജാവിനു ആളയച്ചു. കൊച്ചീരാജാവു വളരെ പരിഭ്രമിക്കയും അയാൾ പറഞ്ഞിരുന്നതുപോലെ താൻ നടത്തായ്കയാൽ തന്നെ തടവുകാരൻ ആക്കുകയൊ മഹമ്മദ് മതത്തിൽ ചേൎക്കുകയൊ ചെയ്യുമെന്നു ശങ്കിക്കയും ചെയ്തുതുകൂടാതെ ടിപ്പുവിൻെറ രാജ്യത്തുനിന്നും ഓടിപ്പോന്നആളുകളെ സ്വരാജ്യത്തുകൂടി തിരുവിതാംകൂറിലേക്കു കടത്തി വിടുകയാൽ ടിപ്പു കുപിതനായിരിക്കയാണെന്നും അതിനാൽ തൻെറരാജ്യത്തെ അയാളുടെഅധീനതയിൽ സ്വീകരിക്കാൻ മതിയെന്നും സംശയിച്ചു കൊച്ചീരാജാവു സുൽത്താൻ തനിക്കു ആൾ അയച്ചിരിക്കുന്ന വിവരത്തെപ്പററി തൻെറ ഇഷ്ടന്മാരാകുന്ന ലന്തക്കാരെയും മഹാരാജാവിനെയും അറിയിച്ചതിനു അവർ അദ്ദേഹത്തിൻെറ സംശയങ്ങൾ വാസ്തവമായി വരുവാൻ എളുപ്പമുണ്ടെന്നും അതുകൊണ്ടു തൽക്കാലം എന്തെങ്കിലും ഒഴികഴിവുപറഞ്ഞു അയാളുടെഅടുക്കൽ പോകാതെ കഴിക്കണമെന്നും എഴുതിഅയച്ചു. അപ്രകാരംതന്നെ കൊച്ചീരാജാവു താൻകൊടുപ്പാനുള്ളകപ്പം നിശ്ശേഷം കൊടുത്തു

തീൎത്തിരിക്കുന്നുഎന്നും സുൽത്താൻെറ നിയോഗങ്ങളെ അനു
സരിക്കുന്നതിന്ന സന്നദ്ധനായിരിക്കുന്നുഎന്നും എന്നാൽ ത
നിക്കു സുഖമില്ലായ്കയാൽ അനുകൂലമല്ലാത്ത കാലത്തു യാ
ത്രതിരിക്കാൻ പാടില്ലാതെയിരിക്കുന്നുഎന്നും വളരെ താഴ്മ
യായിഅയാൾക്കു എഴുതിഅയച്ചു. ടിപ്പു, തൻെറ ആശ്രി
തൻെറ സുഖക്കേടിനായിക്കൊണ്ടുവ്യസനിക്കുന്നുഎന്ന നടി
ക്കയും രാജാവിൻെറ സുഖക്കേടുഎന്തുമാത്രം ഉണ്ടെന്നറി
യുന്നതിന്നും ഇളയ രാജാവിനേയൊ, മന്ത്രിയേയൊ, തൻെറ
അടുക്കൽ അയക്കാൻ രാജാവിനെ നിൎബന്ധിക്കുന്നതിന്നുമാ
യിട്ടു തൻെറ ദൂതനായ ഖാദർഖാനെ പറഞ്ഞയച്ചു. ആ
ദൂതൻ തൃപ്പൂണിത്തുറെ എത്തിയപ്പോൾ രാജാവു തൻെറ
സുഖക്കേടുനിമിത്തം പുറത്തിറങ്ങുന്നതിന്നും അയാളെ കാ
ണുന്നതിന്നും പാടില്ലെന്നുപറഞ്ഞു എന്നുവരികിലും ഖാദർ
ഖാൻ കുറെനാൾ അവിടെത്തന്നെ താമസിച്ചു. ആസമ
യംതിരുവിതാംകൂർ മഹാരാജാവും കൊച്ചിയിലെ ലന്തക്കാ
രുംതങ്ങളുടെ അതൃത്തിയിലുള്ള കോട്ട, കൊത്തളങ്ങളെ
ഉറപ്പിക്കുകയും, സൈന്യങ്ങളെ ബലപ്പെടുത്തുകയുംചെയ്യു
ന്നതായി അയാൾക്കു അറിവുകിട്ടിയവിവരം പാലക്കാട്ടു
ശേരിയിൽ താമസിച്ചിരുന്ന തൻെറയജമാനന്നു ഖാദർഖാ
ൻ എഴുതിഅയച്ചു. അവൻ തിരിച്ചുചെന്നതിൻെറശേഷം
ടിപ്പു കൊച്ചിരാജാവിനെ ബലമായിപിടിച്ചു കൊണ്ടുപോ
കുമെന്നും കൊച്ചീസംസ്ഥാനത്തെ മൈസൂർ രാജ്യത്തോ
ടുചേൎക്കുമെന്നും എഴുതിഅയച്ചുഭയപ്പെടുത്തി. തന്നിമിത്തം
ഭയക്രാന്തനായ കൊച്ചി രാജാവിനെ തിരുവിതാംകൂർമ
ഹാരാജാവു ആശ്വാസിപ്പിക്കുകയും തിരുവിതാംകൂറിൻെറ അ
തൃത്തിക്കു തെക്കു താമസിക്കുന്നകാലം സുൽത്താനെ ഭയ
പ്പെടുന്നതിന്ന ആവശ്യമില്ലെന്നും കഴിയുന്ന സഹായങ്ങൾ
ചെയ്തു കൊടുക്കാമെന്നും പറഞ്ഞ് ധൈൎയ്യപ്പെടുത്തുകയും
ചെയ്തു. ഈസന്ദൎഭത്തിൽ മഹാരാജാവ് ലന്തഗവൎണ്ണരാ
യ മിസ്റ്റർ വാൻഎയിൻജൽബക്കിനെകണ്ടു രാജ്യ രക്ഷക്കു

വേണ്ടമാറ്റങ്ങളെ ആലോചിക്കുന്നതിനായി കേശവപിള്ള ദിവാനെ കൊച്ചിയിലേക്ക അയച്ചു. തിരുവിതാംകൂറിൻെറ വടക്കെ അതൃത്തിയിൽ ഡച്ചുകാരുടെ വകയായി ആയിക്കോട്ട എന്നും കൊടുങ്ങല്ലൂർ എന്നും രണ്ടുസ്ഥലങ്ങൾ ഉണ്ടായിരുന്നു. വടക്കെ അതൃത്തിയിൽ കോട്ട, കൊത്തളങ്ങൾ തീൎന്നതിൽപിന്നെ ശത്രുക്കളുടെ ആക്രമത്തെ തടുക്കുന്നതിന്ന ഈ രണ്ടുസ്ഥലങ്ങളും അത്യന്തം ഉപയുക്തങ്ങളായി ഭവിക്കും, എന്നു കണ്ടു മഹാരാജാവു അവയെ വാങ്ങിക്കുന്നതിന്നു രണ്ടു വൎഷക്കാലമായി ശ്രമിച്ചുവരികയായിരുന്നു. മദ്രാസ് ഗവൎമ്മെന്റുമായി ഈയിടെ ഉണ്ടായ ഉടമ്പടിയിൽ തിരുവിതാംകൂറിൽ താമസിക്കുന്ന കമ്പനിവക സൈന്യം തിരുവിതാംകോട്ടു ദേശങ്ങളെ രക്ഷിക്കുന്നതിൽമാത്രം ഉപയോഗപ്പെടുമെന്നു സ്പഷ്ടമായിരുന്നു. അതിനാൽഡച്ചുകാരുടെ വകയായ മേൽപറഞ്ഞ സ്ഥലങ്ങളെ ടിപ്പു, സ്വാധീനപ്പെടുത്തി, അതുവഴി തിരുവിതാംകൂറിൽ പ്രവേശിക്കുന്നതായാൽ ആ സമയം അതിനെ നിരോധിക്കുന്നതിൽ, കമ്പനിവകസൈന്യം ഉപയോഗപ്പെടുന്നതല്ലെന്നുവിചാരിച്ചും ടിപ്പു ആ സ്ഥലങ്ങളെ വിലക്കുവാങ്ങിക്കാൻ ആലോചിക്കുന്നു എന്നറിഞ്ഞും മഹാരാജാവു മുൻകരുതലായി ആകോട്ടകളെ വാങ്ങിക്കുന്നതിന്നു ദിവാൻ കേശവപിള്ളയോടു കല്പിച്ചു. ഇങ്ങനെവിലക്കു വാങ്ങിക്കുന്നതിൽ, തിരുമനസ്സിലെ ഉദ്ദേശ്യം കമ്പനിവക സൈന്യങ്ങളെ രാജ്യരക്ഷക്കായി അവയിൽ താമസിപ്പിക്കാമെന്നായിരുന്നു. ൧൭൮൯-ാംവൎഷം ജൂലായിമാസം ൩൧-ാംനു-ഡച്ചു ഗവൎണ്ണരായ മിസ്റ്റർ എയിൻജൽബക്കിനാൽ, ക്രയശാസനം ദിവാൻ കേശവപിള്ളയുടെപേൎക്കു എഴുതപ്പെട്ടു അതിലെവിലയൎത്ഥമായ മൂന്നുലക്ഷംരൂപായും പലതവണയായി കൊടുത്തുകൊള്ളാമെന്നും ഇവിടുന്നും പറഞ്ഞതിനെ അവർ അനുസരിച്ചു. ആദ്യത്തെ തവണപ്പണം കൊടുക്കുമ്പോൾ വസ്തുകൈവശം വിട്ടുകൊടുത്തു കൊള്ളാമെന്ന്

ആധാരത്തിൽ കണ്ടിരുന്നതനുസരിച്ചു നാപഞ്ചദിവസ
ത്തിനകം തവണപ്പണം കൊടുക്കയാൽ ഡച്ചുഗവൎണ്ണർ,
മിസ്റ്റർപെംനിയുടെ മുമ്പിൽവെച്ചു ദിവാൻ കേശവപിള്ള
ക്ക വസ്തുക്കൾ കൈവശപ്പെടുത്തിക്കൊടുത്തു. ൟ ഇടപാട്ടി
നെ ബറേറവിയാ ഗവൎമ്മേൻറിൽനിന്നും പിന്നീട്ട സ്ഥിര
പ്പെടുത്തി. ൟ വിഷയത്തെപ്പററി മഹാരാജാവും, അതുപോ
വം മിസ്റ്റർപെംനിയും അപ്പോഴത്തെ മദ്രാസ് ഗവൎണ്ണരായ ജാ
ൺഹാളൻറിന എഴുതിഅയച്ചു. മിസ്റ്റർ പെംനിയുടെ
എഴുത്തിന്ന മറുപടിയായി, ഗവൎണ്ണർ സുൽത്താൻെറ ആശ്രി
തനായിരിക്കുന്ന കൊച്ചി രാജാവിൻെറ കീഴിൽ ലന്തക്കാരു
ടെ കൈവശമായി ഇരിക്കുന്ന കോട്ടകളെ ൟ സമയം തി
രുവിതാംകൂറിൽനിന്നും വാങ്ങിക്കുന്നതു സുൽത്താനുമായി ത
ക്കങ്ങൾക്ക ഇടയാകുമെന്നും തിരുവിതാംകൂറിൻെറ അതൃ
ത്തിക്ക പുറമെയായി ഇവിടുന്നും ഏൎപ്പെടുന്ന വ്യവഹാരങ്ങ
ളിൽ ഗവൎമ്മേൻറിൽനിന്നും സഹായിക്കുന്നതല്ലെന്നും മററും
എഴുതിഅയച്ചു. എന്നാൽ ഇടപാട്ടുനടന്നശേഷമെ ൟ
എഴുത്തു കിട്ടിയൊള്ളൂ. ഇതിനിടയിൽ താൻ കോട്ടകളെ
വിലക്കവാങ്ങിച്ചിരിക്കുന്നു എന്നുള്ള മഹാരാജാവിൻെറ എഴു
ത്തിന്ന മറുപടിയായി ഗവൎണ്ണർ പുനരപി, താൻ പൂൎവ്വം അ
യച്ച എഴുത്തിൽ ൟ ഇടപാടിനെ വിരോധിച്ചിരുന്നിട്ടും അ
തിന്ന വിപരീതമായി മേൽപറഞ്ഞ കോട്ടകളെ വാങ്ങിച്ചതു
മഹാരാജാവു പ്രസ്താവിച്ചിരുന്നതുപോലെ സന്തോഷത്തി
നുപകാരം തനിക്ക അതൃപ്തിഹേതുവായിതീൎന്ന എന്നും ഉടൻ
കോട്ടകളെ തിരിച്ചു അവൎക്ക കൊടുക്കണമെന്നും അങ്ങിനെ
ചെയ്യാത്തപക്ഷം മഹാരാജാവിന്ന കമ്പനിക്കാരുടെ രക്ഷ
ഇല്ലാതെ ഭവിക്കുമെന്നും മററും വളരെ ഗൌരവമായി എഴു
തിഅയച്ചു. മദ്രാസ് ഗവൎണ്ണരുടെ ൟ അഭിപ്രായത്തെ
യും തൻെറ സമാധാനത്തേയും പററി വിവരമായി
വീണ്ടും മദ്രാസ് ഗവൎമ്മേൻറിന്നും, അതുകൂടാതെ ബൊം
ബെ, ബങ്കാള ൟ ഗവൎമ്മേൻറുകൾക്കും കല്പിച്ചു എഴുതി

* ഫര

അയച്ചു. ൟ കോട്ടകൾ, കൊച്ചീരാജാവിനെ ജയിച്ചു പോർട്ടുഗീസ്കാർ ൧൬൦൦-ാം വർഷത്തിൽ കെട്ടിയതാണെന്നും, അനന്തരം ഡച്ചുകാർ അവരെ ജയിച്ചു ൧൬൬൩-ൽ സ്വാധീനപ്പെടുത്തിയതാണെന്നും അന്നുമുതൽ പ്രസംഗകാലംവരെ അവരുടെ കൈവശം ഇരുന്നിരിക്കുന്നു എന്നും, അതിനാൽ കൊച്ചിയിലേയും, മൈസൂരിലേയും, അനുവാദം കൂടാതെ ഡച്ചുകാൎക്ക ആ കോട്ടകളെ വിൽക്കുന്നതിനും മഹാരാജാവിനു വാങ്ങിക്കുന്നതിനും ന്യായമായ അവകാശമുണ്ടെന്നും മദ്രാസ് ഗവൎമ്മേൻറിന്റെ അറിവുകൂടാതെ വാങ്ങിച്ചിട്ടില്ലെന്നും മേലും മിസ്റ്റർ പൌനിയും മേജർബാനർമാനും ൟ കോട്ടകളെ സ്വരാജ്യരക്ഷക്കായി വാങ്ങിക്കേണ്ട ആവശ്യകതയെപ്പററി തന്നെ ഗ്രഹിപ്പിച്ചിരിക്കുന്നു എന്നും ൟ ഇടപാടു അവരുടെ മുമ്പിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു എന്നും ആയിരുന്നു മഹാരാജാവിന്റെ സമാധാനച്ചുരുക്കം.

ഈ കാൎയ്യങ്ങളെ വിചാരണകഴിച്ചു തീൎച്ചപ്പെടുത്തുന്നതിനു ഒരു ഉദ്യോഗസ്ഥനെ അയക്കണമെന്നുകൂടി ബങ്കാൾ ഗവൎമ്മേൻറിലേക്കുള്ള എഴുത്തിൽ അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

സുൽത്താൻ, ൟ നടപടികളെ അറിഞ്ഞു തിരുവിതാംകൂറിലെ ൟ ഇടപാടു നീതിവിരുദ്ധവും അതിനാൽ കലഹഹേതുവും ആണെന്നു മഹാരാജാവിനും മദ്രാസ് ഗവൎണ്ണൎക്കും എഴുതിഅയച്ചു.

മഹാരാജാവു മതിയായ സമാധാനംപറഞ്ഞിരുന്നു എങ്കിലും മദ്രാസ് ഗവൎണ്ണർ അതുകൊണ്ടു തൃപ്തനാകാതെ തന്റെ അഭിപ്രായങ്ങളെത്തന്നെ ബങ്കാൾ ഗവൎമ്മേൻറിൽ തെൎയ്യപ്പെടുത്തുകയാൽ അവരും ൟ ഇടപാടിനെ വിസ്മരിച്ചിരുന്നു. എന്നാൽ ഗവൎണ്ണർജനറലായ ലാർഡ് കാറൻവാലിസ്സ് മഹാരാജാവിന്റെ സമാധാനം വായിച്ചുകേട്ടശേഷം

ഇതിനെപ്പററി കമ്മിഷണർ അയച്ച വിചാരണകഴിക്കാൻ ആജ്ഞാപിച്ചു. ആദ്യം മിസ്റ്റരും പിന്നീട സർ, എന്ന സ്ഥാനം ലഭിച്ചവനും ആയ താമസ് മണ്രോ എന്ന മദ്രാസ് ഗവർണ്ണർ മിസ്റ്റർ ഹാലൻറിൻെറ ൧൭൯൦ എഴുത്തുകുത്തുകളെപ്പററി "യുദ്ധംചെയ്യുന്നതിനുള്ള ഭയം കൊണ്ടാകുന്നു ഗവർമ്മെൻറിൽനിന്നും നൂതനാജ്ജിതം പുരാതനാജ്ജിതം എന്ന വ്യത്യാസങ്ങളെ ഉണ്ടാക്കീട്ടുള്ളതു" എന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ടിപ്പു, ൧൭൮൯ ഇടക്കു ൩൦,൦൦൦- കാലാളുകളോടും, ൭,൦൦൦- അശ്വങ്ങളോടും ൨൦- വലിയതോക്കുകളോടും യുദ്ധാർത്ഥം യാത്രതിരിക്കയും മഹാരാജാവിനു ഭീതിപ്രദമായ ഒരു എഴുത്തും ചില സാമാനങ്ങളും കൊടുത്തു തൻെറ ഉദ്യോഗസ്ഥന്മാരിൽ ഒരുത്തനെ തിരുവിതാംകൂറിലേക്കു നിയോഗിച്ചയക്കയുംചെയ്തു. നവരാത്രി മഹോത്സവമായിരിക്കയാൽ മഹാരാജാവു സുൽത്താൻെറ ആളിനെ എതിരേൽക്കുന്നതിനു ദിവാൻകേശവപിള്ളയെ പറവൂരിലേക്കു അയച്ചു. ദിവാൻചെന്നു അയാളെ സൽക്കരിച്ചു മാവേലിക്കരക്കു കൂട്ടിച്ചുകൊണ്ടുവരികയും മുഖം കാണിപ്പിക്കയും ചെയ്തു എഴുത്തു കൊടുപ്പിച്ചു. ആ എഴുത്തിൽ i മഹാരാജാവിൻെറ രാജ്യത്തിൽവന്നുപാക്കുന്ന മലബാറിലെ പ്രധാനികളെഎല്ലാം ഉടൻ ഏല്പിച്ചുകൊടുക്കണമെന്നും ii തങ്ങൾക്കു അവകാശമില്ലാത്തതായ സ്ഥലങ്ങളെ ഡച്ചുകാർ മഹാരാജാവിനുവിററിട്ടുള്ളതാകയാൽ കൊടുങ്ങല്ലൂരിലുള്ളപട്ടാളങ്ങളെ ഉടനെമാററിക്കൊള്ളണമെന്നും iii തൻെറആശ്രിതനായകൊച്ചിരാജാവിൻെറ രാജ്യത്തുകൂടി ചെന്നിരിക്കുന്ന മഹാരാജാവിൻെറ പ്രാകാരങ്ങളെതട്ടിനിരത്തണമെന്നുംഎഴുതിയിരുന്നു. സുൽത്താൻെറലേഖനഗൌരവത്തെയും ടി തൻെറഅഹങ്കാരത്തെയുംകണ്ടു മഹാരാജാവു്, തനിക്കുണ്ടായ ദേഷ്യത്തെ ഗൂഹനംചെയ്തു മറുപടിയായി i സുൽത്താൻെറഎഴുത്തിൽ പ്രസ്താവിച്ചിരിക്കുന്ന മലബാറിലെപ്രധാനികൾ തൻെറബന്ധുക്കളാണെന്നും അവർ വളരെക്കാലത്തിനുമുമ്പെതന്നെ തൻെറ സംസ്ഥാനത്തിൽ

അഭയംപ്രാപിച്ചിരിക്കുന്നു എന്നും ii തന്റെ സമാധാനശീലത്തെ പ്രത്യക്ഷീകരിക്കുന്നതിനായി സുൽത്താന്റെ മനസ്സുപോലെ അവരെ രാജ്യംവിട്ടുപോകുന്നതിനു നിയോഗിക്കാമെന്നും iii മൈസൂരിലേക്കു വിരോധികളായ യാതൊരുത്തരെയും അറിവോടുകൂടി തന്റെ രാജ്യത്തിൽ പാൎപ്പിച്ചിട്ടില്ലെന്നും iv താൻ ഡച്ചുകാരോടു വാങ്ങിച്ചിട്ടുള്ളസ്ഥലങ്ങൾ അവരുടെ സ്വന്തമാണെന്നും സുൽത്താന്റെ ആശ്രിതനായ കൊച്ചീരാജാവിനു യാതൊരു അവകാശവും ഇല്ലെന്നും v കോട്ടകെട്ടീട്ടുള്ള സ്ഥലങ്ങൾ, മൈസൂരിലെ ആശ്രിതനാകുന്നതിനുമുമ്പിൽ കൊച്ചീരാജാവു തന്നിട്ടുള്ളതാണെന്നും vi സുൽത്താനും മദ്രാസ ഗവൎമ്മേൻറുമായുള്ള ഉടമ്പടി സമയം ഈ കോട്ട ഉണ്ടായിരുന്നുഎന്നുംകല്പിച്ചു. ഇതുകേട്ടദൂതൻ, മഹാരാജാവിന്റെ ഈ സിദ്ധാന്തം അവിടത്തേക്കു ദോഷകരമാണെന്നും ഭവിഷ്യത്തു യുദ്ധമായിരിക്കുമെന്നും ഉദ്ധതമായി പറഞ്ഞുപിരിഞ്ഞു. അനന്തരം താമസിയാതെ മഹാരാജാവു, ഏതദനുസരണമായി സുൽത്താനു ഒരു എഴുത്തും ചില സമ്മാനങ്ങളുംഅയച്ചു. അതുകൊണ്ടു ടിപ്പു, വീണ്ടും i മഹാരാജാവിന്റെ സമാധാനം അവാസ്തവവും അനീതിയും ആണെന്നും ii അവിടന്നുംഓടിവന്നിട്ടുള്ളവർമഹാരാജാവിന്റെ അറിവോടുകൂടി താമസിക്കയാണെന്നും iii അവരെ ഉടൻ പിടിച്ചു ഏല്പിക്കാത്തപക്ഷം അവരെ സംബന്ധിച്ചിടത്തോളം തനിക്കു ഉണ്ടാകുന്ന നഷ്ടങ്ങൾക്കു മഹാരാജാവു ഉത്തരവാദിയാകണമെന്നും iv മൈസൂരിലെ അനുവാദംകൂടാതെ കോട്ടകളെവാങ്ങിച്ചതു തീരെ പോരാത്തതാണെന്നും എത്രയും ശാസനാരൂപമായ ഒരു എഴുത്തയച്ചു. ഏതദനന്തരം സുൽത്താനുമായുള്ള എഴുത്തുകുത്തുകൾ യുക്തമല്ലെന്നു വിചാരിച്ചു മഹാരാജാവു അതിൽനിന്നും വിരമിച്ചു. സുൽത്താന്റെ യുദ്ധോദ്യമങ്ങളെപ്പറ്റി മദ്രാസ് ഗവൎമ്മെൻറിലേക്കു എഴുതിഅയച്ചതോടുകൂടി മഹാരാജാവ് ടിപ്പുവിന്റെ പത്രികകളേയും അയച്ചു.

൯൬൩-ാമാണ്ടു ധനമാസം ൧൫-നു- സുൽത്താൻ തി
രുവിതാംകൂറിന്റെ വടക്കെഅതൃത്തിയിൽനിന്നും ൫-മയിൽ
ദൂരെ സേനാനിവേശംചെയ്തു വീരകിനിരകൾ ഉണ്ടാ
ക്കിയ വരവിനെ അറിയിക്കുന്ന
ഘോഷങ്ങൾ ആരംഭിച്ചു. തന്റെ വരവിനെ അറിയിക്കുന്നൊ
രു സുൽത്താൻ സ്വസൈന്യങ്ങളോട, തിരുവിതാം
കൂർ പ്രാകാരത്തിന്റെ പുരോഭാഗത്തിൽ അണിനിരന്നിരി
ക്കുവാൻ ആജ്ഞാപിച്ചു. ൧൫-നു-രാത്രി സുൽത്താന്റെ സൈ
ന്യം പ്രാകാരത്തിൽ ഒരു ദ്വാരമുണ്ടാക്കി അകത്തുപ്രവേശി
ക്കാൻ യത്നിച്ചു. എന്നാൽ ആ ശ്രമം ചെറിയൊരു പട്ടാളത്താൽ
വിഫലമാക്കിതീർക്കപ്പെട്ടു. പിറ്റെദിവസം പ്രഭാതമായപ്പോൾ
ടിപ്പു വല്ലവിധേനയും കോട്ടകളെ കീഴടക്കുന്നതിനു സ്വാധീ
നപ്പെടുത്തി. ടിപ്പു കോട്ടയുടെ പ്രധാനദ്വാരത്തിലോട്ടുനടന്ന
തിരുവിതാംകൂർസൈന്യം ബലമായി നിരോധിക്കയാൽ ഈ
തൽസൈന്യം വരത്തെണമെന്ന വിചാരിച്ചിരിക്കുന്ന സമ
യം കൊത്തളത്തിന്റെ ഒരുമൂലയിൽ ഉണ്ടായിരുന്ന തിരുവി
താംകൂർ സൈന്യത്തിൽ ഇരുപതുപേരു ടിപ്പുവിന്റെ സൈ
ന്യത്തിൽ ഒരുവശത്തെ ആക്രമിക്കുകയും സേനാനായകനെ
കൊല്ലുകയും ചെയ്കയാൽ ആ സൈന്യം മുഴുവനും കുഴപ്പത്തി
ലാകുകയും ഇതു മററുള്ളസൈന്യത്തേയും വ്യാപിക്കയും, സ
ഹായത്തിനായിവന്ന സേനകളെ തിരുവിതാംകോട്ടകാർ
ഓട്ടിക്കയും മുമ്പിലുള്ളവരുടെ ഗതിയറിയാത്ത പിന്നാലെ
ഉള്ളസൈന്യം സംഭ്രമിച്ചു അവരെ തള്ളിയിടുകയും അവർ
കിടങ്ങിൽവീണുമരിക്കയും മൃതദേഹംകൊണ്ടു കിടങ്ങുനിറക
യും ഒരംപലഹളയിൽ സുൽത്താൻ ഉന്നാവിൽനിന്നും മറിഞ്ഞു
കിടങ്ങിൽവീഴുകയുംചെയ്തു. ഒരംവിധം ടിപ്പുവിനാൽ ആദ്യം
കൊണ്ടുവരപ്പെട്ട സൈന്യം മുഴുവനാലും നാശത്തെ പ്രാപി
ച്ചു. ഇതിൽ സുൽത്താൻ മരിച്ചില്ലെന്നവരികിലും വീഴ്ചയാ
ൽ ഉണ്ടായ ദേഹംനിമിത്തം അയാൾക്കു പംഗുത്വംഭവിച്ചു.

അയാളുടെ അംഗുലീയകങ്ങളും മുദ്രവാളും, മേനാവും, ആഭരണാദികളും തിരുവിതാംകോട്ടുകാൎക്ക ജയഫലിന്നങ്ങളായി ലഭിച്ചു. ഈ യുദ്ധത്തിൽ തിരുവിതാംകോട്ടുകാൎക്ക ൧൦൦ ജനങ്ങളിൽ അധികം നഷ്ടംഉണ്ടായില്ല. ടിപ്പുവിന്റെ ഉദ്യോഗസ്ഥന്മാരിൽ വളരെപ്പേര് ഇവിടെനിന്നും തടവുകാരായി പിടിക്കപ്പെട്ടു. മഹാരാജാവു ഈ ജയത്തെപ്പററി കമ്പനിക്കാൎക്കും നബാബിനും എഴുതിഅയക്കയും നബാബിന്റെ അപേക്ഷപ്രകാരം സുൽത്താന്റെ വാള്, പരിശ, മേനാ, മുതലായവയെ അദ്ദേഹത്തിനു കൊടുത്തയക്കയുംചെയ്തു.

ഇതിനിടയിൽ മദ്രാസ് ഗവൎണ്ണരായ മിസ്റ്റർ ഹാളൻഡ് ൧൭൯൦-ാംവൎഷം ജനവരിമാസം ൧-ാംനു- ടിപ്പുവിന് താഴെപറയുന്നപ്രകാരം ഒരു എഴുത്തയച്ചിരുന്നു. "ആയികോട്ട, കൊടുങ്ങല്ലൂർ, ഈ സ്ഥലങ്ങളിൽ നിങ്ങൾക്കുള്ള അവകാശത്തെപ്പററി വിചാരണചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നുഎന്നും അതുന്യായമാണെന്നുകണ്ടാൽ അവയെ ഡച്ചുകാൎക്ക തിരിച്ചുകൊടുപ്പിക്കുന്നതാണെന്നും എഴുതിഅയച്ചിട്ടുണ്ടല്ലൊ. എന്നാൽ നിങ്ങളുടെസൈന്യം ആ കോട്ടകളുടെ സമീപത്തു എത്തിയിരിക്കുന്നുഎന്നും അവയെ ബലം പ്രയോഗിച്ചു കരസ്ഥമാക്കുന്നതിനു നിങ്ങൾ വിചാരിച്ചിരിക്കുന്നുഎന്നും നാം അറിയുന്നു. തിരുവിതാംകൂർ രാജാവു നമ്മുടെ മിത്രമാണെന്നും നിങ്ങൾക്കു അറിയാവുന്നതാണ് അതിനാൽ ആരാജാവിനോടു എന്തെങ്കിലും ശത്രുപ്രവൃത്തിക്കുന്നതായാൽ അതു നാം തമ്മിലുള്ള സമാധാനഉടമ്പടിക്കു ലംഘനമായി തീരുന്നതാകുന്നു. തൎക്കപ്പെട്ട കോട്ടകളെ നിങ്ങൾ ആക്രമിച്ചിട്ടുള്ളതായി ഞങ്ങൾ വിചാരിക്കുന്നില്ലെങ്കിലും അവയെ ബലമായി പിടിക്കുന്നതിനു ചെയ്യുന്ന വല്ല യത്നവും രണ്ടുഗവൎമ്മേൻറുംതമ്മിൽ കലഹത്തിനു കാരണമായി ഭവിക്കും. ഈസംഗതിയിൽ നിങ്ങൾക്കുന്യാ

യമായ തീച്ച്വതുത്തി തരണമെന്നാണ് ഞങ്ങളുടെ ഉദ്ദേ
ശ്യം. അതുകൊണ്ടു വിചാരണയും തീരുമാനവും കഴിയു
ന്നതുവരെ താമസിക്കാഞ്ഞതു ഏററവും നന്നായിരിക്കും. ഒരം
സംഗതി രണ്ടുരാജ്യത്തുനിന്നും നിയമിക്കപ്പെടുന്ന ഉദ്യോഗ
സ്ഥന്മാരാൽ തീച്ച്ചെയ്യപ്പെടണമെന്ന നിങ്ങൾ വിചാരിക്കു
ന്നപക്ഷം നിങ്ങളാൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാ
രുമായി ആലോചിച്ച കാൎയ്യം തീച്ച്പ്പെടുത്തുന്നതിനുവേ
ണ്ടി ഞങ്ങളുടെ ഉദ്യോഗസ്ഥന്മാരെ നമ്മുടെ രാജ്യങ്ങളുടെ
അതൃത്തിയിൽ സൌകൎയ്യമുള്ളസ്ഥലത്തു അയച്ചതരുന്ന
താണ്. അപ്പോൾ നിങ്ങൾക്കു ഞങ്ങളുടെ ഉദ്ദേശ്യം ബൊ
ധപ്പെടുന്നതാണ്. ഒരം സംഗതികളെപ്പററി ബങ്കാൾഗവ
ൎമ്മേണ്ടിലേക്കു എഴുതിഅയച്ചിട്ടും ഉണ്ട്. ഒരം എഴുത്തു
സുൽത്താന്റെ പരാജയാനന്തരം അയാൾക്കുകിട്ടി. ഇതിനു
മറുപടിയായി ഒളിച്ചോടിപ്പോയ ചിലആളുകളെ പിടിക്കു
ന്നതിനായി തന്റെ സൈന്യം തിരുവിതാംകൂർ അതൃത്തി
യിൽ ചെന്നസമയം, മഹാരാജാവിന്റെ സൈന്യം കാര
ണംകൂടാതെ സ്വസൈന്യത്തിൽവെടിവെച്ച് വളരെപ്പേരെ
അപായപ്പെടുത്തുകയാൽ അവർ പകരം വീട്ടിയതാണു പി
ന്നീട് താൻ അറിഞ്ഞുകൂടുമ്പോൾ സൈന്യത്തെ മടങ്ങിപ്പോ
രുന്നതിനു ആജ്ഞാപിച്ചതായും മററും മുൻതീൎയ്യതിവച്ച
വ്യാജമായ ഒരു എഴുത്തയച്ചു.

ടിപ്പു, തനിക്കുണ്ടായ അപമാനത്തിനും പരാജയത്തി
നും പകരം വീട്ടണമെന്നു നിശ്ചയിച്ച അസാമാന്യമായ
ഒരു സൈന്യം ശേഖരിച്ചു. ഒരം വൎത്തമാനം മഹാരാജാവു
ഗവൎമ്മേന്റിനെഗ്രഹിപ്പിച്ചു. ടിപ്പു, ആക്രമിക്കുന്നതായാൽ
സഹായിക്കാമെന്നു അവർ മഹാരാജാവിനു ഉറപ്പുകൊടുക്കു
കയുംചെയ്തു. ഇതിന്നിടക്കു മഹാരാജാവു സ്വസ്ഥനായിരുന്നി
ല്ലാ. വടക്കെഭാഗത്തുള്ള കോട്ടകളെ നന്നാക്കിക്കയും ആവശ്യ
മായി സൈന്യത്തിൽ ആളുകളെചേൎത്തു യുദ്ധം അഭ്യസിപ്പി

ക്കും ആയുധങ്ങളും മററും ശേഖരിക്കയും ചെയ്തിരുന്നു. മദ്രാസ് ഗവർണ്ണർ സഹായത്തിനു വേണ്ടി യാതൊരേർപ്പാടും ചെയ്തില്ല. ൯൬൫-ാമാണ്ടു കുംഭമാസം ൨൦നു- മൈസൂർക്കാരും തിരുവിതാംകോട്ടുകാരും തമ്മിൽ കോട്ടക്കു വെളിയിൽവച്ചു ഒരു കലഹം ഉണ്ടായി. ഈവിധം ടിപ്പുവുമായി വീണ്ടും യുദ്ധം ആരംഭിച്ചു. ൨൧-നു- കോട്ടയെ ഇടിക്കുന്നതിനായി ടിപ്പു വലിയതോക്കുകൾ ഉപയോഗിച്ചുതുടങ്ങി ഒന്നരമാസകാലംകൊണ്ടു മുക്കാൽ മയിൽ വിസ്താരത്തിൽ കോട്ടയുടെ ഒരു ഭാഗം ഭേദിക്കപ്പെട്ടു. അനന്തരം ടിപ്പുവിന്റെ സൈന്യം അധികതടസ്ഥംകൂടാതെ കോട്ടകളിൽകൂടി അകത്തുകടക്കുകയും തിരുവിതാംകൂർസൈന്യം സംഭ്രമിച്ചോടുകയുംചെയ്തു. ലാലിയുടെ വരുതിയിൽ മൈസൂറിലെ സൈന്യം കൊടുങ്ങല്ലൂർകോട്ടയുടെമുമ്പിൽ എത്തി, ഉടൻ അവിടെ സൂക്ഷിച്ചിരുന്ന ക്യാപ്ടൻ ഫ്ലാറി കഴിയുന്നതും നിരോധിച്ചശേഷം അതു നിഷ്ഫലമെന്നുകണ്ടു കോട്ടയെ ഉപേക്ഷിച്ചു. ശത്രുക്കൾ അകത്തുകടന്നു അവിടെ നിന്നിരുന്ന ജാതിക്കാവൃക്ഷങ്ങളെ പിഴുതു ശ്രീരംഗപട്ടണത്തിലെക്കു കൊടുത്തയച്ചു. അടുത്തപോലെ കരിയാപ്പള്ളികോട്ടയും ൨൦൦- വലിയതോക്കുകളും മററും പലയുദ്ധസാമാനങ്ങളും അവർക്കു കൈവശപ്പെട്ടു. ഈ അത്യാഹിതത്തിലും ആയിക്കോട്ടയിൽതാമസിച്ചിരുന്ന ഇംഗ്ലീഷ് സൈന്യവും സഹായത്തിനായി കൎണ്ണൽ ഹാർട്ടിലിയുടെ വരുതിയിൽ ബാംബയിൽനിന്നും അയക്കപ്പെട്ടിരുന്ന ഒരു യൂറോപ്യൻപട്ടാളവും ൨ ഏതദ്ദേശീയപട്ടാളവും കാഴ്ചക്കാരായി സ്ഥിതിചെയ്തേയുള്ളു. ടിപ്പു, തിരുവിതാംകൂർ അതൃത്തിയിൽ പ്രവേശിക്കുന്നസമയം ഇംഗ്ലീഷ് സേനാനായകനു തിരുവിതാംകൂർസൈന്യത്തിനു സഹായിക്കാൻ ഗവൎമ്മേൻറിൽനിന്നും ഉത്തരവുകിട്ടി എന്നാകിലും ഹാജരുള്ള സൈന്യം സുൽത്താനെ എതൃക്കുന്നതിനു മതിയാകയില്ലെന്നു വിചാരിച്ചാകുന്നു അയാൾ അടങ്ങിപാർത്തതു.

സസൈന്യനായി പറവൂരിൽ താമസിച്ചിരുന്ന ദിവാ
ൻ കേശവപിള്ളയും സുൽത്താന്റെ വലിയസൈന്യം കണ്ടു
തിരിച്ചുപോന്നു

സുൽത്താൻ തന്നെ വിരോധിക്കാൻ ആരുമില്ലെന്നു
കണ്ടു ആ ദേശങ്ങളിൽ വളരെ അനീതികൾ ചെയ്തു. പ്ര
ഥമമായി കോട്ടയെ തട്ടിനിരത്തി. അനന്തരം ആയാളുടെ
സൈന്യം അനേകം ഗ്രാമങ്ങളെ തീവെക്കുകയും ആളുകളെ
കൊല്ലുകയും തടവുകാരായിപിടിക്കയും ക്ഷേത്രങ്ങളെ അശു
ദ്ധിയാക്കുകയും അവിടങ്ങളിൽ ഉണ്ടായിരുന്ന റിക്കാർഡുകളെ
നശിപ്പിക്കയും മററും ബോധിച്ചതുപോലെ ഓരോന്നു പ്രവൃ
ത്തിച്ചുതുടങ്ങി. ആലങ്ങാടു, പറവൂർ ഈ രണ്ടുമണ്ഡപത്തും
വാതിലുകളും ഈ അക്രമപ്രവൃത്തിക്കു പാത്രമായിഭവിച്ചു. സു
ൽത്താൻ, തെക്കോട്ടുവരുന്നതിനായി സൈന്യസമേതം ആ
ലുവായിൽ എത്തി. ഈ സംസ്ഥാനത്തിന്റെ ഭാഗ്യവശാൽ
വർഷകാലം ആരംഭിക്കയും ആലുവാപ്പുഴ കരമറിഞ്ഞു പായുക
യും ചെയ്തു. ആപ്രദേശത്തു അനേകം ആറുകളും തോടുകളും
ഉള്ളതുകൊണ്ടും പാടങ്ങളെല്ലാം മുങ്ങിക്കിടന്നതുകൊണ്ടും ടി
പ്പുവിന്റെ സൈന്യത്തിനും സഞ്ചാരം പ്രയാസമായിത്തീർന്നു.
അവർ ജലപ്രവാഹത്തെകണ്ടു അതിശയിക്കയും തങ്ങളുടെ
അവസ്ഥയെക്കുറിച്ചു ശോചിക്കയുംചെയ്തു. പട്ടാളങ്ങൾക്കു
കേറിക്കിടക്കാൻ ഉണങ്ങിയസ്ഥലം ദുർല്ലഭമായിതീർന്നു. വെടി
മരുന്നുകളും ഉടുപ്പുകളും നനഞ്ഞുപോയി. ഭക്ഷണസാധന
ങ്ങളെ ഒഴുക്കുകൊണ്ടുപോയി. ആ സമയത്തു സുൽത്താന്റെ
യും സൈന്യങ്ങളുടെയും കഷ്ടാവസ്ഥ അവർണ്ണനീയമാകുന്നു. എ
ങ്കിലും ടിപ്പു തന്റെ പ്രവൃത്തികളെക്കുറിച്ചു അനുതപി
ച്ചിട്ടുണ്ടെങ്കിൽ അതു ഇപ്പോഴായിരുന്നു. ഈ കഷ്ടതകളോടുകൂടി
വസൂരി വിഷൂചിക മുതലായ സാംക്രാമിക രോഗങ്ങളും
പിടിപെട്ടു. കള്ളന്മാരും കൊള്ളക്കാരും അവരുടെ ഉപദ്രവ
ങ്ങളെയും ആരംഭിച്ചു. കിംബഹുനാ നാനാപ്രകാരേണ ആ
യാളുടെസൈന്യങ്ങൾ മിക്കതും നശിച്ചു.

ദിവാൻകേശവപിള്ള പറവൂരിൽനിന്നും വരുന്നവഴി അവിടെയുള്ള കോട്ടകൊത്തളങ്ങളെ നന്നാക്കിക്കയും കഴിയുന്നതും സൈന്യം ശേഖരിക്കുന്നതിനു ഓരൊ ജീവനക്കാരെ ചുമതലപ്പെടുത്തുകയും ചെയ്തശേഷം തിരുവനന്തപുരത്തെത്തി. മഹാരാജാവ് ദിവാനെക്കണ്ടുകൂടുമ്പോൾ വളരെ ഹീനസ്വരത്തിൽ "നമുക്കുള്ളതെല്ലാംപോയി. ഒരം അത്യാപത്തിൽനിന്നും ദൈവംരക്ഷിക്കട്ടെ. ടിപ്പുവിനെ നിരോധിക്കുന്നതു അസാദ്ധ്യമാണ്- നാം ഇംഗ്ലീഷ്കാരെ വിശ്വസിച്ചതിൻെറ ഫലം ഒരം വിധമാണു. നമ്മുടെരാജ്യത്തെ സുൽത്താൻ ആക്രമിച്ചതു നമ്മുടെ കാലദോഷത്താലാകുന്നു" എന്നു കല്പിച്ചു.

ദിവാൻ കേശവപിള്ള ഇതുകേട്ടു വളരെ വ്യസനിച്ചു എങ്കിലും ബംഗാൾ ഗവമ്മേൻറിൽനിന്നും ഒരം സംഗതിയെപ്പററി ഗൌരവമായി ആലോചിക്കുന്നുഎന്നും ടിപ്പുവുമായി താമസിയാതെ യുദ്ധമുണ്ടാകുമെന്നു തനിക്കു തൻെറ സ്നേഹിതന്മാരിൽനിന്നും വിശ്വാസയോഗ്യമായ അറിവു കിട്ടിയിരിക്കുന്നു എന്നും വഷാധിക്യത്താൽ ടിപ്പുവിൻെറ തെക്കോട്ടുള്ള യാത്ര തടസ്ഥപ്പെട്ടിരിക്കുന്നു എന്നും മററുംപറഞ്ഞു മഹാരാജാവിനെ ആശ്വസിപ്പിച്ചു.

ദിവാൻെറ വാക്കുകൾകേട്ടു അവിടുന്നു ധൈര്യപ്പെടുകയും ഒരം രാജ്യത്തു ശരണംപ്രാപിച്ചിരുന്ന കുഡുംബങ്ങളുടെ രക്ഷാത്ഥം മേലും വേണ്ടമാറ്റങ്ങൾ ആലോചിക്കുന്നതിനായി കേശവപിള്ളയോടു വടക്കോട്ടു പോകണമെന്നു കല്പിക്കയുംചെയ്തു.

ഈ സമയം കൊച്ചീരാജാവ് സാമിപവത്തിയായ സുൽത്താനെ ഭയപ്പെട്ടു "ടിപ്പു പറവൂരിൽ എത്തി കൊടുങ്ങല്ലൂരിൽ വെടിവച്ചു തുടങ്ങിയിരിക്കുന്നു. ഞാൻ എൻെറ തറവാട്ടിലെ കുഞ്ഞുകുട്ടികളെ നിങ്ങളുടെ പട്ടണത്തിലേക്കു അയക്കുന്നതിനു ഇച്ഛിക്കുന്നു. അവരെ സൂക്ഷിച്ചുകൊള്ളണം

ഞാൻ ഠരംശ-രസാക്ഷിയായിട്ടു അവിടത്തെതന്നെ സ്വാ
ത്മനാ വിശ്വസിക്കുന്നു എന്നൊരു എഴുത്തയച്ചു. കല്പന
പ്രകാരം ദിവാൻജി വടക്കോട്ടുപോയി.

ടിപ്പു ആദ്യം തിരുവിതാംകൂറിനെ ആക്രമിച്ച തോററ
വിവരം ഗവർണ്ണർ ജനറലായ ലാർഡ് കാറൻവാലീസ് അ
റിഞ്ഞു "ഇതിനുമുമ്പിൽതന്നെ ടിപ്പുവുമായി യുദ്ധംആരംഭിച്ചി
രിക്കുമെല്ലോ. അതിൽ ജയംപ്രാപിക്കുന്നതിനുള്ള ഏർപ്പാടുക
ൾ ചെയ്യുവരുന്നു എന്നു ൧൭൯൦-ാംവഷം ജനവരിമാ
സം ൨൬-നു- ഒരു എഴുത്തും ഇതുപോലെ അനേകം
എഴുത്തുകളും അയച്ചിരുന്നിട്ടും മിസ്റ്റർ ഹാലൻഡ സ്വാസ്ഥ
നായിരിക്കയാൽ മദ്രാസ് ഗവർണ്ണരുടെ അധികാരംകൂടി താൻ
വഹിക്കണമെന്നു നിശ്ചയിച്ചിരിക്കുന്ന സമയം മിസ്റ്റർ ആ
ർച്ചിബാൾഡ് ക്യാംബെലിനു പകരം മദ്രാസ് ഗവർണ്ണരായി നി
യമിക്കപ്പെട്ട മിസ്റ്റർ മേഡോസ് ഹാജരായി ചാർജ്ജ് എല്ക്കു
യാൽ അതിനു സംഗതിവന്നില്ലാ. മിസ്റ്റർ മേഡോസ്
ജോലിയിൽ പ്രവേശിച്ചുകൂടുമ്പോൾതന്നെ യുദ്ധം ആരംഭി
ച്ചു. ടിപ്പു മദ്രാസ് ഗവർമ്മെൻറിലെ യുദ്ധസന്നാഹങ്ങളെ
അറിഞ്ഞു തനിക്കു ചില ഗൌരവമായ സംഗതികൾ ഗവ
ർമ്മെൻറിനെ ഗ്രഹിപ്പിക്കാനുണ്ടെന്നും അവയെ വിവരമായി
അറിയിക്കുന്നതിനു താൻ മതിയായ ആളിനെ അയക്കാൻ
ഇച്ഛിക്കുന്നു എന്നും എഴുത്തയച്ചതിനു ആ ഗവർണ്ണർ
"ഇംഗ്ലീഷ്കാർ ആരെയും അപമാനിക്കുന്നതിനും, മററുള്ള
വരുടെ അപമാനം സഹിക്കുന്നതിനും, മനസ്സില്ലാത്തവരാ
ണെന്നും അതിനാൽ തങ്ങളുടെ മിത്രമായ തിരുവിതാംകൂർരാ
ജാവിനെ നിങ്ങൾ ആക്രമിച്ചഉടൻതന്നെ നിങ്ങളോടുയുദ്ധം
ആരംഭിച്ചിരിക്കുന്നു" എന്നും മറുപടികൊടുത്തു. ടിപ്പുവുമാ
യി യുദ്ധത്തിനു ഒരുക്കങ്ങൾചെയ്യുവരുന്നു എന്നും അതിനാൽ
സഹായിക്കുന്നതിനായി തിരുവിതാംകൂറിൽ അഭയത്തിനാ
യി വന്നുപാർക്കുന്ന പ്രഭുക്കന്മാരെ ഉത്സാഹിപ്പിക്കണമെന്നും,
മഹാരാജാവിനു അയാൾ എഴുതിഅയച്ചു.

ടിപ്പു ആലുവായിൽ വളരെ കഷ്ടപ്പെട്ടു താമസിക്കുന്ന സമയം ഇംഗ്ലീഷ്കാരുടെ യുദ്ധോദ്യമങ്ങളെ കേട്ടു വളരെ വ്യാകുലമാനസനായി. മേലും വെള്ളപ്പൊക്കത്താൽ പോകുവരത്തിനു വള്ളം അല്ലാതെ മറെറാന്നും ഉപയോഗിക്കാൻ പാടില്ലാതെ ആയിതീൎന്നു എങ്കിലും താൻ പോകേണ്ടതു അത്യാവശ്യമായിരുന്നതിനാൽ തന്റെസൈന്യത്തെ രണ്ടായി ഭാഗിച്ചു ഒന്നു അങ്കമാലി, ചാലക്കുടി ഈ മാൎഗ്ഗമായും, മറെറാന്നു കൊടുങ്ങല്ലൂർ ചാവക്കാടു, ഈ മാൎഗ്ഗമായും പാലക്കാട്ടുശേരിയിൽ എത്തുന്നതിനു ആജ്ഞാപിച്ചു. വഴിയിലുള്ള സങ്കടങ്ങളാലും ദിവാൻ കേശവപിള്ള പിന്നാലെ സൈന്യങ്ങളെകൊണ്ടു ഓട്ടിക്കയാലും സുൽത്താന്റെ സൈന്യങ്ങൾക്കു വളരെ നഷ്ടംഭവിച്ചു തിരുവിതാംകൂർസൈന്യം, ടിപ്പുവുമായുള്ള യുദ്ധത്തിൽ ബ്രിട്ടീഷ്സൈന്യങ്ങളോടൊന്നിച്ചു അയാളുമായുള്ള ശ്രീരംഗപട്ടണത്തിലെ ഉടമ്പടിവരെ സമൎത്ഥന്മാരായ കർണ്ണൽസ്റ്റുവട്ടു മേജർകപ്ലേജ് ലപ്ടനന്റ ചാൾമാർസ് മുതലായസേനാനായകന്മാരുടെവരുതിയിൽ കോയമ്പത്തൂർ പാലക്കാടു ഡിണ്ടിക്കൽമുതലായ സ്ഥലങ്ങളിൽ യുദ്ധംചെയ്തു താമസിക്കയും ആ ഉടമ്പടിസമയം ദിവാൻ കേശവപിള്ള അവിടെക്കൂടി ഉണ്ടായിരിക്കയുംചെയ്തു. ഈ ഉടമ്പടി ൧൭൯൨-ാംവൎഷം മാൎച്ചു മാസത്തിലാണു നടന്നതു.

ടിപ്പുവിന്റെ പരാജയത്തെയും ശ്രീരംഗപട്ടണത്തെ ഉടമ്പടിയേയും കേട്ടതിൽ മഹാരാജാവിനു വളരെ സന്തോഷമുണ്ടായെങ്കിലും ഈ രാജ്യരക്ഷക്കായി കമ്പനിവക രണ്ടു പട്ടാളങ്ങളെ ഇവിടെ താമസിപ്പിച്ചസമയം കമ്പനിക്കാരുമായി ചെയ്തഉടമ്പടിയിൻ ഈ രാജ്യത്തിന്റെരക്ഷക്കു വേണ്ടി എപ്പോഴെങ്കിലും കൂടുതൽസൈന്യം ഉപയോഗിക്കേണ്ടിവന്നാൽ ആവക ചിലവു കമ്പനിക്കാർ സഹിച്ചുകൊള്ളാമെന്നു വ്യക്തമായി അതിൽ കണ്ടിരുന്നിട്ടും, ഇപ്പോൾ ടിപ്പുവുമായി നടന്ന യുദ്ധച്ചിലവിൽ, ഉടമ്പടി വിരുദ്ധമായും

ശക്തിക്ക അധികരിച്ചിരിക്കുന്നതായിട്ടുള്ള ഒരുവലിയതൊഹരി മഹാരാ ജാവു കൊടുക്കണമെന്ന മദ്രാസ് ഗവൎമ്മെന്റിൽനിന്നും നി ൎബ്ബന്ധിക്കയാൽ, മഹാരാജാവു അധികം സന്താപയുക്തനായി ഭവിച്ചു. ഇപ്രകാരം കമ്പനിക്കാർ ചെയ്യുമെന്നു അവിടു ന്ന അശേഷം വിചാരിച്ചിട്ടില്ലാ, എങ്കിലും തൽക്കാലം അതിനെപ്പറ്റി വാദിക്കുന്നതു യുക്തമല്ലെന്ന വിചാരിച്ചു ഒരുവിധത്തിൽ ഏഴലക്ഷംരൂപാ കൊടുത്തു. അപ്പഴത്തെ മദ്രാസ് ഗവൎണ്ണരായ സർചാറത്സ് ഓക്ലി അതുകൊണ്ടു തൃ പ്തനാകാതെ ആണ്ടുതോറും പത്തുലക്ഷം രൂപാപ്രീതം കൊ ടുക്കണമെന്ന ചോദിച്ചു. അതു അധികം ശ്രമമാണെന്നും മററും അയച്ച സമാധാനം സ്വീകരിക്കാതെ ടിപ്പുവുമായുള്ള യുദ്ധം മഹാരാജാവിന്റെ മാനത്തിന്റെയും രാജ്യത്തിന്റെ യും രക്ഷക്കായി ചെയ്യപ്പെട്ടതാണെന്നും അതിൽ കമ്പനി ക്കാരുടെ വക മുതലെടുപ്പിൽ മിക്കഭാഗവും ചിലവായിരിക്ക ന്നതെന്നും മററും ഗവൎണ്ണർ മറുപടിഅയച്ചു. വീണ്ടും മഹാ രാജാവു, ദിവാനോടു ചട്ടംകെട്ടി, വല്ലവിധത്തിലും ഏഴല ക്ഷംരൂപാ കൊടുപ്പിച്ചു. പിന്നെ, യുദ്ധം ആരംഭിച്ച നാൾമുതൽ ശരിയായി ആണ്ടൊന്നിനു പത്തുലക്ഷംരൂപാവീ തം അതിന്റെ അവസാനകാലംവരെ കൊടുക്കണമെന്നു ആ ഗവൎണ്ണർ എഴുതിഅയച്ചു. ആസമയം മഹാരാജാവിന്നു ണ്ടായവ്യസനം അപരിച്ഛേദ്യമാകുന്നു എന്നുള്ളതു അവിടു ന്ന ആസ്ഥിതിയിൽ, സ്ഥലത്തു ഹാജരില്ലാതിരുന്ന ദിവാന്നു എഴുതിഅയച്ചതിലെ "ആറിനാൽനിസ്സഹായിയാക്കപ്പെടുന്നതാണു യുദ്ധചിലവു കൊടുക്കുന്നതിനു ഞാൻ ഒരുവിധത്തിലും ബാ ദ്ധ്യപ്പെട്ടവനല്ല. എന്നിട്ടും കമ്പനിക്കാർ പണത്തിനായി എന്നെ ഞെരുക്കുന്നു. ഞാൻ കടംമേടിച്ചു ൧൩. ലക്ഷം രൂപാ കൊടുത്തിരിക്കുന്നു. ഇനിയും അവർ പണം ചോദി ക്കുന്നു. എന്റെ മുൻഗഡുക്കളാ വീട്ടാതെ കിടക്കുന്നു. ഞാ ൻ ചെയ്യരുതാത്തതിനെയുംചെയ്തു പണംഉണ്ടാക്കി. ഇതി നാമ്പിൽ ഇങ്ങനെ ഒരു മനഃക്ലേശവും കഷ്ടതയും എനി

ക ഉണ്ടായിട്ടില്ലാ. കമ്പനിക്കാർ സ്നേഹത്തെക്കാൾ പ ണത്തെ അധികം ഇച്ഛിക്കുന്നു'' ദിവാൻ കേശവപിള്ള വന്നുകൂടുമ്പോൾ, അയാളുടെ ആലോചനപ്രകാരം, ഇവിട ത്തെസ്ഥിതികളേയും മദ്രാസ് ഗവമ്മേൻറിലെ ഉപദ്രവത്തെ യുംപററി ഗവർണ്ണർ ജനറൽക്ക എഴുതിഅയച്ചു. അദ്ദേഹം നല്ലപോലെആലോചിച്ചു മദ്രാസ് ഗവമ്മേൻറിൻെറ നി ബന്ധത്തിൽനിന്നും മഹാരാജാവിനെ വിടുവിച്ചു.

അനന്തരം മലബാറിൽനിന്നും സ്വദേശങ്ങൾ വിട്ടു പോന്നിട്ടുള്ള രാജാക്കന്മാരെയും പ്രഭുക്കളേയും യഥാപൂവം അവരവരുടെദേശങ്ങളിൽ വാഴിക്കുന്നതിനു മദ്രാസ് ഗവ മ്മേൻറിൽനിന്നും മഹാരാജാവിനെ ചുമതലപ്പെടുത്തി. ഇ തു മഹാരാജാവിനു വളരെ ബഹുമാനമാണെന്നു വരികിലും അധികം ശ്രമമായ ഒരു ജോലിയായിരുന്നു. കല്പിച്ചു അവ രെല്ലാവരെയും തിരുമുമ്പിൽവരുത്തി വേണ്ടുന്ന ഗുണദോ ഷങ്ങൾ ഉപദേശിച്ചു സ്വദേശങ്ങളിൽപോകുന്നതിനു ആ ജ്ഞാപിച്ചു. അവർ തമ്മിൽ ഛിദ്രങ്ങൾ ഉണ്ടാകാതെ സൂ ക്ഷിക്കുന്നതിനും ദേശങ്ങളെ അവരവക്കു കൈവശപ്പെടുത്തി കൊടുത്തു വേണ്ടുന്ന ഏപ്പാടുകൾ ചെയ്യുന്നതിനുമായി ദി വാൻ കേശവപിള്ളയെ സൈന്യത്തോടു പാലക്കാട്ടുശേരിക്കു അയച്ചു. കേശവപിള്ള കല്പനപ്രകാരം ശരിയായിനടത്തി ച്ചു. അവരിൽ ഓരോരുത്തരും ശക്ത്യാനുസാരേണ ബ്രി ട്ടീഷിലേയും തിരുവിതാംകൂറിലേയും സൈന്യങ്ങളുടെ ആ ഹാരാത്ഥം ക്രമമായി നെല്ലുകൊടുക്കുന്നതിനും ഏപ്പാടുചെ യ്യുമടങ്ങിപ്പോന്നു. ടിപ്പുവിൻെറ ആക്രമകാലത്തു തിരുവി താംകൂറിൽ ശരണംപ്രാപിച്ചവരുടെ പേരുവിവരം.

i സാമൂതിരി ii ചിറക്കൽ iii വടക്കൻ കോട്ടയം iv കറമ്പനാടു v വെട്ടത്തുനാടു vi ബയിപ്പൂർ vii താന്നിയൂർ viii പാലക്കാടു ഒരം രാജാക്കന്മാരും i കവളപ്പാറ ii കരി

ങ്ങോടു iii ചാവക്കാടു iv ഇത്തട v ഇടത്തട ഈ പ്രഭുക്കളും
ആകുന്നു.

ടിപ്പുവിന്റെ ആക്രമത്താൽ വളരെ കഴപ്പമായിരുന്ന
ആദേശങ്ങളെ കേശവപിള്ള ഒരു സംവത്സരംകൊണ്ടു പൂ
വ്വസ്ഥിതിയിലാക്കി. മഹാരാജാവിന്റെ ഔദാൎയ്യം, ദയ, നീ
റി, സത്യം ഈ ഗുണങ്ങളെ സ്വാനുഭവംകൊണ്ടു അറിഞ്ഞി
ട്ടുള്ള മേല്പറഞ്ഞ രാജാക്കന്മാരും പ്രഭുക്കളും ഈ ഏല്പാട്ടി
നാൽ ആനന്ദഭരിതരായിരുന്നു. ഇവരിൽ എഴുപതുവയസ്സു
പ്രായമുള്ള സാമൂതിരിമാത്രം ഇവിടെ താമസിക്കയാൽ, ക
ല്പനപ്രകാരം കേശവപിള്ള യുവരാജാവായ കൃഷ്ണരാജാ
വിനെ കാൎയ്യവിചാരത്തിനു നിയമിച്ചു. ഈ രാജാവു
ഏല്പാട്ടിൻപ്രകാരം നെല്ലുകൊടുക്കാത്തതിനെപ്പററി ദിവാൻ
ഗവൎണ്ണൎക്കു റിപ്പോൎട്ടു ചെയ്തു. അതിനു ഗവൎണ്ണർ മ
ലബാറിലെ സകല രാജാക്കന്മാരും മഹാരാജാവിന്റെ വ
രുതിയെ അനുസരിക്കണമെന്നും കൃഷ്ണരാജ്, ദിവാന്റെ വരു
തിയിലും ഉപദേശമനുസരിച്ചും നടക്കണമെന്നും മറുമ
മറുപടിഅയച്ചു. ഇതിനുമുമ്പുംതന്നെ കവളപ്പാറ പ്രഭുവി
ന്റെ സംഗതിയിൽ കൊച്ചീരാജാവു, ദിവാന്റെതിൎച്ചക്കു വി
രോധമായി, ആ പ്രഭു തന്റെ ആധീനനായിരുന്നു എന്നുവാ
ദിച്ചവാദവും ഗവൎണ്ണരാൽ ദുൎബ്ബലപ്പെടുത്തപ്പെട്ടു.

ടിപ്പു ശ്രീരംഗപട്ടണത്തിലെ ഉടമ്പടിപ്രകാരം കമ്പ
നിക്കായി വിട്ടുകൊടുത്ത ദേശവിവരപട്ടികയിൽ മഹാരാജാ
വിന്റെ വകയായ കുന്നത്തുനാടു, ആലങ്ങാടു, പറവൂർ ഈ
മണ്ഡപത്തുംവാതുക്കലുകളെ ചേൎത്തിരുന്നു. അതിനെപ്പററി
ദിവാൻ തൎക്കിക്കയാൽ ഗവൎമ്മേന്റിൽനിന്നും കമിഷണൎമ്മു
ഖാന്തരം വിചാരണകഴിപ്പിച്ചു. അതിൽ ടിപ്പുവിന്റെ അ
പകാരം ന്യായരഹിതം എന്നു തീൎച്ചപ്പെട്ടു. അനന്തരം
കൊച്ചീരാജാവു മേല്പറഞ്ഞസ്ഥലങ്ങൾ തനിക്കുള്ളതാണെ
ന്നു താഴെവിവരിക്കുന്ന കാരണങ്ങൾ പറഞ്ഞു വാദിച്ചു.

i സാമൂതിരി അപഹരിച്ചിട്ടുള്ള ദേശങ്ങളിൽ ഏതാനംഭാഗം
മാത്രം വീണ്ടെടുക്കാൻ തന്റെ അമ്മാവന്മാരെ മഹാരാജാവു
സഹായിച്ചിട്ടുണ്ടെന്നും ii നാ--താല്പൎയം കൊടുക്കാമെന്നു
പറഞ്ഞിട്ടുള്ളതിനു വേണ്ടെടത്തോളം സഹായിച്ചിട്ടില്ലെ
ന്നും iii അന്നാൾമുതൽ അവയെ വിട്ടുതരണമെന്നു ആണ്ടു
തോറും ചോദിക്കാറുണ്ടെന്നും iv മഹാരാജാവു പലപ്രാവശ്യ
വും തരാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മറവും ആയിരുന്നു.
കമിഷണർകളായ മിസ്റ്റർ ഫെള്ളും, മിസ്റ്റർബോഡാമും, തെ
ളിവിനു നിർബന്ധിച്ചപ്പോൾ കൊച്ചിരാജാവു വ്യസനിച്ചു അ
ന്യായം പിൻവലിച്ചു. ഇവരുടെ റിപ്പോൎട്ട് അനുസരിച്ചു ആ
സ്ഥലങ്ങൾ മഹാരാജാവിനുള്ളതാണെന്നു ഗവൎണ്ണർ ജന
റലാൽ വ്യവസ്ഥചെയ്യപ്പെട്ടു.

ഈ മഹാരാജാവിന്റെ രാജ്യഭാരകാലത്തിൽ മിക്കഭാ
ഗവും ഘോരതരങ്ങളായ യുദ്ധങ്ങളാൽ വ്യാപൃതമായിരുന്നു എ
ങ്കിലും അതിനിടയിൽ രാജ്യത്തിന്റെ ക്ഷേമത്തിനും പ്രജക
ളുടെ ഗുണത്തിനുംആയി അനേകം കാൎയ്യങ്ങൾ ചെയ്യപ്പെ
ട്ടു. ദിവാൻ കേശവപിള്ളക്കു കച്ചവടത്തിൽ അധികം താ
ല്പൎയ്യം ഉണ്ടായിരിക്കയാലും രാജ്യത്തിന്റെ വൎദ്ധനക്കു അതു
വളരെ ഉപയോഗം ഉള്ളതിനാലും ദിവാൻ കന്യാകുമാരിമു
തൽ വടക്കോട്ടുള്ള സകല തുറമുഖങ്ങളേയും ഓരോന്നായി
ചെന്നുനോക്കി അതാതിന്റെസ്ഥിതിക്കു തക്കവണ്ണം നന്നാ
ക്കിക്കയും കെട്ടിടങ്ങൾ കെട്ടിക്കയുംചെയ്തു. അവയിൽ വന്യ
മൃഗങ്ങളുടെ നിവാസഭൂമിയായിരുന്ന ആലപ്പുഴ കപ്പലുകൾ
വന്നടുക്കുന്നതിനുംമറവും വളരെ അനുകൂലമായ സ്ഥലമെ
ന്നുകാണുകയാൽ രണ്ടുമാസത്തിനകം അതിൽഉണ്ടായിരു
ന്ന കാടുകളെയുംമറവും വെട്ടിത്തെളിച്ചു ഒരു പണ്ടകശാല
യും അനേകം കടകളും കെട്ടിച്ചു. ഏതദ്ദേശികന്മാരായപ
ലകച്ചവടക്കാരെയും ബംബെയിൽ ഉണ്ടായിരുന്ന തന്റെ
സ്നേഹിതന്മാർമുഖാന്തരം, കച്ചു, സിൻഡ, മുതലായദേശങ്ങ
ളിൽനിന്നും ഗൃഹസ്ഥന്മാരായ ചില കച്ചവടക്കാരെയും

വരുത്തിപാൎപ്പിച്ചതുകൂടാതെ, അവിടെ ഒരുക്ഷേത്രവും, കൊട്ടാരവും കച്ചേരികളും പണികഴിപ്പിച്ചു. പരദേശത്തുനിന്നു കച്ചവടക്കാരായ ബ്രാഹ്മണരെയും വരുത്തി താമസിപ്പിച്ചു. പണ്ടകശാലയിൽ ഒരു വിചാരിപ്പുകാരനെ നിയമിച്ചു കച്ചവടംവക ചരക്കുകളെ മലയിൽനിന്നും ശേഖരിച്ചു പണ്ടകശാലയിൽകൊണ്ടു എല്പിക്കുന്നതിനുവേണ്ട ഏൎപ്പാടുചെയ്തു. മലയാററൂർ മുതലായവനങ്ങളിൽ ഉണ്ടാകുന്ന തടികളെ മാത്തുത്തരകൻ എന്നൊരു കച്ചവടക്കാരനെ കുത്തകയായി എല്പിക്കയും അവൻ അവയെ ആലപ്പുഴയിൽ ശേഖരിച്ചു അവിടെവച്ചു വിൽക്കുകയും ചെയ്തുവന്നു. വനങ്ങളിൽ അനേകം വിചാരിപ്പുകാരന്മാരെ ഓരോസ്ഥലങ്ങളിലായി താമസിപ്പിച്ചു, ഏലം, തേൻമെഴുക, തേൻ,ദന്തം, മുതലായ മലംചരക്കുകളെ സൂക്ഷിച്ചു ശേഖരിപ്പിച്ചു. ഇതാകുന്നു ഇപ്പോഴത്തെ സഞ്ചാരം ഡിപ്പാൎട്ട്മെൻറിൻെറ ആദ്യമായ ഉത്ഭവം സൎക്കാരിൽനിന്നും മൂന്നുകപ്പലുകൾ തീൎപ്പിച്ചു കുത്തകചരക്കുകളെ ബംബാ, കൽക്കത്താ, മുതലായ സ്ഥലങ്ങളിലേക്കു അയച്ചുകൊടുത്തു. ഈവ്യാപാരത്തിൽ നല്ലലാഭംകിട്ടിവന്നു വള്ളങ്ങളുടെ പോക്കുവരത്തിനായി അനേകം തോടുകൾ വെട്ടിച്ചു. തിരുവനന്തപുരത്തുനിന്നും കിഴക്കോട്ടുള്ളറോഡിൻെറ വിസ്താരം കൂടുതൽചെയ്തു. ചാലയിൽ കടകൾകെട്ടിച്ചു കച്ചവടം ഏൎപ്പെടുത്തി. കിള്ളിയാററിലും കരമനയാററിലും കല്ലുകൊണ്ടു പാലംകെട്ടിച്ചു. കോട്ടാററിൽ അനേകം നെയ്ത്തുകാരെവരുത്തി പാൎപ്പിച്ചു ആ സ്ഥലത്തേയും പ്രബലപ്പെടുത്തി. നാഞ്ചനാട്ടിൽ അനേകംകൃഷിമരാമത്തു വേലനടത്തിച്ചു. തിരുവനന്തപുരത്തിലെ ക്ഷേത്രം അററകുററം തീൎപ്പിക്കയും ധ്വജസ്തംഭത്തിനു സ്വൎണ്ണംപൂശിക്കയും ഇന്ദ്രവാഹനവും കുലശേഖരമണ്ഡപവുംപണികഴിപ്പിക്കയുംചെയ്തു. ൯൩൧-ൽ ആദ്യമായി പത്മനാഭപുരത്തു കമ്മട്ടം ഏൎപ്പെടുത്തി. അനന്തരായൻപണം, അനന്തവരാഹൻ, ചിന്നപ്പണം, മുതലായ സ്വൎണ്ണനാണയങ്ങളും അതുകൂടാതെ ചക്രവും അടിപ്പിച്ചു.

മുതലെടുപ്പിന്റെ വൎദ്ധനക്കായി നിലവരിഏൎപ്പെടുത്തി. ൟ വിധമായ ഏൎപ്പാടുകളാൽ സൎക്കാൎക്കടത്തിനെ മിക്കതും കൊടുത്തുതീൎത്തു. പുത്തനായി കോട്ടകളും കൊട്ടാരങ്ങളും പലസ്ഥലങ്ങളിലുംകെട്ടിച്ചു. ഇംഗ്ലീഷ്കാർ വളരെസ്നേഹമായിരിക്കയാൽ,ടിപ്പുവുമായുള്ള യുദ്ധംകഴിഞ്ഞ ശേഷം, ഇവിടെതാമസിച്ചിരുന്ന കമ്പനിവക രണ്ടുപട്ടാളങ്ങളെയും തിരികെ അയച്ചുകളയാമെന്ന മഹാരാജാവു വിചാരിച്ചിരുന്നു. എന്നാൽ ൟ അഭിപ്രായത്തെ ഗവൎമ്മേന്റിൽ ധരിപ്പിച്ചതിൽ സർ ചാറൽ സ്കാക്കി കമ്പനിക്കാരുടെ സൈന്യം ഇതര രാജാക്കന്മാരുടെ രക്ഷക്കും ഉപയോഗിക്കപ്പെട്ടതിനാൽ അവരും യുദ്ധച്ചിലവിൽ ഒരുഭാഗം കൊടുക്കണമെന്നും മഹാരാജാവിന്റെ അപേക്ഷപ്രകാരം മുൻ ൟസംസ്ഥാനത്ത് പാൎപ്പിക്കപ്പെട്ടിട്ടുള്ള കമ്പനിവക സൈന്യം മേലും ആവശ്യപ്പെടുമ്പോൾ മഹാരാജാവിന്റെ രക്ഷക്കായി സഹായിക്കുന്നതിനു സന്നദ്ധന്മാരായിരിക്കുമെന്നുള്ള ഉറപ്പിന്മേൽ അവരുടെ ചിലവിനു കൊടുക്കുന്നതിൽ മഹാരാജാവിനു മനസ്സായിരിക്കുമെന്നുള്ളതിനെ ഞാൻ സംശയിക്കുന്നില്ലാ. അങ്ങനെ കൊടുക്കുന്നതിനു ൧൭൯൭-ാംവൎഷത്തിൽ നടന്ന ഉടമ്പടിയിൽ സമ്മതിച്ചിട്ടുള്ള പ്രകാരം ആണ്ടുതോറും ൪൫ ൨൫൯൭- ൧/൨ വരാഹനായി കൊടുത്താൽ മതിയെന്നും എഴുതിഅയച്ചു. എറൾആഫ് മാൎണ്ണിങ്ങ്ടൻ ഗവൎണ്ണർജനറലായി വന്നശേഷം ആപ്രഭു, മഹാരാജാവിനും ദിവാൻജിക്കും അത്യന്തമിത്രമായി ഭവിച്ചു. ൟ വിഷയത്തെപ്പറ്റി അദ്ദേഹവുമായി പല എഴുത്തുകുത്തുകൾ നടന്നതിന്റെശേഷം മലയാളവൎഷം ൯൭൦-ക്കു ഇംഗ്ലീഷ് വൎഷം ൧൭൯൫-ൽ ഒരു നൂതന ഉടമ്പടി എഴുതിവന്നു. അതിൽ ഒൻപത്തുവകുപ്പുകൾ ഉണ്ടായിരുന്നു. i ടിപ്പുവിനാൽ വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളവയും നിസ്സംശയമായി മഹാരാജാവിന്റെ വകയുമായ, തിരുവിതാംകോട്ട മൂന്നുമണ്ഡപത്തുംവാതിലുകളെ കുറിച്ചുള്ള സകലാവകാശങ്ങളേയും കമ്പനിക്കാർ ഉപേക്ഷിച്ചിരിക്കുന്നു എന്നും ii ദൂരസ്ഥന്മാരൊ സമീപ സ്ഥന്മ

രൊ പരദേശീയന്മാരൊ ഏതദ്ദേശീയന്മാരൊ ആയ ഏതെ
ങ്കിലും രാജാക്കന്മാർ ജലമാൎഗ്ഗമായൊ സ്ഥലമാൎഗ്ഗമായൊ
യാതൊരു വിരോധകാരണവും കൂടാതെ, തിരുവിതാംകോട്ടെ
ഇപ്പഴത്തെ രാജാവിന്റെയൊ, അവിടത്തെ പിൽക്കാലം രാജ്യാ
ധിപതികളായിതീരുന്ന രാജാക്കന്മാരുടേയൊ, നേരെ യുദ്ധ
ത്തിന്നു ഉദ്യോഗിക്കയൊ, ആരംഭിക്കയൊ, ചെയ്താൽ ഒരംഉടമ്പ
ടിപ്രകാരം ആശത്രുക്കളെ കമ്പനിക്കാര് നിഷ്കാസനംചെ
യ്ത് രാജ്യത്തെ രക്ഷിച്ചുകൊള്ളും എന്നുമായിരുന്നു. iii ഒരം
നിയമപ്രകാരം മഹാരാജാവു താനും തന്റെ പിൽക്കാലം
രാജ്യാധിപതികളായിതീരുന്ന രാജാക്കന്മാരും കലഹസമയ
ത്തിലും സമാധാന സമയത്തിലും കമ്പനിവക മൂന്നു
പട്ടാളങ്ങളുടെ ചിലവിന്നു വേണ്ടുന്ന പണം കൊടുത്തു
കൊള്ളാമെന്നും സമ്മതിച്ചു iv മേൽപ്പറഞ്ഞ പട്ടാള
ങ്ങളും രാജാവിന്റെ സ്വന്തസൈന്യങ്ങളും എപ്പോളെങ്കി
ലും ബലവത്തരമായ ശത്രുസൈന്യത്തെ നിരോധിച്ചു രാജ്യ
ത്തെ രക്ഷിക്കുന്നതിന്നു അസമൎത്ഥങ്ങളായി തീൎന്നാൽ ആ
സന്ദൎഭങ്ങളിൽ കമ്പനിക്കാര് കൂടുതലായി അയക്കേണ്ടുന്ന
സൈന്യങ്ങളുടെ ചിലവ് കയ്യും അവർതന്നെ സഹിക്കേ
ണ്ടതാണെന്നും, അങ്ങനെ കൂടുതലായി സേനകളെ അയച്ചു
സഹായിക്കുന്നതിന്നു അവർ യാതൊരു വിരോധവും പറക
യില്ലെന്നും, അവയുടെചിലവിനെ രാജാവിന്റെയൊ അവിട
ത്തെ പിൽക്കാലത്തെ രാജാക്കന്മാരുടെയൊ പേരിൽ കെട്ടി
ചാരേണയും ചുമത്തുകയില്ലെന്നും, മേൽ കലഹങ്ങൾ ഉണ്ടാ
യാൽ അതുനിമിത്തം രാജാവിന്റെയൊ അവിടത്തെ പിൽ
ക്കാലത്തെ രാജാക്കന്മാരുടെയൊ അടുക്കൽനിന്നും കൂടുതലാ
യി ദ്രവ്യസഹായത്തെ യാതൊരിക്കലും അപേക്ഷിക്കയില്ലെന്നും ആ
യിരുന്നു. v മഹാരാജാവു ഇൻഡ്യയിലൊ യൂറോപ്പിലൊ
ഉള്ള യാതൊരു രാജ്യങ്ങളിലും അക്രമങ്ങൾ ചെയ്യാതെയിരി
ക്കണമെന്നായിരുന്നു. അതിൽ ഇപ്രകാരവും പറഞ്ഞിരു
ന്നു. രാജാവിനൊ അവിടത്തെ പിൽക്കാലത്തെ രാജാക്ക

ന്മാൎക്കൊ രാജ്യസംബന്ധമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടായെങ്കിൽ അവയെ ബഹുമാനപ്പെട്ട കമ്പനിക്കാരുടെ ഗവൎമ്മേൻറിൽ ഗ്രഹിപ്പിക്കേണ്ടതാകുന്നു. അവർ അവയെക്കേട്ടു ന്യായവും അന്യോന്യസമ്മതവും അനുസരിച്ച് തീൎച്ചചെയ്യുന്നതാകുന്നു. vi അപ്പോൾ രാജ്യഭാരം ചെയ്യുന്നു രാജാവു ഗ്രേറു ബ്രിട്ടനുമായിട്ടൊ ഈസ്തിൻഡ്യാകമ്പനിക്കാരുമായിട്ടൊ യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്ന ജാതിക്കാരിൽ യാതൊരുത്തരേയും തന്റെ രാജ്യത്തിൽ യാതൊരു ഉദ്യോഗത്തിലും ആക്കുകയൊ, അല്ലെങ്കിൽ കച്ചവടത്തിനായിട്ടൊ മറ്റുവല്ല കാൎയ്യമായിട്ടൊ തന്റെനാട്ടിൽ താമസിക്കുന്നതിന്നു സമ്മതിക്കയൊ ചെയ്യരുതു. സമാധാന സമയത്തും യുദ്ധസമയത്തും ഒരിക്കലും യൂറോപ്യ ജാതിക്കാരിൽ യാതൊരുത്തൎക്കും തന്റെ രാജ്യത്തിൽ തന്റെകീഴായി ദേശങ്ങളും മറ്റും വിട്ടുകൊടുക്കരുതു. ഇൻഡ്യാ ഗവൎമ്മേൻറിന്റെ അനുവാദം മുമ്പിൽതന്നെ വാങ്ങിക്കാതെ യൂറോപ്പിലൊ, ഇൻഡ്യയിലൊ ഉള്ള യാതൊരു രാജ്യവുമായിട്ട് നൂതനമായി യാതൊരു ഏൎപ്പാടുകളും ചെയ്യരുതു. vii കമ്പനിക്കാര് യുദ്ധത്തിൽ തിരുവിതാംകോട്ടെ പട്ടാളങ്ങളുടെസഹായത്തെ അപേക്ഷിച്ചാൽ അപ്പോൾ രാജ്യഭാരംചെയ്യുന്ന രാജാവ് തന്റെ നാട്ടുകാരായ നായന്മാരെ ഒഴിച്ചു തന്റെ പദാതി സൈന്യത്തിൽ നിന്നും അശ്വസൈന്യങ്ങളിൽനിന്നും തന്നാൽ കഴിയുന്നേടത്തോളം ആളുകളെ അയച്ചു സഹായിക്കേണ്ടതാണ്. ഇങ്ങനെ സഹായത്തിനായി രാജാവു അയക്കുന്ന ആളുകൾ അവിടത്തെ രാജ്യത്തിന്റെ ക്ഷേമത്തിന്നു ഭംഗം ഉണ്ടാകാത്ത വിധത്തിൽ ഇൻഡ്യയുടെ ഉഭയപാൎശ്വങ്ങളിൽ മധുരവരെയും കോഴിക്കോട്ടുവരെയും അയക്കപ്പെടുകയും അപ്പോൾ അവൎക്കുള്ള ചിലവു കമ്പനിക്കാരുതന്നെ കൊടുത്തു അവരെ തങ്ങളുടെ വരുതിയിൽതന്നെ വച്ചുകൊള്ളുകയും ചെയ്യുന്നതാകുന്നു. viii ഇതു കമ്പനിക്കാൎക്കു നല്ലമുളക കൊടുക്കേണ്ട

തിനെപ്പററിയുള്ള ഒരു ഉടമ്പടിയെ സംബന്ധിച്ചായിരുന്നു. IX കമ്പനിക്കാരും തിരുവിതാംകോട്ടെ ഗവമ്മേൻറിൻെറ ചട്ടങ്ങളെയൊ രാജ്യഭാരരീതിയേയൊ യാതൊരു പ്രകാരേണ യും വിരോധിക്കുന്നതല്ലെന്നും, രാജാവിൻേറയും അവിടത്തെ പിൻകാലത്തെ രാജാക്കന്മാരുടെയൊ രാജ്യഭാരസംബന്ധമാ യ യാതൊരു കാൎയ്യത്തിലും പ്രവേശിക്കയൊ തങ്ങൾതന്നെ എന്തെങ്കിലും നടത്തുകയൊ ചെയ്കയില്ലെന്നും ആയിരുന്നു.

ഈ നൂതന ഉടമ്പടിയാൽ തിരുവിതാംകോട്ടേക്കു വി ശേഷമായി യാതൊരു ഗുണവും സിദ്ധിച്ചില്ല. ഇംഗ്ലീഷ്കാ ൎക്കു കൊടുക്കാനുള്ള കപ്പത്തിൽ ഏകദേശം രണ്ടുലക്ഷത്തിനാ ല്പതിനായിരം രൂപായോളം കൂടുതൽ ഉണ്ടായി. ഒരം ഉടമ്പ ടി ബഹുമാനപ്പെട്ട ഡയറക്ടറന്മാരാൽ ൧൮൦൭-ാംവൎഷം സ്വീ കരിക്കപ്പെട്ടു.

ഇതിനിടക്കു ഡച്ചുകാർ ഇംഗ്ലീഷ്കാരാൽ ജയിക്കപ്പെട്ട കയാൽ തിരുവിതാംകൂറുമായുള്ള അവരുടെ സംബന്ധം അ വസാനിക്കയും അവരുടെ വകയായ തങ്കശ്ശേരി മുതലായ സ്ഥലങ്ങൾ കമ്പനിക്കാരുടെ അധീനമാകുകയും ചെയ്തു. ഉ ടമ്പടിയലെ നിബന്ധന അനുസരിച്ചു ഇംഗ്ലീഷ്കാർ അല്ലാ തെ ഇതര യൂറോപ്യന്മാർ ക്രമംകൊണ്ടു സൎവീസിൽനിന്നും നീക്കപ്പെട്ടു. ദിവാൻെറ യോഗ്യതകളെയും യുദ്ധസമയത്തി ൽചെയ്തിട്ടുള്ള ഓരോകാൎയ്യങ്ങളെയുംപററി മഹാരാജാവു വള രെസന്തോഷിച്ചു കുറെവസ്തുക്കൾ ഇനാമായി കൊടുത്തതിനു കല്പിച്ചു തനിക്കു വേണ്ടുന്നതെല്ലാം അതിനു മുമ്പിൽതന്നെ തന്നിട്ടുണ്ടെന്നും അത്ര വളരെവസ്തു തനിക്കു ആവശ്യമില്ലെ ന്നും എത്രയും വിനയത്തോടു കേശവപിള്ള അറിയിച്ചു ഒരം ദിവാൻ തൻെറ ഉദ്യോഗകാലത്തു ചിലവിനു ആവശ്യപ്പെടുന്നപണം ഖജനാവിൽനിന്നും മേടിക്കയും ചിലവുനിക്കി ശേഷിപ്പുള്ളതിനെ തിരിയെ അവിടെ ഏ

ധപ്പിക്കയും ചെയ്യുവന്നതല്ലാതെ മാസംതോറും ശമ്പളമായി യാതൊന്നും പററീട്ടില്ലാ. ഒരു ദിവാൻെറ സ്വകാൎയ്യതല്പരതാവിഹീനതയെ ഒരു വിഷയത്തിൽ നിന്നുമാത്രം ഗ്രഹിക്കാവുന്നതാണ്. ദിവാൻ കേശവപിള്ളയുടെ യോഗ്യതകളേയും വിശ്വാസത്തേയും അഭിനന്ദിച്ച ഗവൎണ്ണർജനറലായ ലാർഡ് മാർണിങ്ടൻ "രാജാകേശവദാസ്" എന്ന പേർകൊടുത്തു. ജനങ്ങൾ ഇന്നും കേശവപിള്ളയെ വലിയ ദിവാൻജി എന്നു വിളിച്ചുവരുന്നു.

കമ്പനിക്കാർ മഹാരാജാവിനെ തങ്ങളുടെ ഇൻഡ്യയിലുള്ള മിത്രങ്ങളിൽവച്ചു പ്രഥമമായി ഗണിച്ചിരുന്നു. നബാബും അതുപോലെ അവിടത്തെ വിചാരിച്ചിരുന്നു. "മന്നെസുൽത്താൻ മഹാരാജാ രാജാ രാമരാജാ ബഹദൂർ ഷംഷെർ ജംഗ്" എന്ന സ്ഥാനപേർ നബാബിനാൽ കൊടുക്കപ്പെട്ടു. അതിനെ ഇവിടത്തെ മഹാരാജാക്കന്മാർ ഇപ്പഴും ഉപയോഗിച്ചുവരുന്നു.

"ശ്രീപത്മനാഭ ദാസവഞ്ചി ബാലരാമവൎമ്മ കുലശേഖര കിരീടപതി മന്നെസുൽത്താൻ മഹാരാജ് രാജരാമരാജാ ബഹദൂർ ഷംഷർ ജംഗ്" എന്ന ഒരു അഭിധാനം ഈ രാജാവിനാൽ ആദ്യം ഏൎപ്പെടുത്തപ്പെട്ടു. അവിടത്തെ അനന്തരാവകാശിയും ഇന്ദ്രജാലം മുതലായവിദ്യകളിൽ നിപുണനുമായ സഹോദരൻ ൯൭൧-ൽ നാടുനീങ്ങി. മഹാരാജാവിൻെറ മറെറാരുസഹോദരനും, വിദ്വാന്മാരിൽ അഗ്രേസരനുമായ അശ്വതിതിരുനാൾ രാമവൎമ്മരാജാവു ൯൬൩-ൽ നവ ൦മത്തെവയസ്സിൽ അപ്രാപ്തകാലമായ മരണത്തെ പ്രാപിച്ചു. അനന്തരം രാജ്യാവകാശിയായി ആറുവയസ്സു പ്രായമുള്ള ഒരു രാജകുമാരൻ മാത്രം ഉണ്ടായിരിക്കയാലും റാണിമാർ പ്രസവിക്കമെന്നു വിചാരിപ്പാൻ സംഗതിയില്ലാതിരിക്കയാലും ൯൭൨-ൽ മാവേലിക്കര രാജകുഡുംബത്തിൽ

നിന്നും രണ്ടു തമ്പുരാട്ടിമാരെ ദത്തെടുത്തു. * അവരിൽ മൂത്തസ്ത്രീ ൯൩൩-ാമാണ്ടു മീനമാസത്തിൽ ആയില്യം നാളിൽ ലക്ഷ്മീറാണിയെ പ്രസവിച്ചു. നാല്പതുവൎഷകാലം രാജ്യഭാരം ചെയ്തശേഷം ൭൩-ാമത്തെ തിരുവയസ്സിൽ ഈ മഹാരാജാവു ൯൭൩-ാമാണ്ടു കുംഭമാസം ൬-ാനു ശിവരാത്രിദിവസം പകൽ ഒരുമണിക്കു പരലോകത്തെ പ്രാപിച്ചു. ആ സമയം സകല ജനങ്ങൾക്കും ഉണ്ടായ വ്യസനം ഇത്രമാത്രമെന്നു വ്യവച്ഛേദിക്കാൻപാടില്ലാ. * അവിടുന്നു പ്രസിദ്ധനായ ഒരു കവിയായിരുന്നു. ആ കാലത്താകുന്നു കേരളത്തിലെ പ്രസിദ്ധകവികളായ കുഞ്ചൻനമ്പിയാർ, ഉണ്ണായിവാരർ മുതലായവർ ജീവിച്ചിരുന്നതു. ഇവരും മററു പല വിദ്വാന്മാരും അവിടുത്തെ ആശ്രയിച്ചു തിരുവനന്തപുരത്തു താമസിച്ചിരുന്നു. മഹാരാജാവിന്റെ സ്മൃതിപ്രോക്തമായ രാജഗുണങ്ങൾ പൂൎണ്ണമായി തികഞ്ഞിരുന്നു. രാജ്യഭാരവും ധൎമ്മശാസ്ത്രാനുസരണമായി ചെയ്തുവന്നു. അവിടുന്നു ൯൬൧-ൽ കീഴ്ജീവനക്കാരുടെ ഉപയോഗത്തിനായി ഒരു ചട്ടവരിയോല ഉണ്ടാക്കി. അതിസ്തുതിയിൽ പ്രിയംഇല്ലാത്ത ഇംഗ്ലീഷ്കാരും അവിടുത്തെ രാജ്യഭാരനീതിയെയും പ്രജാവാത്സല്യത്തെയുംകണ്ടു "ജനങ്ങളുടെപിതാവു" എന്ന പേരു കല്പിച്ചു. യുദ്ധംനിമിത്തം പണം അധികം വേണ്ടിവരികയും ഖജനാവിൽ പണം ഇല്ലാതെതീരുകയും ചെയ്തസമയത്തും മഹാരാജാവു കടംവാങ്ങിച്ചതല്ലാതെ പ്രജകളിൽ ഉപദ്രവകരങ്ങളായ കരങ്ങളെ ഒന്നും ഏൎപ്പെടുത്തിയില്ലാ. അവിടുത്തെ ധൎമ്മതല്പരത ഇന്നും ഇൻഡ്യാമുഴുവനും പ്രസിദ്ധമായ 'ധൎമ്മരാജാവു' എന്നപേരിൽ നിന്നും ഊഹ്യമാകുന്നു. കിം ബഹുനാ അവിടുത്തെ ഗുണങ്ങൾ വാചാമഗോചരങ്ങൾ ആകുന്നു.

---

* പാച്ചുമൂത്തതിന്റെചരിത്രം,ഭാഷാചരിത്രം

## ൮-ാം അദ്ധ്യായം

### ൯൭൪-മുതൽ ൯൮൧-വരെ

### ബാലരാമവൎമ്മ അവിട്ടംതിരുനാൾ

അനന്തരം അവിടത്തെ ഭാഗിനേയനായ ൧൬-തിരുവയസ്സുപ്രായമുള്ള ബാലരാമവൎമ്മ മഹാരാജാവു ആയാണ്ടിൽതന്നെ രാജ്യഭാരം ആരംഭിച്ചു. ഠരം മഹാരാജാവു സുശീലനായിരുന്നു എങ്കിലും അത്രതന്നെ ബുദ്ധിയും വിദ്യയും ഉള്ള ആളായിരുന്നില്ലാ എന്നുള്ളതു അവിടുന്നു ജയന്തൻ ശങ്കരൻ നംപൂതിരി മുതലായ ചില നിരക്ഷരകുക്ഷികളുടെ വശംവദനായിഭവിച്ചിരുന്നു എന്ന സംഗതികൊണ്ടു സ്പഷ്ടമാകുന്നതാണ്. കോഴിക്കോട്ടുകാരനായ ഠ൨ഠ നംപൂതിരി ഏതുവിധേനയോ മഹാരാജാവിനെ തന്റെ സ്വാധീനനാക്കിച്ചെയ്തു. അനന്തരം തനിക്കു ദിവാനുദ്യോഗം കിട്ടണമെന്നുള്ള അതിമോഹം ഹേതുവാൽ ദുരാഗ്രഹിയായ ഠരം നംപൂതിരി തന്റെ ഏഷണിമൂലം യോഗ്യനും ചതുരനുംവിശ്വാസ്ഥനുമായ കേശവദാസ് ദിവാനോടു മഹാരാജാവിനു അപ്രീതിയെ അങ്കുരിപ്പിച്ചു ക്രമംകൊണ്ടു ഉദ്യോഗസംബന്ധമായിപോലും മുഖംകാണിച്ചു വിവരങ്ങൾ അറിയിക്കുന്നതിനു പാടില്ലാത്ത വിധത്തിൽ ആക്കിതീൎത്തു. തന്നിമിത്തം ദിവാനിജിക്കു വ്യസനവും രാജ്യകാൎയ്യങ്ങളുടെ നടപ്പിനു വിഘ്നവും സംഭവിച്ചു. ഈ സമയംനോക്കി ൯൭൪-ൽ ഠരംനംപൂതിരിയുടെ അത്യന്തം ഇഷ്ടനും കൊച്ചിരാജ്യക്കാരനുമായ തോട്ടപ്പെ നംപൂതിരി എന്നൊരുത്തൻ തിരുവനന്തപുരത്തെത്തി കരപ്പുറംദേശം കൊച്ചിരാജാവിനു തിരിച്ചുകൊടുത്തിരിക്കുന്നതായി തന്റെ സ്നേഹിതൻ മുഖാന്തരം ഗൂഢമായി ഒരു നീട്ടെഴുതി തുല്യം

ചാത്തിച്ചു കരസ്ഥമാക്കി ആരും അറിയാതെ യാത്രതിരിച്ചു ഈ കരപ്പുറം ദേശം തിരുവിതാംകോട്ടുകാക്ക ൯൩൭-ൽ കൊച്ചിരാജാവുമായുള്ള ഉടമ്പടിയാൽ കിട്ടീട്ടുള്ളതാകുന്നു.

തോട്ടപ്പെട്ട നമ്പൂരി തിരിച്ചു സ്വല്പകാലം കഴിഞ്ഞുകൂടുമ്പോൾ ഈ വത്തമാനം ദിവാൻ അറിഞ്ഞു ഉടൻ പിന്നാലെ യാത്രതിരിച്ചു. ഭാഗ്യവശാൽ പറവൂർ ഊട്ടുപുരയിൽവച്ച് നമ്പൂരിയെ കണ്ടെത്തി നീട്ടുംവാങ്ങിച്ചു തിരിച്ചുപോന്നു. അദ്ദേഹത്തിന്റെ ഈ പ്രവൃത്തി മഹാരാജാവിനു തീരെ രസിച്ചില്ലാ എന്നുമാത്രമല്ലാ നമ്പൂരിയുടെ വൈരത്തെ വർദ്ധിപ്പിക്കയുംചെയ്തു.

൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിന്റെ തിരുമാസം കഴിഞ്ഞുകൂടുമ്പോൾ ഈ നമ്പൂരി അവിടത്തെ പള്ളിയറവാതിൽ ആഘോഷത്തോടുംവിരുതുകളോടും പട്ടണപ്രവേശമായി വരുന്നതിനെ ദിവാൻകണ്ടു സഹിയാതെ അയാളുടെ ഈ അനുചിതമായ കൃത്യത്തെപ്പററി വളരെ കഠിനമായി ശാസിച്ചു. അതുപ്രകാരം താമസിയാതെ അദ്ദേഹം വേലയിൽ നിന്നുംമാററപ്പെട്ടു. തജ്ജന്യമായ വ്യസനം ഹേതുവാൽ ആയാണ്ടു മേടമാസം ൨൨-നു- അദ്ദേഹം തന്റെ ശയനസ്ഥലത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു.

ഇദ്ദേഹം ഭാര്യപുത്രാദികൾ ആരുംകൂടാതെ ഏകനായി താമസിച്ചിരിക്കയാൽ മരണഹേതു നിശ്ചയിക്കാൻ പാടില്ലാ.

എന്നാൽ ചിലർ നമ്പൂരി ഭൃത്യന്മാരെകൊണ്ടു വിഷം കൊടുപ്പിച്ചു എന്നും മററുചിലർ സ്വയമെ വിഷംസേവിച്ചു എന്നുംപറയുന്നു. എങ്ങിനെ ആയാലും ക്രൂരനായ ടിപ്പുവിന്റെ ആക്രമത്തിൽനിന്നും ഈ രാജ്യത്തെ രക്ഷിച്ചവനും സ്വാമിഭക്തിയുള്ളവനും വിശ്വാസിയും രാജ്യഗുണൈക തല്പ

രനും തദൎത്ഥം സ്വസുഖപരിത്യാഗിയുമായ കേശവദാസ് ദിവാൻ തന്റെ മദ്ധ്യമവയസ്സിൽ അതിഗൎഹിതമായ ഏതാദൃശ മരണത്തെ പ്രാപിച്ചതും അദ്ദേഹത്തിന്റെ അപരക്രിയ സാധാരണമായ ഒരാളിന്റെ എന്നപോലെ നടത്തപ്പെട്ടു എന്നുള്ളതും തുലോം ശോചനീയമാകുന്നു.

തന്റെ ഔന്നത്യപ്രാപ്തിക്കു വിരുദ്ധമായിരുന്ന ദിവാന്റെ മരണാനന്തരം ജയന്തൻ നമ്പൂരി വലിയസൎവ്വാധി ഉദ്യോഗത്തിനു മേടമാസം ൧൨-നു- നീട്ടുമേടിച്ചു. ഈ ഉദ്യോഗസ്ഥന്റെ സ്ഥാനാപതികൾ അയാളെപ്പോലെ വിവേകശൂന്യരും അക്ഷരജ്ഞാനമില്ലാത്തവരുമായ മാത്തൂത്തരകൻ എന്ന ഒരു സിറിയൻ കച്ചവടക്കാരനും വലിയമേലെഴുത്തു സ്ഥാനം വഹിച്ചിരുന്ന തക്കല ശങ്കരനാരായണൻചെട്ടിയും ആയിരുന്നു. ഇവർ മൂന്നാളുകളുംകൂടി ആലോചിച്ചു ദ്രവ്യത്തിനുണ്ടായിരുന്ന ബുദ്ധിമുട്ടിനെ നിവൃത്തിക്കുന്നതിനുവേണ്ടി ജനങ്ങളുടെ പക്കൽനിന്നും അക്രമമായി നിൎബ്ബന്ധിച്ചു പണംവരിയിട്ടു പിരിക്കുന്നതിനു നിശ്ചയിച്ചു അതിലേക്കു വേണ്ടി ചില നിബന്ധനകളുംചെയ്തു.

അവയിൽ മുഖ്യമായതു ഈ സംഘക്കാർ ചോദിക്കുന്ന പണം ഉടൻകൊടുക്കാത്തതിനു തടസ്ഥം പറയുന്നവരെ അവരുടെ യുക്താനുസാരേണ ശിക്ഷിക്കാമെന്നായിരുന്നു. ഈ വിധമായ അധികാരം മഹാരാജാവിനാലും സമ്മതിക്കപ്പെട്ടതു വിസ്മയനീയമാകുന്നു. ഇപ്രകാരമായ അധികാരബലത്തോടുകൂടി അവർ പണം പിരിച്ചുതുടങ്ങുകയും തക്കംപറയുന്നസകലആളുകളേയും താരതമ്യംകൂടാതെ ശിക്ഷിക്കയും ചെയ്തു. ഈവിധം രണ്ടാഴ്ചവട്ടത്തിനകം അവർ അനവധിദ്രവ്യം ശേഖരിച്ചു. അതോടൊന്നിച്ചു ജനങ്ങളുടെസങ്കടവും വൎദ്ധിച്ചു. അദൃഷ്ടപൂൎവ്വമായ ഇവരുടെ ദുഷ്പ്രവൃത്തികൾക്കു യാതൊരു നിവൃത്തിമാൎഗ്ഗവും കാണാതെ ജനങ്ങൾ പരിതപിക്കുന്നസമ

ഴ്ദൈവഗത്യാ അവരുടെഉത്തരവിൻപ്രകാരം ഇരണിയൽമ
ണ്ടപത്തുംവാതുക്കൽ തലക്കുളത്തുകാരനായ വേലുത്തമ്പികാ
ര്യക്കാർ എന്ന ഒരു പഴയ തഹശീൽദാർ സംഘക്കാരുടെമു
മ്പിൽ ഹാജരാക്കപ്പെട്ടു. അയാളോടു അയാളുടെ വീതത്തി
നുള്ള ൩,൦൦൦- രൂപായും തൽക്ഷണം കൊടുക്കാത്തപക്ഷം
മററുള്ളവരെപ്പോലെ അയാളും അവമാനകരമായ അടിശി
ക്ഷക്കു പാത്രീഭവിക്കുമെന്നു ഇവർ പറഞ്ഞുകൂടുമ്പോൾ ധീര
നും തീക്ഷ്ണബുദ്ധിയുള്ളവനുമായ വേലുത്തമ്പി തന്റെ കൈ
വശം തൽക്കാലം പണമില്ലെന്നും അടിശിക്ഷ താൻ അനുഭ
വിക്കേണ്ടതല്ലെന്നും മൂന്നുദിവസത്തെ അനുവാദം കിട്ടുന്നതാ
യാൽ നാഞ്ചിനാട്ടുചെന്നു പണംശേഖരിച്ചു കൊണ്ടുവന്നു
കൊടുത്തുകൊള്ളാമെന്നും മറുപടിപറഞ്ഞു. ഇതുകേട്ടു അയാ
ളുടെ പക്കൽനിന്നും ഒരു വാഗ്ദത്തപത്രം എഴുതിവാങ്ങിച്ചും
കൊണ്ടു നമ്പൂരിയുംമററും സമ്മതിച്ചു വേലുത്തമ്പിയെപ്പ
റഞ്ഞയച്ചു. വേലുത്തമ്പി തൽക്ഷണം നാഞ്ചിനാട്ടിൽചെ
ന്നു ജനങ്ങളെ ശേഖരിച്ചു തന്റെ ഉദ്ദേശ്യങ്ങളെ അവരെ
ധരിപ്പിച്ചതുകൂടാതെ ആലപ്പുഴമുതലായ സ്ഥലങ്ങളിലേക്കും
ദൂതന്മാരെഅയച്ചു. നാഥനില്ലാതെ പരിഭ്രമിച്ചിരുന്ന ജന
ങ്ങൾ സന്തുഷ്ടചിത്തന്മാരായി അയാൾ പറയുന്നതുപോലെ
അനുസരിച്ചു പ്രവൃത്തിക്കാമെന്നും ഏതുവിധേനയും അവ
രെ ഒരു പരമസങ്കടത്തിൽനിന്നും മോചിപ്പിച്ചാൽ മതിയെ
ന്നും പറഞ്ഞു. ഈവിധം തന്റെ തൽക്കാലോചിതയായ
ബുദ്ധികൊണ്ടു വേലുത്തമ്പി അധികശ്രമംകൂടാതെ ഒരുവലി
യ ജനസംഘത്തിലെ പ്രമാണിയായിഭവിച്ചു.

അവധിക്കകം തമ്പി പണവുംകൊണ്ടുവരാതെ ലഹ
ളക്കുവേണ്ട സന്നാഹങ്ങൾ ചെയ്യുന്നുഎന്നു നമ്പൂരി അറി
ഞ്ഞു അയാളെപിടിച്ചു തന്റെമുമ്പാകെ ഹാജരാക്കുന്നതിനു
ഒരുപരസ്യം പ്രസിദ്ധപ്പെടുത്തി.

വേലുത്തമ്പി ഈ വൎത്തമാനം കേട്ടു അനവധി ആളുകളോടുകൂടി ശീഘ്രമായി തിരുവനന്തപുരത്തുഎത്തി. അവിടെ അയാളുടെ സന്ദേശപ്രകാരം വടക്കുനിന്നും വന്നിട്ടുണ്ടായിരുന്നവരും രാജ്യത്തിലെ പട്ടാളക്കാരും ആ സംഘത്തോടുചേൎന്നു. സ്വാമിഭക്തിവേറത്തുവാൽ നംപൂരി സൎവ്വാധികാൎയ്യക്കാരെയും അയാളുടെ സ്നേഹിതന്മാരേയും പിടിക്കുന്നതിനുവേണ്ടി അവർ അക്രമമായി കോട്ടയ്ക്കകത്തുപ്രവേശിച്ചില്ലാ എന്നുവരികിലും ലഹളക്കാരെരുങ്ങി ഒരുവലിയ ജനസംഘം വന്നിരിക്കുന്ന വൎത്തമാനം മഹാരാജാവു അറിഞ്ഞു വളരെ സംഭ്രമത്തോടുകൂടി അവിടുന്നു അവരുടെ ന്യായമായ സകലഅപേക്ഷകളെയും സാധിച്ചുകൊടുക്കുന്നതിനു പൂൎണ്ണമനസ്സോടുകൂടിയിരിക്കുന്നു എന്നുള്ള വിവരം ചില ഉദ്യോഗസ്ഥന്മാർ മുഖാന്തരം അവരെ ഗ്രഹിപ്പിച്ചുകൂടുമ്പോൾ അതിലെ പ്രമാണിയായ വേലുത്തമ്പി അങ്ങനെ ഒരു സംഘം കൂടുന്നതിലേക്കുള്ള കാരണങ്ങളേയും ജനങ്ങളുടെ അപേക്ഷകളേയും വിവരമായി പറഞ്ഞയച്ചു.

i നംപൂരി വലിയ സൎവ്വാധികാൎയ്യക്കാരെ തൽക്ഷണം വേലയിൽനിന്നു പിടുത്തി നാടുകടത്തണമെന്നും.

ii അയാളെ തിരിച്ചു സ്വരാജ്യത്തിൽ വരുത്തുന്നതല്ലെന്നു മഹാരാജാവു ഒരുവാഗ്ദത്തപത്രം എഴുതികൊടുക്കണമെന്നും.

iii മാത്തുത്തരകൻ ശംകരനാരായണൻചെട്ടി ഇവരെ പരസ്യമായി മുക്കാലിയിൽ കെട്ടിഅടിച്ചു അവരുടെ കൎണ്ണച്ഛേദം ചെയ്യണമെന്നും.

iv ഉപ്പുകരം മുതലായ അനേകം ജനോപദ്രവകര

ങ്ങളായ കരങ്ങളെ നിറുത്തൽചെയ്യണമെന്നും ആയിരുന്നു അവരുടെ അപേക്ഷ.

ഈ അപേക്ഷപ്രകാരം നടത്തുന്നതിനു മഹാരാജാവിനു നല്ലസമ്മതമില്ലായിരുന്നു എങ്കിലും സംഭ്രാന്തമാനസരായ സ്വപ്രജകളെ ആശ്വസിപ്പിക്കുന്നതിനു തൽക്കാലം വേറെ മാൎഗ്ഗങ്ങൾ ഒന്നും കാണായ്കയാൽ അവിടുന്നു അതിനെ അനുസരിച്ചു.

൯൮൪-ാമാണ്ടു മിഥുനമാസം ൩-ാം- സൎവ്വാധികാൎയ്യക്കാരായ നമ്പൂതിരിയേയും അയാളുടെസഹായക്കാരേയും വേലയിൽനിന്നുംമാററി. എന്നാൽ വേലുത്തമ്പി അതുകൊണ്ടു തൃപ്തനാകാതെ വേലവിരോധംചെയ്യപ്പെട്ട ആ ജീവനക്കാരെ അവരുടെ താരതമ്യംപോലെ ശിക്ഷിക്കുന്നതിനായി സംഘക്കാരെ ഏല്പിക്കണമെന്നു അപേക്ഷിച്ചു. അതിന്മണ്ണം അവർ ഏല്പിക്കപ്പെടുകയാൽ ആ സംഘത്തിലെ പ്രമാണികൾ കൂടി പഞ്ചായത്തായി അവരെ വിസ്തരിച്ചു നമ്പൂരി സൎവ്വാധികാൎയ്യക്കാരെ അപമാനിച്ചു നാടുകടത്തുന്നതിനും ശങ്കരനാരായണൻചെട്ടി മാത്തുത്തരകൻ ഇവരെ ചെവിയരുത്തു തടവിൽ പാൎപ്പിക്കുന്നതിനും വിധിച്ചു ശിക്ഷയും തൽക്ഷണം നടത്തിച്ചു. ശങ്കരനാരായണൻചെട്ടിയെ ഉദയഗിരികോട്ടയിലും മാത്തുത്തരകനെ തിരുവനന്തപുരത്തും ബന്ധനത്തിൽ ആക്കി.

അനന്തരം സംഘം പിരികയും അതിലെ പ്രമാണികളായ ചിറയിൻകീഴ് അയ്യപ്പൻചെമ്പകരാമനും വേലുത്തമ്പിയും മററുചിലരുമായി മുഖംകാണിച്ചു കല്പനയനുസരിച്ചു നടത്തിക്കുന്നതിനു അവർ ജാഗ്രൂകന്മാരായിരിക്കുന്നു എന്നു അറിയിച്ചതിനു പുറമെ രാജ്യഭാരത്തിനു ത്രാണിമാന്മാരായ ചില ഉദ്യോഗസ്ഥന്മാരെ നൂതനമായി നിയമിക്ക

ണമെന്നും സൂചിപ്പിച്ചു. അവരുടെ അഭിപ്രായപ്രകാരം മഹാരാജാവു അയ്യപ്പൻചെമ്പകരാമൻപിള്ളയെ വലിയസർവാധി ഉദ്യോഗത്തിനും വേലുത്തമ്പിയെ മുളകുമടിശ്ശീല സർവാധിക്കാർ നിയമിച്ചതുകൂടാതെ വേറെ ചില ആളുകളെയും ഓരോ കീഴ്ജീവനങ്ങളിൽ യോഗ്യതാനുസാരേണ നിയമിച്ചു.

ഈ അയ്യപ്പൻചെമ്പകരാമൻ സമൎത്ഥനും രാജ്യതന്ത്രത്തിൽ പരിചയംഉള്ളവനും ആയിരുന്നതിനാൽ തന്റെ ഉദ്യോഗകാലമായ ൧൭-മാസത്തിനകം ദുർബുദ്ധിയായ നമ്പൂരി സർവാധികാൎയ്യക്കാരുടെകാലത്തു ഉത്ഭവിച്ചതായ അനേക ദോഷങ്ങളെ നിവാരണംചെയ്കയും മഹാരാജാവിന്റെ സേവകന്മാരായി സ്വകാൎയ്യതല്പരതഇല്ലാത്തവരും ബുദ്ധിമാന്മാരുമായ ചില ആളുകളെ ഏൎപ്പെടുത്തുകയും ചെയ്തു വളരെ കീൎത്തിസമ്പാദിച്ചു. അനന്തരം പാറയിശ്ശാല പത്മനാഭൻ ചെമ്പകരാമൻപിള്ള എന്നൊരാൾ എട്ടുമാസക്കാലം ആ ഉദ്യോഗംഭരിച്ചു എന്നല്ലാതെ അയാൾ ആവേലക്കുതീരെഅസമൎത്ഥനായിരുന്നതിനാൽ താമസിയാതെ വേലവിടുത്തപ്പെട്ടു. വേലുത്തമ്പി വളരെക്കാലമായി താൻ ആഗ്രഹിച്ചിരുന്ന ആ ഉദ്യോഗം ഒഴിവുവന്നുകൂടുമ്പോൾ യേനകേനപ്രകാരേണ അതിനെ കരസ്ഥമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിലേക്കുവേണ്ട യത്നങ്ങൾ ചെയ്തുതുടങ്ങി.

തദൎത്ഥം കൊട്ടാരത്തിൽ പ്രമാണികളും മഹാരാജാവിന്റെ ഇഷ്ടന്മാരുമായ സംപ്രതികുഞ്ഞുനീലൻപിള്ള വലിയമേലെഴുത്തു മുത്തുപ്പിള്ള സ്ഥാനാപതി സുബ്ബയ്യൻ മുതലായ ആളുകളെ സ്വാധീനപ്പെടുത്തുകയാൽ അവരും അയാൾക്കു അനുകൂലികളായി ഭവിച്ചു. എന്നാൽ ആ ജീവനത്തിനു ന്യായമായ അവകാശികളും കാൎയ്യപ്രാപ്തിയുള്ളവരും ആയ

രണ്ടുഉദ്യോഗസ്ഥന്മാർ തന്റെ ഉന്നതപ്രാപ്തിക്കു പ്രതിബ
ന്ധകമായി വന്നേക്കാമെന്നുകരുതി വേലുത്തമ്പി അവരു
ടെ ബാദ്ധ്യതകളെ ഇല്ലായ്മചെയ്യണമെന്നു നിശ്ചയിച്ചു.

അവരിൽ ഒന്ന് കേശവദാസ് ദിവാന്റെ കനിഷ്ഠ
സഹോദരനും സേനാനായകനുമായ തമ്പിചെമ്പകരാമ
ൻ കുമാരനും മററൊന്നു അദ്ദേഹത്തിന്റെ ഭാഗിനേയനും
പേഷ്കാരുമായ തമ്പി ചെമ്പകരാമൻ ഇരയിമ്മനും
ആയിരുന്നു.

ഇവൎക്കു മാതുലനായ ദിവാൻമുഖാന്തരം മദ്രാസ്, ബാം
ബെ ഈ സ്ഥലങ്ങളിൽ അനേകം ഇംഗ്ലീഷ്കാർ പരിച
യവും അവരുമായി എഴുത്തുകുത്തുകളും ഉണ്ടായിരുന്നു.

ഈ സത്യസ്ഥിതി നല്ലപോലെ മനസ്സിലായിരുന്നിട്ടും
സ്വകാര്യനിർവഹണത്തെ മാത്രം നിരൂപിച്ചു വേലുത്തമ്പി
നാടുനീങ്ങിയ മഹാരാജാവിന്റെ അറിവും സമ്മതവും കൂടാ
തെ അനവധി ദ്രവ്യം ദിവാൻ കേശവദാസ് തന്റെ അധി
കാരകാലത്തിൽ സർക്കാർഖജനാവിൽനിന്നും അപഹരിച്ചിരി
ക്കുന്നതായി ഒരു വ്യാജകണക്കു കുഞ്ഞുനീലൻപിള്ളയെക്കൊ
ണ്ടു നിൎമ്മിപ്പിച്ചു ആവക മുതൽ അദ്ദേഹത്തിന്റെ അവകാ
ശികളും നിരപരാധികളും ആയ ഇവരെക്കൊണ്ടു ഈടാക്കി
ക്കണമെന്നും ഏൎപ്പാടുചെയ്യിച്ചു. അവർ അതിലേക്കു ത
ൎക്കിച്ചു എന്നുമാത്രമല്ലാ സ്വരക്ഷക്കായി ഈ വിവരങ്ങളെ
പ്പററി തങ്ങളുടെ സ്നേഹിതന്മാരായ ചില ധ്വരമാൎക്കു എ
ഴുത്തുകളും അയച്ചിരുന്നു.

കുഞ്ഞുനീലൻപിള്ള ഈ വൎത്തമാനം അറിഞ്ഞു രാജ്യ
ത്തിനെ അന്യാധീനപ്പെടുത്തുവാൻ അവർ ശ്രമിക്കുന്നുഎന്നാം
അതിലേക്കു വിശ്വാസയോഗ്യമായ ചില പ്രമാണങ്ങൾ കി

ട്ടിട്ടുണ്ടെന്നും മററും മഹാരാജാവിനെ തെററായി ധരിപ്പിക്കയും അവർ മദ്രാസ് ഗവൎണ്ണൎക്കും കൎണ്ണാട്ടിക്ക് നബാബിനും ഇതിനെസംബന്ധിച്ചു എഴുതീട്ടുള്ളതായി ചില കൃത്രിമ എഴുത്തുകളെ രേഖയായി ബോധപ്പെടുത്തുകയും ചെയ്തു.

ഭീരുവും ശുദ്ധനുമായ മഹാരാജാവു ഇതിനെവിശ്വസിച്ചു വ്യാകുലമാനസനായി വേലുത്തമ്പി ഇതിലേക്കു കാരണഭൂതൻ എന്നുള്ള പരമാൎത്ഥം അറിയാതെ അയാളുമായി ആലോചിക്കയാൽ തമ്പി സ്വകാൎയ്യസാദ്ധ്യത്തിനായി അവിടത്തെ സംശയത്തെ സ്ഥിരപ്പെടുത്തി. അതുകാരണം കുമാരൻതമ്പിയുടെയും ഇരയിമ്മൻതമ്പിയുടെയും പത്മനാഭപിള്ള നീലൻപിള്ള എന്ന വേറെ രണ്ടു ആളുകളുടെയും മേൽ രാജദ്രോഹകുററം ചുമത്തപ്പെട്ടു.

ഈപ്രകാരംവലിയസൎവ്വാധിഉദ്യോഗത്തിനു ന്യായാവകാശികളായ രണ്ടുപേരെയും കുററക്കാരാക്കി തീൎക്കയാൽ വേലുത്തമ്പിക്കു ചിരകാംക്ഷിതമായ ആ ഉദ്യോഗം ൯൭൫-ൽ ലഭിച്ചു. അദ്ദേഹം ദിവാൻ കേശവദാസിനെപ്പോലെ ആലപ്പുഴകച്ചേരിയിട്ടു താമസിച്ചു. സൎവ്വാധികാൎയ്യക്കാരായ തമ്പി വടക്കെപ്പൊയ ഉടൻ മരണശിക്ഷക്കുള്ള നീട്ടു തുല്യംചാൎത്തിച്ചു കുമാരൻതമ്പിയെയും ഇരയിമ്മൻതമ്പിയെയും ഒരു രാത്രി കടപ്പുറത്തു കൊണ്ടുചെന്നു വളരെ ഹിംസിച്ചുകൊന്നു. പിറേറദിവസം നഗരവാസികളും മററും ഈ കഠിനകൃത്യം അറിഞ്ഞുകോപാന്ധന്മാരായി കലഹത്തിനു ഒരുങ്ങുന്നു എന്നവൎത്തമാനം സംപ്രതിപിള്ള മുതലായവൎക്ക അറിവുകിട്ടുകയാൽ അവർ ജനങ്ങളോടു സേനാനായകന്റെയും പെഷ്കാരിന്റെയുംമേൽ ചുമത്തപ്പെട്ട കുററം വാസ്തവമാണെന്നും കല്പനയനുസരിച്ചു മേൽപ്രകാരം പ്രവൃത്തിച്ചതാണെന്നും പറഞ്ഞു സമാധാനപ്പെടുത്തി.

അവരോടൊന്നിച്ചു തടവിൽ പാൎപ്പിക്കപ്പെട്ടിരുന്ന പത്മനാഭപിള്ളയെയും നീലകണ്ഠപിള്ളയെയും വടക്കെ കൊണ്ടുപോകുന്നവഴി നീലകണ്ഠപിള്ള അഞ്ചുതെങ്ങഴിയിൽചാടി അപമാനകരമായ മരണത്തിൽനിന്നും രക്ഷപ്പെടുകയും പത്മനാഭപിള്ള മാവേലിക്കരെ കൊണ്ടുചെന്നവധിക്കപ്പെടുകയും ചെയ്തു.

൯൭൭-ൽ വേലുത്തമ്പി ദളവായായി നിയമിക്കപ്പെട്ടു. ഈ ദളവാ അസാമാന്യ ബുദ്ധിശക്തിയും കായബലവും മനോധൈൎയ്യവും സന്മാൎഗ്ഗതല്പരതയും രാജ്യഭക്തിയും ഉള്ളവനായിരുന്നു. ഇയാളുടെ പ്രഥമമായ ഉദ്ദേശ്യം കേശവദാസ് ദിവാന്റെ കാലാനന്തരം വളരെ മിശ്രമായി ഭവിച്ചിരുന്ന രാജ്യകാൎയ്യങ്ങളെ പരിഷ്കരിക്കണമെന്നായിരുന്നു. ഇതിലേക്കായി റവന്യൂ സിവിൽ ജുഡിഷ്യൽ മുതലായ സകല അധികാരങ്ങളെയും താൻതന്നെ നടത്തുകയും കഠിനതരങ്ങളായ ശിക്ഷകളെ ഏൎപ്പെടുത്തുകയും ചെയ്തു് സ്വല്പകാലംകൊണ്ടു സ്വാതന്ത്ര്യമായി അനീതിപ്രവൃത്തിച്ചുവന്ന ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങളെയും കളവ് കവൎച്ച മുതലായ ജനോപദ്രവങ്ങളേയും നാമശേഷമാക്കിതീൎത്തു. ശിക്ഷാക്രമങ്ങളെ വിസ്തരിച്ചുപറയുന്നതു വായനക്കാൎക്കു വിരസമായി ഭവിക്കുമെന്നുകരുതി അവയുടെ സ്വഭാവത്തേയും ദളവായുടെ നിൎദ്ദാക്ഷിണ്യതയെയും കാണിക്കുന്നതിനായിമാത്രം ഒരു ദൃഷ്ടാന്തം താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

ഒരിക്കൽ ഒരം ദളവാ തന്റെ സമീപവാസിയായ ഒരു ചാന്നാന്റെ പക്കൽനിന്നും സ്വസംബന്ധത്തിൽ ഒരുത്തൻ ഒററിവാങ്ങി അനുഭവിച്ചുവന്നിരുന്ന ഒരു പുരയിടത്തിനെ തനിക്കു ദളവാഉദ്യോഗംകിട്ടിയശേഷം സ്വമാതാവിന്റെ ശിപാൎശയിന്മേൽ അവൻ പേരുമാറി പതിപ്പിക്കയും ആ വിവരം ചാന്നാൻ തന്നെ അറിയിച്ചുകൂടുമ്പോൾ മാതാവിനോടു

അവളുടെ പക്കൽനിന്നും ൟ വിധം തനിക്കു അപകീൎത്തികരമായ ഒരു പ്രവൃത്തി ഉണ്ടാകുമെന്നു താൻ ഒരിക്കലും വിചാരിച്ചിട്ടില്ലായിരുന്നു എന്നു ദ്വേഷ്യത്തോടു പറകയും അവളുടെ മുമ്പിൽവച്ചു അപ്രകാരം നടത്തിക്കൊടുത്ത അധികാരത്തിൽ പിള്ളയുടെ വിരലുകളെ ഉളികൊണ്ടു ഛേദിപ്പിക്കയും അയാളെ ജീവനത്തിൽനിന്നും മാററുകയുംചെയ്തു. * ആ ആണ്ടു മേടമാസത്തിൽ ഉത്രട്ടാതിനാളിൽ ആററിങ്ങൽ മൂത്തതമ്പുരാട്ടി പാൎവതിറാണിയെ പ്രസവിച്ചു.

ഓരോ ഡിപ്പാൎട്ടുമെൻറിൽനിന്നും ചില ജീവനക്കാരോടുംകൂടി ൟ ദളവാ സദാ സൎക്കീട്ടായി സഞ്ചരിച്ചിരുന്നു. ഇദ്ദേഹം ആവലാധി കിട്ടുന്ന സ്ഥലത്തുവച്ചു തന്നെ തീൎപ്പു പറകയും ശിക്ഷനടത്തിക്കയുംചെയ്തുവന്നിരുന്നു. വേലുത്തമ്പിയുടെ ഏതാദൃശമായ കഠിനപ്രവൃത്തികൾകൊണ്ടു സകല സൎക്കാർ ജീവനക്കാരും അദ്ദേഹത്തിൻെറ ഉന്നതിപ്രാപ്തിക്കു സഹായികളായിരുന്ന സമ്പ്രതിപ്പിള്ള മുതലായവരുംമുഷിഞ്ഞു ദളവാ ആലപ്പുഴെ താമസിച്ചിരുന്നസമയം ൯൭൮-ൽ രണ്ടു നീട്ടുകൾ എഴുതി മഹാരാജാവിനെക്കൊണ്ടു തുല്യംചാൎത്തിച്ചു. അവയിൽ ഒന്നു ദളവായെ ഉടൻപിടിച്ചുവധിക്കുന്നതിനും മറെറാന്നു നീലകണ്ഠൻ ചെമ്പകരാമൻ എന്ന ആളിനെ ആ വേലക്കു നിയമിച്ചും ആയിരുന്നു. എന്നാൽ ൟ ഉദ്യോഗസ്ഥൻ ൯൭൫-ൽ കൎണ്ണൽ മക്കാളി റസിഡണ്ടായി വന്ന നാൾമുതൽ സകല മുഖ്യകാൎയ്യങ്ങളിലും അയാളുമായി ആലോചിച്ചു വന്നിരുന്നതുകൂടാതെയും റസിഡൻഡിൻെറ കാൎയ്യസ്ഥനായി കൊട്ടാരത്തിൽ നിയമിക്കപ്പെട്ടിരുന്ന രാമലിംഗമുതലിയാരുടെ സഖ്യവും സമ്പാദിച്ചിരുന്നു. അതു ൟ സന്ദൎഭത്തിൽ വളരെ ഉപയുക്തമായി ഭവിച്ചു.

എങ്ങനെയെന്നാൽ തൻെറ പ്രാണഹാനിക്കായി

---

* ചാച്ചുമൂത്താരിൻെറ ചരിത്രം

ണ്ടായിട്ടുള്ള നീട്ടിൻെറവത്തമാനം അറിഞ്ഞു വേലുത്തമ്പി
കൊച്ചിയിൽ താമസിച്ചിരുന്ന മിസ്റ്റർ മക്കാളിയുടെ ഉപദേ
ശപ്രകാരം മഹാരാജാവിനെക്കണ്ടു മുഖദാവിൽ വിവരങ്ങൾ
അറിയിക്കുന്നതിനായി തിരുവനന്തപുരത്തുഎത്തി. തിരുമന
സ്സുകൊണ്ടു സമയംകൊടുക്കാത്തതിനാൽ ആ വിവരത്തി
നു അയാൾക്ക എഴുതിഅയച്ച എഴുത്തിൽ കുഞ്ഞുനിലൻപി
ള്ള മുത്തുപിള്ള മുതലായി ആറുപേരുകൾ ആയിരുന്നു സേ
നാനായകനായിരുന്ന കുമാരൻ തമ്പിയുടെയും പേഷ്കാരായി
രുന്ന ഇരയിമ്മൻതമ്പിയുടെയും വധത്തിനു കാരണഭൂതന്മാ
രെന്നും പ്രസ്താവിച്ചിരുന്നു.

൧൮൧൦-ൽ മിസ്റ്റർമക്കാളി റസിഡൻറായി വന്നുകൂ
ടുമ്പോൾതന്നെ കേശവദാസ് ദിവാൻെറ മരണം സംബ
ന്ധിച്ച് കുഞ്ഞുനിലൻപിള്ള മുതലായവരെ വിസ്തരിച്ച എ
ന്നാവരികിലും തെളിവില്ലായ്കയാൽ വിട്ടയച്ചിരുന്നു. അവർ
വീണ്ടും അക്രമങ്ങൾ പ്രവൃത്തിച്ച എന്നറികയാൽ ഉടൻ
തിരുവനന്തപുരത്തു എത്തി ദളവായുടെ എഴുത്തിൻപ്രകാര
മുള്ള ആറുപേരെയും പിടിച്ച വിചാരണകഴിച്ച കേസ് പൂ
ത്തിയാകാതെ അവരെ പലസ്ഥലങ്ങളിലായി തടവിൽപാ
ർപ്പിച്ചിരുന്നു. എന്നാൽ അവരിൽ മേജർചെമ്പകരാമൻ
പിള്ള പത്മനാഭപിള്ള സർവ്വാധി ചെമ്പകരാമൻപിള്ള
എന്ന മൂന്നാളുകളും ഒഴിച്ച മറ്റെല്ലാവരും തടവിൽകിട
ന്നു മരിച്ചു.

ഇതു തമ്പിക്ക സന്തോഷകരമായിരുന്നു എങ്കിലും അ
വരുടെ സ്നേഹിതന്മാർ മഹാരാജാവിനോടു റസിഡൻറു അ
ട്ടത്തപോലെ അവിടത്തെ അധികാരത്തെ അപഹരിക്കുമെ
ന്നുംമററും ഓരോന്ന പറഞ്ഞുധരിപ്പിച്ചു.

സേവകന്മാരുടെ ഒരം വാക്കിനെ വിശ്വസിച്ച മഹാ

രാജാവ് മിസ്റ്റർ മക്കാളി വളരെ അനീതികൾ പ്രവൃത്തിക്കുന്നു എന്നും അതിനാൽ അയാളെമാററി പകരം ഒരാളെ നിയമിച്ചുതരണമെന്നും ഇൻഡ്യാഗവൎമ്മേൻറിലേക്കു എഴുതിഅയച്ചതനുസരിച്ചു അപ്പോഴത്തെ ഗവൎണ്ണർജനറലായ മാൎക്കീസ് വെല്ലസ്ലി റസിഡൻറിനെ കൽക്കത്തായിൽവരുത്തി വിവരങ്ങൾചോദിച്ചു മനസ്സിലാക്കിയശേഷം അയാളെത്തന്നെ തിരിച്ചു അയച്ചുതുകൂടാതെ മിസ്റ്റർ മക്കാളി വളരെ യോഗ്യനാകയാൽ മഹാരാജാവിൻെറ ഹിതംപോലെ നടക്കുമെന്നും തനിക്കും മഹാരാജാവിനും യാതൊരു രസക്ഷയവും ഇല്ലെന്നു അയാൾ തന്നോടു പറഞ്ഞിരിക്കുന്നു എന്നും സമൎത്ഥനായ വേലുത്തമ്പിയെ ദിവാൻവേലയിൽ നിയമിച്ചതു ഗവൎമ്മേൻറിനു വളരെ തൃപ്തികരമായിരിക്കുന്നു എന്നും ഇവിടത്തേക്കു നേരിട്ടു എഴുതും വേലുത്തമ്പിക്കു സമ്മാനിക്കുന്നതിനായി ചില സാമാനങ്ങളും നീരാളഉടുപ്പുകളുംമററും റസിഡൻറിൻെറ പാൎശ്വമായിട്ടും അയച്ചു.

ഈമലയാ രാജ്യത്തിലുള്ള നിലംപുരയിടങ്ങളെ ൯൭൩-ൽ ആദ്യമായി കണ്ടെഴുതിച്ചു നവീനമായി ആയക്കെട്ടുണ്ടാക്കിക്കയും കരപ്പിരിവിനുള്ള മാൎഗ്ഗങ്ങളേയും തത്സംബന്ധമായകണക്കുകളെയും പരിഷ്കരിക്കുകയുംചെയ്തു മുതലെടുപ്പിനെവൎദ്ധിപ്പിക്കയും ചെയ്തതുകൂടാതെ കുടിയാനവൻമാൎക്കു പുതിയ പട്ടാക്കൾ കൊടുക്കയുംചെയ്തു. തനിക്കു കച്ചവടത്തിലുള്ള താല്പൎയ്യം ഹേതുവാൽ ആ ഡിപ്പാൎട്ടുമെൻറിനെ ഒരു നല്ലസ്ഥിതിയിലാക്കി. ഗവൎമ്മേൻറവക മുതലിനെ സൎക്കാർ ഉദ്യോഗസ്ഥന്മാർ അപഹരിക്കാതെ ആവകപ്പണം അപ്പോഴപ്പോൾ സൎക്കാർ ഖജനാവിൽ വന്നു ചേരുന്നതിനുവേണ്ട മാൎഗ്ഗങ്ങളെ വ്യവസ്ഥചെയ്തു.

ഈവിധം മുതലെടുപ്പു അധികരിക്കയാൽ സൎക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ ഉണ്ടായിരുന്ന കുടിശ്ശികകളെ

യും ഗവൎമ്മെൻറവക ഋണത്തിനേയും കൊടുത്തുതീൎത്തു. കൊല്ലത്തു കടകൾകെട്ടിച്ചു പരദേശത്തുനിന്നു കച്ചവടക്കാരെ വരുത്തിപാൎപ്പിച്ചു അവിടെ കച്ചേരികളും കൊട്ടാരവും ക്ഷേത്രങ്ങളും പണികഴിപ്പിച്ചു ആ സ്ഥലത്തേയും ആലപ്പുഴപോലെ പ്രബലപ്പെടുത്തി. ആലപ്പുഴെ കച്ചവടവൎദ്ധനക്കായി അവിടുന്നു പലസ്ഥലങ്ങളിലേക്കും റോഡുകൾവെട്ടിച്ചു. ചങ്ങനാശേരി, മാഞ്ഞാലി, തളിയോലൻപറമ്പു, മുതലായ സ്ഥലങ്ങളിൽ ചന്തകൾ ഏൎപ്പെടുത്തി. കാടായിക്കിടന്ന പാതിരാമണൽ എന്നദ്വീപിനെ വെട്ടിത്തിരുത്തി ഏതാനുംസ്ഥലം പുരയിടമാക്കി തെങ്ങുവപ്പിയും കുറെസ്ഥലം നിലമാക്കുകയും ചെയ്തതുകൂടാതെ അവിടെ ഒരു ബംഗളാവുംകെട്ടിച്ചു. ആലപ്പുഴയിൽ ദിവാൻ കേശവദാസ് കെട്ടിച്ചിരുന്ന കൊട്ടാരത്തിൽ ഏതാനംഭാഗം പൊളിപ്പിച്ചു ആവക സാമാനങ്ങളെക്കൊണ്ടു തിരുവനന്തപുരത്തു തെക്കെത്തെരുവിൽ കുടിക്കാഴ്ചബംഗളാവും പണികഴിപ്പിച്ചു കൊല്ലത്തുനിന്നും ചെങ്കോട്ടക്കു ഒരു റോഡുവെട്ടിച്ചു. അതു നടപ്പുവരുന്നതിന്നു മാമ്പഴത്തുറ എന്ന സ്ഥലത്തു ഒരു ഊട്ടുഏൎപ്പെടുത്തി. ഏവം വിധങ്ങളായ അനേകം പരിഷ്കാരങ്ങൾ ചെയ്തുവരുന്നമദ്ധ്യേ ബ്രിട്ടീഷ് ഗവൎമ്മേൻറിലേക്കു കൊടുപ്പാനുള്ള കപ്പത്തിലുണ്ടായിരുന്ന കടിശ്ശികതീൎക്കുന്നതിനായി രാജ്യത്തിലുള്ള ചില അനാവശ്യചിലവുകളെ കുറക്കുന്നതിന്നു വിചാരിച്ചു. പണത്തിന്നു വളരെ ബുദ്ധിമുട്ടായിരുന്ന ആ സമയത്തിൽ നായർ പട്ടാളത്തിലെ ചിലവു അനാവശ്യമെന്നു ദളവാക്കു തോന്നുകയാൽ ആദ്യമായി അതിനെകുറെക്കാൻ ആലോചിച്ചു. മിസ്റ്റർ മെക്കാളിയും അതിന്നു അനുകൂലമായിരുന്നു. എതന്നിമിത്തം സൈന്യക്കാർ ലഹളക്കു ഒരുങ്ങി തിരുവനന്തപുരത്തു സംഘമായി എത്തി. വേലുത്തമ്പിയുടെ മറുവിരോധികളും അവൎക്കു സഹായികളായിഭവിച്ചു. ഈ അവസരത്തിൽ ആലപ്പുഴെ താമസിച്ചിരുന്ന ദളവാ ഈ വൎത്തമാനം അറിഞ്ഞു കൊച്ചിയിൽ

ചെന്നു റസിഡൻറുമായി ആലോചിച്ചു. അയാൾ തൽക്ഷണം തിരുനൽവേലിയിൽനിന്നും ഒരു പട്ടാളത്തിനെ വരുത്തി. ആയതും കൊല്ലത്തിരുന്ന ബ്രിട്ടീഷ് സൈന്യവും ദളവായാൽശേഖരിക്കപ്പെട്ട കൎണ്ണാട്ടിക്ക് സൈന്യവുംകൂടി ലഹളയെ അമൎച്ചവരുത്തി. അനന്തരം അയാൾ റസിഡൻറിനോടുകൂടി ആലപ്പുഴചെന്നു ലഹളയിൽ പ്രമാണികളായ മിക്കആളുകളെയുംപിടിച്ചു തൂക്കിലിടുകയും ശിരഃഛേദം ചെയ്കയും വെടിവെച്ചുകൊല്ലുകയുംചെയ്തു. അതിൽ കൃഷ്ണപിള്ള എന്ന ഒരാളിന്റെ രണ്ടു കാലുകളേയും രണ്ടാനകളുടെ കാലിലായികെട്ടി ആ മൃഗങ്ങളെ ഓട്ടിക്കയാൽ അയാളുടെ ശരീരം റോഡ്ഡിൽകിടന്നു ഇഴഞ്ഞു രണ്ടായിഭാഗിച്ചു.

ഏതാദൃശമായ കഠിനശിക്ഷകൊണ്ടു തന്റെ സകല വിരോധികളെയും കീഴടക്കിഎന്നുവിചാരിച്ചു അയാൾ വീണ്ടും സ്വേച്ഛാതന്ത്രേണ പ്രവൃത്തിക്കാൻആരംഭിച്ചു. എന്നാൽ പരമാൎത്ഥത്തിൽ അവർ തൽകാലികമായ ആപത്തിൽനിന്നും ഒഴിയുന്നതിനായിട്ടു അടങ്ങി എന്നല്ലാതെ ആഭ്യന്തരമായി അവരുടെവൈരം പ്രബലപ്പെട്ടതെയുള്ളു. ഈ കലഹവൃത്താന്തത്തെ ഗവൎണ്ണർ ജനറൽഅവർകളറിഞ്ഞു മദ്രാസ് ഗവൎണ്ണൎക്കു താഴെപറയുന്നമാതിരിയിൽ ഒരു എഴുത്തയച്ചു. അതിൽ ബ്രിട്ടീഷ് ഗവൎമ്മേൻറുകാരും മഹാരാജാവുംതമ്മിൽ ൧൭൯൫-ൽ ഉണ്ടായിട്ടുള്ള ഉടമ്പടിയിൽ ആ രാജ്യത്തിൽ ആഭ്യന്തരമായിഭവിക്കുന്ന ലഹളകളെയും മററും ശമിപ്പിക്കുന്നതിനു കമ്പനിക്കാർ സഹായിക്കണമെന്നു വ്യക്തമായികാണിച്ചിട്ടില്ലാ എന്നുവരികിലും അതിൽ ഗൎഭീകരിച്ചിരിക്കുന്ന അഭിപ്രായപ്രകാരം അവർ അതിനു കടമപ്പെട്ടിരിക്കുന്നു എന്നും വിശിഷ്യ ലഹളയുടെ ഉദ്ദേശ്യം രാജ്യകാൎയ്യങ്ങളിൽ ബ്രിട്ടീഷ്കാൎക്കുള്ള പ്രവേശനത്തെ ഇല്ലായ്മചെയ്യണമെന്നുകൂടി കാണുന്നതിനാൽ എഴുത്തു കിട്ടുന്നതുവരെ സൈന്യം അയച്ചിട്ടില്ലെങ്കിൽ തൽക്ഷണം പട്ടാളത്തെ അയ

ച്ച് മഹാരാജാവിൻെറയും ദിവാൻെറയും അധികാരത്തെ സ്ഥാപനം ചെയ്തുകൊടുക്കണമെന്നും സബ്സൈഡെരിഫോർസ് എന്നസംജ്ഞയോടുകൂടി അവിടെ താമസിച്ചിരിക്കുന്ന സൈന്യത്തെ സ്ഥിരമായി പാർപ്പിക്കേണ്ടതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യണമെന്നും വിവരങ്ങൾ തിരുമനസ്സറിയിക്കുന്നതിനു റസിഡൻെറിനു നേരിട്ടു എഴുതി അയച്ചിട്ടുണ്ടെന്നും മററും പ്രസ്താവിച്ചിരുന്നു.

തനിക്കുകിട്ടിയ ആ എഴുത്തിൻെറ ഒരുപകർപ്പു ലാർഡ് വില്യം ബെൻറിങ്ക് എന്ന ഗവർണ്ണർ റസിഡൻെറിനു അയക്കുകയും അയാൾ ദിവാനുമായി ആലോചിച്ചു അതിനെ മഹാരാജാവിനു കൊടുത്തയക്കുകയും ചെയ്തു.

ആഭ്യന്തരമായി ഭവിക്കുന്ന കലഹങ്ങളിലും മററും കമ്പനിക്കാർ സഹായിക്കാൻ തക്കവണ്ണം ചിലപ്രത്യേക നിബന്ധനകൾ മാത്രം പൂർവ്വമായ ഉടമ്പടിയിൽ ചേർക്കണമെന്നല്ലാതെ സൈന്യത്തെ കൂടുതൽചെയ്യണമെന്നുള്ള അഭിപ്രായം മഹാരാജാവിനു അശേഷം ഇല്ലായിരുന്നു.

എന്നാൽ മഹാരാജാവിനു ആദ്യമായ ഉടമ്പടിയിൽ യാതൊരു ഭേദഗതികളും ചെയ്യുന്നതിനു തീരെ ഇഷ്ടമില്ലാതിരിക്കയാൽ നവീന ഉടമ്പടിയെപ്പററിയുള്ള ആലോചന താമസത്തിലായി.

വളരെ ആലോചനകളും തർക്കങ്ങളും കഴിഞ്ഞശേഷം റസിഡൻറും ദിവാനുംയോജിച്ചു നവീന ഉടമ്പടിക്കു ഒരു പകർപ്പുണ്ടാക്കി കൊട്ടാരത്തിൽഅയച്ചു.

ദുർബുദ്ധികളായ ചില സേവകന്മാരുടെയുംമററും പ്രേരണയാൽ അവിടുന്നുഅതിനെആദ്യംസമ്മതിച്ചില്ലാ എങ്കിലും

വേലുത്തമ്പിയുടെയും രാമലിംഗംമുതലിയാരുടെയും അശ്രാന്തമായ പ്രയത്നത്താൽ ൧൮൦൫-ാം വൎഷം ജനവരിമാസം ൧൨-നു-ക്കു ശരിയായ ൯൮൦-ാമാണ്ടു കൎക്കടകമാസം ൧-ാംനു- നൂതന ഉടമ്പടി മഹാരാജാവിനാൽ തുല്യംചാൎത്തപ്പെട്ടു. അദ്യാപി ഊൎജ്ജിതത്തിൽഇരിക്കുന്ന ആ ഉടമ്പടിയുടെ സാരം താഴെപറയുംപ്രകാരമാകുന്നു.

i ഇരുകക്ഷികളും അവരവരുടെ ശത്രുമിത്രങ്ങളെ താന്താങ്ങളുടെ സ്വന്തശത്രുമിത്രങ്ങളായി വിചാരിക്കണമെന്നും. ആണറബിൾ ഒരംഗ്ലീഷിൻഡ്യാകമ്പനിക്കാർ മഹാരാജാവിൻെറ രാജ്യത്തിനെ സകലശത്രുക്കളിൽനിന്നും പ്രത്യേകം രക്ഷിച്ചുകൊള്ളണമെന്നും.

ii ൧൭൯൫-ൽ ഇരുകക്ഷികളും തമ്മിൽ ഉണ്ടായിട്ടുള്ള ഉടമ്പടിയിലെ ൭-ാംവകുപ്പിൻപ്രകാരം യുദ്ധസ്ഥലങ്ങളിൽ കമ്പനിക്കാൎക്കു സഹായത്തിനായി സ്വദേശികളായ നായന്മാരെ ഒഴിച്ചു തൻെറ പദാതിസൈന്യത്തിലും അശ്വസൈന്യത്തിലുംനിന്നു അതാതുകാലം നാടുവാഴുന്ന രാജാക്കന്മാർ യഥാശക്തി സൈന്യം അയച്ചുകൊടുക്കണമെന്നുള്ള ബാധ്യതയിൽനിന്നും മഹാരാജാവിനെ വിടുത്തിയിരിക്കുന്നുഎന്നും.

iii ൧-ം ൨-ം വകുപ്പുകളാൽ മഹാരാജാവിനു ഉണ്ടായിട്ടുള്ള അനുകൂലങ്ങൾക്കു പ്രതിഫലമായും തന്നിമിത്തം കമ്പനിക്കാൎക്കു സംഭവിക്കാവുന്ന നഷ്ടങ്ങൾക്കു ഒരംശമായും തൽക്കാലം സബ് സൈഡറിഫോൎസിൻെറ ചിലവിനുകൊടുത്തുവന്ന പണംകൂടാതെ കമ്പനിക്കാരുടെ സ്വദേശിയ പദാതിസൈന്യത്തിൽ ഒന്നിൻെറചിലവിനു വേണ്ടിവരുന്ന പണം ആണ്ടിൽ ആറുതവണയായി ൧൮൦൫-ാംവൎഷം ജനവരിമാസം ൧-ാംനു-മുതൽ മഹാരാജാവു കൊടുത്തുകൊള്ളാ

ണമെന്നാം എന്നാൽ ആവക സൈന്യത്തിനെ തിരുവിതാം
കൂറിലൊ കമ്പനിക്കാരുടെ ദേശങ്ങളിലൊ അവരുടെയുക്തം
പോലെ താമസിപ്പിക്കയും ആവക മുതലിനെ അവക്ക ബോ
ധിച്ചതുപോലെ ചിലവുചെയ്കയും ചെയ്യാമെന്നും.

iv മുൻവകപ്പിൽ കാണിച്ചിട്ടുള്ളതിലും അധികമായ
സൈന്യം ഏതുകാലത്തെങ്കിലും ൟ രാജ്യരക്ഷക്ക ആവശ്യ
പ്പെടുന്നപക്ഷം ആവക ചിലവിൽ ഒരുഭാഗം മുതലെടുപ്പിന
അനുസരണമായി മഹാരാജാവു കൊടുക്കണമെന്നും.

v സമാധാനകാലത്തു സ്ഥിരമായി താമസിക്കുന്നതും
യുദ്ധകാലത്തു വിശേഷമായി ഉപയോഗപ്പെടുന്നതും ആയ
സൈന്യങ്ങളുടെ ചിലവിനു വകവച്ചിട്ടുള്ള പണം ശരിയാ
യി എല്ലാകാലത്തും കുടിശ്ശികകൂടാതെ ഉണ്ടാകുന്നതിനു സ്ഥി
രമായ ചില നിബന്ധനകൾ ആവശ്യമെന്നും അതിനാ
ൽ ആവകപ്പണം ഉണ്ടാകുന്നതിനു തടസ്ഥം നേരിടുമെന്നു
ആലോചനസഭയിലെ ഗവൎണ്ണർജനറൽ അവർകൾക്ക വി
ശ്വസിപ്പാൻ തക്ക മതിയായ കാരണം കാണുമ്പോൾ ഇരുക
ക്ഷികളും യോജിച്ചു ൟ രാജ്യത്തിലെ കരപ്പിരിവിനേയൊ
ഏതെങ്കിലും ഒരു ഡിപ്പാട്ട്മെൻറിനേയൊ അതിൻെറ ഒരു
ഭാഗത്തിനെയൊ സംബന്ധിച്ചു കാൎയ്യനടപ്പിനു ആവശ്യ
പ്പെടുന്ന വ്യവസ്ഥകൾ യുക്താനുസരണം ഉണ്ടാക്കുന്നതിനും
അല്ലാത്തപക്ഷം സമാധാനസമയത്തും യുദ്ധകാലത്തും ആ
വകപ്പണം ശരിയായി ഉണ്ടാകുന്നതിനുവേണ്ടി മഹാരാജാ
വിൻെറ രാജ്യത്തിൽ ഏതെങ്കിലും ഒരു ഭാഗത്തിനേയൊ ഭാ
ഗങ്ങളെയൊ കമ്പനിക്കാരുടെ സ്വയഭരണത്തിൽ എടുത്തു
കൊള്ളുന്നതിനും മേല്പറഞ്ഞ ഗവൎണ്ണർജനറൽ അവർകൾ
ക്ക സ്വാതന്ത്ര്യവും പൂൎണ്ണാധികാരവും ന്യായമായ അവകാശ
വും ഉണ്ടായിരിക്കുമെന്നും.

vi ൫-ാംവകുപ്പിലെ നിബന്ധനകളെ നടത്തിക്കേണ്ടതു ആവശ്യമെന്നുകണ്ടു ഗവൎണ്ണർജനറൽ അവർകൾ മഹാരാജാവിനെ അറിയിക്കുന്നസമയം ആവക ചട്ടങ്ങളെ ക്രമമായി നടത്തുന്നതിനൊ. അല്ലെങ്കിൽ ആവശ്യപ്പെടുന്ന സ്ഥലങ്ങളെ അവരുടെ പ്രത്യേക ഭരണത്തിൻകീഴ് ഏല്പിക്കുന്നതിനൊ തന്റെ ഉദ്യോഗസ്ഥന്മാരോടു ചട്ടംകെട്ടി അതുപോലെ നടത്തിക്കണമെന്നും ആവിധമായ അപേക്ഷ കിട്ടി ൬൦-ദിവസത്തിനകം അപ്രകാരം നടത്തിക്കാത്ത പക്ഷം ആവക ചട്ടങ്ങളെ സ്വയം ഊൎജ്ജിതപ്പെടുത്തുന്നതിനും ദേശങ്ങളെ സ്വഭരണത്തിൽ സ്വീകരിക്കുന്നതിനും ആ ദേശങ്ങൾ അവരുടെ അധികാരത്തിൻകീഴിലിരിക്കുന്ന കാലത്തോളം അതിലെ കരപ്പിരിവു മുതലായതിനും ആ ദേശങ്ങളുടെയും അവയിൽപാൎക്കുന്ന ജനങ്ങളുടെയും രക്ഷക്കും പരിഷ്കാരവൎദ്ധനക്കും വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിനും ഗവൎണ്ണർ ജനറൽ അവർകൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെങ്കിലും അങ്ങനെ ഏറ്റെടുക്കപ്പെടുന്ന ഭാഗങ്ങളിലെ മുതലെടുപ്പിന്റെ ശരിയായ ഒരു കണക്കു മഹാരാജാവിനു കൊടുക്കപ്പെടണമെന്നും എപ്പോഴെങ്കിലും രാജ്യത്തിന്റെ ആകെയുള്ള മുതലെടുപ്പും ആകെയുള്ള മുതലെടുപ്പിന്റെ അഞ്ചിൽ ഒരുഭാഗവുംകൂടി ൨-ലക്ഷം രൂപായിൽ കുറയുന്നതായാൽ ആ രണ്ടുലക്ഷംരൂപായും ആകെയുള്ള മുതലെടുപ്പിന്റെ അഞ്ചിൽഒരുഭാഗവും മഹാരാജാവിന്റെ ഉപയോഗത്തിനായി എല്ലാസമയത്തിലും ഒരുകുഴിവുണ്ടെങ്കിൽ കമ്പനിക്കാർ കൊടുത്തുകൊള്ളണമെന്നും.

vii കമ്പനിക്കാരോടു സഖ്യം ഉള്ളതൊ ഇല്ലാത്തതൊ ആയ ഇതര രാജ്യകാൎയ്യങ്ങളിൽ മഹാരാജാവു പ്രവേശിക്കരുതെന്നും ൮-ാംനിബന്ധന അനുസരിച്ചു ശരിയായി നടക്കുന്നതിനായിട്ടു കമ്പനിക്കാരുടെ അറിവും അനുവാദവും

എഴുത്തുകുത്തുകളും
കൂടാതെ അന്യരാജ്യങ്ങളുമായി യാതൊരു
ചെയ്യരുതെന്നും.

viii മഹാരാജാവു കമ്പനിക്കാരുടെ അനുവാദംകൂടാ
തെ അന്യയൂറോപ്യന്മാരിൽ ആരേയും തന്റെ രാജ്യത്തിൽ
ജീവനത്തിൽ നിയമിക്കരുതെന്നും അവരുടെ ക്രമമായ പാ
സ്ചോട്ട്കൂടാതെ ഈ രാജ്യത്തിൽ കാണുന്ന മറെറല്ലാ യൂ
റോപ്യന്മാരേയും പിടിച്ചു ഏല്പിക്കണമെന്നും ഒരു ദിവ
സംപോലും തന്റെ രാജ്യത്തിൽ താമസിപ്പിക്കരുതെന്നും.

ix ൧൭൯൫-ൽ ഉണ്ടായിട്ടുള്ള ഉടമ്പടിയിൽ ഇരുക
ക്ഷികളുടേയും സഖ്യത്തേയും സ്നേഹത്തേയും ക്ഷേമത്തേയും
ബലപ്പെടുത്തുന്നതായ സകലഭാഗങ്ങളും ഈ ഉടമ്പടിയാ
ലും ദൃഢീകരിക്കപ്പെട്ടതായി സമ്മതിക്കയും മഹാരാജാവി
ന്റെ രാജ്യത്തിലെ മുതലെടുപ്പിനേയൊ ശരപ്പിരിവിനേയൊ
രാജ്യപാലന തന്ത്രത്തെയൊ കൃഷി, കച്ചവടം, കൈത്തൊഴി
ൽ ഇവയെയൊ മഹാരാജാവിന്റെയൊ പ്രജകളുടെയൊ അ
ല്ലെങ്കിൽ ഇരുപക്ഷക്കാരുടെയും രാജ്യങ്ങളുടെയൊ മഹാരാ
ജാവിന്റെ സ്വന്തഗുണങ്ങളുടെ വൎദ്ധനയെയൊപററി കമ്പ
നിക്കാർ ഉപദേശിക്കുന്ന സകലഗുണദോഷങ്ങളെയും മഹാ
രാജാവ് ആദരപൂൎവ്വം സ്വീകരിക്കയും ചെയ്യണമെന്നും.

x ഗവൎണ്ണർ ജനറലായ മാൎക്വീസ് വെല്ലസ്ലി അവൎക
ളുടെ പ്രതിനിധിയായ മിസ്റ്റർ മക്കാളിയും മഹാരാജാവും ത
മ്മിൽ ൧൮൦൫-ാംവൎഷം ജനവരിമാസം ൧൨-ാംനു- തിരുവ
നന്തപുരം കോട്ടയ്ക്കകത്തുവച്ചു ചെയ്യപ്പെട്ട ഈ ഉടമ്പടിയു
ടെ ഇംഗ്ലീഷിലും പേൎഷ്യനിലും എഴുതീട്ടുള്ള ഓരൊ പകൎപ്പു
റസിഡന്റിന്റെ ഒപ്പും മുദ്രയോടുംകൂടി മഹാരാജാവിനും അ
തിന്മണ്ണം മഹാരാജാവിന്റെയും ദിവാൻ വേലുത്തമ്പിയുടെ
യും ഒപ്പോടും മുദ്രയോടുംകൂടി ഓരോപകൎപ്പു റസിഡന്റി

നം പരസ്പരം കൊടുക്കപ്പെട്ടിരിക്കുന്ന എന്നും റസിഡൻറു താമസിക്കാതെ ഗവൎണ്ണർജനറൽ അവർകളുടെ ഒപ്പു മുദ്ര ഇവകളോടുകൂടിയ ഒരു ഉടമ്പടി വരുത്തി മഹാരാജാവിനെ ഏല്പിച്ചുകൊള്ളാമെന്നും ഉടൻ മഹാരാജാവ് താൻകൊടുത്തിട്ടുള്ള ഉടമ്പടിയെ തിരിച്ചുകൊടുക്കണമെന്നും ആ ദിവസം മുതൽ ൦ാം ഉടമ്പടി പ്രബലപ്പെട്ടതായി വിചാരിക്കപ്പെട്ടമെന്നും ആയിരുന്നു.

—൦൦൦—

## ൯-ാം അദ്ധ്യായം.

### ൯൮൦-മുതൽ ൯൮൫-വരെ

### ബാലരാമവൎമ്മരാജാവ്.

### തുടൎച്ച

ഈ നവീന ഉടമ്പടി ഗവൎണ്ണർജനറൽ അവർകളാൽ സ്ഥിരപ്പെടുത്തപ്പെട്ട് ആവൎഷം മേടമാസം ൨-ാംനു വരികയാൽ ആയതു ബ്രിട്ടീഷ് സ്ഥലമായ അഞ്ചുതെങ്ങിൽവച്ചു വലിയ ആഘോഷത്തോടുകൂടെ റസിഡൻറിനാൽ മഹാരാജാവിൻെറപക്കൽ ഏല്പിക്കപ്പെട്ടു.

ഈഉടമ്പടി ജനങ്ങൾക്കും വിശിഷ്യ മഹാരാജാവിനും അത്ര തൃപ്തികരമായിരുന്നില്ലാ. അതിനാൽ ജനങ്ങൾ ദളവായെപ്പററി രാജഭക്തിയുള്ള പ്രജകൾ ആരുംതന്നെ ഒരുവിധം പ്രവൃത്തിക്കുന്നതല്ലെന്നും അയാളുടെ ദുരുദ്ദേശങ്ങൾ സ്പഷ്ടമായി എന്നും മററും അതിരുഷ്ടമായി സംസാരിച്ചുതുടങ്ങി.

ഈ ശ്രവണാരുന്തുദകളായ വാക്കുകൾകേട്ടു ദളവാ വളരെ വ്യസനത്തോടുകൂടി ആലപ്പുഴെനിന്നും തിരുവനന്തപുര

ത്തെത്തി മഹാരാജാവിനോടും ഉദ്യോഗസ്ഥന്മാരോടും ഒരം നൂതനഉടമ്പടിയുടെ ഗുണങ്ങളെ വ്യക്തമായി വിവരിച്ചതു കൂടാതെ യാതൊരു സ്വഗുണോദ്ദേശ്യവും തനിക്കില്ലായിരുന്നു എന്നു കഴിയുന്നതും കാരണസഹിതം പറഞ്ഞു എങ്കിലും അവരുടെ ദുരഭിപ്രായം മാറിയില്ല.

ഈ പരമാൎത്ഥം അറിയാതെ മിസ്റ്റർ മെക്കാളി ഉടമ്പടി ഏല്പിച്ചതിനെപ്പറ്റിയുള്ള റിപ്പോൎട്ടിൽ ആയതു മഹാരാജാവിനും പ്രജകൾക്കും വളരെ സന്തോഷപ്രദമാണെന്നുള്ളതിനെ അവരുടെ മുഖഭാവങ്ങളാൽ താൻ പ്രത്യക്ഷത്തിൽ കണ്ടറിഞ്ഞിരിക്കുന്നു എന്നും ദിവാൻ വളരെ നീതിയോടും സാമൎത്ഥ്യത്തോടും രാജ്യകാൎയ്യങ്ങൾ നോക്കിവരുന്നു എന്നും മറ്റും പ്രസ്താവിച്ചിരുന്നു.

സ്വപ്രയത്നങ്ങൾ നിഷ്ഫലമാണെന്നു വേലുത്തമ്പിക്കു മനസ്സിലാകയാൽ ഉടൻ ആലപ്പുഴയിൽ ചെന്നു മഹാരാജാവിനേയും ഉദ്യോഗസ്ഥന്മാരെയും സമാധാനപ്പെടുത്തുന്നതിനായി ഡയാനാപതി നമ്പ്യാൎയ്യനേയും മിസ്റ്റർ വേഗസ്സ് എന്ന ഇംഗ്ലീഷ് ദ്വിഭാഷിയെയും പറഞ്ഞയച്ചു. അവരുടെ ദൌത്യം ഫലിച്ചില്ലെന്നുമാത്രമല്ല കല്പിച്ചു ദളവായുടെ നടവടികളെക്കുറിച്ചു വളരെ ദ്വേഷ്യപ്പെടുകയും മിസ്റ്റർ മെക്കാളിയെപ്പറ്റി ഗവൎമ്മേന്റിലേക്കു എഴുതണമെന്നുള്ള തന്റെ അന്തൎഗ്ഗതത്തെ വെളിവാക്കുകയും ചെയ്തു.

കൂടുതലായി ഏൎപ്പെടുത്തപ്പെട്ട കപ്പത്തിൽ നേൎപാതി ദളവായുടെ അപേക്ഷപ്രകാരം രണ്ടുവൎഷത്തേക്കു ഇളവു ചെയ്തുകൊടുക്കപ്പെട്ടിരുന്നിട്ടും മഹാരാജാവിന്റെ നിൎബന്ധത്താൽ അതിനെ സ്ഥിരമായി കുറച്ചുതരണമെന്നു അയാൾ റെസിഡന്റിന്നു എഴുതി അയച്ചിരുന്നതിന്നു അതു തന്നാൽ സാദ്ധ്യമല്ലെന്നും അതിലേക്കായി താൻ ശ്രമിക്കുന്നതല്ലെ

ന്നും ഉടമ്പടിപ്രകാരം ശരിയായി നടക്കണമെന്നും അയാൾ മറുപടിഅയക്കയാൽ ആ വിവരംപോലും മഹാരാജാവിനെ അറിയിച്ചില്ലാ.

മിസ്റ്റർ മക്കാളി ഈയ്യിട ദളവായ്ക്കു അയച്ച ഒരു എഴുത്തിൽ മഹാരാജാവിന്നു ഈ ഉടമ്പടിയിൽ അത്ര തൃപ്തിയില്ലെന്നു ആദ്യമായി അറികയാൽ അതിനെപ്പററി താൻ അതിശയിക്കുന്നുഎന്നും കാണിച്ചിരുന്നു.

സുബ്ബയ്യനും മിസ്റ്റർ വേശാസ്സും മഹാരാജാവിൻെറ മനോഭാവത്തെ പറഞ്ഞതിനാലായിരിക്കണം ഈവിധം അയാൾ എഴുതിഅയപ്പാൻ ഇടവന്നതു.

പണത്തിൻെറ ബുദ്ധിമുട്ടിനാൽ കപ്പത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതിനെ ദളവായുടെ അപേക്ഷപ്രകാരം കപ്പം കുറവുചെയ്തു കൊടുക്കാത്തതിനാൽ അയാളുടെ മനഃപൂർവമായ ഉപേക്ഷകൊണ്ടു സംഭവിക്കയും തെററായി ധരിച്ച റസിഡൻറു അതിനെ കൊടുത്തുതീക്കാൻ നിർബന്ധിക്കയും തന്നിമിത്തം അവർ തമ്മിൽ രസക്ഷയം അംകുരിക്കയും ചെയ്തു.

൧൮൦൭-ാംവഷം ഫെബ്രുവരിമാസം ൧൮-നു-ഈവിവരങ്ങളെപ്പററി സ്ഥാനാപതി സുബ്ബയ്യനു മിസ്റ്റർ മക്കാളി അയച്ച എഴുത്തിൽ താൻ ദിവസേന ജനങ്ങൾ ഓരോന്നു പറഞ്ഞുകേൾക്കുന്നതിനെ അപ്രകാരം പ്രവൃത്തിച്ചുകാണുന്നതുവരെ വിശ്വസിക്കുന്നതല്ലെന്നും ഉടമ്പടിയിൽ യാതൊരു ഭേദഗതിയും ചെയ്യുന്നതല്ലെന്നും അതിങ്കൽ മഹാരാജാവിനും സന്തതികൾക്കും വിശ്വാസത്തിനും ഓമ്മക്കുമായി താൻ ഒരു മോതിരം കൊടുത്തിട്ടുണ്ടെന്നും രാജ്യത്തിനെ കമ്പനിക്കാർ അപഹരിക്കുംഎന്നുള്ള മഹാരാജാവിൻെറസംശയത്തി

ന്നെ താൻ മുൻപാറടത്ത പ്രതിജ്ഞാമൂലം നിവൃത്തിച്ചിരിക്കുന്നു
എന്നും അതിലേക്കുള്ള ഹേതു ഒരുകാലത്തും സംഭവിക്കാതി
രിക്കണമെന്നുള്ള കരുതലോടുകൂടിയാകുന്ന രാജ്യത്തിൻെറയും
പ്രജകളുടെയും ക്ഷേമത്തിനായി ബ്രിട്ടീഷ് ഗവമ്മേൻറുകാ
രാൽ അതാതുസമയം കൊടുക്കപ്പെടുന്ന ഉപദേശങ്ങളെ
മഹാരാജാവു ആദരപൂവ്വം അംഗീകരിക്കണമെന്നു ഉടമ്പടി
യിൽ പ്രസ്താപിച്ചിട്ടുള്ളതെന്നും അതിനു വിരുദ്ധമായി പ്രവ
ത്തിക്കുന്ന മന്ത്രിമാരെഎല്ലാം മഹാരാജാവും താനുമായി വ
ലിയതുറന്നുമുഖത്തു എറിയുന്നതാണെന്നും മഹാരാജാക്കന്മാർ
താന്നെ ആവിധം നടത്തുന്നതായാൽ ഉള്ളഭവിഷ്യത്തു സ്പ
ഷ്ടമാകകൊണ്ടു താൻ അതിനെ പ്രസ്താപിക്കുന്നതല്ലെന്നും
മററും കഠിനമായി എഴുതിയിരുന്നു.

ഈവിധം ദളവായും എഴുതിഅയച്ചിരുന്നിട്ടും കടി
ശ്ശിഖയിൽ സ്വല്പമെങ്കിലും തീക്ഷ്ണയാൽ അയാളുടെ സ
മാധാനം മേലാൽ സ്വീകരിക്കുന്നതല്ലെന്നും അയാൾ വള
രെ അപമാനകരമായ വാക്കുകൾ കാണുകയാൽ നിന്ദഅനു
ഭവിച്ച ഉദ്യോഗം ഭരിക്കുന്നതിനെക്കാൾ താൻ വേല ഉ
പേക്ഷിച്ചുകളയാമെന്നും അയാൾ റസിഡണ്ടായിരിക്കുന്ന
കാലത്തോളം തനിക്കു ജീവനും ആപശ്യമില്ലെന്നും വേലു
ത്തമ്പി കവിതനായി റസിഡണ്ടിനു എഴുതിഅയക്കമൂലം മി
വാനു നല്ലസുഖമില്ലെന്നും അതിനാൽ രാജ്യകായ്യം നോക്കു
ന്നതിനു അശക്തനായിഭവിച്ചിരിക്കുന്നു എന്നും തന്നിമിത്തം
വേലയിൽനിന്നു വിടുത്തിത്തരണമെന്നു തന്നോടു അപേ
ക്ഷിച്ചിരിക്കുന്നുഎന്നും അങ്ങനെ ചെയ്യാത്തപക്ഷം അതു മ
ഹാരാജാവിനു ദോഷത്തിനു സംഗതിയാകുമെന്നും മിസ്റ്റർമ
ക്കാളി ഗവമ്മേൻറിനു എഴുതിഅയച്ചു.

ഈവിവരം ദിവാൻഅറിഞ്ഞു തന്നെവേലയിൽനിന്നും

മാററി കൂടുതൽകുപ്പത്തെ സ്ഥിരപ്പെടുത്തുന്നതിനു റസിഡണ്ടു യത്നിക്കയാണെന്നു മഹാരാജാവിനെ ധരിപ്പിക്കയാൽ അ വിടുത്തേക്കു അയാളെമാററുന്നതിൽ വിസമ്മതംജനിച്ചു.

കുടിശ്ശികതീൎക്കുന്നതിനുള്ള നിൎബന്ധം ഹേതുവാൽ ദളവാ കരത്തിൽഉണ്ടായിരുന്ന കുടിശ്ശികകളെ വസൂൽ ചെയ്യുന്നതിനുവേണ്ടി നിഷ്കൃഷ്ടകാൎയ്യംചെയ്തു. ആ ശേഖര ത്തിൽ മുൻ കാതരുക്കപ്പെട്ടിട്ടുള്ള മാത്തൂത്തരകൻ എന്ന വ്യാപാരി അവന്റെപേരിലുള്ള കരകുടിശ്ശിക തീൎക്കുന്ന തിന്നു തക്കിക്കയാൽ അയാളുടെ വസ്തുക്കളെ സൎക്കാരിൽനി ന്നു കണ്ടുകെട്ടി.

മിസ്റ്റർമക്കാളി തരകനു സ്വാധീനനായിരിക്കയാൽ അ യാൾ റസിഡണ്ടിനോടു ദളവായെപ്പററി ദൃഷ്യമായി ഓരോ ന്നു പറഞ്ഞുകേൾപ്പിച്ചതുമല്ലാതെ തന്നെ അന്യായമായി ത ടവിൽപാൎപ്പിച്ചു വസ്തുക്കളെ ജപ്തിചെയ്തു ആവക മുതലിനെ ദളവാ അവിഹിതമായി അടക്കിയിരിക്കുന്നു എന്നും ഗ്ര ഹിപ്പിച്ചു.

ഇതിനെവിശ്വസിച്ചു റസിഡണ്ടു തരകന്റെ വസ്തുക്ക ളെ തൽക്ഷണം അവനെ തിരിച്ചു ഏല്പിക്കണമെന്നു എഴുതിഅയച്ചു. എന്നാൽ ദിവാൻ അതിന്മണ്ണം ചെയ്യാ തെ വിവരമായി മറുപടികൊടുത്തു. അതു അവർ തമ്മിൽ വളരെ എഴുത്തുകുത്തുകൾക്കും വൈരവൎദ്ധനക്കും കാരണ മായിഭവിച്ചു.

ഇതുസംബന്ധിച്ചു റസിഡണ്ടു മിസ്റ്റർവേഗസ്സിനുഅ യച്ച ഒരു എഴുത്തിൽ ദിവാന്റെ ഈ പ്രവൃത്തി അതിനീച മായ ചതിയും ഉപദ്രവവും ആണെന്നും സൎക്കാരിന്റെ ഉ പേക്ഷയാൽ ഭവിക്കുന്ന കരക്കുടിശ്ശികകൾക്കു പ്രജകളെ ഉപദ്രവിക്കാൻ പാടില്ലെന്നും ദിവാൻതന്റെ ഉത്തരവിനെ

ഉണ്ടാക്കപ്പെട്ടതാത്താപ്പോഷം താൻ പ്രവേശിച്ച വ്യസനകരമാ
യ തീൎച്ചക്ക നിശ്ചയമായി സംഗതിവരുമെന്നും, ദൈവായും
നേരിട്ട അയച്ച ഒരു എഴുത്തിൽ മതിയായ രേഖാപ്രമാണം
കാണിക്കാതെ തന്റെ ഉത്തരവാണെന്നുമാത്രം മിസ്റ്റർ വേ
ഗസ് മുഖാന്തരംതന്നെ തെറ്റപ്പെടുത്തിട്ടുള്ളതു അനീതി
യാണെന്നും ആ ഉത്തരവുകളെ അസ്ഥിരപ്പെടുത്തി കേസു
സംബന്ധിച്ച സകല റിക്കാൎട്ടുകളെയും അയാളുടെ പേരില
ള്ള കുടിശ്ശികയെപ്പററി റിപ്പോൎട്ട ചെയ്തിട്ടുള്ള കാൎയ്യക്കാരന്മാ
രെയും ക്രമമായ വിചാരണക്കായി അയച്ചുകൊടുക്കേണമെ
ന്നും അങ്ങിനെയല്ലാതെ ദ്വേഷംകൊണ്ടു മാത്രം പ്രവൃത്തി
ച്ച പ്രജകളെ ഉപദ്രവിക്കാൻ താൻ സമ്മതിക്കുന്നതല്ലെ
ന്നും എഴുതിയിരുന്നു.

ഈവിധം പരുഷതരങ്ങളായ എഴുത്തുകുത്തുകൾ കൊ
ണ്ടും രാജ്യകാൎയ്യങ്ങളിൽ അനാവശ്യമായ പ്രവേശനംകൊ
ണ്ടും ദിവാനെ കഴിയുന്നതും ഉപദ്രവിച്ചു. ഇതിന്റെ ഉദ്ദേ
ശ്യം വേലുത്തമ്പി അട്ടത്തുനിന്നുമടിച്ചു രാജ്യത്തിനു പുറമെ
ചെന്നു താമസിക്കണമെന്നായിരുന്നു.

ഏവംവിധങ്ങളായ റസിഡണ്ടിന്റെ നടപടികളാൽ
അത്യന്തം ശാന്തസ്വഭാവനായ മഹാരാജാവിനും അയാളു
ടെനേരെ കോപം ജനിച്ചു. തനിക്ക വേഗവിട്ടുമാറുന്നതി
ന്നും അവിടത്തേക്ക അയാളെ മാറുന്നതിനും തിരുമനസ്സു
ഇല്ലായിരുന്നു. അതിനാൽ കല്പിച്ചു അവരെ സമാധാന
പ്പെടുത്തുന്നതിനു ശ്രമിച്ചു.

എന്നാൽ മിസ്റ്റർമെക്കാളി അധികാരപ്രിയനുംസ്വാജ്ഞാ
നിരോധാസഹനും പ്രതിക്രിയേച്ഛുവും ഗൌരവമുള്ളവനും
ആത്മാഭിമാനിയും ആയിരുന്നതിനാൽ ആയതു ഫലിച്ചില്ലാ

അതിനാൽ മഹാരാജാവു വേലയിൽ ജാഗ്രതയും തനിക്കു വിശ്വാസമുള്ള ദിവാൻ വേലുത്തമ്പിയെ മാററണമെന്നു റസിഡെൻറു അനാവശ്യമായി നിൎബ്ബന്ധിക്കുന്നു എന്നും അതിനുഅവിടത്തെക്കു തീരെ സമ്മതമില്ലന്നും കപ്പത്തിലുള്ള കുടിശ്ശിക തീക്കാത്തതു പണത്തിനുള്ള ബുദ്ധിമുട്ടിനാലാണെന്നും എന്നാൽ അതിൽ ഒരുഭാഗമെങ്കിലും തീക്കുന്നതിനു വേണ്ട മാൎഗ്ഗം ആലോചിച്ചിരിക്കുന്നു എന്നും മിസ്റ്റർമെക്കാളിക്കു പകരം വേറെ ആളെ നിശ്ചയിച്ചുതരണമെന്നും മദ്രാസ് ഗവൎമ്മേൻറിലേക്കു എഴുതിഅയച്ചു. അനന്തരം താമസിയാതെ തൻെറ സ്വന്തആഭരണങ്ങളെ പണയംവെച്ചു കുറെ ദ്രവ്യം കടംമേടിച്ചു ആയതും ആ വിവരത്തിനു ഒരു തിരുവെഴുത്തും അയച്ചു. അതിനാൽ ഗവൎമ്മേൻറിൽനിന്നും അത്ര ഞെരുക്കാൻ ആവശ്യമില്ലെന്നു ഒരു ഉത്തരവു ഉണ്ടായെങ്കിലും പണംഅടയ്ക്കുവാൻ അധികം താമസിക്കയാൽ വീണ്ടും റസിഡൻറു ദിവാനെ ഉപദ്രവിച്ചുതുടങ്ങി. തനിച്ചിത്തം നിൎബ്ബന്ധിച്ചു എഴുതപ്പെട്ട പുതിയ ഉടമ്പടി അസഹനീയമാണെന്നും ദിവാൻ കഴിയുന്നതുപോലെ ശ്രമിച്ചിട്ടും റസിഡണ്ടിൻെറ അനാവശ്യ പ്രവേശനത്താൽ കാൎയ്യനടപ്പിനു വിഘ്നംഭവിക്കുന്നു എന്നും അതിനാൽ അയാളെ മാററിത്തരണമെന്നും മഹാരാജാവു പുനശ്ച എഴുതിഅയച്ചു. ഈവിധം കൂടക്കൂടയുള്ള പരാധികളെ അറിഞ്ഞു റസിഡൻറു തീൎച്ചയായി ദിവാനെ മാററണമെന്നുംപറഞ്ഞു.

മഹാരാജാവിൻെറ ധൈൎയ്യക്കുറവുനിമിത്തം സിദ്ധാന്തിയായ മിസ്റ്റർമെക്കാളിയുമായുള്ള പിണക്കത്തിൽനിന്നും പിൻമാറുകയും കാൎയ്യാദികൾ അവൎതമ്മിൽ പറഞ്ഞുതീൎത്തുകൊള്ളുന്നതിനായി ദിവാനെ ഉപേക്ഷിക്കയുംചെയ്തു.

ഇത്യാദികാരണങ്ങളാൽ റസിഡൻറിൻെറനേൎക്കു ബദ്ധവൈരമുണ്ടായി പകരം ചെയ്വാൻ ഒരുങ്ങിയിരുന്ന ദിവാ

സംസാരിപ്പാനാ
ആലപ്പുഴയിൽ കല്പനപ്രകാരം താനകണ്ടു സംസാരിപ്പാനാ
യി വന്നിരുന്ന സ്ഥാനാപതി സുബ്ബയ്യൻ എന്ന ബ്രാഹ്മണ
ൻ ഒരുരാത്രി സംഭാഷണമദ്ധ്യെ എന്തൊ ആവശ്യത്താൽ
പുരയിടത്തിൽ ചെന്നപ്പോൾ തന്റെ വേലക്കാരെക്കൊണ്ടു
അദ്ദേഹത്തിനെ വധിപ്പിക്കയും സൎപ്പംതീണ്ടിമരിച്ചു എന്ന
ഒരു കിംവദന്തി ഉണ്ടാക്കുകയുംചെയ്തു.

ഈ രാജ്യസ്ഥിതി ഇപ്രകാരമായിരിക്കുന്നസമയം അട്ട
ഈ രാജ്യസ്ഥിതി ഒരംവിധമായിരിക്കുന്നസമയം അട്ട
ത്ത കൊച്ചിസംസ്ഥാനത്തിലെ മന്ത്രിയായ പാലിയത്തച്ച
ൻ അവിടത്തെ രാജാവ് അത്യന്തം സാധുവാണെന്നുകണ്ടു
അദ്ദേഹത്തിനെ ആലുവായ്ക്കുസമീപമായ വള്ളാറപ്പള്ളി എ
ന്ന ഒരു ചെറിയ ഗ്രാമത്തിൽ കൊണ്ടുചെന്നു താമസിപ്പിക്ക
യും രാജാവിന്റെയുംദിവാന്റെയും അധികാരങ്ങളെ താൻത
ന്നെ നടത്തിവരികയും ചെയ്തിരുന്നു.

ഇയാൾ അവിടുത്തെ നാടുനീങ്ങിയ മഹാരാജാവിന്റെ
മന്ത്രിയുടെയും സേനാനായകന്റെയും ബദ്ധവിരോധിയായി
രുന്നു. ഇവർ ആരാജ്യത്തിൽ പ്രസിദ്ധിയുള്ളവരും മുൻരാജാ
വിനാൽ മാനിതന്മാരും ആയിരുന്നു.

ഈ മേനവനു അധികാരം ലഭിച്ചഉടനെ അവർ
ഈ മേനവന്ന അധികാരം ലഭിച്ചുകൂടുമ്പോൾ അവർ
രണ്ടു ആളുകളെയും ചേന്നമംഗലത്തിന സമീപം ആററിൽ
കെട്ടി താഴ്ത്തുകളഞ്ഞു.

അതിൽപിന്നെ നാടുവാഴുന്ന രാജാവിനാൽ ബാല്യ
അതിൽപിന്നെ നാടുവാഴുന്ന രാജാവിനാൽ ബാല്യ
കാലംമുതൽ നല്ലസ്ഥിതിയിൽ കൊണ്ടുവരണമെന്നുള്ള . ഉ
ദ്ദേശ്യത്തോടു താല്പൎയ്യമായി പഠിപ്പിക്കപ്പെട്ടിരുന്ന നെടുംവര
മ്പത്തു കുഞ്ഞികൃഷ്ണമേനവനെ അപായപ്പെടുത്തുവാൻ ആ
ലോചിച്ചിരിക്കുന്നവിവരം രാജാവ് അറിഞ്ഞു കുറെദിവസം
വള്ളാറപ്പള്ളിയിൽ തന്നോടൊരുമിച്ചു താമസിപ്പിച്ചു. സൂക്ഷി

ക്കയും അതിനിടക്ക റസിഡൻറിനു അടിയന്തിരത്തിൽആള യച്ചുവരുത്തി ആ മേനവനെ അയാളുടെ കൈവശം രക്ഷി ക്കുന്നതിനായി ഏറാപ്പിക്കയുംചെയ്തു.

ഈ വൎത്തമാനം ഗ്രഹിച്ചുകൂടുമ്പോൾ പാലിയത്തച്ച ൻ കല്ലിറ്റുൽമക്കാളിയേയും കുഞ്ഞുകൃഷ്ണമേനവനേയും ഏക കാലത്തിൽ ഇല്ലായ്മചെയ്യണമെന്നു ശപഥംചെയ്തു. തിരു വിതാംകൂറിലെ ഉദ്യോഗസ്ഥന്മാർ ആസകലം റസിഡൻറി ന്നു വിരോധികളാണെന്നറികയാൽ അവരെക്കൊണ്ടു തൻെറ ഉദ്ദേശ്യം സാധിപ്പിക്കാമെന്നു വിചാരിച്ചു കൊച്ചിയിൽവെ ച്ചു റസിഡൻറിനെയും അയാളുടെ അവിടെയുള്ള സേനയെ യും വധിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിനു സഹാ യിക്കണമെന്നും വേലുത്തമ്പി മുതലായവൎക്കു രഹസ്യമായി ആളുകൾ അയച്ചു.

വേലുത്തമ്പി അഹങ്കാരംകൊണ്ടും വിചാരക്കുറവിനാ ലും വൈരനിൎയ്യാതനത്തിനുള്ള ഇഛാകൊണ്ടും അതിനു അ നുസരിച്ചു ഗൂഢമായി പട്ടാളങ്ങൾ ശേഖരിക്കയും കോട്ടക ൾ നന്നാക്കിക്കയും മരുന്നുമുതലായവ തയ്യാറാക്കുകയും ചെ യ്തുകൂടാതെ സാമൂതിരിക്കും മററും സഹായത്തിനും എഴുതി അയച്ചു. ഏതദനുസരണമായി പാല്യത്തുമേനവനും യു ദ്ധസന്നാഹങ്ങൾചെയ്തു. റസിഡൻറു ഒരം തത്വങ്ങൾ അ റിയാതെ കപ്പത്തിനു തൈരുക്കുകയും എന്നാൽ ദളവാ താ ൻ വേലവിട്ടുപോകുന്നു എന്നും അയാളുടെ അഭിപ്രായപ്ര കാരം ചിറക്കൽചെന്നു താമസിച്ചുകൊള്ളാമെന്നും തനിക്ക സഹായത്തിനായി കുറെ സൈന്യംമാത്രം അയച്ചുതരണ മെന്നും പറകയുംചെയ്തു.

വേലുത്തമ്പി ആലപ്പുഴ, പറവൂർ ഒരം സ്ഥലങ്ങളിൽ പാൎത്തിരുന്ന സൈന്യങ്ങളെ തൽക്ഷണം കൊച്ചിയിൽ എ

കൊല്ലത്തുനിന്നം
ത്തുന്നതിന ഉത്തരവുകൾ അയക്കയും
കൊച്ചിയിൽ റസിഡാൻറ ബങ്കളാവിനെ പെട്ടെന്ന ആക്ര
മിക്കുന്നതിന്നായി ഒരു പട്ടാളം അയക്കയും ചെയ്തുഇക്കൂടാതെ
കൊല്ലത്തു കർണ്ണൽ ചാൎമൎസിൻെറ വരുതിയിൽ താമസി
ച്ചിരുന്ന ബ്രിട്ടിഷ് പട്ടാളത്തിനെ അതെസമയത്തിൽ
ആക്രമിക്കുന്നതിന്നും വേണ്ടുംഏൎപ്പാടുകൾചെയ്തു.

കൊല്ലം ആലപ്പുഴ ൟരം സ്ഥലങ്ങളിൽനിന്നും ദളവാ
യുടെ ഇഷ്ടനായ ഓക്കാം പത്മനാഭപിള്ളയുടെ വരുതിയി
ൽ അയച്ചസേനയും കഞ്ഞൂകുട്ടിപ്പിള്ള സൎവാധികാൎയ്യക്കാരാ
ൽ വടക്കുനിന്നം ശേഖരിച്ചുകൊണ്ടുവരപ്പെട്ട സൈന്യവും
.ചെറിച്ചുചേൎന്ന ഡിസംബൎമാസം ൨൮-ാംനു- അൎദ്ധരാത്രി
സമയം റസിഡൻസിയെ ചുററിവളഞ്ഞു തീവെക്കയും വെ
ടിവെക്കയുംചെയ്തു. അസമയത്തു വെടിശബ്ദം കേൾക്കയാ
ൽ സംശയിച്ചു പോൎത്തുഗീസ്കാരനായ ഒരു ഗുമസ്തൻെറ
സഹായത്താൽ റസിഡൻറും മേനവനും തൽക്കാലം രക്ഷ
പ്പെട്ടുകയും പിറെറദിവസം ആ തുറമുഖത്തു വന്നിരുന്ന ഒരു
ബ്രിട്ടീഷ് കപ്പലിൽ കയറുകയുംചെയ്തു. എന്നാൽ ആ
സൈന്യം ബങ്കളാസൂക്ഷിച്ചിരുന്ന ബ്രിട്ടീഷ് പട്ടാളത്തിൽ
മിക്കപേരെയും വേലക്കാർ മുതലായവരെയും വധിച്ചു. ഉ
ദ്ദേശിച്ചിരുന്ന ആളുകൾ രക്ഷപ്പെട്ടുകയാൽ ലഹളയിൽചേ
ൎന്നിരുന്ന സകലരും വ്യസനാക്രാന്തന്മാരായി. സൈന്യങ്ങ
ൾ കൊച്ചിയിൽ വളരെ കൊള്ളയിട്ടശേഷം പിറെറദിവസം
തിരിച്ചുപോന്നു. ദളവായും പാപിനിയായ ആപത്തിനെ ക
രുതി ആലപ്പുഴനിന്നും കൊല്ലത്തേക്കുപോന്നു. ൨൯-ാംനു-
ആയ പിറെറദിവസം മുൻഏൎപ്പാട്ടിൻപ്രകാരം കൊല്ലത്തുള്ള
ബ്രിട്ടീഷ് സൈന്യവും ആക്രമിക്കപ്പെട്ടു.

കൊച്ചിയിലേക്കു
ഈ സന്ദൎഭത്തിൽ കൊല്ലത്തുനിന്നും
ഇംഗ്ലീഷ് ഉദ്യോ
പോകുന്ന സൎജൻറും, മുതലായ ൩- ...

ഗസ്ഥന്മാരേയും ൧൨-ഇംഗ്ലീഷ് ഭടന്മാരേയും മുപ്പതു എതദ്ദേശീയ ശിപായിമാരേയും തിരുവിതാംകോട്ട സൈന്യത്തിൽ ചിലർ പുറക്കാട്ടിനുസമീപംവച്ചു എതൃത്തു തൽക്കാലം പിടിച്ചു അവരെ തടവിൽ പാപ്പിക്കകയും അനന്തരം ദയാശൂന്യനായ ദളവായുടെ അനുവാദപ്രകാരം ഉദ്ദ്യോഗസ്ഥന്മാരെ പുറക്കാട്ട സമുദ്രതീരത്തുവെച്ചും ഭടന്മാരേയും ശിപായിമാരേയും പള്ളാത്തുരുത്തിആററിൽതാഴ്ത്തിയും അപായപ്പെടുത്തുകയുംചെയ്തു. അവരോടുകൂടിയുണ്ടായിരുന്ന ഒരു സ്ത്രീയെമാത്രം അവർ വിട്ടയച്ചു. ഈ സംഗതികളെപ്പററി റസിഡൻറ വിവരമായി മദ്രാസ് ഗവർമ്മേൻറിലേക്കും കർണ്ണൽ ചേപ്ജ് എന്ന സേനാനായകനു ഹാജരുള്ള സേനയോടുകൂടി തൽക്ഷണം കൊല്ലത്തു എത്തുന്നതിനും എഴുതിഅയച്ചു.

ദളവാ കൊല്ലത്തുവന്നശേഷം അവിടെയുള്ള തൻെറ പട്ടാളക്കാരെ ധൈയ്യപ്പെടുത്തി അവരുമായി അടുത്തു കിഴക്കുള്ള കണ്ടറ എന്നസ്ഥലത്തുചെന്നു ഒരുപരസ്യം പ്രസിദ്ധപ്പെടുത്തി.

അതിലെ താല്പൎയ്യം:- ഇംഗ്ലീഷ്കാർ ചതിയന്മാരാണെന്നും അതിനാൽ അവരെ വിശ്വസിക്കരുതെന്നും അവർ ക്രമംകൊണ്ടു രാജ്യത്തെ കൈവശമാക്കുന്നതിനു ശ്രമിക്കയാണെന്നും അതു അങ്ങിനെ സംഭവിക്കുന്നപക്ഷം വളരെ കഷ്ടതകൾക്കു ഇടയാകുമെന്നും തന്നിമിത്തം എതദ്ദേശവാസികളായ സകലജനങ്ങളും അതിനു സംഗതിവരാതെ സൂക്ഷിച്ചുകൊള്ളുന്നതിൽ ജാഗ്രതകന്മാരായി കഴിയുന്ന സഹായങ്ങൾ ചെയ്യണമെന്നും മററുമായിരുന്നു. ഈ പരസ്യം വളരെ യുക്തിപുരസ്സരം എഴുതപ്പെട്ടിരുന്നതിനാൽ അതിൽ ജനങ്ങൾക്കു വിശ്വാസംജനിച്ചു. കൊല്ലത്തുള്ള ബ്രിട്ടീഷ് പട്ടാളത്തിനെ ൯൮൪-ാമാണ്ടു മകരമാസം ൧൯-൨൦- എതൃത്തു യുദ്ധംചെയ്തു. എങ്കിലും കർണ്ണൽ ചാൽമർസിൻെറ സൈന്യ

ഞ്യത്താൽ അവർ പരാജിതരായി. വടക്ക താമസിപ്പിന്ന ച്ചെ
ട്ടിരുന്നപാല്യത്തുമേനവന്റേയും മുൻപറഞ്ഞിട്ടുള്ളസർവ്വാധി
കാര്യക്കാരുടെയും സേനകൾ, മേജർ സ്റ്റുവറിനാൽ
കൊച്ചിയിലിരുന്ന തിരുവിതാംകൂർസൈന്യം തോല്പിക്കപ്പെ
ട്ടകയാലും ലഫ്ടനെൻറ കർണ്ണൽ കപ്പേജിന്റെ പട്ടാളം
വടക്കെ അതൃത്തിയിൽ എന്തുകയാലും അധൈര്യപ്പെട്ടു മട
ങ്ങിപ്പോന്നു.

ദളവായുടെ പരസ്യത്തിന് പ്രതികൂലമായി ൧൮൦൯-ാം
വർഷം ജനവരിമാസം ൯-ാംനു- മദ്രാസ് ഗവർണ്ണർ തിരു
നെൽവേലി, മലബാർ, ഈ ജില്ലകളിലെ ജനങ്ങളുടെ
അറിവിനായി ഒരുപരസ്യം പ്രസിദ്ധപ്പെടുത്തി. അതിലെച്ചു
രുക്കം തിരുവിതാംകൂർ ദിവാൻ ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ
നേരെ കലഹിക്കുന്നതിനായി തിരുനെൽവേലി ജില്ലയി
ലെ ജനങ്ങളെ ചില വ്യാജമാർഗ്ഗങ്ങളാൽ ഉത്സാഹിപ്പിക്ക
ന്നതായി താൻ അറിയുന്നു എന്നും അങ്ങനെയുള്ള വഞ്ച
നകളിൽ അവർ ഉൾപ്പെടാതിരിക്കുന്നതിനുവേണ്ടി മുന്ന
റിവുകൊടുക്കേണ്ടതു വിഹിതമാണെന്നു താൻ വിചാരിക്ക
ന്നു എന്നും എന്നാൽ ആ ജനങ്ങൾ ബ്രിട്ടീഷ് ഗവർമ്മെ
ൻറിന്റെ രാജ്യഭരണത്താൽ തങ്ങൾക്കുള്ള സമാധാനത്തെ
യും ഗുണത്തെയും അറിയാതിരിക്കയില്ലെന്നു താൻ വിശ്വ
സിക്കുന്നു എന്നും ആയിരുന്നു.

മേല്പടി ഗവർണ്ണർ തിരുവിതാംകൂർ ജനങ്ങളുടെ അ
റിവിനായി ജനവരിമാസം ൧൭-ാംനു- ഒരു പരസ്യംചെയ്തു.
അതിൽ ബ്രിട്ടീഷ് ഗവർമ്മെൻറുകാരും ഈ ഗവർമ്മെൻറി
നും തമ്മിൽ ബഹുകാലമായി നടന്നുവരുന്ന മിത്രഭാവവും
ടിപ്പുവിന്റെ ആക്രമത്തിൽനിന്നും ഈ രാജ്യം അവരാൽ ര
ക്ഷിക്കപ്പെട്ടതും ഈ രാജ്യവാസികളായ സകല ജനങ്ങളും
അറിഞ്ഞിരിക്കുമ്പോൾ ഇവിടെ ബ്രിട്ടീഷ്കാരുടെനേർക്ക

അവർ കലഹത്തിനായി വേണ്ടയത്നങ്ങൾ ചെയ്യുവരുന്നതുകൂടാതെയും തിരുവിതാംകൂർസൈന്യം റസിഡന്റിനെ വധിക്കാൻ ശ്രമിക്കയും കൊല്ലത്തുതാമസിക്കുന്ന തങ്ങളുടെ പട്ടാളത്തോടു യുദ്ധംചെയ്കയും ചെയ്തതിനെപ്പറ്റി താൻ വളരെ ആശ്ചര്യപ്പെടുന്നുഎന്നും എന്നാൽ ഈ വിധം അത്ഭുതപൂൎവങ്ങളായ കൃത്യങ്ങൾ ദിവാന്റെ ഉദ്ബോധനയിന്മേൽ നടന്നിട്ടുള്ളതായി വിശ്വസിക്കുന്നുഎന്നും ദിവാൻ കമ്പനിക്കാരുടെ രാജ്യത്തിലും കലഹത്തിനായി ജനങ്ങളെ ഉത്സാഹിപ്പിക്കുന്നതായി താൻ അറിയുന്നുഎന്നും അതിനാൽ ദിവാന്റെ ദുരുദ്ദേശ്യങ്ങളെ വിഫലപ്പെടുത്തി രാജ്യത്തിൽ സമാധാനത്തെയും മഹാരാജാവിന്റെ അധികാരത്തെയും സ്ഥാപിക്കുന്നതിനും ദുഷ്ടനായ ദിവാന്റെ ശക്തിയെ ഇല്ലായ്മചെയ്യുന്നതിനുംആയിട്ടുമാത്രം താൻഒരുവലിയ സൈന്യത്തെ അയക്കുന്നുഎന്നും അതുകൊണ്ടു ജനങ്ങൾ മറ്റൊന്നും വിചാരിച്ചു പോകരുതെന്നും ഈ ഉദ്ദേശ്യങ്ങളെ നടത്തിക്കുന്നതിൽ അവൎക്കു കഴിയുന്നസഹായം ചെയ്തുകൊടുക്കണമെന്നും സൈന്യങ്ങൾ ക്രമമായി നടക്കുന്നതിനു പ്രത്യേകം ഉത്തരവുകൊടുത്തിട്ടുണ്ടെന്നും മറ്റുമായിരുന്നു.

ആ ഉത്തരവിൻപ്രകാരം ഒരു വലിയസൈന്യം ഹാനൊറബിൾ സെന്റ ലഷ്ടരുടെ വരുതിയിൽ ആരുവാമൊഴിക്കോട്ടക്കു പുറത്തു ൧൮൦൯-ാംവൎഷം ഫെബ്രുവരിമാസം ൧൦-ാം- എത്തിയവുടൻ തന്റെ സൈന്യത്തെ ഉത്സാഹിപ്പിച്ചു അവിടെ താമസിച്ചിരുന്ന ദളവാ വിരോധം നിഷ്ഫലമെന്നുകാണുകയാൽ വേഗം തിരുവനന്തപുരത്തു എത്തി മഹാരാജാവിനോടു ബ്രിട്ടീഷ് ഗവൎമ്മെന്റുകാർ ചോദിക്കുന്നസമയം സകല വീഴ്ചകളേയും തന്റെമേൽ ചുമത്തുന്നതിനു അറിയിച്ചുംവെച്ചു സ്വദേശാഭിമാനിയുംരാജഭക്തിയുള്ളവനും തന്റെപ്രവൃത്തി കുററകരവും അനീതിയുമാണെന്നു ബോദ്ധ്യമുള്ളവനുമായ തമ്പി അപമാനത്തെകരുതികാ

ബ്രിട്ടീഷ്സൈന്യം ക്രമേണ നാഗർകോ
ന്ദിശീകനായി. ബ്രിട്ടീഷ്സൈന്യം ഈ സ്ഥലങ്ങളിൽ ശേഖ
വിൽ,ഉദയഗിരി,പത്മനാഭപുരം, ഈ സ്ഥലങ്ങളിൽ ശേഖ
രിക്കപ്പെട്ടിരുന്ന ആയുധങ്ങളേയും വെടിമരുന്നു ഉണ്ട മുത
ലായ യുദ്ധസാമാനങ്ങളേയും കൈവശമാക്കി, ഒടുവിൽ ആ
സൈന്യം പാപ്പനങ്കോട്ടുവന്നു സേനാനിവേശം ചെയ്തു.
അതിനുമുമ്പിൽ ൧൮൦൯-നു- കല്ലറൽ ലച്ചർ ൧൮- മണിക്കു
റിനകം ദിവാനെപ്പിടിച്ചു ഏല്പിക്കണമെന്നു മഹാരാജാ
വിനു ഒരു എഴുത്തയച്ചിരുന്നു. അതോടൊന്നിച്ചു റസിഡ
ൻറിനാൽ എഴുതപ്പെട്ട ഒരുഎഴുത്തും ഉണ്ടായിരുന്നു. അതിൽ
ബ്രിട്ടീഷ് സൈന്യത്തിൻെറ ഗതിക്കു വിരോധമൊ മററൊ
ചെയ്യപ്പെട്ടാൽ മഹാരാജാവിൻെറ ഒപ്പോടുകൂടി വന്നിട്ടുള്ള
സമാധാനപത്രം വാസ്തവമല്ലെന്നും അതുദളവായുടെ പ്രേരണ
യിന്മേൽ എഴുതീട്ടുള്ളതാണെന്നു വിചാരിക്കപ്പെടുമെ
ന്നുംമററും എഴുതിയിരുന്നു. ഈ പത്രങ്ങളുടെ സന്ദർശ
നത്താൽ മഹാരാജാവു വളരെ ഭയന്നു തൻെറ വിശ്വസ്ത
നായ ഉമ്മിണിത്തമ്പിയുടെ മുഖാന്തിരം ദുഷ്ടനായ വേലുത്ത
മ്പിയുടെ കൃത്രിമത്താൽ ഉണ്ടാക്കപ്പെട്ട രാജ്യഛിദ്രങ്ങൾക്കാ
യി അവിടുന്നു വ്യസനിക്കുന്നു എന്നും അയാളെ പിടിച്ചു ഏ
ല്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു എന്നും
ഒരു എഴുത്തയച്ചു.

അനന്തരം കൊല്ലത്തുനിന്നും വന്നുചേർന്ന റസിഡൻറു
മായി ആലോചിച്ചു ദളവായെപിടിച്ചു ഏല്പിക്കുന്നവർക്കു
൧൦,൦൦൦-രൂപാ ഇനാം കൊടുക്കാമെന്നു പ്രസിദ്ധപ്പെടുത്തി
യും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെയും അ
ഭ്യത്തുക്കൂടാതെ ഏതാനം ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെയും അ
യാളെ അന്വേഷിച്ചു പിടിക്കുന്നതിനായി അയച്ചു. അന
ന്തരം മഹാരാജാവു ഗവമ്മേൻറു സമ്മതപ്രകാരം ൯൮൪-ാ
മാണ്ടു മീനമാസം ൧൮-ാംനു- ഉമ്മിണിത്തമ്പിയെ ദിവാനാ
യി നിയമിച്ചു. * ആയാണ്ടിൽ ലക്ഷ്മീറാണി ആയില്യം
തിരുനാൾ രുഗ്മിണിറാണിയെ പ്രസവിച്ചു.

---



* ൧ൻ

വേലുത്തമ്പി കുന്നത്തൂർ മണ്ഡപത്തുംവാതുക്കൽചെന്നു പള്ളിക്കോട്ടിനു സമീപമുള്ള കാടുകളിൽ ഒളിച്ചുനടക്കുന്നതായി അറിവുകിട്ടുകയാൽ അയാളെ പിടിക്കുന്നതിനായി ഭൃത്യന്മാർ അവിടെഎത്തി. അയാൾ ഇതറിഞ്ഞു മണ്ണടിയിൽ ആൾ പാൎപ്പില്ലാത്ത ഒരു പോററിമഠത്തിൽചെന്നു ഒളിച്ചു. ഈ സമയം അവർ വേലുത്തമ്പിയുടെ വേലക്കാരിൽ ഒരുവൻ യജമാനന്റെ സ്വൎണ്ണം വെള്ളി ഈ പാത്രങ്ങളുമായി നടക്കുന്നതുകണ്ടു അവനെപിടികൂടി ഭേദിക്കയാൽ അവൻ യജമാനന്റെ പാൎപ്പിടം കാണിച്ചുകൊടുത്തു. അതിനിടക്കു വേലുത്തമ്പി സഹോദരനായ പത്മനാഭൻതമ്പിയോടുംകൂടെ മണ്ണടിക്ഷേത്രത്തിനകത്തുകടന്നു തന്നെ കുത്തിക്കൊല്ലുന്നതിനു സോദരനോടു അപേക്ഷിച്ചു. അയാൾ ആ ക്രൂരകൃത്യത്തിനു അല്പം സംശയിക്കയാൽ വേലുത്തമ്പി സ്വയം കഠാരി തന്റെനെഞ്ചിൽ കുത്തിയിറക്കി.

അതുകൊണ്ടു പ്രാണഹാനിവരാത്തകാരണം അനുജനോടു കണ്ഠച്ഛേദംചെയ്യാൻ ദയവാ യാചിക്കയാൽ അയാൾ ഉടൻ അതിനെ ഛേദിച്ചു. പോററിമഠത്തിൽ വേലുത്തമ്പിയെ കാണായ്കയാൽ ഭൃത്യന്മാർ ക്ഷേത്രത്തിൽ ചെന്നു നോക്കിയസമയം പത്മനാഭൻതമ്പി ഖഡ്ഗപാണിയായി നില്ക്കുന്നതും തമ്പിയുടെ മൃതശരീരവുംകണ്ടു അവർഅയാളെയും ആ ദേഹത്തിനേയും തിരുവനന്തപുരത്തു കൊണ്ടുവന്നുമൃതദേഹം കണ്ണേൻമൂലപ്പാലത്തിൽ കഴുവിലേററപ്പെട്ടു. അതിനെപ്പററി അപ്പഴത്തെ ഗവൎണ്ണർ ജനറലായ ലാർഡ മിന്റൊ അവർകൾ വളരെ ആക്ഷേപിച്ചു.

സർജൺറ്റും മററുമായവരുടെ വധത്തിൽ സഹായിയായിരുന്നു എന്നുള്ള ഊഹത്തിന്മേൽ പത്മനാഭൻതമ്പി കൊല്ലത്തു ബ്രിട്ടീഷ് സൈന്യത്തിന്റെ മുമ്പിൽവെച്ചു തൂക്കിലിടപ്പെട്ടു. ലഹളക്കു അനുകൂലികളായിരുന്ന വൈക്കം

പത്മനാഭപിള്ളമുതൽപേരു ഇംഗ്ലീഷ്കാരുടെ വധസംഭവ സ്ഥലങ്ങളായ കൊല്ലം, പുറക്കാട്ട, പള്ളാത്തുരുത്തി ഈ സ്ഥലങ്ങളിൽവച്ചു തൂക്കപ്പെട്ടു. ഈ നൂതനദിവാൻ വേലുത്തമ്പിയുടെ സംബന്ധക്കാരെ നാടുകടത്തിയതുകൂടാതെ അയാളുടെ വീടുമുതലായവയും തട്ടിനിരത്തി.

ദിവാൻ ഉമ്മിണിത്തമ്പി സാമർത്ഥ്യവും ബുദ്ധിയുംഉള്ളവനും സാമാന്യം രാജ്യസ്ഥിതി അറിയാവുന്നവനും ആയിരുന്നു എങ്കിലും അധികാരത്തിൽ അത്യാഗ്രഹവും മുൻവാഴ്ചക്കാരനെക്കാൾ യശസ്സു സമ്പാദിക്കണമെന്നുള്ള അഭിപ്രായവും ഉള്ളവനായിരുന്നു.

മഹാരാജാവിന്റെ പ്രീതിയുണ്ടായിരിക്കയാൽ ഈ ദിവാൻ സ്വേച്ഛാനുകൂലം യാതൊരുതടസ്ഥവുംകൂടാതെ കാര്യവിചാരംതുടങ്ങി.

അയാളുടെ ഏർപ്പാടുകളിൽ ഗുണപ്രദമായി അനേകം ഉണ്ടായിരുന്നു. അവയിൽ i പലസ്ഥലത്തും ഠാണാകൾ ഏർപ്പെടുത്തി ii നാഞ്ചിനാട്ടുകാർ ഗവർമ്മെന്റിൽ ബോധിപ്പിക്കേണ്ടതായ ാരോഗഃാസ്യാദികൾ പ്രമാണിച്ചു സംഘംകൂടുന്ന നടപ്പിനെ വിരോധിച്ചു. iii ആസ്ഥലത്തു കാവലുകൾ ഏർപ്പെടുത്തി. iv തിരുവനന്തപുരത്തിനും നെയ്യാറ്റിൻകരക്കും മദ്ധ്യേയുള്ള ഒരുസ്ഥലത്തു കാടുകൾ വെട്ടിത്തെളിച്ചു കടകൾ കൊട്ടാരങ്ങൾ അഗ്രഹാരങ്ങൾ മുതലായവ കെട്ടി അവിടെ പലസ്ഥലത്തുനിന്നും നെയ്ത്തുകാരെവരുത്തിപാർപ്പിച്ചു. അതിനു മഹാരാജാവിന്റെ ബഹുമാനത്തിനും ഓർമ്മക്കുംവേണ്ടി ബാലരാമപുരം എന്നു നാമധേയവും കല്പിച്ചു. വിഴിഞ്ഞം എന്ന സ്ഥലത്തിനെ ഒരു പ്രബലപ്പെട്ട കച്ചവടസ്ഥലവും തുറമുഖവും ആക്കണമെന്നു അയാൾക്കു വളരെ താല്പര്യമുണ്ടായിരുന്നു.

ഈ ദിവാൻ രാജ്യകാൎയ്യം നോക്കിയ ൨- വൎഷകാലത്തിനകം കീഴ ഉദ്യോഗസ്ഥന്മാരെ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള ശക്തിക്കുറവുകൊണ്ടു അവർ വീണ്ടും സ്വാതന്ത്ര്യരായിഭവിച്ചു അനീതികൾ പ്രവൃത്തിച്ചുതുടങ്ങുകയാൽ രാജ്യത്തിൽ അക്രമങ്ങൾ വൎദ്ധിക്കുകയും തന്നിമിത്തം ഉണ്ടായ പണക്കുറവിനാൽ കഷ്ടത്തിൽ കടിശ്ശിഖഭവിക്കുകയും ചെയ്തു. ജീവനക്കാരുടെ ശമ്പളംപോലും കടിശ്ശിഖയായിത്തീൎന്നു. മഹാരാജാവ് ശാന്തനും ഭീരുവും വിനീതനുമാണെന്നറിഞ്ഞു ഈ മന്ത്രി തന്റെ അഹങ്കാരവും അധികാരേച്ഛയും കൊണ്ടു അവിടുത്തെ തീരെഗണിക്കാതെ സകല അധികാരങ്ങളും സ്വയം നടത്തിത്തുടങ്ങി. റസിഡന്റു ഈ സംഗതികളെപ്പറ്റി ദിവാൻജിക്കു എഴുതിഅയച്ചിരുന്നതിനു മറുപടിയായി അയാൾ തന്റെപേരിൽ യാതൊരു വീഴ്ചയുമില്ലെന്നും സകലത്തിനും കാരണഭൂതൻ മഹാരാജാവാണെന്നും അവിടത്തെമേൽ ദോഷംആരോപിച്ചു എഴുതിഅയക്കയാൽ ഉടമ്പടിപ്രകാരം ശരിയായി നടക്കണമെന്നു കമ്പനിക്കാർമഹാരാജാവിനു താക്കീതായി എഴുതിഅയച്ചു. ഈവിധം ഗൌരവമായ ഒരു എഴുത്തിനെ ശ്രദ്ധിക്കാതെ അവിടുന്നു സമീപിച്ചിരുന്ന മുറജപം അടിയന്തിരത്തിനു വേണ്ട യത്നങ്ങൾ ചെയ്തുതുടങ്ങി. അതിനാൽ മിസ്റ്റർമക്കാളി കൊട്ടാരം നടപടികൾ ശരിയായിരിക്കുന്നില്ലെന്നും വീണ്ടും ഒരുസമയം സമാധാനലംഘനം സംഭവിക്കാമെന്നും ദിവാൻ അഭിപ്രായപ്പെട്ടുന്നതായി ഗവൎമ്മേന്റിലേക്കു എഴുതിഅയച്ചു. കേവലം ദുർബുദ്ധിയായ ഇളയരാജാവിന്റെ ക്രിത്രിമത്താൽ മഹാരാജാവു ധിക്കാരിയായി തീൎന്നിരിക്കുന്നു എന്നും അതിൽ പ്രസ്ഥാപിച്ചിരുന്നു.

മഹാരാജാവിനും ദിവാനും വിരോധത്തിനുള്ള പ്രഥമകാരണം അയാൾ മുറജപം നടത്തേണ്ട എന്നും ആവശ്യപ്പണം കമ്പനിക്കാൎക്കു കൊടുക്കാമെന്നും പറഞ്ഞതായിരുന്നു.

അതിന റസിഡൻറം ആദ്യം അനുകൂലിയായിരുന്നു എ
ങ്കിലും പിന്നീട അതു ബഹുകാലമായി നടത്തപ്പെട്ടുവരുന്ന
അടിയന്തിരം എന്നു വിചാരിച്ചു അയാൾ അതിനെ വിരോ
ധിച്ചില്ലാ.

എവം വിധങ്ങളായ ദിവാൻെറ ക്രിത്രിമങ്ങളെ അറി
ഞ്ഞു കല്പിച്ചു അയാളെ മാററണമെന്നു അഭിപ്രായപ്പെട്ടതി
നെ റസിഡൻറ സമ്മതിച്ചില്ലാ, എന്നുമാത്രമല്ലാ അയാൾ
മുറജപസമയത്തു സമാധാനരക്ഷക്കാണെന്നും പറഞ്ഞുവരു
ത്തിയ പദാതിസൈന്യത്തിനെ ഇവിടെ സ്ഥിരമായി താ
മസിപ്പിച്ചു.

മാവേലിക്കര രാജവംശക്കാരനും ഇവിടെനിന്നും
ദത്തെടുക്കപ്പെട്ടിരുന്ന രാജ്ഞികളുടെ സമീപബന്ധുവുമായ
ഒരു രാജാവു ബാല്യകാലംമുതൽ ഇവിടെ പാർത്തുവരികയും
ഈ രാജകുഡുംബത്തിൽ അപ്പോൾ പുരുഷന്മാരായി വേ
റെ അവകാശികൾ ഇല്ലാതിരിക്കയും ചെയ്കയാൽ മഹാരാജാ
വും ജനങ്ങളും അദ്ദേഹത്തിനെ ഇളയരാജാവായി വിചാരി
ച്ചുവന്നിരുന്നു.

ഈ രാജാവു വേലുത്തമ്പിദിവാനു സഹായിയായിരുന്നു
എന്നും കൊട്ടാരത്തിൽ ഓരോ ക്രിത്രിമങ്ങൾ പ്രവൃത്തി
ക്കുന്നു എന്നും അതിനാൽ ആ രാജാവിനെ മാവേലി
ക്കരയിലൊ ആലപ്പുഴയിലൊ അയക്കണമെന്നും ഉമ്മിണി
ത്തമ്പിദിവാൻ പറഞ്ഞതിനെ മഹാരാജാവു അനുസരിച്ചി
ല്ലാ. എന്നാൽ ആ രാജാവു ഉമ്മിണിത്തമ്പിയെ അപായ
പ്പെടുത്തുവാൻ യത്നിക്കയാൽ അയാൾ അതിനെപ്പററി മദ്രാ
സ് ഗവമ്മേൻറിന എഴുതിഅയച്ചു. ഇൻഡ്യാഗവമ്മേ
ൻറിൽനിന്നും ഒരംവത്നമാനം അറിഞ്ഞു ദിവാനെ രക്ഷിക്ക
ന്നതിനു അവർ ബാദ്ധ്യപ്പെട്ടിരിക്കുന്നു എന്നും അതിനാൽ

അയാളുടെനേരെ ചെയ്യപ്പെടുന്ന ദ്രോഹകൃത്യങ്ങൾ കമ്പനിക്കാരുടെ വിരോധത്തിനു കാരണമായി ഭവിക്കുമെന്നും മഹാരാജാവിനും ആ യുവരാജാവിനു ഇളയരാജാവ് എന്ന സ്ഥാനത്തിനുള്ള ബാദ്ധ്യതകളെ വിചാരണചെയ്യുന്നതിനു റസിഡൻറിനും എഴുതിവന്നു.

അതിനെപ്പററി വിചാരണകഴിച്ചതിൽ രാജ്ഞികളുടെയും മററും മൊഴികളാൽ ആ രാജാവിനു ആസ്ഥാനത്തിനു യാതൊരു അവകാശവുംഇല്ലെന്നു തീൎച്ചപ്പെട്ടുവെങ്കിലും മഹാരാജാവു സ്നേഹംകൊണ്ടു അദ്ദേഹത്തിനെ ഇവിടെത്തന്നെ താമസിപ്പിച്ചു.

ഈ അവസരത്തിൽ ൯൮൫-ാമാണ്ടു കൎണ്ണൽ മക്കാളി വേലവിട്ടുപോകയും പകരം കൎണ്ണൽ മണ്രോ റസിഡൻറായി നിയമിക്കപ്പെടുകയുംചെയ്തു.

ഈ ഉദ്യോഗസ്ഥൻ രാജ്യകാൎയ്യങ്ങളെ ക്രമപ്പെടുത്തി ദിവാൻ ഉമ്മിണിത്തമ്പിയെ വഴിമാൎഗ്ഗം പഠിപ്പിക്കുന്നതിനു കഴിയുന്നതും ശ്രമിച്ചു എങ്കിലും ആയതു ഫലപ്പെട്ടില്ല. ഈവിധം റസിഡൻറ രാജ്യകാൎയ്യങ്ങളിൽ നേരിട്ടുപ്രവേശിക്കണമെന്ന സ്ഥിതിയോളം ആയപ്പോൾ ൯൮൫-ാമാണ്ടു തുലാമാസം ൨൨-ാനു- രാത്രി മഹാരാജാവ് നാടുനീങ്ങുകയാൽ അവരുടെ പ്രവേശനത്തിനു സംഗതിവന്നില്ല.

ഈ രാജ്യഭാരകാലത്തു വേലുത്തമ്പി ദളവായുടെ സ്വതന്ത്രാധികാരവും പ്രമാണികളും ബുദ്ധിശാലികളും ഉപകാരികളും ആയിരുന്ന പല ഉദ്യോഗസ്ഥന്മാരുടെ വധവും അല്ലാതെ ഉപയുക്തമായ യാതൊരു സംഭവവും ഇല്ലെന്നുതന്നെപറയാം. എങ്കിലും ബ്രിട്ടീഷ് ഗവൎമ്മെൻറുമായി നടത്തപ്പെട്ട നവീന ഉടമ്പടി അവിടത്തെ പേരിനെ ആച

ന്ദ്രതാരം നിലനിറുത്തുന്നതാണ. മഹാരാജാവിൻെറ സിംഹാസനാരോഹണകാലത്തിൽ ദ്രവ്യത്തിന അത്രതന്നെ ദൌർലഭ്യം ഇല്ലാതിരുന്നതിനാൽ, തിരുമനസ്സുകൊണ്ട ആയിടക്കതന്നെ പത്മഗർഭം, തുലാപുരുഷദാനം എന്ന രണ്ട അടിയന്തിരങ്ങളും നടത്തിയിരുന്നു.

—ഠഃഠ—

## പത്താം അദ്ധ്യായം.

### ൯൮൬-മുതൽ ൯൯൦-വരെ.

### ല ക്ഷ്മീ റാ ണി ആ യി ല്യം തി രു നാ ൾ.

ആസമയം രാജകുഡുംബത്തിൽ പുരുഷസന്തതികൾ ഇല്ലാതിരുന്നതിനാലും പെൺവഴി രാജാക്കന്മാരുടെ ക്രമം വകയിൽ മാതുലനായ ഒരു രാജാവു അവകാശിയാണെന്നു അനാവശ്യമായി തർക്കിക്കയാലും ഒരം രാജ്ഞി റസിഡൻറിനു എഴുതിഅയച്ചു അയാളെ തൻെറ കൊട്ടാരത്തിൽ വരുത്തി ഈ രാജവംശത്തിൽ ജീവനോടു ആരെങ്കിലും ഒരാളിരിക്കുന്ന കാലം അന്യവംശജാതനായ ഒരു രാജാവിനെ രാജ്യഭാരം ഏല്പിക്കുന്നതിനു തനിക്ക മനസ്സില്ലെന്നു അയാളോടു മുഖദാവിൽ കല്പിക്കയാൽ ബുദ്ധിശാലിയായ മണ്ഡ്രോ തിരുമനസ്സിലെ അഭിപ്രായപ്രകാരം നടത്തിച്ചുകൊടുത്തു. അതിനാൽ ൨൦-വയസ്സുപ്രായമുള്ള റാണിലക്ഷ്മീഭായി ൯൮൬-ാമാണ്ടു തുലാമാസത്തിൽ മദ്രാസ് ഗവർമ്മേൻറിൻെറയും ഹാണറബിൾ കോർട്ടാഫ ഡയറക്ടേർസ്സ്കളുടെയും സമ്മതപ്രകാരം സിംഹാസനാരോഹണംചെയ്തു.

ദുഷ്ടന്മാർ പറഞ്ഞു ക്രിത്രിമിച്ചിരുന്ന ആ രാജാവി

നെ കപ്പിത്താൻ മൺറോ തടവുകാരനായി ചെങ്കൽപ്പെട്ടയിൽ അയച്ചുപാർപ്പിച്ചു.

ഈ രാജ്ഞിയുടെ രാജ്യഭാരത്തിന്റെ ആരംഭരീതി തന്റെ മാതുലനായ ബാലരാമവൎമ്മ രാജാവിന്റെ രാജ്യഭാരത്തിനു നേരെ വിരുദ്ധമായും സാധാരണയായി ആ പ്രായത്തിലുള്ള ഇതരസ്ത്രീകളിൽനിന്നും ഊഹിക്കാവുന്നതിലും അധികം ഗുണസൂചകമായും ഇരുന്നു.

ഈ രാജ്ഞി ചെറുപ്പമായിരുന്നു എങ്കിലും വിദുഷിയും ബുദ്ധിമതിയും വിവേകിനിയുമായിരുന്നതുകൂടാതെ ഭാഗ്യവശാൽ ഇപ്പഴത്തെ വലിയകോയിത്തമ്പുരാന്റെ വലിയ അമ്മാവനായ ചങ്ങനാശ്ശേരി രാജരാജവൎമ്മ കോയിത്തമ്പുരാനാൽ പള്ളിക്കെട്ടു കഴിപ്പിക്കപ്പെട്ടുംഇരുന്നു. അദ്ദേഹം സംസ്കൃതത്തിൽ നല്ലവിദ്വാനും സ്മൃതിപുരാണപാരംഗതനുമായിരുന്നു. ടി രാജ്ഞി ഗൃഹകൃത്യങ്ങളിലും രാജ്യകാൎയ്യത്തിലും അദ്ദേഹത്തിന്റെ ആലോചനയെ അനുവൎത്തിച്ചുവന്നു. അതുകൂടാതെയും അവിടുന്നു മൂപ്പേല്ക്കുന്ന സമയം റസിഡന്റിനോടും മററും മലയാളത്തിൽചെയ്ത പ്രസംഗത്തിനാൽ മിസ്റ്റർ മൺറോ അതീവസന്തുഷ്ടനായി രാജ്യകാൎയ്യങ്ങളെ ശരിയായി നടത്തുന്നതിൽ കഴിയുന്ന സഹായം ചെയ്യണമെന്നു മനഃപൂൎവ്വമായി വിചാരിച്ചു തദനുസരണമായി നടന്നുതുടങ്ങി.

ഈ രാജ്ഞിയുടെ അനവധി ഉൽകൃഷ്ടഗുണങ്ങളിൽ അവിടത്തേക്കുണ്ടായിരുന്ന സ്ഥൈൎയ്യവും സ്വഗുണപ്രശംസയിലും മുഖസ്തുതിയിലുംഉള്ള നീരസവും ആഭാസന്മാരുമായുള്ള സംസൎഗ്ഗരാഹിത്യവും സ്വരാജ്യ പരിഷ്കാരത്തിലും സ്വപ്രജാക്ഷേമത്തിലുംഅവിടത്തേക്കുണ്ടായിരുന്നഅത്യന്താഭിലാഷത്തെ സാധിക്കുന്നതിൽ സഹകാരികളായി ഭവിച്ചു.

തിരുമനസ്സുകൊണ്ടു ബാല്യമായിരുന്നിട്ടും സ്വമഃതുല
നിലുണ്ടായിരുന്ന, ന്യൂനതകളേയും ഉമ്മിണിത്തമ്പി ദിവാ
ന്റെ സ്വകാൎയ്യപരതയോടുള്ള നടപടികളേയും തന്നിമി
ത്താം ജനിച്ചിട്ടുള്ള കുഴപ്പങ്ങളേയും അറികയാൽ ആവകദോ
ഷങ്ങളെ നിവാരണംചെയ്യുന്നതിനും സ്വാഭിപ്രായസാദ്ധ്യ
താനും ആയിട്ടു രാജ്യഭരണത്തെ സമൎത്ഥനായ ഒരുമന്ത്രിയു
ടെപക്കൽ ഏല്പിക്കണമെന്നു നിശ്ചയിച്ചു.

ഈ ഉദ്ദേശത്തോടുകൂടി രാജ്ഞി പ്രഥമമായി ദിവാൻ
ഉമ്മിണിത്തമ്പിയെ ജീവനത്തിൽനിന്നുമാററി പകരം ആ
ജ്ജോലികൂടെ നോക്കണമെന്നു മിസ്റ്റർ മണ്രോവിനോടു അ
പേക്ഷിച്ചു. രാജ്ഞിയുടെ ബുദ്ധിവിശേഷത്തേയും ഗുണങ്ങ
ളെയുംകൊണ്ടു സന്തുഷ്ടചിത്തനായിരുന്ന ആയാൾ രാജ്യ
ത്തെ പരിഷ്കരിച്ചു നല്ലസ്ഥിതിയിൽ കൊണ്ടുവരണമെന്നുള്ള
താല്പൎയ്യത്തോടുകൂടി ആ അപേക്ഷയെ സ്വീകരിച്ചു.

ഈവിധം ഠരംരാജ്ഞി ക്ഷയോന്മുഖവും കമ്പനിക്കാ
രുടെ അധീനതയിൽ ഭവിക്കാവുന്ന സ്ഥിതിയിലും ആയിരു
ന്ന തന്റെ രാജ്യത്തെരക്ഷിച്ചു.

ഈ നവീനദിവാൻ, ഉമ്മിണിത്തമ്പിയുടെ അനീതി
യായ നടപടികളാൽ സംഭവിച്ചിട്ടുള്ള കുഴപ്പങ്ങളെ തീൎക്ക
ന്നതിനായി യത്നിച്ചതിൽ പ്രഥമതഃ സൎക്കാർ ജീവനക്കാരു
ടെ അക്രമങ്ങളെ ഇല്ലായ്മചെയ്യുന്നതിനുവേണ്ടി താൻതോ
വാളമുതൽ പറവൂർവരെ സഞ്ചരിച്ചു കാണുന്ന വി
ഷ്ഠകൾക്കു വേലുത്തമ്പിയെപ്പോലെ ദേഹദണ്ഡശിക്ഷ ഏ
പ്പെടുത്തുകയും ആ ശിക്ഷ പരസ്യമായി നടത്തുകയും ചെയ്തി
രുന്നു. ഠരംവിധം ഒരു കൊല്ലംകൊണ്ടു സൎക്കാർ ജീവന
ക്കാരുടെ അക്രമങ്ങളെ ആസകലം അമച്ചവരുത്തി എങ്കി
ലും ശിക്ഷിക്കപ്പെട്ടവരിൽ ആരേയും ജീവനവിരോധം ചെ

ഷ്ടിപ്പാ. അവരിൽ അനേകർ പിൻകാലങ്ങളിൽ ഉന്നത സ്ഥിതിയെ പ്രാപിച്ചു. ഈയിടക്ക മാറിപ്പോയ ഉമ്മിണിത്തമ്പി ദിവാൻ തന്നെ അപായപ്പെടുത്തുവാൻ ആലോചിക്കുന്നതിനായി അറിഞ്ഞു അയാളെ തടവുകാരനായി ചെങ്കൽപട്ടിൽ അയച്ചു.

അനന്തരം മിസ്റ്റർ മൺറോ രാജ്യഭരണത്തിനു അത്യാവശ്യമായ ചട്ടങ്ങളില്ലാതിരുന്നതിനാൽ നാട്ടുകാരുടെ ആലോചനയോടുംകൂടി ധൎമ്മശാസ്ത്രത്തേയും കീഴ് നടപ്പിനെയും ആസമയം കമ്പനിക്കാരുടെ രാജ്യത്തിൽ നടപ്പായിരുന്ന റൂൾസുകളേയും അനുസരിച്ചു ക്രിമിനാൽ സിവിൽ ഈ ജീവനക്കാരുടെ ഉപയോഗത്തിനായി ഒരു ചട്ടം ഉണ്ടാക്കി അക്കാലത്തെ വഴക്കപ്രകാരം അതിനു ചട്ടവരിയോല എന്നപേരും കല്പിച്ചു. അതു ൯൮൭-ാമാണ്ടു ചിങ്ങമാസം ൩൦-ാംനു- കല്പനപ്രകാരം പരസ്യമാക്കപ്പെട്ടു. അതിൽ ൩൪- വകുപ്പുകൾ ഉണ്ടു. അതിൻപ്രകാരം ഈ രാജ്യത്തു ആദ്യമായി നീതിന്യായകോടതികളും ഒരു അപ്പീൽ കോട്ടും ഏൎപ്പെടുത്തപ്പെട്ടു. അവയിൽ അപ്പീൽകോട്ടും ഒരു കീഴ് കോട്ടും തിരുവനന്തപുരത്തും മററുനാലു കോടതികളും പത്മനാഭപുരം, മാവേലിക്കര, വൈക്കം, ആലങ്ങാടു ഈ സ്ഥലങ്ങളിലും ആയിരുന്നു. അപ്പീൽകോട്ടിലെ ഒന്നാംജഡ്ജി ദിവാനായിരുന്നു. ക്രിമിനാൽ സിവിൽ ഈവക കേസുകളിലുള്ള നടപടികളെയും ജഡ്ജിമാരുടെ അധികാരങ്ങളേയും വ്യക്തമായി അതിൽ വിവരിച്ചിരുന്നു.

സൎക്കാർ ജീവനക്കാരുടെമേൽ ഉണ്ടാകുന്ന കുററങ്ങളെ വിചാരണകഴിച്ചു തീൎച്ചചെയ്യുന്നതിനായി ഹജൂർകോട്ടു എന്ന നാമധേയത്തോടുകൂടി വേറൊരു കോട്ടും ഏൎപ്പെടുത്തി.

കാൎയ്യക്കാർ എന്നു വിളിക്കപ്പെട്ടുവന്നിരുന്ന മണ്ടപ

ന്നുംവാതുക്കൽ ഉദ്യോഗസ്ഥന്മാരെ റവന്യൂജോലിക്കുമാത്രം
ചുമതലപ്പെടുത്തി അവൎക്കു തഹശീൽദാർ എന്ന പേർകൊ
ടുത്തു. ക്രിമിനാൽ കേസുകൾ ഠാണാനായക്കന്മാർ വിസ്തരി
ച്ചു ജില്ലാകോട്ടിൽ ഏല്പിക്കുന്നതിനു നിബന്ധനചെയ്തു.

ഇതിനടുത്തപോലെ മിസ്റ്റർ മണ്രോ റവന്യൂവിഷയ
ത്തിൽ പ്രവേശിച്ചു. അതിൽ രാജ്യത്തിലെ ചിലവു വരവി
ൽ അധികരിച്ചിരിക്കുന്നു എന്നുകണ്ടു ശേഷിപ്പില്ലെങ്കിലും വര
വിനേയും ചിലവിനേയും സമമാക്കണമെന്നുള്ള ഉദ്ദേശത്തോ
ടു എല്ലാഡിപ്പാർട്ട്മെൻറിലെയും കൊട്ടാരത്തിലേയും ചിലവുക
ൾക്കുതാൻ കണക്കുകൾ ഉണ്ടാക്കുകയും പ്രഭുക്കന്മാരുടെയും
മററും അടുത്തൂൺകളുടെ വകക്കു ക്രമമായ ഒരു നിബന്ധന
ഏൎപ്പെടുത്തുകയുംചെയ്തു. താൻ ഉദ്യോഗം ഏററപ്പോൾ ഉ
ണ്ടായിരുന്ന അധികമായ കപ്പക്കുടിശ്ശികയേയും പലസ്ഥല
ങ്ങളിലേയും കച്ചവടക്കാൎക്കു കൊടുപ്പാനുണ്ടായിരുന്ന കട
ത്തിനെയും തൻെറ സ്വല്പമായ ഉദ്യോഗകാലത്തിനകം കൊ
ടുത്തുതീൎത്തു. ഇതുകൂടാതെയും രാജ്യത്തിലെ മുതലെടുപ്പിനെ
വൎദ്ധിപ്പിക്കുന്നതിനായി ഈ രാജ്യത്തിലുള്ള ൩൭൮- ദേ
വസ്വങ്ങളെയും അവയ്ക്കുണ്ടായിരുന്ന അനവധി വസ്തുക്കളെ
യും ൯൮൭-ൽ സൎക്കാരിൽചേൎത്തു. * ഈവസ്തുക്കളിൽ
നിന്നും ആ ദേവസ്വംവക ചിലവുകൾ നീക്കി സൎക്കാരിലേ
ക്കു ൧൫൦,൦൦൦- രൂപാവരെ ആദായം ഉണ്ടു. ഇതു ആദ്യം
വേലുത്തമ്പി ആലോചിച്ചിരുന്നുവെങ്കിലും അയാൾക്കു അ
തു നടത്താൻ സംഗതിവന്നില്ല. ഇയാൾ റെസിഡൻറായി
വരുമ്പോൾ തൻെറകൂടി രണ്ടുമഹാരാഷ്ട്ര ബ്രാഹ്മണരെ
കൊണ്ടുവന്നിരുന്നു. അവരിൽ ഒരാളായ റസ്സിരായർ എന്ന
വെങ്കിട്ടരായർ ഇംഗ്ലീഷ് മഹാരാഷ്ട്രം ഈ രണ്ടുഭാഷകളിലും
സമൎത്ഥനായിരുന്നു എന്നുമാത്രമല്ല മിസ്റ്റർ മണ്രോവിനു
ഈ പരിഷ്കാരങ്ങൾക്കു വളരെ സഹായിയായും ഇരുന്നു
മുഖ്യമായി കണക്കഡിപ്പാട്ട്മെൻറിനെപരിഷ്കരിച്ചതു അയാ

* അഡ്മിനിസ്ട്രേഷൻറിപ്പോട്ട്

ൾ മൂലമാകുന്നു. ഒരു രസ്സിരായർ രാജ്യത്തിൽ മഹാരാജ്യപ്രേക്ഷ
ണങ്ങൾ ഏൾപ്പെടുത്തി. അതിനാൽ ദിവാൻ ഇദ്ദേഹത്തിനെ
ആദ്യം ചില സ്വല്പവേലകൾ ഹജൂറിൽ നിയമിച്ചു. ഇ
ദ്ദേഹം തന്റെ സാമർത്ഥ്യവും വേലയിലുള്ള ജാഗ്രതയുംകൊ
ണ്ടു ക്രമേണ നല്ലസ്ഥിതിയെ പ്രാപിച്ചിരുന്നു എങ്കിലും അ
ദ്ദേഹത്തിനു ദിവാൻവേലക്കുള്ള മോഹം അധികമായിരുന്നു
മിസ്റ്റർ മക്രേഡോ സാധാരണയായി ജസ്റ്റി മുതലായ വലിയ
ജീവനങ്ങൾ സ്വഭാഷാ സംസ്കൃതം സ്മൃതി ഇവയിൽ
പാണ്ഡിത്യമുള്ളവരും സ്വദേശികളുമായ ബ്രാഹ്മണർ ശൂ
ദ്രർ സിറിയൻസ് ഇവരെ നിയമിച്ചുവന്നിരുന്നു. ആ ശേ
ഖരത്തിൽ തിരുവനന്തപുരത്തുകാരനായ ദേവൻപത്മനാ
ഭനും കൊച്ചിക്കാരനായ രാമൻമേനവനും ജസ്റ്റിവേലക്കു
നിയമിക്കപ്പെട്ടു.

ഈ ദിവാന്റെകാലത്തു തലവരി മുതലായ പല അ
ന്യായപ്പിരിവുകളെ നിറുത്തൽചെയ്കയും അതുനാൾവരെ ക
ടം പ്രായശ്ചിത്തം മുതലായ ഇനങ്ങളിൽ വളരെക്കാലമായി
കുടിശ്ശികയുള്ള പണത്തിനെ മാപ്പുചെയ്കയും ഉപ്പളങ്ങളെ
പരിഷ്കരിക്കയും ഊട്ടുഛത്രങ്ങളുടെയും പണ്ടകശാലകളുടെ
യും നടപടിയെ തീർപ്പെടുത്തുകയും കൂടുതൽ ചവുക്കകൾ ഏ
ർപ്പെടുത്തുകയും കൊല്ലത്തും തിരുവനന്തപുരത്തും റസിഡ
ന്റന്മാർക്കു താമസിക്കുന്നതിനായി ബംഗളാവുകൾ പണി
യിക്കയുംചെയ്തു.

൯൮൪-ൽ വേലുത്തമ്പിയുടെ കാലത്തുണ്ടായ കലഹ
ത്തിന്റെശേഷം രാജ്യത്തിൽ സൈന്യമില്ലാതിരുന്നതിനാൽ
മിസ്റ്റർ മക്രേഡോ നായർ പദാതിസൈന്യവും ഒരുകുമ്പിണി
അശ്വസൈന്യവും ഏർപ്പെടുത്തി. അവയുടെ മേൽവിചാര
ത്തിനു ഇംഗ്ലീഷ് ഉദ്യോഗസ്ഥനെയും ആദ്യമായി നിയമിച്ചു
വളരെ സമർത്ഥനായ മിസ്റ്റർ മക്രേഡോവിനാൽ ചെയ്യപ്പെട്ട

ഏതാദൃശങ്ങളായ പരിഷ്കാരങ്ങൾകൊണ്ടു രാജ്യംനല്ല സുഭി
ക്ഷമായിരിക്കുന്നസമയം റാണി ലക്ഷ്മീഭായി * ൯൮൮-ാ
മാണ്ടു മേടമാസം സ്വാതി നക്ഷത്രത്തിൽ ഒരു രാജകുമാരനെ
പ്രസവിച്ചു.

ഉടൻ ധർമ്മശാസ്ത്രവും നടപ്പും അനുസരിച്ചു രാജപുത്ര
നെ തിരുവിതാംകൂർ മഹാരാജാവായി പ്രസിദ്ധംചെയ്കയും
ചെയ്തു.

ആ ആണ്ടിൽതന്നെ മിസ്റ്റർബ്ലേക്കർ അസിസ്റ്റാൻറു
റസിഡൻറായി വരികയാൽ മിസ്റ്റർമൺറോ അയാളെ കൊ
ച്ചീകാര്യങ്ങൾ നോക്കുന്നതിനായി ചുമതലപ്പെടുത്തി. ക്ഷ
യോന്മുഖമായിരുന്ന രാജ്യത്തെ ഈവിധം ഉൽകൃഷ്ടസ്ഥി
തിയിൽകൊണ്ടുവന്നശേഷം റസിഡൻറു തന്നെ ആ ചുമത
ലയിൽനിന്നു നീക്കി പകരം ഹജൂർകോട്ടിൽ ജഡ്ജിയായി
രുന്ന ദേവൻ പത്മനാഭനെ നിയമിക്കണമെന്നു അപേക്ഷി
ക്കയാൽ റാണിമഹാരാജാവു ൯൮൯-ാമാണ്ടിൽ അയാളെ
ദിവാൻവേലക്കു നിയമിച്ചു. അയാൾ മിസ്റ്റർ മൺറോവി
ൻെറ ഉപദേശപ്രകാരം രാജ്യകാര്യങ്ങൾ വെടിപ്പായി നോ
ക്കിവരുമ്പോൾ കാലദോഷത്താൽ ൧൦-മാസത്തിനകം ചര
മഗതിയെ പ്രാപിച്ചു.

* ൯൯൦-ാമാണ്ടു ചിങ്ങമാസം ഉത്രം നക്ഷത്രത്തിൽ
രാജ്ഞി രണ്ടാമത്തും ഒരു പുത്രനെ പ്രസവിച്ചു. അനന്തരം
രണ്ടുമാസം കഴിഞ്ഞുകൂടുമ്പോൾ ജനങ്ങളുടെ ഭാഗ്യദോഷ
ത്താൽ ഗുണവതിയായ രാജ്ഞി കാലഗതിയെ പ്രാപിച്ചു.
ഈ രാജ്ഞി താൻ രാജ്യഭാരംചെയ്ത സ്വല്പമായ നാലുവർഷ
ത്തിനകം മാതുലന്മാർ ബഹുകാലംകൊണ്ടു ചെയ്തിട്ടുള്ള ഗു
ണങ്ങളിലും അധികമായ ഗുണങ്ങളെ ജനങ്ങൾക്കു ചെയ്തു

* പാച്ചുമൂത്തതിൻെറചരിത്രം

യും മുൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ രാജ്യഭരണോപയുക്തങ്ങളായ അനേകം റഗുലേഷനുകൾ ഏൎപ്പെടുത്തുകയുംചെയ്തു. അവയിൽ ചിലചട്ടങ്ങൾ അദ്യാപി നടപ്പിലിരിക്കയുംചെയ്യുന്നു.

അവയിൽപ്രധാനമായിട്ടുള്ളതു.

൯൮൭-ൽ വൃശ്ചികം ൨൦-ാംനു- ൟ രാജ്യത്തിൽ അടിമക്കച്ചവടം നിറുത്തൽ ചെയ്തുണ്ടായ തിരുവെഴുത്തുവിളംബരമാകുന്നു.

അതുകൂടാതെയും വനത്തിൽപാൎക്കുന്ന ജനങ്ങളുടെ രക്ഷക്കായി കടുവാ, പുലി, മുതലായ ദുഷ്ടമൃഗങ്ങളെ വധിക്കുന്നതിനും ഇനാം ഏൎപ്പെടുത്തി.

ൟശ്വരനാ ൟ രാജ്ഞി സൽഗുണങ്ങളെയും പ്രവൃത്തികളെയുംകൊണ്ടു ൯൮൭-ൽ നാടുനീങ്ങിയ തന്റെ അമ്മാവനെക്കാളും ജനസ്നേഹത്തിനു പാത്രീഭവിച്ചു.

രാജസ്ത്രീകൾ പരസ്യമായി പുറത്തുവരികയും അന്യപുരുഷന്മാരുടെ ദൃഷ്ടിയിൽപെടുകയും അരുതെന്നുള്ള പൂൎവാചാരത്തെ ധൈൎയ്യമായി ലംഘിച്ചു റസിഡാൻറു മുതലായവരോടു പരസ്യമായി കാൎയ്യാദികളെപ്പററി സംസാരിക്കയും അവരുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തതു ൟ രാജ്ഞിയുടെ അജ്ഞാനാന്ധാവത്തേയും വിശേഷബുദ്ധിയേയും ദൃഷ്ടാന്തീകരിക്കുന്നു.

—ഠഃഃഠ—

## ൧൧-ാം അദ്ധ്യായം.

### ൯൮൭-മുതൽ ൧൦൦൬-വരെ.

### പാൎവതീറാണി ഉത്രട്ടാതി തിരുനാൾ

ലക്ഷ്മിറാണി നാടുനീങ്ങുമ്പോൾ രാജവംശത്തിൽ അവിടത്തെ സഹോദരിയും ൧൫-വയസ്സു പ്രായവുമുള്ള പാൎവതീറാണിയും, പുത്രിയായ ൭-വയസ്സു പ്രായമുള്ള രുഗ്മിണി

ഭായിയും ൧൮൦൨ ൯൬൦ വിതം മാസം പ്രായമുള്ള രാമവൎമ്മ മാൎത്താണ്ഡവൎമ്മ എന്നു രണ്ടുപുത്രന്മാരും ഇങ്ങനെ നാലു പേർ ഉണ്ടായിരുന്നു. അവർ എല്ലാപേരും ബാല്യമാകയാൽ ലക്ഷ്മിറാണി തന്റെ മരണസമയം അവരെ സ്വഭൎത്താവായ കോയിത്തമ്പുരാന്റെ സംരക്ഷണയിൽ ഏല്പിച്ചിരുന്നു. രാമവൎമ്മമഹാരാജാവു പ്രാപ്തിയാകുന്നതുവരെ രാജ്യഭാരം ചെയ്യുന്നതിനായി പാൎവ്വതീറാണി ൯൯൨-ൽ റീജന്റായി നിയമിക്കപ്പെട്ടു. ഈ രാജകുമാരി തന്റെ ജ്യേഷ്ഠസഹോദരിയെപ്പോലെ ബുദ്ധിമതിയും വിദുഷിയും സുശീലയും ആയിരുന്നതുകൂടാതെ രക്ഷകൎത്താവായ കോയിത്തമ്പുരാന്റെയും റസിഡന്റിന്റെയും വാക്കുകളെ അനുസരിച്ചു നടക്കുന്നതിനു അവരാൽ ഉപദേശിക്കപ്പെട്ടും ഇരുന്നു.

ഇവരുടെ ബാല്യവയസ്സും സൽസ്വഭാവവും ഹേതുവാൽ റസിഡന്റു ദിവാൻവേല ചുമതലയായി നോക്കിവന്നു.

ദിവാൻ ദേവൻ പത്മനാഭന്റെ മരണാനന്തരം മിസ്റ്റർ മന്റോവിനെക്കൂടി വന്നിട്ടുള്ളതിൽ ദ്വിതീയനും ദിവാൻപേഷ്കാരുമായിരുന്ന ബാപ്പുരായർ കാൎയ്യംവിചാരിച്ചിരുന്നുവെങ്കിലും രാജ്യകാൎയ്യങ്ങളിൽ വളരെ പരിചയമുള്ളവനെന്നു വിചാരിക്കപ്പെട്ടിരുന്ന നാഞ്ചിനാട്ടു സുബ്രഹ്മണ്യൻ ശങ്കരനാരായണയ്യനെ ൯൯൦-ൽ ദിവാൻവേലക്കു നിയമിച്ചു. ഇദ്ദേഹം ബാല്യകാലംമുതൽ കൊട്ടാരത്തിൽ ഓരോരോ ജോലി നോക്കിവന്നിരുന്നുവെങ്കിലും ഈ വേലക്കു പ്രാപ്തിയില്ലെന്നു അനുഭവംകൊണ്ടു ബോധപ്പെടുകയാൽ ൧൦-മാസം കഴിഞ്ഞുകൂടുമ്പോൾ അയാളെ മാററി പകരം റസിഡന്റിനാൽ ശിപാൎശ്ശ ചെയ്യപ്പെട്ട ഹജൂർകോൎട്ടുജഡ്ജി രാമമേനവനെ ൯൯൧-ൽ നീട്ടുകൊടുത്തു. ഈ രാമമേനവൻ ബുദ്ധിമാനും സത്യവാനും കാൎയ്യതല്പരനും നിഷ്പക്ഷപാതിയും ആയിരുന്നതിനാൽ സകലജനങ്ങൾക്കും തൃപ്തികരമാകുംവണ്ണം കാ

സ്ഥാപികൾ നോക്കിവന്നു. ഇയാൾ മിസ്റ്റർ മക്രേഗാവിന്റെ ഏർപ്പാടുകളെ വീണ്ടും പ്രബലപ്പെടുത്തി.

ഈ സമയത്തിൽ ഉൽകൎഷത്തെ പ്രാപിച്ചുവരുന്നതായ ആലപ്പുഴത്തുറമുഖത്തെ കച്ചവടവൎദ്ധനക്കായി പ്രത്യേകം ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻ ആവശ്യമെന്നു മിസ്റ്റർ മക്രേഗാ അഭിപ്രായപ്പെടുകയാൽ അയാളുടെ സമ്മതപ്രകാരം വനംവക സൂപ്രണ്ടായിരുന്ന മിസ്റ്റർ ഗാർഡനെ കമ്മൎഷ്യൽ ഏജന്റായി നിയമിച്ചു അവിടെ താമസിപ്പിച്ചു.

ഈ ഏജന്റു തന്റെ ജോലിക്കു വളരെ സമൎത്ഥനായിരുന്നു. എങ്കിലും ദിവാനെ അലക്ഷ്യമാക്കി സ്വാതന്ത്ര്യമായി ഓരോന്നു പ്രവൃത്തിക്കയാൽ അവർ തമ്മിൽ വിരോധം ജനിച്ചു.

ഒരു സംഗതിയിൽ മിസ്റ്റർ ഗാർഡന്റെ ചില നടപടികൾ ശരിയല്ലെന്നു താൻ അറികയാൽ ദിവാൻ ആയതിനെ സ്വയംപ്രവേശിച്ചു വിചാരണകഴിക്കയും ഏജന്റിന്റെ വീഴ്ചകളെപ്പറ്റി കഠിനമായി താക്കീതചെയ്കയും ചെയ്തു. എന്നാൽ മിസ്റ്റർ മക്രേഗാ സ്വജാത്യഭിമാനത്താൽ ദിവാനുമായി മുഷിഞ്ഞു. ഇതു നല്ലഅവസരമാണെന്നുകരുതി ദിവാൻപേഷ്കാർ രസ്സിരായർ തന്റെ മനോഭീഷ്ടസാദ്ധ്യത്തിനായി യത്നിച്ചുതുടങ്ങി. തന്നിമിത്തം ഠരം ദിവാനെ നിയമിച്ചു ഒരുകൊല്ലം തികയുന്നതിനുമുമ്പിൽ ദളവാ എന്നുള്ളസ്ഥാനം വീണ്ടുംഏൎപ്പെടുത്തി അധികാരവും ശമ്പളവും കുറച്ചു രാമമേനവനെ അതിൽ നിയമിക്കണമെന്നു റസിഡന്റു അഭിപ്രായപ്പെടുകയാൽ അപ്രകാരം ൯൯൮-ൽ രാമമേനവൻ ദളവായായി നിയമിക്കപ്പെട്ടു. എന്നാൽ ദളവാഉദ്യോഗം മുൻകാലത്തു സേനാനായകത്വവും മന്ത്രിസ്ഥാനവും ചേൎന്നിട്ടുള്ള ഒരുവലിയ ജീവനമായിരുന്നു എങ്കിലും

പ്രസംഗകാലത്തു ഒരു കലക്കേസിൽ മഹാരാജാവിന്റെ പ്രതിപുരുഷനായി കുററക്കാരനെ വധിക്കുന്നതിനുള്ള ഒരു വാറണ്ടു സയൻചെയ്യുന്ന അധികാരംമാത്രം ഉള്ള ഒരു ജോലിയായിരുന്നു. അതിനാൽ രാമൻമേനവൻ ജോലിയിൽപ്രവേ?ശിക്കാതെ അട്ടത്തൂൺമേടിച്ചു.

ഈ സന്ദർഭത്തിൽ കാര്യംവിചാരിച്ചിരുന്ന രങ്കിരായർ ദിവാനായി ൮൮൩-ൽ നിയമിക്കപ്പെട്ടു.

വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഉൽകൃഷ്ടപദവി തനിക്കു ലഭിക്കയാൽ അതിൽ യശസ്സു സമ്പാദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹം എത്രയും താല്പര്യമായി രാജ്യകാര്യങ്ങൾ നോക്കുകയും അതിനു റസിഡന്റു അത്യന്തം സഹായിയായിരിക്കയുംചെയ്തു. ഒര? യിടക്കു കൊച്ചുതമ്പുരാക്കന്മാരുടെ പള്ളിവായനക്കായി കോയിത്തമ്പുരാന്റെ അപേക്ഷപ്രകാരം തഞ്ചാവൂർകാരനായ സുബ്ബരായർ എന്നആൾ, മിസ്റ്റർമക്രേഡ്യായാൽ തിരിഞ്ഞെടുത്തു നിയമിക്കപ്പെട്ടു ഇങ്ങനെ ൩-മാസം കഴിഞ്ഞപ്പോൾ മിസ്റ്റർ മക്രേഡ്യാ ൮൮൪-ൽ വേലവിട്ടുപോകയും പകരം റസിഡന്റായി കർണ്ണൽ മാക്ക്ഡോവൽ വരികയുംചെയ്തു. ഈആണ്ടു ഇടവമാസം ൨൪-ാംനു ഇൻഡ്യാചക്രവർത്തിനിയായ വിക്ടോറിയാ മഹാരാജ്ഞി ഭൂലോകജാതയായി. ഈ റസിഡന്റു തന്റെ കൂടി വെങ്കിട്ടരായർ എന്നുപേരുള്ള വേറൊരു മഹാരാഷ്ട്രബ്രാഹ്മണനെ കൊണ്ടുവന്നു.

ഈ മനുഷ്യൻ ദിവാൻ രങ്കിരായരെക്കാളും ബുദ്ധിമാനും വിദ്വാനും സമർത്ഥനും ആയിരുന്നതിനാൽ വന്നുകൂടുമ്പോൾതന്നെ ഇൻട്രപ്രെററരായി നിയമിക്കപ്പെട്ടു. അതിനാൽ കൂടക്കൂടെ മുഖംകാണിക്കുന്നതിനും അതുമൂലം കല്പിച്ചു അയാളുടെ യോഗ്യത അറിയുന്നതിനും സംഗതിവരികകൊണ്ടു താമസിയാതെ ഇദ്ദേഹത്തിനു ദിവാൻപേഷ്കാർ വേലകിട്ടി.

ഈ വേഷ്ഠാർ തനിക്ക ദിവാൻവേല കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടെ രാജ്ഞിയുടെയും ജനങ്ങളുടെയും പ്രീതിയെ വൎദ്ധിപ്പിക്കുന്നതിന്നവേണ്ടി പത്മനാഭക്ഷേത്രത്തിൽ ചിലകെട്ടിടങ്ങൾ അററകുററംതീൎപ്പിക്കയും പത്മനാഭസ്വാമിക്കു ഒരു സ്വൎണ്ണ നിലയങ്കി ഉണ്ടാക്കിക്കയും വെള്ളി അമ്പാരി മുതലായവ പണികഴിപ്പിക്കയും തിരുവനന്തപുരം ഊട്ടിനെ പരിഷ്കരിക്കയും മററും ഗുണകരങ്ങളായ അനേകം വേലകൾ നടത്തിക്കയുംചെയ്തു.

ഈ പ്രവൃത്തികളാൽ തന്റെ കീൎത്തിക്ഷയത്തേയും രാജ്ഞിയുടെ അഭിപ്രായത്തേയും വിചാരിച്ചു രസ്സിരായർ തന്റെ സ്ഥാനത്തെ ഉറപ്പിക്കുന്നതിനായി റസിഡന്റിന്റെ ഇഷ്ടനായ കൊച്ചീദിവാൻ നഞ്ചപ്പയ്യാവിനെ വരുത്തി അയാളോടുപറയിച്ചു.

ഈ ദിവാന്റെ വരവു രാജ്ഞിക്കും റസിഡന്റിന്നും തമ്മിലുണ്ടായിരുന്ന സ്വല്പമായ രസക്ഷയത്തെ തീൎക്കുന്നതിന്നും കാരണമായി.

ഈ ഉപകാരസ്മരണാൎത്ഥം രസ്സിരായരുടെ ഉത്സാഹത്താൽ നഞ്ചപ്പയ്യൻ ദിവാനു പറവൂർ മണ്ടപത്തുംവാതുക്കൽ ൨൦,൦൦൦-രൂപാവരെ അൎത്ഥമുള്ള വസ്തുക്കൾ റാണീമഹാരാജാവ് ൯൮൯-ൽ കരംഒഴിവായികൊടുത്തു. * വിദുഷിയായ റാണി രുഗ്മിണിഭായിക്കു വിവാഹകാലം സമീപിക്കയാൽ ൯൮൯-ൽ വലിയഘോഷമായി തിരുവല്ലാ കോയിത്തമ്പുരാനെക്കൊണ്ടു പള്ളികെട്ടുകഴിപ്പിച്ചു.

ഈഅടിയന്തിരം സംബന്ധിച്ചു യൂറോപ്യന്മാൎക്കുണ്ടായിരുന്ന വിരുന്നിനേയും സൽക്കാരത്തെയും പററി ആസമയം ഇവിടെ വന്നിരുന്ന കൎണ്ണൽ വെൽഷ് ധാരാളമായി വൎണ്ണിച്ചിരിക്കുന്നു.

---

* മലയാളഭാഷാചരിത്രം

കൎണ്ണൽ മാക്ഡൊവൽ ആയാണ്ടിൽ മരിക്കയാൽ പ കരം കൎണ്ണൽന്യൂവൽ റസിഡൻറായിവന്നു.

നഞ്ചപ്പയ്യൻ ദിവാൻഖന്നു സമാധാനപ്പെട്ടത്തിയശേ ഷം ദിവാൻ രസ്സീരായർ തൻെറ പ്രയത്നംകൊണ്ടു രാജ്ഞി യുടെ പ്രീതിയെ വീണ്ടുംസമ്പാദിച്ചതുകൂടാതെ പള്ളിക്കെട്ട യന്തിരം സംബന്ധിച്ചുള്ള തൻെറ ശ്രമങ്ങൾക്ക പ്രതിഫല മായും സന്തോഷസൂചകമായും ചില സേവകന്മാർമുഖാന്തി രം ചെങ്കോട്ടതാലൂക്കിൽചേൎന്ന ശാംപൂർ വടകര ൟ രണ്ടു ഗ്രാമങ്ങളേയും ൯൯൩-ൽ സൎവമാന്യമായി മേടിച്ചു.

പേഷ്കാർ വെങ്കിട്ടരായർ ൟസംഗതിയെ റസിഡൻറി നോടു പറകയാൽ കൎണ്ണൽന്യൂവൽ അതിനെ വിചാരണകഴി ച്ചു ആ നീട്ടിനെ തിരിച്ചുകൊടുപ്പിച്ചു. ഇതിൽ ദളവാ രാമമേ നവനും സഹായിയായിരുന്നു.

ഇതുകാരണം ൯൯൭-ൽ അദ്ദേഹം വേല രാജികൊടു ക്കയാൽ പേഷ്കാർ വെങ്കിട്ടരായർ ആ ഉദ്യോഗത്തിൽ ആയാ ണ്ടിൽതന്നെ നിയമിക്കപ്പെട്ടു.

ൟ ദിവാൻ ജനങ്ങളുടെ പ്രീതി സമ്പാദിക്കുന്നതിനാ യി കൎണ്ണൽമൺറോവിൻെറ കാലംമുതൽക്കുള്ള, കരക്കുടിശ്ശി ഖകളെ കല്പനപ്രകാരം ഇളച്ചുകൊടുക്കയാൽ ഗുണകാരി എന്ന പേരിനെ പ്രഥമതഃ ലഭിച്ചു.

ൟകാലത്തു കൎണ്ണൽ മൺറോവിനാൽ ആലോചി ക്കപ്പെട്ടിരുന്ന ൨- തോടുകൾ വെട്ടിച്ചു. അവയിൽ ഒന്നു തിരുവനന്തപുരംമുതൽ കഠിനംകുളംവരെയും മററൊന്നു പര വൂർകായൽമുതൽ അഷ്ടമുടികായൽവരെയും ആകുന്നു.

ഇതുജനങ്ങളുടെ സഞ്ചാരത്തിനും കച്ചവടത്തിന്റെ വ ൎദ്ധനക്കും വളരെ ഉപയോഗമായിഭവിച്ചു. ഠരം വേലക്ക ൧൮൮-ൽ അനുവദിക്കയും ൨൦൦൦-ാമാണ്ടിൽ വേല ആരംഭി ക്കയും മൂന്നകൊല്ലംകൊണ്ടു അതു പൂൎത്തിയാക്കുകയും ചെയ്തു.

കൃഷിക്കു ഉപയുക്തമായ അനേകം വേലകളും ഠരം കാലത്തു നടത്തപ്പെട്ടു. ആദ്യകാലം മുതൽക്കു ഠരം രാജ്യ ത്തിലെ രാജാക്കന്മാർ മതഭേദം വിചാരിക്കാതെ ക്രൂസ്തുമത പ്രചാരത്തിനു വേണ്ട സഹായങ്ങൾ ചെയ്തുവന്നിരുന്നു എ ങ്കിലും പരിഷ്കൃതമാനസയായ ഠരം രാജ്ഞിയുടെ കാലത്താ കുന്നു മിഷ്യനരിമാർ തടസ്ഥംകൂടാതെ സ്വമതാഭിവൎദ്ധനചെ യ്യുന്നതിനു അനുവദിക്കപ്പെട്ടതു.

൮൭൨-ൽ മൈലാടി എന്നസ്ഥലത്തു ഒരു ഡെനിഷ് മിഷനെരീ സംഘം ഏൎപ്പെട്ടതായിരുന്നു എങ്കിലും അതു അത്ര പ്രബലപ്പെട്ടില്ലാ.

൮൮൨-ൽ ഠരംറാണി മഹാരാജാവിന്റെ കാലത്തു നാ ഗരുകോവിലിൽ ലണ്ടൻ മിഷ്യൻ സമൂഹം സ്ഥിരമായി സ്ഥാപിക്കപ്പെട്ടു. തദൎത്ഥം അവൎക്കു ഒരു ബംഗളാവും ൩൦൦൦-ത്രപാവരെ സാഹായികധനവും കൊടുത്തു. ഇതുകൂ ടാതെയും റവറണ്ടു മീഡ് എന്ന ഒരു പാതിരിയെ നാഗരു കോവിലിൽ ജില്ലാജഡ്ജിയായും നിയമിച്ചു.

ഈ ആണ്ടിൽ ആലപ്പുഴയിൽ ഒരു പ്രൊട്ടസ്റ്റാന്റ പ ള്ളികെട്ടുന്നതിനു അനുവദിച്ചു അതിലേക്കു വേണ്ട തേക്കു ത ടിയും സൎക്കാരിൽനിന്നുംകൊടുത്തു.

കോട്ടയത്തു സിരിയൻ ക്രിസ്ത്യാനികളുടെ ഗുണത്തിനാ

യി ഒരുചൎച്ചമിഷനരി സംഘം ഏൎപ്പെടുത്തുന്നതിന അനുവ
ദിച്ചു അവിടെ അവർ ഏൎപ്പെടുത്തിയ ഒരു കാളേജിന്നു
൨൦,൦൦൦-ത്രുപാ സാഹായ്യധനവും കൊടുത്തു. മൻറാജ്ഞി
യുടെകാലത്തു ഏൎപ്പെടുത്തപ്പെട്ടിരുന്ന നായർ പട്ടാളത്തിന്റെ
സംഖ്യയെ ഗവൎമ്മെന്റിന്റെ അനുവാദപ്രകാരം ൯൯൯-ൽ
കൂട്ടതൽചെയ്തു. വേലുത്തമ്പിയുടെ കാലത്തുണ്ടായ ലഹളയു
ടെശേഷം നിന്നിരുന്ന ആചാരവെടി വയ്ക്കുന്നതിനായി നാ
ലുപീരങ്കികളുംവരുത്തി. പത്മനാഭപുരം, തിരുവനന്തപുരം,
മാവേലിക്കര, കൊല്ലം, പറവൂർ, എന്നീസ്ഥലങ്ങളിൽ കൂട
കൂടെമാററി ഇടപ്പെട്ടിരുന്ന കമ്മട്ടം സ്ഥിരമായി തിരുവനന്ത
പുരത്തു സ്ഥാപിക്കപ്പെട്ടു.

ലക്ഷ്മിറാണിയുടെകാലത്തു ആലോചിച്ചു ഏൎപ്പാടുചെ
യ്യപ്പെട്ടിരുന്ന ഗോവസൂരിപ്രയോഗം ൟ റാണിമഹാരാജാ
വിന്റെ രാജ്യഭാരകാലത്തു നടപ്പുവന്നു. ൧൮൨൭-ൽ കൎണ്ണൽ
ന്യൂവല്ലിന്നുപകരം കൎണ്ണൽ മാറിസൺ റസിഡൻറായിവന്നു.
* ൧൦൦൨-മാണ്ടു മിഥുനമാസം ൧൮-നു രുഗ്മിണിറാണി ഉ
ത്രംതിരുനാൾ മഹാരാജാവിനെ പ്രസവിച്ചു. ൟ രാജ്ഞി
യുടെ കാലത്തുണ്ടായിട്ടുള്ള ഗുണകരമായ ചട്ടങ്ങളിൽ i ഹിന്ദു
മതസംബന്ധമായ അടിയന്തിരങ്ങൾക്ക സിരിയൻസ് ചെ
യ്യുവന്നിരുന്ന ഊഴിയം നിറുത്തൽചെയ്തതും ii ക്രിസ്തുമതക്കാ
രായ ജീവനക്കാൎക്ക ഞായറാഴ്ചദിവസം ഒഴിവുകൊടുത്തതും
iii പ്രമാണങ്ങൾക്ക അച്ചടിയോല ഏൎപ്പെടുത്തിയതും. iv ശൂ
ദ്രൎക്ക സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും ചെയ്യപ്പെട്ട ആഭര
ണങ്ങൾ ധരിക്കുന്നതിനുള്ള തടസ്ഥത്തെ നിവാരണംചെയ്തു
ത്തും. v ചെട്ടികൾ മുതലായ ദേവസ്വം കുടിയാനവന്മാൎക്ക
തലവരി നിറുത്തൽചെയ്തതും. vi കാപ്പിക്കൃഷി നടപ്പാക്കിയ
ത്തും. vii സൎക്കാർ ജീവനക്കാൎക്ക കക്ഷികളുമായുള്ള ഇടപാട്ടി
നെ വിരോധിച്ചതുംമററും വളരെശ്ലാഘനീയങ്ങളാകുന്നു.

---

* പാച്ചുമൂത്തതിന്റെ ചരിത്രം

കൊച്ചുതമ്പുരാക്കന്മാർ സുബ്ബരായരാൽ പഠിപ്പിക്കപ്പെട്ടിരുന്ന ഇംഗ്ലീഷ്, മഹാരാഷ്ട്രം, ഈ രണ്ടുഭാഷകളും കൂടാതെ ഹിന്ദുസ്ഥാനി, തെലുങ്കു, മുതലായ ഭാഷകളെയും ക്രമേണ അഭ്യസിച്ചു അവയിൽ സമൎത്ഥന്മാരായിരുന്നു.

രാമവൎമ്മരാജാവിന്നു പ്രാപ്തിയാകയാൽ റാണിമഹാരാജാവു ൧൦൦൪-ാമാണ്ടിൽ രാജ്യഭാരം അവിടത്തെ ഏല്പിച്ചു.

ഈ രാജ്ഞിയുടെ രാജ്യഭാരം ജനങ്ങൾക്കു വളരെ ഗുണകരവും ബ്രിട്ടീഷ് ഗവൎമ്മേന്റിന്നു തൃപ്തികരവും ആയിരുന്നു.

—:o:—

## ൧൨-ാം അദ്ധ്യായം

### ൧൦൦൪-മുതൽ ൧൦൨൨-വരെ.

### രാമവൎമ്മ സ്വാതിതിരുനാൾ

മഹാഭാഗ്യവാനായ ഈ തിരുമനസ്സുകൊണ്ടു അവിടത്തെ കൊച്ചമ്മയുടെ പക്കൽനിന്നും രാജ്യഭാരം ഏറ്റപ്പോൾ ഈ രാജ്യം സകലസമ്പത്തുകൊണ്ടും സമ്പൂൎണ്ണമായിരുന്നു. ഈ മഹാരാജാവിന്നു സ്വയം രാജ്യഭാരം വഹിക്കുന്നതിന്നുവേണ്ട ബുദ്ധിസാമൎത്ഥ്യവും വിദ്യാഭ്യാസവും ഉണ്ടായിരുന്നതോടുകൂടി ഉപദേഷ്ടാക്കളായി വിദ്വാനായ പിതാവും സമൎത്ഥനായ ഗുരുവും ബുദ്ധിമാനായ ദിവാനും ഉണ്ടായിരുന്നതും ഒരു സഹായമായിഭവിച്ചു. വിശിഷ്യ റസിഡന്റായ കൎണ്ണൽ മാറിസനും വളരെ അനുകൂലമായിരുന്നു. * ഈ മഹാരാജാവു രാജ്യഭാരം സ്വീകരിച്ചുകൂടുമ്പോൾ ൧൦൦൪-ൽ തുലാപുരുഷദാനം കഴിച്ചു. ഇവിടത്തേക്കു മൂപ്പുകിട്ടുന്നതിന്നുമുമ്പിൽ വലപ്രാവശ്യവും അവിടത്തെ ഗുരുവായ സു

ബ്ബാരായരെ ദിവാൻവേലക്കു നിയമിക്കണമെന്നു ശിപാർശ
ചെയ്തു എന്നുവരികിലും ആ സമയങ്ങളിലും മുപ്പെകിട്ടിയശേ
ഷവും ആ അഭിപ്രായം പാർവ്വതീറാണിയുടെയും റസിഡൻറി
ൻെറയും പിതാവിൻെറയും വിരോധത്താൽ ഉടൻ സാധിച്ചി
ല്ലാ. ഒരംവിധം തക്കപ്പെട്ടിരുന്നസമയം ൧൦൦൮-ൽ ക
ൎണ്ണൽ മാറിസൺ വേലവിട്ടുപോകയും പകരം ആക്ടിംഗായി
ലഫ്ടനെൻറു കൎണ്ണൽഗാഡോഗൺ റസിഡൻറായിവരിക
യുംചെയ്കയാൽ വെങ്കിട്ടരായർ വേല രാജികൊടുത്തു. ഈ
സന്ദൎഭത്തിൽ ൧൦൦൮-ാമാണ്ടു ധനുമാസം ൧൩-ാനു- ഇപ്പൊഴ
ത്തെമഹാരാജാവിൻെറ മാതാവായ ലക്ഷ്മീറാണി പൂരാടംതി
രുനാളിനെ, രുഗ്മിണിറാണി പ്രസവിച്ചു.

അനന്തരം മഹാരാജാവു സ്വാഭിപ്രായപ്രകാരം സു
ബ്ബരായരെ ദിവാൻവേലക്കും സ്വദേശിയും ഹജൂർരായസ്ഥിയും
ആയിരുന്ന കൊച്ചുശങ്കരപ്പിള്ളയെ ദിവാൻപേഷ്കാർ വേ
ലക്കും നിയമിച്ചതോടുകൂടി മററുപലഭേദഗതികളും ചെയ്തു.

വളരെക്കാലമായി കൊല്ലത്തിരുന്ന ഹജൂർകച്ചേരി മു
തലായവയെ തിരുവനന്തപുരത്തു കോട്ടക്കകത്തു മാററിയിരു
ത്തി.

ഈ ദിവാനിജിക്കു വെങ്കിട്ടരായരെക്കാലും നല്ലപേർസ
മ്പാദിക്കണമെന്നും രാജ്യത്തെ മാഡൽസ്റ്റേററു (അല്ലെങ്കിൽ)
മാതൃകരാജ്യം എന്നപേരിനു യോഗ്യമാക്കി ചെയ്യണമെന്നും
വളരെ ആഗ്രഹം ജനിക്കയാൽ തദൎത്ഥം കഴിയുന്നതും ശ്ര
മിച്ചു ഓരോ നവീന ഏൎപ്പാടുകൾ ചെയ്കയും അവയെ മഹാ
രാജാവു യാതൊരു വിരോധവും കൂടാതെ അനുവദിക്കയും
ചെയ്തു. തന്നിമിത്തം സകല ജീവനക്കാൎക്കും ദിവാൻജിയെ
കുറിച്ചു ബഹുമാനവും ഭയവും ഉണ്ടായിരുന്നു.

ഈ രണ്ടുവൎഷത്തിനകം രാജ്യത്തിൽ സ്വല്പമായിരുന്ന
ചില്ലറ അഴിമതികളെ തീരെ നിവൎത്തൽചെയ്തു. നേരിട്ടു സ
കല ഡിപ്പാൎട്ട്മെൻറുകളിലേയും റിപ്പോൎട്ടുകൾ ദിവസേന

കല്പിച്ചകേട്ടുവന്നതിനാൽ കാൎയ്യാദികൾക്കു നടത്തഉണ്ടായി.

അവിടത്തെ ഏതാദൃശമായ താല്പൎയ്യംകൊണ്ടു സ്വല്പ കാലത്തിനകം ഉദ്യോഗത്തിനു യോഗ്യന്മാരായ ആളുകൾ വ ന്നുതുടങ്ങി.

ബാലനായ രാജാവിന്റെ രാജ്യപാലനസാമൎത്ഥ്യത്തെ അറിയുന്നതിനായി മദ്രാസ് ഗവൎണ്ണരായ മിസ്തർലഷിങ്ങ്ടൻ ൧൦൦൭-ൽ കൊല്ലത്തുവരികയും അവിടെ എഴുന്നെള്ളി അയാ ളുമായി കണ്ടുസംസാരിച്ചതിൽ ആ ഗവൎണ്ണൎക്കു അവിടത്തെ പ്പററി വളരെ തൃപ്തിഉണ്ടാകയും ചെയ്തു. ഇതിനുമുമ്പി ൽ മദ്രാസ് ഗവൎണ്ണർമാർ ആരുംതന്നെ ഈ രാജ്യത്തുവന്നി ട്ടില്ലാ. ഈ സന്ദൎഭത്തിൽ കൊല്ലത്തുവച്ചു ബ്രിട്ടിഷ് പട്ടാള ത്തിനെ യഥാക്രമമായി കാണുകയാൽ തിരുവനന്തപുരത്തു എഴുന്നെള്ളിയഉടനെപ്പോൾ ഇവിടത്തെപട്ടാളത്തിനു നൂതനമാ യഉടുപ്പുകൾ വരുത്തുന്നതിനും അവരെ ഡ്രിൽപഠിപ്പിക്കുന്ന തിനും വേണ്ട ഏൎപ്പാടുകൾ ചെയ്തു. ഇതുമുതൽക്കാകുന്നു * ഈ സൈന്യത്തിനു നായർ ബ്രിഗെയിഡ് എന്നപേർ സി ദ്ധിച്ചതു. അശ്വസൈന്യത്തിലും ചില ഭേദഗതികൾചെ യ്തു. തോവാളയിലുള്ള മാധവലായത്തിനും ഇവിടെ ഉള്ള ലായത്തിനും തുരപ്പിനും പുതിയ കുതിരകൾവരുത്തി. കു തിരലായത്തിൽതന്നെ ഒരു മൃഗശാലയും ഏൎപ്പെടുത്തി അതിൽ ഈ രാജ്യത്തിലുള്ള കടുവാ, പുലി, മുതലായ വന്യമൃ ഗങ്ങളെ ശേഖരിച്ചു സൂക്ഷിപ്പിച്ചു. കാലാന്തരത്തിൽ മാ ഹിയിൽനിന്നും ഒരു പെൺസിംഹവും വാങ്ങിച്ചു ചെത്തു കൊട്ടാരത്തിനുസമീപം വലുതായ ഒരു ഗോശാലകെട്ടിച്ചു അതിൽ നെല്ലൂർ സൂരത്തു മുതലായ പ്രസിദ്ധസ്ഥലങ്ങളിൽ നിന്നും നല്ലപശുക്കളെയും കാളകളെയും ശേഖരിച്ചതുകൂടാ തെ ഇംഗ്ലോണ്ടിൽനിന്നും ഒരുപശുവും രണ്ടുകാളകളുംവരുത്തി

---

* അഡ്മിനിസ്ത്രേഷൻറിപ്പോൎട്ട്

ഈ രാജ്യത്തും അന്യരാജ്യത്തും ഉള്ള പലമാതിരിപക്ഷി
ഈ രാജ്യത്തും അന്യരാജ്യത്തും ഉള്ള ലായത്തിലുമായി സൂ
കളെയും ശേഖരിച്ചു കൊട്ടാരത്തിലും ലായത്തിലുമായി സൂ
ക്ഷിപ്പിച്ചു. ൧൦൦൭-ൽ ചില്ലറ സിവിൽകേസുകൾ തീൎച്ചചെ
യ്യുന്നതിനായി ആദ്യമായി മുൻസിപ്പുകോടതികൾ ഏൎപ്പെടുത്തി
* ൧൦൦യാണ്ടു മീനമാസം ൨-ാംനു- ആയില്യംതിരുനാളി
നെ രുഗ്മിണിറാണി പ്രസവിച്ചു. ൧൦൦൮-ൽ ഹജൂർകോട്ട്
എന്നതിനെ ഭേദപ്പെടുത്തി അതിൻപ്രകാരം ഇവിടെ ഒരു ജി
ല്ലാകോട്ട് ഏൎപ്പെടുത്തി * ൧൦൦൯-ൽ മഹാരാജാവു ഹിരണ്യ
ഗൎഭം കഴിച്ചു. ൧൦൦വര്‍ഷം മിസ്റ്റർ കാസിമിജാർ റസിഡ
ൻറായി വരികയാൽ ആയാൾ മഹാരാജാവിൻെറ അനുവാദ
പ്രകാരം മലബാർ ജില്ലയിൽ ഒരു തഹശീൽദാരായിരുന്ന ക
ണ്ടൻമേനവനെ വരുത്തി അയാളെ ൧൦൧൦-ൽ ഹജൂർദിവാ
ൻപേഷ്കാരായി നിയമിച്ചു.

ഇയാൾ തൻെറ സാമൎത്ഥ്യംകൊണ്ടു മഹാരാജാവ
ിൻെറ പ്രീതിക്കു പാത്രീഭവിച്ചു. ൧൦൦ പേഷ്കാർ കല്പനപ്രകാ
രം ഒരു കമ്മററി ഏൎപ്പെടുത്തി ഇവിടത്തെ നടപടികളെ
യും ചട്ടങ്ങളെയും നല്ലപോലെ ആലോചിച്ചു ബ്രിട്ടീഷ്
ഇൻഡ്യയിൽ അപ്പോൾ നടപ്പായിരുന്ന നിയമങ്ങൾക്കു
അനുസരണമായി സിവിൽ ക്രിമിനാൽ ൧൦൦ രണ്ടു നടപടി
കളും അടങ്ങീട്ടുള്ള ഒരു റിഗുലേഷൻ ഉണ്ടാക്കി ഇംഗ്ലീഷിൽ
തൎജ്ജിമചെയ്യിച്ചു റസിഡൻറിനെയും മഹാരാജാവിനെയും
കാണിച്ചു.

കല്പിച്ചു വളരെസന്തോഷിച്ചു. ഇവിടത്തെക്കു സ്വന്ത
അച്ചുകൂടം അപ്പോൾ ഇല്ലാതിരുന്നതിനാൽ അതിനെ കോ
ട്ടയം മിഷ്യൻപ്രസ്സിൽ അച്ചടിപ്പിച്ചു. ൧൦൧൧-ൽ പ്രസി
ദ്ധപ്പെടുത്തി.

---

* പാച്ചുമൂത്തതിൻെറചരിത്രം പഴയപഞ്ചാംഗം

ഇതു തിരുവിതാംകൂറിലെ ആദ്യത്തെറിഗുലേഷനും ൮-അദ്ധ്യായങ്ങൾ ഉള്ളതും ആകുന്നു.

ഇതിൽ ൧-മുതൽ ൫-വരെ അദ്ധ്യായങ്ങൾ സിവിൽ നടപടിയും ൬-ാം അദ്ധ്യായത്തിൽ ക്രിമിനാൽ നടപടിയും ൭-ം ൮-ം അദ്ധ്യായങ്ങളിൽ അപ്പീൽകോട്ട് നടപടിയും വ്യവസ്ഥചെയ്യപ്പെട്ടിരുന്നു.

ഈ ചട്ടപ്രകാരം ശരിയായി നടത്തിക്കുന്നതിനു തക്കതായ ഉദ്യോഗസ്ഥന്മാർ ആവശ്യമെന്നുകണ്ടു കണ്ടൻമേനവൻെറ അഭിപ്രായപ്രകാരം ബ്രിട്ടീഷ് സവ്വീസിൽ ഇരുന്ന ഭഗവന്തരായർ എന്ന ഒരു മുൻസീപ്പിനെവരുത്തി അപ്പീൽകോട്ട് ൧-ാംജഡ്ജിയായി നിയമിച്ചു. ൬-ാം റിഗുലേഷൻപ്രകാരം ദിവാൻ ഹേഡ് മജിസ്ത്രേട്ടു അധികാരിയായി ഭവിക്കയാൽ ആവക അധികാരങ്ങളെ പേഷ്കാരായ കണ്ടൻമേനവൻ വഹിച്ചു അതുസംബന്ധമായ സകല നടപടികളേയും അപ്പീൽകോട്ട് ജഡ്ജിയായ ഭഗവന്തരായർ സിവിൽ ക്രിമിനാൽ ഠരം ഡിപ്പാട്ട്മേൻറുകളേയും പരിഷ്കരിച്ചു. ഠരം പേഷ്കാർ ദിവാൻ സുബ്ബരായരാൽ ൧൦൦൭-ാമാണ്ടിൽ ആലോചിച്ചു ഏപ്പാടചെയ്യപ്പെട്ടിരുന്ന കണ്ടെഴുത്തിനെ നടത്തിച്ചു അതിനെ ൧൦൧൨-ൽ പൂത്തിയാക്കി.

ഈവിധം മേനവൻ പേഷ്കാർമൂലം തൻെറ അധികാരങ്ങൾക്കു ന്യൂനതഭവിക്കയാൽ സുബ്ബരായക്കു അസൂയ ഉണ്ടായെങ്കിലും മഹാരാജാവിൻെറയും റസിഡൻറിൻേറയും പിടിത്തംകൊണ്ടു ഒന്നും ചെയ്വാൻ കഴിയാതെയില്ല്യാ.

ഈ ഗവമ്മേൻറിനു വളരെ ഉപകാരിയായിരുന്ന ആ പേഷ്കാർ ൧൦൧൨-ൽ പെട്ടെന്നുണ്ടായ ഒരു സുഖക്കേടിനാൽ മരിച്ചു എങ്കിലും അദ്ദേഹം ശത്രുക്കളുടെ ആഭിചാരത്താൽ

ത്തു അകാലമൃതിയെപ്രാപിച്ചു എന്നു ഒരു ജനശ്രുതിയുണ്ടായി. ഛ
ണ്ടൽമേനവന്റെ മരണത്തിനും ഒരു കൊല്ലത്തിനു മുമ്പിൽ
മഹാരാജാവു പലമാതിരിയായ ൧൫൦- സാധനങ്ങൾക്കു
ണ്ടായിരുന്ന തീരുവ നിറുത്തൽചെയ്തു. അതു വ്യാപാരവൎദ്ധ
നക്കു ഒരു മുഖ്യകാരണമായിഭവിച്ചു.

നാഗർകോവിലിൽ ഒരു പ്രൈവറ്റ പള്ളിക്കൂടം ഏ
ൎപ്പെടുത്തി നടത്തിവന്നിരുന്ന മിസ്റ്റർറാബെട്ടിനെ ൧൦൦൯-ൽ
വരുത്തി തിരുവനന്തപുരത്തു ഒരു ഇംഗ്ലീഷ് പള്ളിക്കൂടം ഇടു
വിച്ചു അയാൾക്കു സൎക്കാരിൽനിന്നു ൧൦൦-രൂപാ ഗ്രാന്റ
കൊടുത്തുവന്നിരുന്നു. അതിനെ ൧൦൧൨-ൽ സൎക്കാരിൽ ചേ
ൎത്തു അയാൾക്കു ൩൦൦-രൂപാ ശമ്പളവും ധൎമ്മപള്ളിക്കൂടം
എന്ന പേരും കൊടുത്തു. ഈവിധമാകുന്നു തിരുവനന്തപു
രത്തു ആദ്യമായി ഇംഗ്ലീഷ് പള്ളിക്കൂടം ഉത്ഭവിച്ചതു.

എന്നാൽ ൧൦൧൧-ൽ റെസിഡന്റായിവന്ന തൽക്കാലം
കൎണ്ണൽ കല്ലൻ പിന്നീടു ജനറലുമായ മിസ്റ്റർ പ്രെസ്തുടെ ഉത്സാ
ഹത്താൽ ഈപള്ളിക്കൂടം വൎദ്ധിച്ചതുകൂടാതെയും ചില ഡി
സ്ത്രിക്ക് പള്ളിക്കൂടങ്ങളും ഏൎപ്പെടുത്തപ്പെട്ടു. * ൧൦൧൧-ാമാ
ണ്ടു തുലാമാസം ൧൨-ാനു ഉത്രാടം തിരുനാളിനെ രുഗ്മിണി
റാണി പ്രസവിച്ചു. മഹാരാജാവിനു ജ്യോതിശ്ശാസ്ത്രത്തില
ുള്ള നൈപുണ്യംകൊണ്ടു അവിടുന്നു ൧൦൧൧-ൽ ആലപ്പു
ഴക്കു എഴുന്നെള്ളിയപ്പോൾ ആ ശാസ്ത്രത്തിൽ സമൎത്ഥനും ക
ച്ചവടംവക ഏജന്റും ആയിരുന്ന മിസ്റ്റർ കാൽഡിക്കട്ടി
ന്റെ തത്സംബന്ധമായ ചില യന്ത്രങ്ങളെ കാണുകയാൽ
ഹിന്ദുശാസ്ത്രത്തിനും ഇംഗ്ലീഷ് ശാസ്ത്രത്തിനും തമ്മിലുള്ള യോ
ജിപ്പറിഞ്ഞും അയാൾപറഞ്ഞതുകൊണ്ടും തിരുവനന്തപുരത്തു
ഒരു നക്ഷത്രബംഗ്ലാവു പണികഴിപ്പിച്ചു. ൧൦൧൨-ൽ അ
യാളുടെ സ്വന്തയന്ത്രങ്ങളെക്കൊണ്ടു വേല ആരംഭിക്കുകയും
പിന്നീടുക്രമേണ ഇംഗ്ലാണ്ടിൽനിന്നും ആവശ്യമുള്ള യന്ത്രങ്ങ

* പാച്ചുമൂത്തതിന്റെചരിത്രം

ന്റെ വരുത്തികൊടുക്കയും ചെയ്കയാൽ അതു വളരെ പ്രബല മായിതീൎന്നു അതിലെ മേൽവിചാരവും അയാൾതന്നെ വഹി ച്ചിരുന്നു. ഇംഗ്ലീഷ് ചികിത്സകളുടെയും മരുന്നുകളുടെയും ഗു ണത്തെ അവിടുന്നു അനുഭവംകൊണ്ടു അറിഞ്ഞിരിക്കയാൽ സ്വപ്രജകൾക്കും അതിന്റെ ഗുണം സിദ്ധിക്കുന്നതിനായി കൊട്ടാരം ഡാക്ടരുടെ വരുതിയിൽ തിരുവനന്തപുരത്തു ഒരു ധൎമ്മാശുപത്രി ഏൎപ്പെടുത്തി. ൧൦൧൮-ാമാണ്ടു ഇടവമാസം ൨൭-ാംനു- രുക്മിണിറാണി വിശാഖംതിരുനാളിനെ പ്രസവി ച്ചു. മഹാരാജാവ് ഇംഗ്ലീഷ് ഇഞ്ചിനീരുടെ പ്ലാൻ അനുസ രിച്ചു കഴിഞ്ഞ രാജ്യഭാരകാലത്തു കെട്ടപ്പെട്ടിരുന്ന ശ്രീപാ ദംകൊട്ടാരത്തെക്കണ്ടു ബാല്യകാലത്തും അവരുടെ വേല യെപ്പററി സന്തോഷിച്ചിരുന്നു. ഇപ്പോൾകെട്ടപ്പെട്ട ൟ നക്ഷത്രബംഗ്ലാവും അതിനെ വൎദ്ധിപ്പിച്ചു. അതിനാൽ റസി ഡന്റുമായി ആലോചിച്ചു പരിക്ഷാൎത്ഥമായി ഇവിടെയും ഇ ഞ്ചിനീയർ ഡിപ്പാൎട്ട്മെന്റു ഏൎപ്പെടുത്തി അതിന്റെയും തി രുവനന്തപുരം നാഞ്ചിനാടു ൟ സ്ഥലങ്ങളിൽ ആദ്യമായി ഏൎപ്പെടുത്തപ്പെട്ട കൃഷിമരാമത്തിന്റെയും മേൽവിചാരം ലഫ്ടനെന്റു ഹാർസിലി എന്ന ധൂരക്കുകൊടുത്തു. ൟ സന്ദൎഭത്തിൽ ൧൦൧൨-ാമാണ്ടിന്റെ ഒടുവിൽ ഗുണവതിയായ രുക്മിണിറാണി അപ്രാപ്തകാലമായ മരണത്തെപ്രാപിച്ചു.

൧൦൧൩-ാമാണ്ടു മിഥുനമാസം ൯-ാംനു- വിക്ടോറിയാ മഹാരാജ്ഞി സിംഹാസനാരോഹണംചെയ്തു.

ആയിടക്കു കല്പനപ്രകാരം മിസ്റ്റർ കാൽഡിക്കട്ട് ആ ദ്യം കല്ലച്ചും പിന്നീടു അച്ചടിയന്ത്രങ്ങളും ഇംഗ്ലാണ്ടിൽ നി ന്നുംവരുത്തി ഒരു അച്ചുകൂടം സ്ഥാപിച്ചു. ൧൦൧൭-ാമാ ണ്ടത്തെ ഇംഗ്ലീഷ് മലയാളം പഞ്ചാംഗങ്ങൾ ആദ്യമായി ൟ അച്ചുകൂടത്തിൽ അടിക്കപ്പെട്ടു.

പണിവക മരാമത്തുഡിപ്പാൎട്ട്മെന്റിനെയും പരിഷ്കരി ച്ചതിനുപരിചിതനായ ഒരുഉദ്യോഗസ്ഥനെയും നിയമിച്ചു

* പാച്ചുമൂത്തതിന്റെചരിത്രം

ആ ആണ്ടിൽ മുറജപം നടന്നു. മഹാരാജാവിന്ന ഭവിച്ചിരുന്ന രസക്ഷയത്തിന്ന അനുസരണമായി ദിവാൻ സുബ്ബരായരുടെയും പേഷ്കാർ ഗോച്ചുശങ്കരപിള്ളയുടെയും മേൽ ചില ഹർജികൾ വരികയാൽ റസിഡൻറിൻെറ സമ്മതപ്രകാരം അവരെ സസ്പെൻറുചെയ്തു. ഒരു കമ്മററിമുഖാന്തരം വിചാരണകഴിച്ചതിൽ തെളിവില്ലെന്നുവരികിലും അവരെ തിരിച്ചു വേലയിൽ നിയമിക്കാതെ മാധവരായർ ദിവാൻെറ അനുജനും പേഷ്കാരുമായിരുന്ന രങ്കരായരെ കാര്യവിചാരത്തിന്ന നിയമിച്ചു.

മാറിപ്പോയ ദിവാൻ വെങ്കിട്ടരായരുടെ ഗുണങ്ങളെയും ശേഷിയേയും വിചാരിച്ചു അദ്ദേഹത്തിന്ന ആളയച്ചുവരുത്തി ൧൦൩൬-ൽ വീണ്ടും ദിവാനായി കല്പിച്ചു നിയമിച്ചു. ഇദ്ദേഹം മഹാരാജാവിന്ന തൃപ്തികരമായി ജോലിനോക്കിവരുമ്പോൾ കാലസാമാന്യത്താൽ ൧൦൩൮-ൽ ആക്ടിംഗ് റസിഡൻറായിവന്ന ക്യാപ്ടൻ സാംഗ്രാസ്സുമായി കലഹിച്ച് ആയാണ്ടു മീനമാസത്തിൽ വേല രാജികൊടുത്തു.

ഉടൻ അയാളുടെ അനുജനും ദിവാൻ പേഷ്കാരുമായിരുന്ന രങ്കരായരും ജീവനം രാജികൊടുത്തതിനാൽ ദിവാൻ വേലക്ക തക്കതായ ആളില്ലാതെ വീണ്ടും സുബ്ബരായരെ വരുത്തി ആ ഉദ്യോഗത്തിന്ന ൧൦൩൮-ൽ നിയമിച്ചു. ൧൦൩൯-ൽ മററുദ്യോഗസ്ഥന്മാർ ദിവാൻെറ മുഖാന്തരം അല്ലാതെ നേരിട്ടു കൊട്ടാരത്തിലേക്ക യാതൊരു എഴുത്തുകുത്തുകളും ചെയ്യാൻ പാടില്ലെന്നും മററും വ്യവസ്ഥപ്പെടുത്തി ദിവാൻെറ അധികാരത്തെ പ്രബലപ്പെടുത്തി. * ഈ തിരുമനസ്സുകൊണ്ടു സകല വിദ്യകളിലും സമമായി നൈപുണ്യത്തെ പ്രാപിച്ചിരുന്നതുകൂടാതെ അവിടുന്നു പ്രസിദ്ധനായ ഒരു കവിയും ആയിരുന്നു. ഈ യശസ്സിനാൽ ഇൻഡ്യയിൽ പല ഭാഗങ്ങളിൽനിന്നും അനേകം വിദ്വാന്മാർ വന്നശേഖരത്തി

* മലയാളഭാഷാചരിത്രം

ൽമരിച്ചുപോയ മുൻസിപ്പ് ശങ്കരപ്പിള്ളയുടെ അനന്തരം ജ്യോതിശ്ശാസ്ത്രത്തിൽ പ്രസിദ്ധപ്പെട്ടവനുമായ ശങ്കരജ്യോസ്യർ എന്ന ആൾ ഇവിടെ വരികയാൽ അയാളെ അപ്പീൽക്കോട്ടിൽ ൧-ാംജഡ്ജിയായി നിയമിച്ചു.

ഈ സന്ദർഭത്തിൽ മദ്രാസിൽനിന്നും വീരാസ്വാമിനായിഡു എന്നഗൃഹസ്ഥൻ ഇവിടെവന്നു മുഖംകാണിച്ചു കല്പനപ്രകാരം താമസിച്ചിരുന്നു. അയാളെ താമസിയാതെ അപ്പീൽകോട്ട് ൩-ാംജഡ്ജിയായി നിയമിച്ചു. ഈ വീരാസ്വാമിനായിഡു അശ്വലക്ഷണജ്ഞനായിരുന്നതിനാൽ അയാൾക്കു ലായത്തിലെ കാര്യ്യവിചാരംകൊടുത്തു.

വിശേഷദിവസങ്ങളിൽ കല്പിച്ചു എഴുന്നെള്ളിവരുന്ന രഥം തീർപ്പിച്ചതുകൂടാതെ പുത്തൻമാളിക, രംഗവിലാസം മുതലായ കെട്ടിടങ്ങളും കെട്ടിച്ചു. ൧൦൧൫-ാമാണ്ടിന്റെആരംഭത്തിൽ ജനറൽ കല്ലൻ റസിഡന്റായി വന്നസമയം മദ്രാസിൽ താമസിച്ചിരുന്ന കൃഷ്ണരായരെന്ന ഒരു തെലുങ്കു ബ്രാഹ്മണനെയും അയാൾ കൂടെകൊണ്ടുവന്നു.

അദ്ദേഹത്തിനു ഇംഗ്ലീഷ് ഭാഷയിൽ സ്വല്പം പരിചയംമാത്രം ഉണ്ടായിരുന്നു എങ്കിലും നല്ല ബുദ്ധിമാനും എഴുത്തുകാരനും ആയിരുന്നു.

മഹാരാജാവുമായുണ്ടായ പ്രഥമ സംഭാഷണത്താൽ തന്നെ ഈ റസിഡന്റിനു അവിടത്തെ വാഗ്വൈഭവത്തേയും ബുദ്ധിയേയും വിദ്യാനൈപുണ്യത്തെയുംപററി വളരെ സന്തോഷംഉണ്ടായി. റസിഡന്റിന്റെ പ്രീത്യർത്ഥം തിരുമനസ്സുകൊണ്ടു ഹജൂരിൽ ൩൦൦-രൂപാ ശമ്പളത്തിൽ ഡിപ്ടിപേഷ്കാർ എന്നുള്ള ഒരു നൂതന ഉദ്യോഗം സൃഷ്ടിച്ചു ദേവസ്വം ബ്രഹ്മസ്വം കാര്യ്യവിചാരത്തോടുകൂടി കൃഷ്ണരായരെ അതിൽ നിയമിച്ചു.

ഈ കൃഷ്ണരായർ തനിക്കു ദിവാൻ ഉദ്യോഗം ലഭിക്ക
ണമെന്നുള്ള ആഗ്രഹത്താൽ ക്രമേണ കൃത്രിമിച്ചു തുടങ്ങി
അതിനു അനുകൂലമായി ഒരു കാരണവും ഭവിച്ചു. അതെ
ന്തെന്നാൽ മിസ്റ്റർകല്ലനു ശ്രോത്രേന്ദ്രിയത്തിനുഅല്പംന്യൂനത
ഉണ്ടായിരുന്നതിനാൽ അയാളുമായി സംസാരിക്കുന്നതു സ്വ
ല്പം ഉച്ചസ്വരത്തിൽ വേണ്ടിയിരുന്നു. അതു മഹാരാജാവി
ന്റെ ശരീരസ്ഥിതിക്കു യോജിക്കായ്കകാരണം അയാളുമായി
നേരിട്ടുള്ള സംഭാഷണം കുറഞ്ഞുതുടങ്ങി. കൃഷ്ണരായർ മുത
നായും ഭവിച്ചു.

ഇദ്ദേഹം സമയംനോക്കി റസിഡൻറിനോടു അയാ
ളെക്കുറിച്ചുമഹാരാജാവിനുതിരെബഹുമാനമില്ലെന്നുംറസിഡ
ന്റുമായുള്ള അധികസംസർഗ്ഗത്തെ കുറക്കണമെന്നു സ്വ
ബ്ബരായർ ദുർബോധനചെയ്തിരിക്കുന്നുഎന്നും ദിവാൻ പറയു
ന്നതുപോലെ അവിടുന്നു അനുസരിക്കുമെന്നും അതിനു ദേ
ഷ്യാന്തം മഹാരാജാവിന്റെ നടപടികൾ തന്നെയാണെന്നും
പറഞ്ഞു ധരിപ്പിച്ചു. ഇപ്രകാരം ജനറൽ കല്ലന്റെ മന
സ്സിൽ വൈരത്തെ അംകുരിപ്പിച്ചു. അതുമുതൽ റസിഡ
ൻറു തന്റെ വിരോധത്തെ നടപടികളാൽ പ്രകാശിപ്പിച്ചു.
ക്രമേണ ഗവമ്മേൻറു സംബന്ധമായ സകല നടപടികളി
ലും നേരിട്ടു ഇടപെട്ടു മുഖ്യമായ ജീവനങ്ങൾക്കു ആൾ നി
യമിക്കുന്നതും മാററുന്നതും കൂടി രേഖാമൂലമായ തന്റെ പ്ര
ത്യേക അനുവാദംകൂടാതെ പാടില്ലെന്നു നിഷ്കൃഷ്ടമായി ഏ
ർപ്പാടുചെയ്തു.

ഈ സ്ഥിതിയിൽ മഹാരാജാവിന്റെയും ദിവാന്റെ
യും അധികാരങ്ങൾ അപഹരിക്കപ്പെട്ടു.

ഇതുകൂടാതെയും വിരോധം ഉത്ഭവിച്ചകാലംമുതൽ ഇ
വിടത്തെ രാജ്യഭരണത്തെപ്പററി റസിഡൻറു മദ്രാസ് ഗവ
മ്മേൻറിലും ദോഷമായി കൂടക്കൂടെ റിപ്പോർട്ടുചെയ്തു.

ആ റിപ്പോർട്ടുകളെ വിശ്വസിച്ചുംകൊണ്ടാണ്ടൻറായർ രാജ്യഭരണത്തെപ്പററി അവരുടെ മിനിട്ടുകളിൽ ഉഗ്രമായി പ്രശംസിക്കയും അതിനെ ആണറബിൾ കോർട്ട് ആഫ് ഡയറക്ടേർസ് മുഴുവനും ശരിവെക്കുകയും ചെയ്തു. ഈ വിരോധത്തെയും മുഖ്യമായതും മാറിയാത ഉൽകർഷത്തെയും വിചാരിച്ചു ജനങ്ങളും ഉദ്യോഗസ്ഥന്മാരും അയാൾക്ക അനുകൂലികളായിത്തീർന്നതിൽ സുബ്ബരായർ ശിരസ്താദാരുദ്യോഗത്തിൽനിന്നും പിൻമാറുന്ന ദിവസത്തിനകത്തതി ൧൦൨൯-ൽ ഉദ്യോഗം രാജികൊടുത്തു. അതുകാരണം, മഹാരാജാവ് ആയാണ്ടു കന്നിമാസം ൫-നു കൃഷ്ണരായരെ ഹെഡ് ദിവാൻപേഷ്കാർവേലയിൽ നിയമിച്ചു ദിവാൻ കാര്യവിചാരംചെയ്യുന്നതിനു ആജ്ഞാപിച്ചു. ഇത് അവിടത്തെ പൂർണ്ണസമ്മതംകൂടാതെ ചെയ്യപ്പെട്ട നിയമനം ആണെന്നുള്ളതിന്റെ സൂചിപ്പിക്കാൻ എന്നപോലെ അന്നെ ദിവസം ഉച്ചസമയം തിരുവനന്തപുരത്തിൽ അല്പമായി ഒരു ഭൂകമ്പംഉണ്ടായി.

അവിടത്തെ വാദങ്ങളെകേൾക്കാതെ ഒരു കക്ഷിയുടെ വാക്കിനെമാത്രം വിശ്വസിച്ചു ദോഷമായി റിക്കാർഡുകൾഉണ്ടായകാലംമുതൽ മഹാരാജാവു തീരെ ഉത്സാഹഹീനനായി ഭവിച്ചു ഇൻഡ്യാഗവർമ്മേൻറിനു അയക്കുന്നതിനായി ഒരെഴുത്തു തയ്യാറാക്കി പിതാവിനേയും സോദരനെയും മററുബന്ധുക്കളെയും വായിച്ചുകേൾപ്പിച്ചു.

അതിൽ രാജ്യത്തിൻെറ ഉടയക്കാരനും രക്ഷകർത്താവുമായ രാജാവിനെക്കാൾ കേവലം ഇഷ്ടന്മാരായ കമ്പനിക്കാർ രാജ്യഭരണത്തിലധികം താല്പര്യം നടിക്കുന്നതു വളരെ ആശ്ചര്യജനകമായിരിക്കുന്നു എന്നും അവിടുന്നു ബാലനായും രാജ്യഭരണപരിചയംഇല്ലാതെയും ഇരുന്നസമയം സ്വരാജ്യഭരണത്തെപ്പററിവളരെസന്തോഷിച്ചിട്ടുള്ള മദ്രാസ് ഗവർമ്മേൻറുകാരും ഇൻഡ്യാ ഗവർമ്മേൻറുകാരും അവിടത്തെക്കു

അന്യദേശിയന്മാരും രാജ്യഭരണതന്ത്രജ്ഞന്മാരും ആയ പല വിദ്വാന്മാരുടെയും സംസർഗ്ഗവും ആ വിഷയത്തിൽ ൧൦-വർഷത്തെ പരിചയവും ഉണ്ടായതിന്റെശേഷം ഈ വിധം ദോഷമായി അഭിപ്രായപ്പെടുന്നതു വളരെ വ്യസനകരമാണെന്നും ഈ രാജ്യത്തിന്റെ ഗുണദോഷങ്ങൾ പരദേശിയനായ ഒരു തെലുങ്കബ്രാഹ്മണന്റെ അധീനമായിഭവിക്കുന്ന പക്ഷം ആ അപമാനം അനുഭവിക്കുന്നതിലും അവിടുന്നു രാജ്യത്തെ ഉപേക്ഷിച്ചുകൊള്ളാമെന്നും മററും അതികഠിനമായി എഴുതിയിരുന്നു.

അയക്കരുതെന്നു അവരെല്ലാപേരും വിരോധിക്കയാൽ അതിനെ അനുസരിച്ചില്ലാ എങ്കിലും കൃഷ്ണരായരെ വിശ്വാസമില്ലെന്നും അതിനാൽ അയാളെ ദിവാൻവേലയിൽ സ്ഥിരപ്പെടുത്താൻ പാടില്ലെന്നും മദ്രാസ് ഗവർമ്മേൻറിലേക്ക എഴുതി അയക്കയും മുമ്പിൽ ദിവാനായിരുന്ന രഡ്ഡിരായരെ വരുത്തി ൧൦൧൮-ൽ ദിവാനായി നിയമിക്കയുംചെയ്തു.

ഇതുകൂടാതെയും മുമ്പിൽ ദിവാൻപേഷ്കാരായിരുന്ന മാററപ്പെട്ടിരുന്നവരിൽ കേശവപിള്ളയെ ഹജൂരിലും കൊച്ചുശങ്കരപ്പിള്ളയെ കൊട്ടാരത്തിലും പേഷ്കാരന്മാരായി നിയമിച്ചു

ഈ കൊട്ടാരം പേഷ്കാർവേല ഒരു നൂതന ഏർപ്പാടാകയാൽ മിസ്റ്റർ കല്ലൻ അതിനെ വിരോധിച്ചു. അതിനുത്തരമായി മഹാരാജാവ് ഗൃഹകൃത്യങ്ങളിൽ അയാൾക്ക പ്രവേശിപ്പാൻ ആവശ്യമില്ലെന്നു കല്പിച്ചു.

കൃഷ്ണരായരുടെ നടപടികൾ മഹാരാജാവിനു തീരെ രസിക്കായ്കയാൽ ഗവർമ്മേൻറനുവാദപ്രകാരം അദ്ദേഹത്തിനെ ൧൦൧൯-ൽ വേലവിടുവിക്കയും തിരുവനന്തപുരത്തു താമസിക്കാൻ പാടില്ലെന്നു കല്പിക്കയുംചെയ്കയാൽ അദ്ദേഹം

കൊല്ലത്തു ചെന്നുതാമസിച്ചു. ഇതു തന്നെ അപമാനിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്തതാണെന്നു വിചാരിച്ചു റസിഡൻറു മഹാരാജാവിൻെറ ഗുരുവായ സുബ്ബരായരെ തിരുവനന്തപുരത്തു പാൎപ്പിക്കരുതെന്നു ഗവൎമ്മെൻറുമുഖാന്തരം എഴുത്തുകുത്തുചെയ്തു ശീഘ്രപ്പെടുത്തുകയാൽ മഹാരാജാവും അനുസരിച്ചു അതിന്മണ്ണം ചെയ്യേണ്ടിവന്നു. സ്വല്പകാലാനന്തരം തിരുമനസ്സുകൊണ്ടു അദ്ദേഹത്തിനെ തിൎയ്യെവരുത്തി എന്നുവരികിലും അതുമുതൽ അവിടത്തേക്കു രാജ്യകാൎയ്യങ്ങളിൽ തീരെ അശ്രദ്ധഭവിച്ചു അവിടുന്നു ഈശ്വരവിഷയത്തിൽ ബുദ്ധിയെ പ്രവേശിപ്പിച്ചു.

അതഃപരം മിക്കദിവസവും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ കാണിക്ക, വഴിപാടു മുതലായവ നടത്തുകയും ആ ദിവസങ്ങളിൽ ഉപവസിക്കയുംചെയ്കയാൽ ബന്ധുക്കൾക്കുമുഖംകാണിക്കുന്നതിനും വിശിഷ്യ ദിവാനു കാൎയ്യാദികൾ അറിയിക്കുന്നതിനും പ്രയാസമായിതീൎന്നു. ഈ കാലത്താകുന്നു വലിയകാണിക്കയെന്നു ജനങ്ങൾ പ്രസിദ്ധമായി പറയുന്ന കാണിക്കകൾ നടത്തീട്ടുള്ളതു. അവയിൽ ഒരു പ്രാവശ്യം അതിൻെറ സംഖ്യ ലക്ഷംരൂപായോളംആയിട്ടൊണ്ടു. അതുകൂടാതെയും വിലയേറിയ പട്ടു, നീരാളം, ആഭരണങ്ങൾ, മുതലായവയും വാങ്ങിച്ചു നടയ്ക്കുവെച്ചിട്ടുണ്ടു. ഈ വിധത്തിൽ കൊട്ടാരത്തിൽ ഇരുന്ന ൩൮ ലക്ഷം രൂപായും ചിലവുചെയ്തു. ആയിടക്കു കരമനപ്പാലം മുതലായി ജനോപകാരാൎത്ഥം പലകെട്ടിടങ്ങളും കെട്ടിപ്പാനാരംഭിച്ചു. കിംബഹുനാ ഈ സന്ദൎഭത്തിൽ തിരുമനസ്സുകൊണ്ടു പണവും തൃണവും സമമാണെന്നു വിചാരിച്ചിരുന്നുള്ളു.

ജനറൽ കല്ലൻെറ നേരെ ഉള്ള വിരോധത്താൽ യൂറോപ്യന്മാരുടെ നാമധേയശ്രവണംപോലും അവിടത്തേക്കു കോപകാരണമായിഭവിച്ചു.

ഈ അവസരത്തിൽ അപ്പഴത്തെ മദ്രാസ് ഗവൎണ്ണരായ മാൎക്കീസ് ആഫ് ട്വീഡെയിലിൻെറ പുത്രനായ ലാൎഡ് ഹെ തിരുവനന്തപുരത്തുവരികയും ഇളയരാജാവു മുതൽപേരുടെ നിബ്ബന്ധത്താൽ വളരെ നീരസഭാവത്തോടുകൂടി മഹാരാജാവു ആ പ്രഭുവിനെ ചെന്നുകാണുകയുംചെയ്തു.

൧൦൧൯-ൽ മഹാരാജാവു ശുചീന്ദ്രം മുതലായ ക്ഷേത്രങ്ങളിൽ പടിയേററത്തിനായി ഹജൂർ കച്ചേരി സഹിതം എഴുന്നെള്ളുകയും ഒരുമാസംവരെ താമസിക്കയുംചെയ്തു.

ദിവാൻ രഡ്ഡിരായരു താൻ ഉദ്യോഗത്തിൽ വന്നുകൂടുമ്പോൾ തന്നെ തൻെറ രണ്ടുപുത്രന്മാരെ ഹജൂർകച്ചേരിയിൽ ചുമതലപ്പെട്ട വേലകൾക്കു നിയമിച്ചതു കൂടാതെ ക്രമംകൊണ്ടുബന്ധുക്കളെയും ആശ്രിതന്മാരെയുംമററു പലരെയും ഓരോ വേലകളിൽ നിയമിച്ചു. ഇതും മററുചില സംഗതികളുംകൊണ്ടു മഹാരാജാവിനു അദ്ദേഹത്തിൻെറ പേരിൽ അപ്രിയംജനിച്ചു. ദിവാൻെറ ഈ വിധമായ നടപടികളെപ്പററി റസിഡൻറു ഗവൎമ്മേൻറിലേക്കു എഴുതി അയച്ചിരുന്നു. അവിടെനിന്നും ദിവാൻെറ പുത്രന്മാരെ വേലയിൽനിന്നും മാററണമെന്നു എഴുതിവരികയാൽ അതു മഹാരാജാവിനു തൃപ്തികരമായിതീൎന്നു. ആയിടക്കു ൧൦൨൦-ൽ ദിവാൻ വടക്കു സൎക്കീട്ടായി ചെന്നിരുന്ന സമയം പറവൂർ തഹശീൽദാരുടെപേരിൽ ഉണ്ടായിരുന്ന ചില സംഗതികളെ വിചാരണചെയ്കയും അതിൽ താനും തൻെറകൂടിയുള്ള ജീവനക്കാരും വളരെ അനീതികൾ പ്രവൃത്തിക്കയും ചെയ്തു. കൂടാതെ പൂൎവ്വോപകാരിയും കൊച്ചിയിൽ ദിവാനുമായിരുന്ന നഞ്ചപ്പയ്യൻെറ പുത്രനായ അനന്തരാമയ്യൻെറ ക്ഷണനപ്രകാരം അയാളുടെ ഗൃഹത്തിൽചെന്നു താനും തൻെറ ജീവനക്കാരും വളരെ സമ്മാനങ്ങളും വാങ്ങിച്ചു. ആ സംഗതിയും ന്യായത്തോടു ദേവസ്വത്തിലെ നീതി വിരുദ്ധമാ

യ അതൃത്തിതൎക്കം തീരുമാനവും ദിവാൻ തിരുവനന്തപുരത്തു വരുന്നതിനുമുമ്പിൽ മഹാരാജാവും ആസമയം കൊച്ചിയിൽ ഉണ്ടായിരുന്ന റസിഡെൻറും അറിഞ്ഞു.

അതിനാൽ വന്നുകൂടുമ്പോൾ കല്പനപ്രകാരം അദ്ദേഹം വേല രാജികൊടുത്തു. അനന്തരം അപ്പീൽകോട്ട് ൨-ാം ജഡ്ജിയായിരുന്ന ശ്രീനിവാസരായരെ ദിവാൻ പേഷ്കാർ വേലയിൽ സ്ഥിരപ്പെടുത്തി ദിവാൻ കാൎയ്യവിചാരത്തിനു നിയമിച്ചു.

എന്നാൽ ആസമയം സുഖക്കേടുനിമിത്തം രാജ്യകാൎയ്യങ്ങളിൽ മഹാരാജാവിനു ശ്രദ്ധ കുറഞ്ഞുവരികയും റസിഡെൻറുമായുള്ള വൈരം വൎദ്ധിക്കുകയും കീഴ ജീവനക്കാൎക്കു് കൃഷ്ണരായരിൽ ഉള്ള പ്രീതി അധികമാകയും പലകാരണങ്ങളാലും മുതലെടുപ്പു കുറഞ്ഞു പണത്തിനു ബുദ്ധിമുട്ടു ഭവിക്കയും ചെയ്തിരിക്കയാൽ ഇവയെ എല്ലാം ജയിച്ചു ശരിയായിനടത്തികൊണ്ടു പോകുന്നതു അതിസമൎത്ഥനായ രാജ്യഭരണ തന്ത്രജ്ഞനും അത്യന്തം ശ്രമസാദ്ധ്യമായിരിക്കുമ്പോൾ സാധുശീലനും സത്യവാനും രാജ്യഭരണതന്ത്ര പരിചയം തീരെ ഇല്ലാത്തവനും ആയ ആ ദിവാൻ അത്ര പിടിപ്പുള്ളവനായി തീരുകയില്ലാ എന്നുള്ളതു നിൎവ്വാദമായ ഒരു വിഷയമാണെങ്കിലും ശ്രീനിവാസരായർ തന്റെ സുശീലവും അനഹങ്കാരതയും ചില ജീവനക്കാരിടെ സഹായവുംകൊണ്ടു മുതലെടുപ്പു മുതലായ വിഷയങ്ങളിൽ സ്വല്പം ഗുണഭാവത്തെ പ്രദൎശിപ്പിച്ചു.

൧൦൧൪-ാമാണ്ടു വൃശ്ചികമാസത്തിൽ അതിഘോരമായ ഒരു കൊടുങ്കാറ്റും മഴയും ഉണ്ടായി വളരെ നഷ്ടങ്ങൾ സംഭവിച്ചു. ആ സന്ദൎഭത്തിൽ മഹാരാജാവു ശരീര സുഖത്തിനായിട്ടു കൊല്ലത്തു എഴുന്നള്ളുകയാലും തിരുമനസ്സിലെ

മൃതിയെപ്രാപിച്ചപ്പോൾ
പിതാവായ വലിയകോയിത്തമ്പുരാൻ പിതാവിൻെറ
ലും പണത്തിന്ന അധികച്ചിലവുവന്നുകൂടി. വൎദ്ധിച്ചതിനോ
മരണാന്തരം മഹാരാജാവിന്ന സുഖക്കേട അധികരിക്കയാൽ
ടകൂടി ഏകാന്തവാസത്തിലുള്ള ശ്രദ്ധയും ചില
അവിടത്തെ ശുശ്രൂഷകൾ അത്യന്തം ഉപായക്കാരന്മാരായ അനുവാദം
സേവകന്മാരെ ഒഴിച്ച ഇളയരാജാവിന്നുപോലും
കൂടാതെ അടുക്കൽചെല്ലാൻ പാടില്ലാത്തവിധത്തിലായി.

ആ സ്ഥിതിയിൽ ഒരുദിവസം സോദരനായ ഇളയരാ
ജാവിനെവരുത്തി ശ്രീനിവാസരായർ സാധുവും റസിഡൻറു
മായി എതൃക്കുന്നതിന്ന അസമൎത്ഥനുമാകയാൽ കൃഷ്ണരായരെ
ഒന്നുകൂടി വേലയിൽനിയമിച്ച അതിലുണ്ടാകുന്ന ഗുണ
ദോഷങ്ങളെ അറിഞ്ഞാൽ കൊള്ളാമെന്ന ആഗ്രഹിക്കുന്ന
പ്രകാരം കല്പിച്ചു. അതിന്നെ ഇളയരാജാവു സമ്മതിക്കയാ
ൽ പിറേറദിവസം കാലത്തു കൃഷ്ണരായരെ ദിവാൻപേഷ്കാ
ർവേലക്ക നിയമിച്ചിരിക്കുന്നതായി ഒരുനീട്ടു തുല്യം ചാൎത്തി
വച്ചുംകൊണ്ടു അദ്ദേഹത്തിന്ന ആളയച്ചുവരുത്തി.

അവിടുന്ന അയാളുടെ
അല്പമായ മന്ദഹാസത്തോടുകൂടി അയാളും കഴി
വീഴ്ചകളെയെല്ലാം ക്ഷമിച്ചിരിക്കുന്നു എന്നും കൃഷ്ണ
ഞ്ഞകാൎയ്യങ്ങളെ വിസ്മരിക്കണം എന്നും അന്നുമുതൽ ആ നീട്ടു
രായർ തിരുമനസ്സിലെ ആളാണെന്നും അതിനാൽ ക്ഷേമത്തിനായി
വേണ്ടി രാജ്യത്തിൻെറയും പ്രജകളുടെയും ശ്രീനി
തന്നാൽ കഴിയുന്ന പ്രയത്നം ചെയ്യുന്നതുകൂടാതെ ചെയ്യണമെന്നും
വാസരായൎക്ക വേണ്ടുന്ന സഹായങ്ങൾ
കല്പിച്ച നീട്ടുകൊടുത്തു.

വ്യസനംകൊണ്ടും സന്തോ
ആ സമയം കൃഷ്ണരായർ സന്തുഷ്ടനായി അദ്ദേഹം
ഷംകൊണ്ടും അശ്രുധാരയെ വൎഷിച്ച രക്ഷിക്കണമെ
അവിടത്തെ ആശ്രിതനാണെന്നും കല്പിച്ച

ന്നം മാത്രം സ്വഭാഷയിൽഅറിയിച്ചു. അതു ൧൦൨൨-ാമാണ്ടു വൃശ്ചികമാസം ൨൨-ാനു—ആയിരുന്നു.

ആയാണ്ടു ധനുമാസം ൨൩-നു—മഹാരാജാവു നാടുനീങ്ങി. ഠരം രാജ്യഭാരകാലത്തു മുൻ പ്രസ്താവിച്ചതുകൂടാതെ സ്ത്രീകൾ കുററംചെയ്താൽ അവരുടെ ശിഖയെടുത്തു അവരെ നാടുകടത്തുന്ന ദുരാചാരത്തെയും വ്യഭചാരകുററത്തിൽ കുററക്കാർ അല്ലെന്നു തെളിയിക്കുന്നതിനായി നമ്പൂരിമാർ തപ്തഘൃതത്തിൽ കരം ഇട്ടുവന്ന നടപ്പിനെയും നിറുത്തൽചെയ്കയും പരിശ്രമ വദ്ധനക്കായി കുടികളാൽ നട്ടുവളത്തപ്പെടുന്ന വൃക്ഷങ്ങൾക്കു നാലിലൊന്നു കരം ഇളച്ചുകൊടുക്കുന്നതിനു തിരുതിരുവെഴുത്തു വിളംബരം പ്രസിദ്ധംചെയ്കയുംചെയ്തു.

—ഠ⁂ഠ—

## ൧൩-ാം അദ്ധ്യായം

### മാത്താണ്ഡവമ്മാ ഉത്രംതിരുനാൾ

### ൧൦൨൨-മുതൽ ൧൦൩൫-വരെ

അനന്തരം ൯൯൦-ൽ തിരുഅവതാരംചെയ്ത മാത്താണ്ഡവമ്മ മഹാരാജാവു ൧൦൨൨-ാമാണ്ടു കുംഭമാസം ൧൫-ാനു—൨൩-ാമത്തെവയസ്സിൽ രാജ്യഭാരം ആരംഭിച്ചു. അവിടുന്നു ഇംഗ്ലീഷ് മുതലായ ഭാഷകളിൽ നാടുനീങ്ങിയ മഹാരാജാവിനു ഒട്ടും കുറവുള്ള ആളായിരുന്നില്ലാ. ബാല്യമാരഭ്യ ഉള്ള പരിചയത്താൽ രാജ്യഭരണതന്ത്രത്തിലും നല്ല പ്രവീണനായിരുന്നു.

റസിഡൻസിഡാക്ടരായിരുന്ന മിസ്റ്റർ ബ്രൌണിൻെറ പക്കൽനിന്നും ഇംഗ്ലീഷ് വൈദ്യവും മിസ്റ്റർ കാൽഡിക്കട്ടിൻെറ പക്കൽനിന്നും രസവാദശാസ്ത്രവും നല്ലപോലെ അഭ്യ

നപിക്കയാൽ യുവരാജാവായിരിക്കുമ്പോൾതന്നെ കൊട്ടാരത്തിൽ സ്വന്തമായി ഒരു മരുന്നുശാല ഏർപ്പെടുത്തി അവിടത്തെ ആശ്രിതന്മാരെയും മററും ചികിത്സിച്ചുവന്നു. ഇവിടുന്നും യൂറോപ്യന്മാരുമായി അധികം സംസർഗ്ഗംചെയ്തു വരികയാൽ അവിടത്തെ വസ്ത്രധാരണവും ദിനചര്യമുതലായവയും മിക്കവാറും അവരുടെരീതിയെ അനുസരിച്ചിരുന്നു. ൟ മഹാരാജാവിന്റെ ഔദാര്യവും സുശീലതയും ജനരഞ്ജനയും ഭൂതദയയും ഒട്ടേറെ ശ്ലാഘനീയങ്ങളാകുന്നു. അവിടുന്നു ഭജനപ്പുരയിൽ എഴുന്നെള്ളിയിരിക്കുന്ന സമയം നടത്തീട്ടുള്ള ഓരോ ഉപകാരപ്രവൃത്തികൾ ആ സൽഗുണങ്ങളെ ദ്യോതിപ്പിക്കുന്നു. ൟ തിരുമനസ്സിലേക്കു കഥകളിയിലും കുതിരസവാരിയിലും വിശേഷപ്രിയമുണ്ടായിരുന്നു. മഹാരാജാവിന്റെ സിംഹാസനാരോഹണകാലത്തിൽ കൊട്ടാരത്തിലും ഖജനാവിലും തീരെ പണമില്ലാതെയും ജീവനക്കാരുടെ ശമ്പളത്തിൽ വളരെകുടിശ്ശികയും പലകാരണങ്ങളാലും വിശിഷ്യ വ്യാജപുകയിലനിമിത്തവും മുതലെടുപ്പിൽ കുറവും രാജ്യഭരണം നടത്തേണ്ട പ്രമാണപ്പെട്ട ഉദ്യോഗസ്ഥനായ ദിവാൻ പിടിപ്പില്ലാതെയും തിരുമാസംമുതലായ അടിയന്തിരങ്ങൾ പ്രമാണിച്ച് പണത്തിനു ആവശ്യവും നേരിട്ടിരുന്നതോടുകൂടി തന്റെ ജ്യേഷ്ഠനു ഉണ്ടായിരുന്നതുപോലെ സമർത്ഥന്മാരായ ഉപദേഷ്ടാക്കളും ഇല്ലാതെതീർന്നിരുന്നു. ൟ ദുർഘടാവസ്ഥയിൽ അവിടത്തെക്കു ൟശ്വരേച്ഛയാൽ റസിഡൻറുമാത്രം അനുകൂലിയായിരുന്നു. അതുകൊണ്ടു മഹാരാജാവു അവിടുത്തെ മാതാവിനെയും മാതൃസഹോദരിയേയും പോലെ അയാളുടെ ഉപദേശം അനുസരിച്ചു നടക്കാമെന്നു നിശ്ചയിച്ചു; ഗവർമ്മെൻറുകാരുടെയും ജനറൽ കല്ലൻറയും സമ്മതപ്രകാരം ആ ആണ്ടിൽതന്നെ ശ്രീനിവാസരായരെ അയാളുടെ മുമ്പിലത്തെ ജോലിക്കും പകരം ദിവാൻപേഷ്കാർ കൃഷ്ണരായരെ ആക്ടിംഗ് ദിവാനായും നിയമിച്ചു. ഉദ്യോഗം ലഭിച്ചഉടൻ കൃഷ്ണരായർ പണത്തിനുള്ള ബുദ്ധിമുട്ടിനെ

യും ചിലവിനുള്ള ആവശ്യകതയെയുംപററി വിചാരമായി ഉത്തരവുകൾ തയ്യാറാക്കി തിരുമനസ്സു അറിയിച്ചു. അതുകൊണ്ടു അവിടുന്നു വളരെ അധൈര്യപ്പെടുകയാൽ ദിവാൻ മഹാരാജാവിനെ ആശ്വസിപ്പിച്ചു. അനന്തരം ദിവാൻജിയുടെ സഹായത്തിനായി ദിവാൻപേഷ്കാർ കേശവപിള്ളയെ ഹേഡ് ദിവാൻപേഷ്കാരായി നിയമിച്ചു. ആയിടക്കു ആനവേട്ടക്കായി മദ്രാസ് ഗവർണ്ണരുടെ പുത്രനായ ലാർഡ് ജിഫേർഡ് എന്ന പ്രഭു വരികയും അവിടുന്നു അയാളെ മതിയാകുംവണ്ണം സൽക്കരിക്കയും ചെയ്തു.

൧൦൫൫-ൽ നാടുനീങ്ങിയ മഹാരാജാവിന്റെ തിരുവാസഅടിയന്തിരം മുതലായ വിശേഷങ്ങൾ രാജവംശക്കാൎക്കും ജനങ്ങൾക്കും തൃപ്തികരമായി ദിവാൻ നടത്തികയാൽ അദ്ദേഹം മഹാരാജാവിന്റെ വിശേഷപ്രീതിക്കു പാത്രമായി ഭവിച്ചു എങ്കിലും തനിക്കു റസിഡന്റു സ്വാധീനനാണെന്നുള്ള അഹങ്കാരംകൊണ്ടു ഇതരയൂറോപ്യന്മാരെ അലക്ഷ്യമായി വിചാരിക്കുകയും വേലുത്തമ്പിദളവായെപ്പോലെ സ്വേഛാനുരോധേന ചില ശിക്ഷകൾ നടത്തികയും ചെയ്കയാൽ പത്രങ്ങളിൽ രാജ്യഭരണത്തെപ്പററി ദൂഷ്യമായി ചിലർ എഴുതിത്തുടങ്ങി. ഇതു ക്രമേണ വൎദ്ധിച്ചു രാജ്യഭാരം വളരെ മോശമാണെന്നു ഒരു ദുഷ്പേരുണ്ടായി. ഉത്രം തിരുനാൾ മഹാരാജാവു ചിത്തഭ്രമംകൊണ്ടും ഉത്രാടം തിരുനാൾമഹാരാജാവ് ബുദ്ധിമാന്ദ്യംകൊണ്ടും ഇംഗ്ലീഷ് പഠിച്ചില്ല. അതിനാൽ മഹാരാജാവിന്റെ ഭാഗിനേയന്മാരായി നാലുപേരുള്ളവരിൽ രണ്ടുപേർമാത്രം ആദ്യം ഇംഗ്ലീഷ് സുബ്ബരായരാലും അനന്തരം ഒ-വക്കീലം ശങ്കരമേനവൻ എന്നൊരാളിനാലും ഇംഗ്ലീഷ് പഠിപ്പിക്കപ്പെട്ടിരുന്നു. അവരിൽ ഒന്നു ആയില്യംതിരുനാൾമഹാരാജാവും മറെറാന്നു വിശാഖം തിരുനാൾ മഹാരാജാവും ആയിരുന്നു. ഇവരുടെ പ്രാഥമിക വിദ്യാഭ്യാസം പൂൎത്തിയാകയാൽ ഒരം തിരുമനസ്സുകൊണ്ടു

ജനറൽകല്ലന്റെ അഭിപ്രായത്തോടുകൂടി ദിവാൻ രങ്കരായരുടെ ത്രിതീയ പുത്രനായ മാധവരായരെവരുത്തി പള്ളിവായനക്കു നിയമിച്ചു. * ൧൦൨൫-ാമാണ്ടിൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ തിരുമാടമ്പു നടത്തപ്പെട്ടു. ആയിടക്കു ബ്രിട്ടീഷ് സവ്വീസിൽ ഇരുന്നിരുന്ന രാമമേനവൻ എന്ന ആളിനെവരുത്തി ഹജൂരിൽ ഒരു ഡിപ്പ്യൂട്ടിപേഷ്കാരായി നിയമിച്ചു. തിരുമനസ്സുകൊണ്ടു ജനോപകാരമായി അതുവരെ ഉണ്ടായിരുന്ന കരക്കുടിശ്ശികയെ ഇളച്ചുകൊടുത്തു. ൧൦൨൭-ൽ മിസ്റ്റർ കാൽഡിക്കട്ടു മരിക്കയാൽ ഇംഗ്ലാണ്ടിൽനിന്നും റസിഡന്റു മുഖാന്തരം മിസ്റ്റർ ബ്രൌൺ എന്ന ആളിനെവരുത്തി നക്ഷത്രബങ്കളാവിലെ അദ്ധ്യക്ഷനായി നിയമിച്ചു.

തിരുവനന്തപുരത്തിൽ ഏൎപ്പെടുത്തപ്പെട്ടിരുന്ന ധൎമ്മപള്ളിക്കൂടത്തിന്റെ വൎദ്ധനക്കായി അതിൽ പഠിച്ചിരുന്ന മിക്ക ആളുകളേയും വലിയജീവനങ്ങളിൽ നിയമിച്ചു. പണത്തിന്റെ ചുരുക്കത്താൽ കഴിഞ്ഞ നാലുകൊല്ലമായി കുടികളിൽനിന്നും നല്ലമുളകു വാങ്ങിക്കായ്കയാൽ അവരുടെ പരാധി ഉണ്ടായ നിമിത്തം ൧൦൨൬-ൽ പോലീസ് ശിരസ്താപായിരുന്ന ശംകുണ്ണിമേനവനെ കുടികളിൽനിന്നും രസീതുകൊടുത്തു മുളകുമേടിച്ചു കമൎഷ്യൽ ഏജന്റിനെ ഏല്പിക്കുന്നതിനും വിററുവരുന്നപണം ഉടനടൻ അവരെഏല്പിച്ചു രസീതു തിരിച്ചു മേടിക്കുന്നതിനും ചുമതലപ്പെടുത്തി. * ഇതിൽനിന്നും ഉണ്ടായ ആദായത്താൽ ആ ആണ്ടു ഇടവമാസം ൧൦-നു—തന്നെ തുലാപുരുഷദാനം നടത്തി. ൟ സമയം ലണ്ടൻ നഗരത്തിൽ ൧൮൫൧-ാം വൎഷത്തിൽ ഒരു എക്സിബിഷൻ നടത്താൻ പോകുന്നതായും അതിലേക്കു ൟ രാജ്യത്തിലെ വിശേഷപ്പെട്ട സാധനങ്ങളെ അയച്ചുകൊടുക്കണമെന്നും അപേക്ഷിച്ചു മദ്രാസ് ഗവൎമ്മെന്റിൽനിന്നും

---

* പഴയപഞ്ചാംഗം

എഴുതിവരികയാൽ ആവകകളും പ്രത്യേകം ഒരു കമ്മാറി ഏല്പിച്ചുതന്നി. അവരാൽ ശേഖരിക്കപ്പെട്ട വസ്തുക്കളെയും മഹാരാജാവിന്റെ ഉപയോഗത്തിനായി തീൎപ്പിക്കപ്പെട്ടിരുന്ന വിചിത്രമായ ഒരു ദന്ത സിംഹാസനത്തേയും ഗവൎമ്മെന്റു മുഖമായി അയച്ചതുകൂടാതെ എക്സിബിഷൻ കഴിഞ്ഞശേഷം ആ സിംഹാസനത്തെ മഹാരാജ്ഞി അവൎകളെക്കുറിച്ചു തിരുമനസ്സിലേക്കുള്ള ഭക്തിയുടെയും ബഹുമാനത്തിന്റെയും സൂചകമായി സ്വീകരിക്കണമെന്നും ഒരു അപേക്ഷ എഴുതിയും അയച്ചിരുന്നു. ഇതു ൧൮൫൦-ാംവൎഷം അക്ടോബർ മാസം ൧൧-ാംനു- ആയിരുന്നു. ൧൦൨൬-ാമാണ്ടിൽ മുൻസിഫ്മാരുടെ സംഖ്യയെ ൨൯-ൽനിന്നും ൧൯-ആക്കുകയും അവരുടെയും ജില്ലാജഡ്ജിമാരുടെയും അധികാരങ്ങളെ കൂട്ടുകയും പാപ്പർ വ്യാജ്യങ്ങൾ സ്വീകരിക്കുന്നതിനു ഒരു റിഗുലേഷൻ നടപ്പാക്കുകയുംചെയ്തു.

* ൧൦൨൯-ാമാണ്ടിൽ മഹാരാജാവിന്റെ പുത്രിയുടെ വിവാഹം നടത്തപ്പെട്ടു. ആയാണ്ടിൽ തിരുവനന്തപുരം പട്ടണത്തിൽ ഉണ്ടായ പല അഗ്നിബാധകളാൽ നഷ്ടപ്പെട്ട പ്രജകൾക്കു വേണ്ട സഹായങ്ങൾ ചെയ്തതുകൂടാതെ പട്ടണത്തിലും അതിന്റെ സമീപത്തുംപാൎക്കുന്ന ജനങ്ങൾ ഭവനങ്ങൾക്കു ഓടിടണമെന്നും വ്യവസ്ഥചെയ്തു. * ൧൦൨൯-ൽ ഉത്രാടംതിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു നടത്തപ്പെട്ടു. ഇംഗ്ലീഷ് വൎഷം ൧൮൫൧-ക്കു മലയാളവൎഷം ൧൦൨൭-ാമാണ്ടിന്റെ ആരംഭത്തിൽ മദ്രാസ് ഗവൎമ്മെന്റു മുഖമായി മഹാരാജ്ഞി അവൎകളുടെ സിംഹാസന സ്വീകരണപത്രം റെസിഡന്റിനു വരികയാൽ ഇദം പ്രഥമമായ ആ പത്രത്തെ മതിയായ ബഹുമാനപുരസ്സരം മഹാരാജാവു കൈപ്പററി.

അനന്തരം ൧൦൨൮-ാമാണ്ടു കുംഭമാസം൨൦-നു- മിശാ

* പഞ്ചാംഗം

ഖം തിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു നടത്തപ്പെട്ടു.
ആയാണ്ടിൽ കമ്പിററ എന്നൊരു ധൂമവന്നു പുകയന്ത്രം കെ
ട്ടിപ്പുറന്നു നെയ്യാററങ്കരചെന്നിറങ്ങി. ഠരംവിധം രാജ്യംവദ്ധന
യെപ്രാപിച്ചിരുന്ന സമയം പല കാരണങ്ങളാലും വളരെ
കഷ്ടങ്ങൾ സംഭവിച്ചു രാജ്യം വളരെ മിശ്രമായ സ്ഥിതിയി
ലായിതീൎന്നു. അതി വൃഷ്ടിയിനാൽ കൃഷികൾ വളരെ ദോഷം
ഭവിച്ചു. തന്നിമിത്തം വലുതായ ക്ഷാമംവന്നുകൂടി.

ഈ സമയത്തിലാകുന്നു കച്ചവടം ഏജൻറായ മിസ്റ്റർ
ക്രാഫോർഡിനാൽ ബങ്കാളത്തിൽനിന്നും നെല്ലുംഅരിയും ആ
ദ്യമായി തിരുവിതാംകൂറിൽ വരുത്തപ്പെട്ടതു.

ഈ കഷ്ടതയോടുകൂടി ബ്രിട്ടീഷ് ഗവമ്മേൻറിൽ പുക
യിലക്കുത്തക നിറുത്തൽചെയ്കയാൽ ആ രാജ്യത്തുനിന്നും ധാ
രാളം വ്യാജപ്പുകയില വന്നുതുടങ്ങി.

ഈ രണ്ടുകാരണങ്ങളാലും മുതലെടുപ്പിനു വളരെകുറവു
സംഭവിച്ചു. ഏതാദൃശമായ ദുഘടാവസ്ഥയിൽ പാവ്തിറാ
ണി ൧൦൩൮-ാമാണ്ടു മേടമാസം ൨൮-നു- നാടുനീങ്ങുകയാൽ
ചിലവും അധികരിച്ചു.

എന്നിട്ടും ദിവാൻ തൻെറ അഭംഗുരമായ പ്രയത്ന
ത്താൽ അതു സംബന്ധിച്ച അടിയന്തിരങ്ങളെല്ലാം വളരെ
പരിഷ്കാരമായി നടത്തിച്ചു. മൂന്നുസംവത്സരംവരെ ശ്രമപ്പെ
ട്ടു കൊച്ചുതമ്പുരാക്കന്മാരുടെ വിദ്യാഭ്യാസത്തെ സാമാന്യം
പൂൎത്തിയാക്കിയ മാധവരായരെ മഹാരാജാവു സന്തോഷിച്ചു
൧൦൩൪-ൽ ഹജൂരിൽകഴിവുണ്ടായിരുന്ന ഒരു ഡിറ്റിപേഷ്കാർ
൧൦൩൪-ൽ അപ്പീൽകോട്ടിൽ ജഡ്ജി
വേലക്കു നിയമിച്ചു. സ്വദേശിയും മൂന്നാം
യായ ശ്രീനിവാസരായർ മരിക്കയാൽ ൧൦൩൯-
ജഡ്ജിയും ആയിരുന്ന നമ്പൂര ജഡ്ജി ആ ജോലി ൽ സ്ഥാ
ൽ നിയമിക്കപ്പെട്ടു. നീചജാതിക്കാർ ഗൃഹസ്ഥരെത്തെ സ്വീക
രിക്കുന്നതായാൽ അവൎക്കു യാതൊരു തക്കവും കൂടാതെ ഉൽ

കൃഷ്ട ജാതിക്കാരുടെ ഇടയിൽ സംസൎഗ്ഗത്തിനുള്ള അവകാശത്തെപ്പററി വളരെ തക്കംഉണ്ടാക്കി. അതിനെപ്പററി ഗവൎമ്മേൻറിൽനിന്നും എഴുതിവരികയാൽ അതിനെ വിചാരണക്കായി ശങ്കുണ്ണിമേനവനെ ചുമതലപ്പെടുത്തി വിചാരണ കഴിപ്പിച്ചു തീൎച്ചപ്പെടുത്തി.

* അനന്തരം മഹാരാജാവു ൧൦൨൫-ാമാണ്ടിൽ ഹിരണ്യഗൎഭം നടത്തി. ഈ രാജ്യഭാരകാലത്തും ഒരു ജനസംഖ്യ കണക്ക എടുക്കപ്പെട്ടു എന്നുവരികിലും അതും അത്ര നിഷ്കൎഷയുള്ളതായി വിചാരിപ്പാൻപാടില്ലാ.

അതിഗൎഹിതമായ അടിമക്കച്ചവടം ൧൦൩൦-ാമാണ്ടിൽ തീരെ നിറുത്തപ്പെട്ടു.

പാരീസ് എക്സിബിഷനിലേക്ക സാമാനങ്ങൾ ശേഖരിച്ചു അയക്കുന്നതിനു ൧൦൩൦-ാമാണ്ടിടക്ക ഉണ്ടായ ഗവൎമ്മേൻറ അപേക്ഷ അനുസരിച്ചു ഒരു കമ്മററി ഏൎപ്പെടുത്തി സാധനങ്ങൾ ശേഖരിച്ചു അയക്കുകയും അവ അവിടെ പ്രശംസിക്കപ്പെടുകയും ചെയ്തു.

ഈ സന്ദൎഭത്തിൽ ൧൦൩൦-ൽ മുതലെടുപ്പിൻെറ കുറവിനേയും ചിലവിൻെറ ആധിക്യത്തെയും പത്രമുഖേനയും മററും അപ്പൊഴത്തെ ഗവൎണ്ണർ ജനറൽ അവൎകളായ ലാർഡ് ഡൽഹൌസി അറിഞ്ഞു വേണ്ട ഏൎപ്പാടുകൾ ചെയ്തു രാജ്യസ്ഥിതിയെ പരിഷ്കരിക്കേണ്ടതായ ആവശ്യകതയെ മഹാരാജാവിനെ തെര്യപ്പെടുത്തണമെന്നു മദ്രാസ് ഗവൎണ്ണരായ ലാർഡ് ഹാരിസിനു എഴുതിഅനുക്കയാൽ അവിടെനിന്നും അതനുസരിച്ചു നിഷ്കൎഷയായി എഴുതിവന്നു.

ഇതിനെപ്പററി മഹാരാജാവു ഇളയരാജാവുമായി ആലോചിച്ചു ദിവാൻ മുതലായ ചില പ്രമാണപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഒരുകമ്മററിയായി ഏൎപ്പെടുത്തി അതിലെ അ

* വാച്ചുമൂത്തതിൻെറചരിത്രം

ഗ്രാസനാധിപതിയായി തന്റെ ഭാഗിനേയനും ബുദ്ധി മാനും ആയ യുവരാജാവിനെ നിയമിച്ചു. അവരാൽ ആ ലോചിച്ചു എഴുതി ഉണ്ടാക്കപ്പെട്ടസമാധാനത്തിനെ അവിടു ന്നു പരിശോധിച്ചു ഗവൎമ്മേൻറിലേക്കു അയച്ചു. അപ്പോൾ അവൎക്കു പരമാൎത്ഥം മനസിലായി.

൧൦൩൦-ാമാണ്ടിൽ മുളകു കുത്തകയെ നിറുത്തൽ ചെ യ്തു അതിനെ ഒരു സ്വതന്ത്രവ്യാപാരമായി നിശ്ചയിച്ചു ഒരു തിരു വെഴുത്തുവിളംബരം ഉണ്ടായി. ആ ആണ്ടു ധനുമാസം ൧-ാനു- അത്തംതിരുനാൾ മഹാരാജാവു് അവതരിച്ചു. ആയിടക്കു മദ്രാസ് പ്രസിഡൻസിയിലെ സേനാനായകനാ യ ജനറൽആൻസൺ ഇവിടെവരുന്നതായിഅറിഞ്ഞു അതി ലേക്കുവേണ്ട ഏൎപ്പാടുകൾചെയ്തു അദ്ദേഹത്തിനെ വേണ്ടും വണ്ണം സൽക്കരിക്കയും അദ്ദേഹം സന്തുഷ്ടനായി പോകയും ചെയ്തു. ദിവാൻപേഷ്കാരായിരുന്ന വീരാസ്വാമിനായക്കൻ മരിക്കയാൽ ആവേലക്കു ൧൦൩൦-ാമാണ്ടിൽ ഡിപ്പിട്ടിപേ ഷ്കാരായ മാധവരായരെനിയമിച്ചു. മാധവരായർ തനിക്കു ഈ സ്ഥാനം കിട്ടിക്കൂടുമ്പോൾ വേലനടപ്പിനുവേണ്ടി രാജ്യ ത്തെ ഡിവിഷനുകളായി ഭാഗിക്കണമെന്നു മതിയായ കാര ണസഹിതം പറകയാൽ റസിഡന്റും ദിവാൻജിയും മഹാ രാജാവും അതിനെ സമ്മതിച്ചു. ൧൦൩൧-ാമാണ്ടിൽ നൂതന മായി തെക്കെഡിവിഷൻ വടക്കെഡിവിഷൻ എന്നു പേരോ ടുകൂടി രണ്ടു ഡിവിഷൻ ഏൎപ്പെടുത്തി.

അതിൽ ആദ്യത്തേതിൽ തോവാളമുതൽ പിളവങ്കോ ടുവരെ അഞ്ചുമണ്ടപത്തുംവാതലുകളും രണ്ടാമത്തേതിൽ ചേ ൎത്തല മുതലായി പറവൂരുവരെ ൧൧-മണ്ടപത്തുംവാതലുക ളുംഉൾപ്പെട്ടിരുന്നു.

മാധവരായരെ തെക്കെഡിവിഷനിലും രാമമേനവ നെ വടക്കെഡിവിഷനിലും ദിവാൻപേഷ്കാരായി നിയമിച്ചു.

മററുള്ള മണ്ടപത്തുംവാതിലുകൾ പതിവുപോലെ ദി വാൻജിയുടെ വരുതിയിലും ഇരുന്നിരുന്നു.

ജീവനക്കാരുടെ ശമ്പളവും ഉപ്പു, പുകയില,൦രം ഉടമ്പടിക്കാരുടെ പണവും കൊടുത്തുതീക്കുന്നതിനായി മതിലകത്തുനിന്നും ദിവാൻെറ അപേക്ഷപ്രകാരം ആണ്ടൊന്നിനു നൂററിനു അഞ്ചു പലിശവീതം അഞ്ചുലക്ഷംരൂപാ കടംവാങ്ങിച്ചു.

ഈവകരുപ്പണംകൊണ്ടു തൽക്കാലം ഉണ്ടായിരുന്ന ആവശ്യങ്ങളെ നിവൃത്തിച്ചു.

ഇംഗ്ലീഷ് വഷം ൧൮൫൭-ൽ മദ്രാസിൽവച്ചു നടന്നതായ എക്സിബിഷനു അപ്പഴത്തെ ഗവണ്ണരായ ലാർഡ് ഹാരീസിൻെറ അപേക്ഷപ്രകാരം അനേകം സാമാനങ്ങളും ഒരു റിപ്പോട്ടും അയച്ചിരുന്നു. അതിൽ മഹാരാജാവിനു ഒരു സ്വണ്ണമേഡലും ആവക റിപ്പോട്ടു തയാറാക്കിയ പോലീസ് ശിരസ്താ ശംകുണ്ണിമേനവനു രണ്ടാന്തരത്തിൽ ഒരു മേഡാലുംകിട്ടി.

൧൦൩൨-൩-ൽ ൧൦൧൦-ാമാണ്ടത്തെ റിഗുലേഷനാൽ ക്രിമിനാൽ കേസുകളുടെ വിചാരണക്കായി നിയമിക്കപ്പെട്ടിരുന്ന സക്കീട്ടു ജഡ്ജികളെ നിറുത്തൽചെയ്തു. ഓരോജില്ലയിലും അതിലേക്കായി ബ്രിട്ടീഷ് നടപ്പനുസരിച്ചു ഓരോ സേഷ്യൻ ജഡ്ജിയെ നിയമിച്ചു.

ഇപ്പഴത്തെ മഹാരാജാവിൻെറമാതാവും അപ്പോൾആററങ്ങൽ മൂത്തതമ്പുരാനുമായിരുന്ന ലക്ഷ്മീറാണി ൦രം മഹാരാജാവിനെ ൧൦൩൩-ാമാണ്ടു കന്നിമാസം ൧൧-ാനു മൂലം നാളിൽപ്രസവിച്ചു. എന്നാൽ കാലസാമാന്യത്താൽ അവർ ആമാസം ൨൨-ാനു നാടുനീങ്ങുകയാൽ മഹാരാജാവിനും ജനങ്ങൾക്കും ഉണ്ടായവ്യസനം ദുസ്സഹമായിരുന്നു.

രാജവംശത്തിൽ വംശവദ്ധിനികളായി വേറെസ്ത്രീകൾ ആരും ഇല്ലാതിരുന്ന ഒരു അവസ്ഥ മുൻ വ്യസനത്തെ ഉദ്ദീപനംചെയ്തു.

എന്നാൽ ജനറൽ കല്ലൻെറ അത്യുത്സാഹമായ പ്രയത്നംകൊണ്ടു മഹാരാജാവിൻെറ അഭീഷ്ടംപോലെ മാവെലി

ക്കര രാജവംശത്തിൽനിന്നും രണ്ടു സ്ത്രീകളെ ദത്തെടുക്കുന്നതിനു ഗവൎമ്മേൻറിൽനിന്നും അനുവദിച്ചവരികയാൽ ആ ആണ്ടിൽതന്നെ അവരെ ദത്തെടുത്തു. റസിഡൻറിൻെറ ഈ ഉപകാരത്തെപ്പററി മഹാരാജാവു ജനറൽ കല്ലനു അയച്ചിട്ടുള്ള ഒരു എഴുത്തിലെ താല്പൎയ്യം.

ഒരിക്കലും നിങ്ങളുടെ പേരിനെ മറക്കാൻ പാടില്ലാത്ത വിധത്തിൽ മുഖ്യമായ പല ഉപകാരങ്ങൾ മുമ്പിൽ നിങ്ങൾ ചെയ്തിട്ടുണ്ടെന്നു വരികിലും ഒരം രാജവംശത്തിനുവിഘ്നംവരാതെ ഇപ്പോൾ നിങ്ങൾചെയ്ത ഒരം വലിയഉപകാരം എൻെറയും രാജകുഡുംബത്തിൻെറയും ജനങ്ങളുടെയും ജ്ഞാപകത്തിൽനിന്നും ഒരുകാലത്തും ഒന്നിനാലും മാററപ്പെടുന്നതല്ലെന്നും അതിനു തക്കതായ കൃതജ്ഞത കാണിക്കുന്നതിനു ഞങ്ങൾ അശക്തന്മാരാകുന്നു എന്നും ആയിരുന്നു.

ഈ കൊല്ലത്തിൽ അനേകം സാമാനങ്ങൾക്കു കച്ചവടവൎദ്ധനക്കായി തീരുവ നിരത്തൽചെയ്തു.

വലിയ ഇൻഡ്യൻല്യൂട്ടിനി സംബന്ധിച്ച രാജ്യത്തെ വളരെ ബന്തോവസ്തചെയ്കയും അതിൽ നഷ്ടപ്പെട്ട കുഡുംബക്കാൎക്കു വളരെ സാഹായികധനം കൊടുക്കയുംചെയ്തു.

൧൦൩൩-ാമാണ്ടു മുറജപമദ്ധ്യത്തിൽ ദിവാൻകൃഷ്ണരായർ മരിക്കയും അതിനു സ്വല്പംമുമ്പിൽ ദിവാൻെറ അപേക്ഷപ്രകാരം എഴുന്നെള്ളി അദ്ദേഹത്തിനെ കാണുകയുംചെയ്തു.

രാമമേനവൻപേഷ്കാർ സമൎത്ഥനും ആ ജീവനത്തിനു ന്യായമായ അവകാശിയും ആയിരുന്നു, എങ്കിലും മഹാരാജാവു ചില കാരണങ്ങളാൽ ഇളയരാജാവിൻെറയും ജനറൽ കല്ലൻെറയും ആലോചനയോടുകൂടി തെക്കെഡിവിഷനിൽപേഷ്കാരായ മാധവരായരെ വരുത്തി ൧൦൩൩-ാമാണ്ടു മകരമാസം ൨-ാംനു- ദിവാൻ കാൎയ്യവിചാരത്തിനായി നിയമിച്ചു.

മാധവരായരുടെ കാൎയ്യവിചാര സാമൎത്ഥ്യവും ബുദ്ധിയും ഹേതുവാൽ മഹാരാജാവു കൃഷ്ണരായരുടെ മരണത്തെ വേഗം മറന്നു. ഇദ്ദേഹം മഹാരാജാവിന്റെ സമ്മതപ്രകാരം കാൎയ്യനടപ്പിലേക്കായി അനേകം ഏൎപ്പാടുകൾ ചെയ്തു. തന്റെ എഴുത്തുകുത്തു സാമൎത്ഥ്യത്താൽ ഗവൎമ്മേന്റുകാൎക്കും മററും ഇവിടത്തെ രാജ്യഭാരത്തെപ്പററി ഉണ്ടായിരുന്ന ദുരഭിപ്രായത്തെ നിവൃത്തിച്ചു. ഈആണ്ടു മേടമാസത്തിൽ വലുതായ വെള്ളപ്പൊക്കം ഉണ്ടായി വളരെ ജീവനാശവും സസ്യനാശവും സംഭവിച്ചു. തിരുമനസ്സിലേക്കുണ്ടായ സന്തോഷം നിമിത്തം മാധവരായരെ ൧൦൩൪-ാമാണ്ടു വൃശ്ചികമാസം ൩-ാംനു ദിവാൻ വേലയിൽ സ്ഥിരപ്പെടുത്തി നീട്ടുകൊടുത്തു.

മദ്രാസ് ഗവൎണ്ണരായ ലാൎഡ് ഹാരിസ് മഹാരാജാവിന്റെ ക്ഷണനപ്രകാരം നീലഗിരിയിൽനിന്നു സ്റ്റീമർമാൎഗ്ഗം മദ്രാസിൽ പോകുന്നവഴി ഇവിടെ ഇറങ്ങുന്നതായി ൧൮൫൮-ാംവൎഷം നവംബർമാസം പത്രംവരികയാൽ തൽക്ഷണം അദ്ദേഹത്തിനെ എതിരേൽക്കുന്നതിനായി ശങ്കുണ്ണിമേനവനെ കൊച്ചിയിലേക്കും ദിവാൻജിയെ കൊല്ലത്തേക്കും അയക്കയും പട്ടണത്തിനെ നല്ലപോലെ അലങ്കരിപ്പിക്കയുംചെയ്തു. പത്രപ്രകാരം ഗവൎണ്ണർ ചീഫ് സിക്രട്ടറി മുതലായ ഉദ്യോഗസ്ഥന്മാരെ ഒന്നിച്ചു കൊല്ലത്തുനിന്നും ബോട്ടുവഴി കൽപ്പാലക്കടവിൽ ൧൦൩൪-ാമാണ്ടു വൃശ്ചികമാസം ൧൭-ാംനു വന്നിറങ്ങി. മൂന്നുദിവസം ഇവിടെ താമസിച്ചു അയാൾ ആനന്ദഭരിതനായി തിരിച്ചുപോയി. ഒരു സമയം തെക്കെഡിവിഷനിലുള്ള ചാന്നാന്മാർ മതസംബന്ധമായി ഛിദ്രത്തിനു ആരംഭിച്ചു ഗവൎമ്മേന്റിലേക്കു ഹൎജി അയക്കയാൽ അവിടെനിന്നും എഴുതിവന്നതു അനുസരിച്ചു ൧൮൫൯-ൽ അവരുടെ വസ്ത്രധാരണ ക്രമത്തെയും മററും പററി ഒരു തിരുവെഴുത്തു വിളംബരമുണ്ടായി.

ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേക്കു വിവാഹകാലം സമീപിക്കയാൽ ൧൦൩൪-ാമാണ്ടു മേടമാസത്തിൽ

ചങ്ങനാശ്ശേരി കേരളവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സി നെക്കൊണ്ടു വലിയ ആഘോഷത്തോടുകൂടെ അവരുടെ പള്ളികെട്ടു കഴിപ്പിച്ചു.

൧൦൩൪-ാമാണ്ടിൽ പുതനമായി കൊല്ലത്തും തിരുവനന്തപുരത്തും രണ്ടുഡിവിഷൻ ഏൎപ്പെടുത്തി. ടി ആണ്ടിൽ ഈ രാജ്യത്തിലേക്കു പ്രത്യേകം ഒരു സിവിൽ ഇഞ്ചിനീയരെ നിയമിച്ചു. ൧൦൩൫-ൽ ജനറൽകല്ലൻ വേലവിട്ടു മാറുകയും മിസ്റ്റർ മാൽട്ട്ബി റസിഡന്റായി വരികയുംചെയ്തു.

ഈരാജ്യത്തിലേക്കു വളരെഉപകാരങ്ങൾചെയ്തിട്ടുള്ള ജനറൽകല്ലൻ ൧൦൩൭-ാംവൎഷം മരിക്കയാൽ അയാളുടെ ഓൎമ്മക്കായി മഹാരാജാവു മദ്രാസ് ഹൈസ്കൂളിൽ കല്ലൻസ്കാളർഷിപ്പ് എന്ന നാമധേയത്തോടു ഒരു സ്കാളർഷിപ്പ് ഏൎപ്പെടുത്തി.

മദ്രാസ് ഗവൎണ്ണരായിരുന്ന ലാർഡ് ഹാരിസിന്റെ ആജ്ഞാനപ്രകാരം മഹാരാജ്ഞിയുടെ സ്നേഹസ്മാരകമാകുന്ന ഒരു വിശേഷഅരപ്പട്ടം ഒരുപൊൻതാമ്പാളവും റസിഡന്റുമുഖാന്തരം വരികയാൽ അത്യന്തംബഹുമാനപുരസ്സരം‌വലിയആഘോഷത്തോടുകൂടെ പബ്ലിക്ക് ഡർബാറിൽ അവയെമഹാരാജാവു സ്വീകരിച്ചു. മഹാരാജ്ഞിയുടെ ടി പ്രേമത്തിന്റെ ഓൎമ്മക്കായി നാഞ്ചനാട്ടിൽ വിക്ടോറിയാഅനന്തമാൎത്താണ്ഡൻകാൽവെട്ടിച്ചു.

മന്ത്രിവരനായ മാധവരായരുടെ ബുദ്ധിസാമൎത്ഥ്യത്താൽ രാജ്യം നല്ലസ്ഥിതിയെ പ്രാപിച്ചുവരുമ്പോൾ കാലസാമാന്യത്താൽ ടിരംശരഭക്തനായ മഹാരാജാവു ൧൦൩൬-ാമാണ്ടു ചിങ്ങമാസം ൪-ാംനു- അനായാസേന ചരമഗതിയെപ്രാപിച്ചു

—ശുഭം—

## പതിന്നാലാംഅദ്ധ്യായം

### ൧൦൩൬-മുതൽ ൧൦൫൫-വരെ

### രാമവൎമ്മ ആയില്യം തിരുനാൾ

അനന്തരം അവിടത്തെ ഭാഗിനേയനായ രാമവൎമ്മമഹാ

രാജാവു ൧൦൩൬-ാമാണ്ടു ചിങ്ങമാസം ൨൮-ാംനു- ൨൯-ാമത്തെ തിരുവയസ്സിൽ രാജ്യഭാരം ആരംഭിച്ചു.

അവിടത്തെ ജ്യേഷ്ഠസഹോദരനായ ഉത്രം തിരുനാൾ തിരുമനസ്സിലേക്ക ചിത്തഭ്രമമായിരിക്കയാലാകുന്നു അവിടത്തേക്ക രാജ്യാധിപത്യം സിദ്ധിച്ചതു.

തിരുമനസ്സുകൊണ്ടു പൂൎവം പ്രസ്താവിച്ചപ്രകാരം ഇംഗ്ലീഷ് ഭാഷാ അഭ്യസിച്ചതുകൂടാതെ സംസ്കൃതം, മഹാരാഷ്ട്രം, തെലുംക, ഹിന്ദുസ്ഥാനി, കന്നടം, മുതലായ ഇതരഭാഷകളെയും നല്ലവണ്ണംപോലെ അഭ്യസിച്ചിരുന്നു.

അവിടുന്നു ഇളമുറരാജാവായി ൧൦൨൩-ാമാണ്ടു ഭജനപ്പുരയിൽ എഴുന്നള്ളിയകാലംമുതൽ, നാടുനീങ്ങിയമഹാരാജാവു, അവിടത്തെ ആലോചനയോടുകൂടി രാജ്യകാൎയ്യങ്ങളെ നടത്തിവരികയാൽ മഹാരാജാവിനു രാജ്യഭരണ തന്ത്രത്തിലും നല്ലപരിചയം ഉണ്ടായി. വിശേഷിച്ചും അവിടത്തെ ബുദ്ധിസാമൎത്ഥ്യവും ധാരണാശക്തിയും, ദീൎഘാലോചനയും ജനരഞ്ജനയും അത്യന്തം പ്രശംസ്യങ്ങളാകുന്നു.

ഒരു രാജ്യഭാരത്തിന്റെ ഗുണദോഷങ്ങൾ മുഖ്യമായി രാജ്യഭാരംചെയ്യുന്ന മഹാരാജാവിന്റെ ബുദ്ധിസാമൎത്ഥ്യത്തെയും, വിദ്യയേയും രാജ്യഭരണ തന്ത്രത്തെയും അനുസരിച്ചിരിക്കുമെന്നുള്ളതു, നിരാക്ഷേപമായ ഒരു സംഗതി ആണല്ലൊ ആ സ്ഥിതിക്ക മേല്പറഞ്ഞ ഗുണങ്ങളെല്ലാം പൂൎണ്ണമായി തികഞ്ഞിരുന്ന അവിടത്തെ രാജ്യഭാരം ക്ഷേമപ്രയോജകമായതല്ലാതെ ഭവിക്കയില്ലെന്നല്ല, ജനങ്ങളുടെ വിശ്വാസത്തെ, മഹാരാജാവു, തന്റെയും മന്ത്രിസത്തമനായ മാധവരായരുടെയും അഭംഗുരവും അത്യുത്സാഹവും, ആയ പ്രയത്നംകൊണ്ടു സ്വല്പകാലത്തിൽ സ്ഥിരപ്പെടുത്തി.

അവിടുന്നു മുപ്പേല്ക്കുന്ന സമയം ഈ രാജ്യം പരിഷ്കാരത്തിന്റെ ശൈശവാവസ്ഥയെ പ്രാപിച്ചിരുന്നതേ ഉള്ളു.

എന്നാൽ ഒരം രാജ്യഭാരത്തിൻെറ അവസാനസമയം അത്യുച
രിപൂൎണ്ണമായ യൌവനാവസ്ഥയെപ്രാപിച്ചു എന്നുള്ളതു സ
ൎവ്വജനങ്ങളാലും നിൎവ്വാദമായി സമ്മതിക്കപ്പെട്ട വിഷയമത്രെ
തദത്ഥം, ആകാലത്തു ഉണ്ടായിട്ടുള്ള ചില മുഖ്യഏൎപ്പാടുകളെ
യും വിശേഷ സംഭവങ്ങളെയും ആകുന്നു ഇതിൽ സംഗ്രഹ
മായി പ്രസ്താവിക്കുന്നതു.

തിരുമനസ്സിലെ ഇഛാനുരൂപങ്ങളായ ഓരോ നവീന
ഏൎപ്പാടുകളെ യതൊരു വിരോധവുംകൂടാതെ ഉടനുടൻ നട
ത്തിക്കുന്നതിനു, രാജ്യഭരണതന്ത്രത്തിൽ പ്രവീണനും, വി
ശ്വാസിയും, അവിടത്തെ ഗുരുവുമായ ദിവാൻ മാധവരായർ
സൎവ്വദാ ജാഗരൂകനായിരിക്കയാൽ ആ വിഷയത്തിൽ അവി
ടത്തെക്ക അത്രതന്നെ ശ്രമപ്പെടേണ്ടിവന്നില്ലാ. അദ്ദേഹംത
ന്നെസകലജോലികളെയും ചുമതലയായിനോക്കിവന്നിരുന്നു

൧൦൩൯-ാമാണ്ടിൽ മുതലെടുപ്പിൻെറവൎദ്ധനക്കും. പ്രജ
കളുടെ സൌകൎയ്യത്തിനും,ആയിട്ടു സൎക്കാർഅഞ്ചൽ ജനങ്ങൾ
ക്കുകൂടി ഉപയോഗപ്പെടത്തക്കവണ്ണം നിബന്ധനചെയ്തു. അ
തഃപൂൎവ്വം ജനങ്ങൾക്ക, താന്താങ്ങളുടെ സുഖദുഃഖാദികളെപ്പ
ററിയുള്ള വൎത്തമാനം ബന്ധുക്കളെയൊ, ഇഷ്ടന്മാരെയൊ ഗ്ര
ഹിപ്പിക്കേണ്ടതായിരുന്നാൽ, തങ്ങളാൽ വഹിക്കത്തക്കതിലും
അധികമായ കൂലികൊടുത്തൊ സ്വന്ത ആളുകളെയൊ അയ
ച്ചു ഗ്രഹിപ്പിക്കയല്ലാതെ വേറെമാൎഗ്ഗം ഉണ്ടായിരുന്നില്ലാ.
ഈഗുണകരമായ ഏൎപ്പാട്ടിനാൽ ജനങ്ങൾക്കുണ്ടായ സന്തോ
ഷവും കച്ചവടത്തിനുണ്ടായ വൎദ്ധനയും എന്തുമാത്രമായിരി
ക്കുമെന്നു എളുപ്പത്തിൽ ഊഹിക്കാവുന്നതാണ്. ഇതുകൂ
ടാതെയും വ്യാപാരവൃദ്ധിക്കായി ആലപ്പുഴ തുറമുഖത്തുവന്ന
ടുക്കുന്ന കപ്പലുകൾക്കുണ്ടായിരുന്ന തീരുവയെകുറവുചെയ്തു.
ആയിടക്ക അപ്പീൽകോൎട്ടിലെ ഒന്നാംജഡ്ജിക്ക പെൻ
ഷൻവക്കുകയും, ജുഡിഷ്യൽഡിപ്പാൎട്ട്മെൻറു വളരെ അഭിവൃദ്ധി

കരമായ സ്ഥിതിയിലിരിക്കയും ചെയ്കയാൽ ആവേലക്കു ദിവാന്റെ ആലോചനപ്രകാരം ബ്രിട്ടീഷ് ഗവൎമ്മെന്റിൽ സദിരമീനായിരുന്ന സദാശിവൻപിള്ളയെ വരുത്തിനിയമിച്ചു. അദ്ദേഹം ആ ഡിപ്പാൎട്ട്മെന്റിൽ ഉണ്ടായിരുന്ന ന്യൂനതകളെ ക്രമേണതീക്കുന്നതിനാരംഭിച്ചു. ആദ്യമായി കോൎട്ടുകളുടെ അധികാരങ്ങളെയും നടപടികളെയും ക്രമപ്പെടുത്തുന്നതിനായി ൧൦൩൭-ാമാണ്ടിൽ ചില ചട്ടങ്ങൾ നടപ്പുവരുത്തി. അതിനാൽ സംസ്ഥാനത്തിലെ പ്രമാണപ്പെട്ട കോടതിക്കു, അപ്പീൽകോൎട്ട് എന്ന നാമധേയത്തെ ഭേദപ്പെടുത്തി സദർകോൎട്ട് എന്നപേരു കല്പിക്കപ്പെടുകയും പൂൎവ്വം സ്ഥാപിതങ്ങളായിരുന്ന മൂന്നു സേഷ്യൻ കോടതികളെയും, അഞ്ചുജില്ലാകോൎട്ടുകളേയും നിറുത്തൽചെയ്തു പകരം സിവിൽ,ക്രിമിനൽആയ, ൨ രണ്ടുഅധികാരങ്ങളോടുംകൂടെ നാലു ജില്ലാകോൎട്ടുകൾ ഏൎപ്പെടുത്തുകയും ചെയ്തതുകൂടാതെ, ഇൻഡ്യൻശിക്ഷാനിയമം, കുറ്റനിൎണ്ണയത്തെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കുന്നതിനു അനുവദിക്കപ്പെടുകയുംചെയ്തു.

അനന്തരം ആയാണ്ടു മകരമാസത്തിൽ, മഹാരാജാവു ആറാട്ടങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കിളിമാനൂർ കേരളവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സിനെക്കൊണ്ടു കഴിപ്പിച്ചു.

ഈരാജ്യത്തുള്ള മലംപ്രദേശങ്ങൾ യാതൊരു ഉപയോഗവുംകൂടാതെ പാഴ്ഭൂമിയായികിടക്കയും എന്നാൽ അവ കാപ്പികൃഷിക്കു തുലോം അനുകൂലമാണെന്നു കാണപ്പെടുകയും ചെയ്കയാൽ അവയെ ആവശ്യപ്പെടുന്നവൎക്കു പതിച്ചുകൊടുക്കുന്നതിനു അനുവദിച്ചു. അതു മുതലെടുപ്പിന്റെ വൎദ്ധനക്കു ഒരു പ്രധാനകാരണമായി തീൎന്നതുമല്ലാതെ അരണ്യവാസികളായ അനേകം ജനങ്ങളുടെ കാലക്ഷേപത്തിനും പരിഷ്കാരാഭിവൃദ്ധിക്കും ഹേതുവായും ഭവിച്ചു. ൨ംവിടക്കാകുന്നു

കപ്പൽയാത്രക്കാരുടെ ഉപയോഗത്തിനായി ആലപ്പുഴയിൽ പണികഴിപ്പിക്കപ്പെട്ടിരുന്ന ദീപസ്തംഭം (ലൈററ് ഹൌസ്) ആദ്യമായി ഉപയോഗിച്ചുതുടങ്ങിയതു. ആയാണ്ടിൽ മിസ്റ്റർ ഫിഷർ റസിഡന്റായിവന്നു.

അന്യരാജ്യങ്ങളുടെയും തദ്വാസികളായ ജനങ്ങളുടെയും സ്ഥിതികളെ കണ്ടറിയുന്നതിനും പ്രസിഡൻസിയിലെ തലസ്ഥാന നഗരവും വളരെ വിശേഷപ്പെട്ടതുമായ മദ്രാസ് പട്ടണത്തെ കാണുന്നതിനും ആ ഗവൎമ്മെണ്ടിന്റെ സന്ദർശനവും സംഭാഷണവും തനിക്കു വളരെ ശ്രേയസ്സിനു കാരണമായിഭവിക്കുമെന്നുള്ള ദീൎഘാലോചനകൊണ്ടും ൧൦൪൧ മാണ്ടിൽ ദിവാൻമുതലായ ചില ഉദ്യോഗസ്ഥന്മാർ സഹിതം ഇദ്ദേഹം പ്രഥമമായി കല്പിച്ചു മദ്രാസിൽ എഴുന്നെള്ളുകയും ഗവൎമ്മെണ്ടുമായുള്ള സംഭാഷണത്താൽ അവൎക്കു വളരെ തൃപ്തി ഉണ്ടാകയും മതിയായ ബഹുമാനത്തെ ലഭിക്കുന്നതിനു അതു കാരണമായി തീരുകയുംചെയ്തു.

ആയിടക്കു സിവിൽ ഇഞ്ചിനീരായിരുന്ന മിസ്റ്റർ ഗ്രീൻവെ, വേലവിട്ടുപോകയാൽ പകരം മിസ്റ്റർ ബാട്ടൻ ആ വേലയിൽ നിയമിക്കപ്പെട്ടു.

ആ സമയം ൦രം രാജ്യത്തിൽ സാധാരണ വണ്ടികൾമാത്രം ശ്രമപ്പെട്ടു പോകാവുന്നതായി തിരുവനന്തപുരം മുതൽ ആരുവാമൊഴിവരെ ഒരുപാത ഉണ്ടായിരിക്കയും അതും അത്യന്തം നിമ്നോന്നതങ്ങളോടുകൂടിയിരിക്കയുംചെയ്തു. ആ സ്ഥിതിയിൽനിന്നും അയാൾ സ്വല്പകാലംകൊണ്ടു പ്രധാനപ്പെട്ട മിക്കസ്ഥലങ്ങളിലും പോക്കുവരവിനു സൌകൎയ്യമായ പല റോഡ്കൾവെട്ടിതീൎത്തു. ൧൦൪൨-ാമാണ്ടിൽ മുറജപം നടന്നു. ആയാണ്ടിലാകുന്നു രാജധാനിയായ തിരുവനന്തപുരം ഇൻഡ്യയിലെ പ്രധാനനഗരങ്ങളുമായി കമ്പിത്തപാലിനാൽ യോജിക്കപ്പെട്ടതു. അതിനാലുള്ള ഗുണങ്ങളെ വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ആ സന്ദൎഭത്തിൽ മിസ്റ്റർ ന്യൂവൽ റസിഡൻറായി നി യമിക്കപ്പെട്ടു.

൧൦൪൦-ാമാണ്ടു ചിങ്ങമാസം ൩-നു ഇളയതമ്പുരാട്ടി കേരളവൎമ്മാ രേവതിതിരുനാൾമഹാരാജാവിനെ പ്രസവിച്ചു.

൧൦൪൧-മാണ്ടു മേടമാസം ൨-നു മകയിരം തിരുനാൾ മഹാരാജാവു അവതരിച്ചു.

ജനങ്ങൾ തമ്മിലുണ്ടാകുന്ന വ്യവഹാരങ്ങളെ കേട്ടു ന്യായമായും സത്യാനുസരണമായും തീൎച്ചചെയ്യുന്നതിനുവേണ്ടമാൎഗ്ഗങ്ങളെ നല്ലപോലെ ആലോചിച്ചു ഏൎപ്പാടുചെയ്തിരുന്നിട്ടും, അവൎക്കു തങ്ങളുടെ വാദങ്ങളെ ന്യായസ്ഥലങ്ങളിൽ ക്രമമായി എടുത്തുബോധിപ്പിക്കുന്നതിനു മതിയായ അറിവില്ലാത്തതിനാൽ, ന്യായമായ തീൎപ്പ് സമ്പാദിക്കുന്നതിനു വിഘ്നം ഭവിക്കുന്നു എന്നുകണ്ടു തന്നിവൃത്തിക്കായി വക്കീലന്മാർ മുഖാന്തരം വ്യവഹാരം നടത്തുന്നതിനു അനുവദിച്ചു. അതിനാൽ കോട്ട്കളിലെ ജോലിനടപ്പിനും ജനങ്ങളുടെ സങ്കടനിവൃത്തിക്കും സൌഖ്യമുണ്ടായി.

ജനങ്ങളുടെ പരിശ്രമത്തെയും സൎക്കാരിലെ മുതലെടുപ്പിനെയും വൎദ്ധിപ്പിക്കുന്നതിനായിട്ടു, ഗവൎമ്മേൻറു തരിശുഭൂമികളെ ആവശ്യപ്പെടുന്നവൎക്കു സ്വല്പകരത്തിന്മേൽപതിച്ചുകൊടുക്കുന്നതിനു വ്യവസ്ഥചെയ്കയാൽ പൂൎവ്വം പാഴായികിടന്ന മിക്കസ്ഥലങ്ങളും കൃഷിഭൂമിയായിതീൎന്നു. പലസ്ഥലങ്ങളിലും, ഠാണാക്കളും, മജിസ്ത്രേട്ടുകച്ചേരികളും ഏൎപ്പെടുത്തി കളവു, കവൎച്ച, മുതലായ അക്രമങ്ങൾക്കു അത്യന്താഭാവം വരുത്തി.

സ്വപ്രജകളിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തെ വൎദ്ധിപ്പിക്കുന്നതിനായിട്ടു കുറഞ്ഞഫീസോടുകൂടി ഹൈസ്ക്കൂളായിരുന്ന ഇംഗ്ലീഷ് പള്ളിക്കൂടത്തിനെ കാളേജ് ആക്കണമെന്നു നിശ്ചയിച്ചു. ൧൦൪൨-ാമാണ്ടിൽ സ്കാട്ട്ലൻറു ദേശീയനായ മിസ്റ്റർ റാസ് എന്ന ഒരു പ്രൊഫസരെ വരുത്തിനിയമിച്ചു.

അതില്പിന്നെയാകുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ഈ രാജ്യത്തിൽ പ്രാബല്യമുണ്ടായി തുടങ്ങിയതു.

അച്ചടിയോലകളിൽ ആധാരംഎഴുതി അവയെ ഊൎണ്ണക്കന്മാർമുഖാന്തരം രജിസ്തർചെയ്തുവന്ന പ്രാചീനമായ നടപ്പു വളരെ വ്യാജവ്യത്യാസങ്ങൾക്കും ആവലാധിക്കും കാരണമായിരിക്കുന്നു എന്നുകണ്ടു തന്നിവൃത്തിയേയും മുതലെടുപ്പിനേയുംവിചാരിച്ചു ആയാണ്ടിൽ രജിസ്ട്രേഷൻ ഡിപ്പാൎട്ടുമെൻറും താലൂക്കുകൾതോറും രജിസ്ട്രാർകച്ചേരികളും ഏൎപ്പെടുത്തി കുടികൾ തമ്മിലുണ്ടാകുന്ന പ്രമാണങ്ങളെ രജിസ്തർ ചെയ്യുന്നതിനും നിബന്ധനഉണ്ടാക്കി. അതുമുതൽ വ്യാജപ്രമാണങ്ങൾക്കും ദുൎവ്യവഹാരങ്ങൾക്കുംകുറവുണ്ടായി.

ആയാണ്ടു തുലാമാസം ൨൦-ാനു- കൊച്ചീരാജാവു തിരുവനന്തപുരത്തുഎഴുന്നെള്ളി. അങ്ങനെ ഒരുസംഭവം പ്രസിദ്ധനായ രാമരാജാവിൻെറ കാലത്തിനിപ്പുറം ഉണ്ടായിട്ടില്ലാ. തിരുമനസ്സുകൊണ്ടു ആ രാജാവിനെ വേണ്ടുംവണ്ണം സൽക്കരിച്ചയച്ചു.

ആയിടക്കു ഇൻഡ്യയിലെ ഗവൎണ്ണർജനറലും, വൈസ്റായുമായ സർജാൺ ലാറൻസ്, മഹാരാജാവിൻെറ രാജ്യഭാരത്തിനെക്കുറിച്ചു സന്തോഷിച്ചു, ബ്രിട്ടീഷ് ഗവൎമ്മെൻറിൽനിന്നും തിരുമനസ്സിലേക്കുള്ള സകല എഴുത്തുകുത്തുകളിലും "മഹാരാജാ" എന്ന സ്ഥാനപ്പേരുകൂടി ഉപയോഗിക്കുന്നതിനു ഉത്തരവുകൊടുക്കയും, ആ സന്തോഷവൎത്തമാനം തിരുമനസ്സറിയിച്ചു വൈസ്റായുടെ തത്സംബന്ധമായ ലിഖിതം കൊടുക്കുന്നതിനു മദ്രാസ് ഗവൎമ്മെൻറിൽനിന്നും റസിഡൻറിനുഎഴുതിവരികയുംചെയ്കയാൽ ആ പത്രസ്വീകരണത്തിനായി ൧൮൬൬-ാംവൎഷം നവംബർമാസം ൯-ാംനു- ഒരുവലിയ കൂടിക്കാഴ്ചയുണ്ടായി.

അനന്തരം മകരമാസത്തിൽ മഹാരാജ്ഞി അവർകളാൽ പൂൎവ്വം അനുവദിക്കപ്പെട്ടിരുന്ന "നൈററിട്ടുഗ്രാൻഡ് ക

മാൻഡർആഫ് ദീമോസ്റ്റ് എക്സാൾട്ടഡ് ആർഡർ ആഫ് ദീ സ്റ്റാർആഫ് ഇൻഡ്യാ" എന്ന സ്ഥാനപ്പേരും മുദ്രയും യഥാക്രമം സ്വീകരിക്കുന്നതിനായി കല്പിച്ച മദ്രാസിൽ എഴുന്നെള്ളി. മാൎഗ്ഗമദ്ധ്യെ കൊച്ചീരാജാവിന്റെ വിശേഷമായ ആതിത്ഥ്യാരത്തയും സ്വീകരിച്ചു.

അവിടത്തെ ഗവൎണ്ണരായ ലാർഡ് നേപ്പിയർ മഹാരാജാവിന്ന ആ സ്ഥാനപ്പേരും മുദ്രയും കൊടുക്കുന്നസമയം തിരുമനസ്സിലെ രാജ്യഭാര വിദഗ്ദ്ധതയേയും ജനരഞ്ജനയെയുംപററി പ്രത്യേകം ഒരു പ്രസംഗംചെയ്തു. അനന്തരം അതെ ദിവസംതന്നെ അവിടത്തെ മന്ത്രിയായ മാധവരായൎക്ക "കെ. സി. എസ്. ഐ" എന്ന സ്ഥാനപ്പേരും അതിലെക്കുള്ള മുദ്രയും കൊടുക്കപ്പെട്ടു. അതിൽപിന്നെ താമസിയാതെ തിരിച്ചെ എഴുന്നെള്ളി.

ദേശഭാഷയായ മലയാളത്തിന്റെ അഭിവൃദ്ധിയിൽ പൂൎവീകന്മാർ അത്രതന്നെ ശ്രദ്ധിക്കായ്കയാൽ അതു ക്ഷയോന്മുഖമായി തീൎന്നിരുന്നതുകൂടാതെയും ബാലന്മാരുടെ വിദ്യാഭ്യാസത്തിന്ന ശരിയായ ഒരു മാൎഗ്ഗമില്ലാതെയും ഇരിക്കയാൽ ആ രണ്ടു ന്യൂനതകളെയും തീൎക്കുന്നതിനുവേണ്ടി ആയാണ്ടിൽ മലയാംപള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തി. അതിനുമുമ്പിൽ നാലു പള്ളിക്കൂടങ്ങൾ മാത്രം ഉണ്ടായിരുന്നു. അവയും ഇംഗ്ലീഷു ഡിസ്ത്രിക്ക്‌സ്കൂൾസൂപ്രണ്ടിന്റെ അധികാരത്തിലായിരുന്നു. പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കേണ്ടതിന്ന ആവശ്യമുള്ള പുസ്തകങ്ങൾ ഒന്നുംതന്നെ ദേശഭാഷയായ മലയാളത്തിൽ ഇല്ലാതിരുന്നതിനാൽ ഇംഗ്ലീഷിലുള്ള പുസ്തകങ്ങളെ പരിഭാഷപ്പെടുത്തുന്നതിനും ആ രീതി അനുസരിച്ച നവീനമായി ഓരോപുസ്തകങ്ങൾ നിൎമ്മിക്കുന്നതിനുമായിട്ടു ആദ്യമായി ബുക്കകമ്മട്ടി ഏൎപ്പെടുത്തി. അതിലെ അഗ്രാസനാധിപതിയായി വിദ്വൽ ചൂഡാമണിയായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിനെയും നിയമിച്ചു, അവിടുത്തെയും

ഡയറക്ടരായി നിയമിക്കപ്പെട്ട ശങ്കരസുബ്ബയ്യരുടെയും അത്യുത്സാഹമായ പ്രയത്നംകൊണ്ടാകുന്നു മലയാളഭാഷയും ഈ പള്ളിക്കൂടങ്ങളും വൎദ്ധനയെ പ്രാപിച്ചത്. ആ പള്ളിക്കൂടങ്ങളിലെക്കു യോഗ്യന്മാരായ ഉപാദ്ധ്യായന്മാർ തൽക്കാലമില്ലാതെ വന്നതിനാൽ ഒരു നാൎമ്മൽസ്കൂൾ ഏൎപ്പെടുത്തി. അതിലെ ഉപദേഷ്ടാവായി ഇപ്പോഴത്തെ ഡയറക്ടർ രാമരായരെയും നിയമിച്ചു. അദ്ദേഹത്തിന്റെ ശ്ലാഘനീയമായ പരിശ്രമത്താൽ അതിലെ അദ്ധ്യേതാക്കൾ മിക്കപേരും അവസാനപരീക്ഷയിൽ വിജയത്തെ പ്രാപിച്ചു. അവരെ ഓരോ പള്ളിക്കൂടത്തിൽ വാദ്ധ്യന്മാരായും നിയമിച്ചു.

അതുകൂടാതെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും വേണ്ട ഏൎപ്പാടുകൾ ചെയ്തു. അതിലേക്കായി ആദ്യം കരമനയിൽ ഒരു പള്ളിക്കൂടം ഏൎപ്പെടുത്തി. അതിന്റെ വൎദ്ധനയെക്കണ്ടിട്ടു മറ്റു സ്ഥലങ്ങളിലും ക്രമേണ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടു.

ഏതദ്ദേശവാസികളുടെ പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ആയാണ്ടു ധനുമാസം രാജധാനിയായ തിരുവനന്തപുരത്തുവെച്ചു സസ്യങ്ങളുടെയും പുഷ്പങ്ങളുടെയും കാഴ്ച ആദ്യമായി നടത്തപ്പെട്ടു.

ആയിടക്കു റസിഡന്റായ മിസ്തർ ന്യൂവൽ അവധിക്കു പോകയാൽ ൧൦൪൮-ാം വൎഷം മേടമാസംവരെ മിസ്തർ മാക്ഗ്രിഗർ പകരം കാൎയ്യം വിചാരിച്ചുതുടങ്ങി.

൧൦൪൯-ാമാണ്ടു വൃശ്ചികമാസം ൧൯-ാംനു രാമവൎമ്മ ചതയംതിരുനാൾ മഹാരാജാവു അവതരിച്ചു.

ആയാണ്ടു കുംഭമാസത്തിൽ മദ്രാസ് ഗവൎണ്ണരായ ലാർഡ് നേപ്പിയർ ആവിക്കപ്പൽമാൎഗ്ഗം ശംഖുമുഖത്തുവന്നിറങ്ങി ആ പ്രഭു പത്തുദിവസം ഇവിടെ താമസിക്കയും കച്ചേരിമുതലായവയെ ചെന്നുനോക്കുകയും ചെയ്തു. തിരുമനസ്സിലെ വിശേഷമായ ഉപചാരങ്ങളേയും ഇവിടത്തെ നടപടിക

ളേയുംപററി അത്യന്തം സന്തുഷ്ടനായി തിരിച്ചുപോയി.

ഈ രാജ്യവാസികളായ ജനങ്ങൾ സാധുക്കളും പ്രായേണ അധികം സമ്പന്നന്മാരല്ലാത്തവരും ആയിരിക്കയാൽ, അവർ ദൂരസ്ഥലമായ മദ്രാസിൽചെന്നു ദ്രവ്യവ്യയം ചെയ്തു പഠിച്ചു ബി. ഏ. പരീക്ഷകൊടുക്കുന്നതിനു അസമൎത്ഥന്മാരായിരിക്കുന്നു എന്നുകണ്ടു ൧൦൪൪-ാമാണ്ടിൽ കാളേജിൽ ആദ്യമായി ബി. ഏ. ക്ലാസ് ഏൎപ്പെടുത്തുകയും കൂടുതലായി മിസ്റ്റർ ഹാവി എന്ന വേറൊരു പ്രൊഫസരെ വരുത്തി നിയമിക്കയും അദ്ധ്യേതാക്കൾക്കു വളരെ സ്വല്പമായ ഫീസു നിശ്ചയിക്കയുംചെയ്തു. അതുമുതൽ സ്വദേശികളും പരദേശികളും ആയ അനവധി യുവാക്കൾ ജയചിഹ്നാങ്കിതരായി വളരെ ഉൽകൃഷ്ടപദവികളെ പ്രാപിച്ചിരിക്കുന്നു എന്നു മാത്രമല്ല ആ രണ്ടു ധീമാന്മാരുടെയും അഭംഗുരമായ പ്രയത്നത്താൽ ഈ രാജ്യത്തിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനമില്ലാത്ത യുവാക്കൾ ഇപ്പോൾ ദുൎല്ലഭം എന്നുതന്നെ പറയത്തക്ക സ്ഥിതിയിലായിരിക്കുന്നു. പ്രത്യുത അതിനുമുമ്പിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനമുള്ളവർ ദുൎല്ലഭമായിരുന്നു. ഈ വിധം ഉൽകൃഷ്ട വിദ്യാഭ്യാസവൎദ്ധനകൊണ്ടു ജനങ്ങളുടെ പരിഷ്കാരവും ക്രമേണ വൎദ്ധിച്ചുവരുന്നു.

മിസ്റ്റർ ന്യൂവൽ വേലവിട്ടു പോകയാൽ ൧൮൬൯-ാം വൎഷം മാൎച്ചുമാസത്തിൽ മിസ്റ്റർ ബാലാർഡ് റസിഡണ്ടായിവന്നു.

൧൦൪൭-ാമാണ്ടിൽ ക്രമപ്രകാരമുള്ള മുറജപം, അടിയന്തിരം കൂടാതെ കല്പിച്ചു തുലാപുരുഷദാനവും കഴിച്ചു.

ആ സന്ദൎഭത്തിൽ വൎക്കലക്കു സമീപമുള്ള രണ്ടുകുന്നുകൾ വള്ളങ്ങളുടെ ഗതാഗതത്തിനു വളരെ പ്രതിബന്ധകമായി തീൎന്നിരിക്കുന്നു എന്നുകണ്ടു അവയെ തുരക്കാൻ ആരംഭിച്ചിരുന്നതിൽ മുമ്പിലുള്ളതിന്റെ വേലപൂൎത്തിയാകയാൽ അതിനെ നടപ്പുവരുത്തുകയും അടുത്തതിന്റെ വേലതുടങ്ങു

യും ചെയ്യു. ൟ രണ്ടുകനാകളുടെയും ഹേതുവാലുണ്ടായിരുന്ന ബുദ്ധിമുട്ടു അവൎണ്ണനീയമാകുന്നു. ഇപ്പോൾ രണ്ടാമത്തെതും വേലതീൎന്നു നടപ്പുവരികയാൽ ജനങ്ങളുടെ ബുദ്ധിമുട്ടു അശേഷം നിവൃത്തിയായിരിക്കുന്നു. അതു കച്ചവടവൎദ്ധനക്കും കാരണമായിഭവിച്ചു. അവയുടെ സന്ദൎശനമാത്രേണ ജനങ്ങൾക്കുണ്ടാകുന്ന കൌതുകത്തെയും അവയുടെ ഉപയോഗത്തെയും ഇത്രമാത്രമെന്നു പരിഗണിക്കാൻപാടില്ലാ.

ഏതന്മദ്ധ്യേ മഹാരാജ്ഞി അവൎകളുടെ പുത്രനായ ഡ്യൂക്ക് ആഫ്. എഡിൻബറൊ എന്ന രാജകുമാരൻ മദ്രാസിൽ വരുന്നുഎന്നും അദ്ദേഹത്തെ കാണുന്നതിനായി അത്രടം കല്പിച്ചെഴുന്നെള്ളണമെന്നും ആ ഗവൎണ്ണരുടെ ക്ഷണനം ഉണ്ടാകയാൽ മഹാരാജാവു കുംഭമാസത്തിൽ മദ്രാസിൽ എഴുന്നെള്ളി. മഹാരാജാവുമായുള്ള സംഭാഷണത്താൽ ആ രാജകുമാരനു വളരെ സന്തോഷമുണ്ടായി. ഇംഗ്ലാണ്ടിലെ രാജവംശജന്മാരായ രാജാക്കന്മാർ ആരെയും ഇവിടത്തെ രാജാക്കന്മാർ കാണുകയും സംഭാഷണംചെയ്കയും അതിനുമുമ്പിൽ ഉണ്ടായിട്ടില്ലാ. അതിനാൽ ഇതു ഒരുനവീന സംഭവമാകുന്നു

മിസ്റ്റർബാലാർഡ് അവധിക്കുപോകയാൽ ൧൮൭൦-ാ വൎഷം മാൎച്ചുമാസത്തിൽ മിസ്റ്റർ മിഞ്ചൻ ആക്കിങ്ങ് റസിഡന്റായി നിയമിക്കപ്പെട്ടു.

ആയാണ്ടു മിഥുനമാസത്തിൽ അത്തംതിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു നടത്തപ്പെട്ടു. ആയിടക്കു പുത്തൻകച്ചേരി പണിതീരുകയാൽ ഹജൂർകച്ചേരിയും ഹൈക്കോട്ടും അതിൽ മാററിയിട്ടുതുകൂടാതെ പണിക്കുറതീൎന്ന കഴിത്തുറ പാലവും നടപ്പുവരുത്തി.

൧൦൪൭-ാമാണ്ടു വൃശ്ചികമാസം ൯-നു അശ്വതിതിരുനാൾ മാൎത്താണ്ഡവൎമ്മ മഹാരാജാവു അവതരിച്ചു.

കഴിഞ്ഞാണ്ടിൽ ഖജനാവിൽ കാണപ്പെട്ട പണക്കുറവു സംഗതിയെപ്പററി നടത്തിയ വിചാരണയാൽ ദിവാൻ

മാധവരായർക്കു സ്വല്പം രസക്ഷയം ഉണ്ടായി ൧൦൪൭-ാമാണ്ടു മകരമാസത്തിൽ പത്മഗർഭം കഴിഞ്ഞാശേഷം അദ്ദേഹം ആദ്യം മൂന്നു മാസത്തെ അവധിഎടുക്കയും അനന്തരം ജീവനം രാജികൊടുക്കയുംചെയ്തു.

ആ ദിവാൻ ഈ രാജ്യത്തിന്റെ അഭിവൃദ്ധിയിൽ ചെയ്തിട്ടുള്ള ശ്രമം അപരിച്ഛേദ്യമാകുന്നു. ചുരുക്കത്തിൽ ഈ നാട്ടുകാർ ഇപ്പോൾ അനുഭവിക്കുന്ന സകല ഗുണങ്ങൾക്കും അദ്ദേഹം കാരണഭൂതനായിരുന്നു.

അദ്ദേഹത്തിന്റെ അവധിസമയം തിരുവനന്തപുരം ഡിവിഷൻ ദിവാൻപേഷ്കാർ നാണുപിള്ളയാകുന്നു കാര്യം വിചാരിച്ചിരുന്നതു.

ഈസമയം ൧൦൪൮-ാംവർഷം ജൂൺമാസത്തിൽ മിസ്റ്റർ ബാലാർഡ് അവധികഴിഞ്ഞു ഹാജരായി

അനന്തരം മഹാരാജാവു, ഇടവമാസത്തിൽ മദ്രാസ് റവന്യൂബോർഡിൽ ഹെഡ്ശിരസ്തദാരായിരുന്ന ശേഷയ്യാശാസ്ത്രികളെ വരുത്തി ദിവാൻവേലയിൽ നിയമിച്ചു. അദ്ദേഹം മാധവരായരിൽ ഒട്ടുംകുറഞ്ഞാളല്ലാ. അദ്ദേഹംജോലിയിൽപ്രവേശിച്ചുകൂടുമ്പോൾ ദിവാന്റെപക്കൽനിന്നും മജിസ്ട്രേട്ടധികാരത്തെ എടുക്കയും കാര്യനടപ്പിനായി ഇതരമജിസ്ട്രേട്ടന്മാരുടെ അധികാരത്തെ കൂടുതൽചെയ്കയുംചെയ്തു.

അനന്തരം ഭോപ്പാളിലെ ബീഗത്തിനു ബൊംബയിൽ വച്ചു സ്റ്റാർഓഫ്ഇന്ത്യാ എന്നതായ വിശേഷപ്രമാണിച്ചു കല്പിച്ചതുടമെഴുന്നെള്ളണമെന്നു ഗവൎണ്ണർജനറൽ അവർകൾ ക്ഷണിക്കയാൽ ൧൦൫൦-ാമാണ്ടു തുലാമാസത്തിൽ മഹാരാജാവു, ആദ്യം ബൊംബയിലും അതുവഴി കൽക്കത്തായിൽകൂടി വരണമെന്നു അദ്ദേഹം അപേക്ഷിക്കയാൽ കാശിയിലും എഴുന്നള്ളി. അവിടെവച്ചുണ്ടായസുഖക്കേടുനിമിത്തം കൽക്കത്തായിൽ എഴുന്നെള്ളുന്നതിനു സംഗതിവന്നില്ലാ. മകരമാസാരംഭത്തിൽ രാജധാനിയിൽ തിരിച്ചെഴുന്നള്ളി.

ആ മാസത്തിൽ ഇപ്പഴത്തെ വലിയതമ്പുരാൻ തിരുമനസ്സിലെ തിരുമാടമ്പു നടത്തപ്പെട്ടു.

ആയാണ്ടിൽ പുത്തനായി പണിചെയ്യുവന്നിരുന്ന കാളേജ് വേലതീരുകയാൽ ഇംഗ്ലിഷ് പള്ളിക്കൂടം അതിൽമാററിനിട്ടു

൧൦൪൦-ാംവഷം ജൂലായിമാസം മിസ്റ്റർ ബാലാർഡ് വീണ്ടും അവധിക്കഴിപ്പോകനാൽ അക്ടോബർമാസംവരെ നായർബ്രിഗെയ്ഡിലെ സേനാനായകനായ മേജർബ്ലൂംഫീൽഡ്, കാര്യവിചാരത്തിന്നു നിയമിക്കപ്പെട്ടു. പറവൂർമുതലായരു സ്ഥലങ്ങളിലുള്ള പ്രജകളുടെസൌകര്യാത്ഥം ൧൦൪൧-ാമാണ്ടിൽ വീണ്ടും ആലുവായിൽ ഒരുജില്ലാകോട്ടു ഏപ്പെടുത്തി മുൻസീഫ്, തഹശീൽ, ജഡ്ജി, മുതലായജീവനങ്ങൾക്കു ശമ്പളംകൂട്ടുതൽചെയ്തു. സക്കാർഎഴുത്തുകുത്തുകളിൽ ഉപയോഗിച്ചുവന്നിരുന്ന ഓല വദ്ധിച്ചുവരുന്നതായ പരിഷ്കാരാവസ്ഥക്കു യോജിപ്പില്ലാതെയും അച്ചടിക്കുന്നതിന്നു സൌകര്യംഇല്ലാതെയും ഇരിക്കയാൽ അതിനെ നിറുത്തൽചെയ്തു പകരം കടലാസു ഉപയോഗിക്കുന്നതിന്നു വ്യവസ്ഥചെയ്തു.

ശൃംഗേരി മഠാധിപതിയായ ശങ്കരാചാരി സ്വാമി അവർകൾ ആദ്യമായി തിരുവനന്തപുരത്തുവന്നു മൂന്നുനാലു ദിവസം താമസിക്കയും മഹാനായ ആ യതീന്ദ്രനെ തിരുമനസ്സുകൊണ്ടു യഥായോഗ്യം സൽക്കരിക്കയുംചെയ്തു.

ഏകദേശം ആ സംവത്സരാവസാനത്തിൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ പരിഷ്കാരങ്ങൾക്കു കാരണഭൂതനായ സദാശിവൻപിള്ളയും, ഇഞ്ചിനീരായിരുന്ന മിസ്റ്റർ ബാർട്ടനും വേലവിട്ടുപോകയാൽ ഒന്നാംജഡ്ജിവേലക്കു ആ കോട്ടിൽ അഡിഷനാൽ ജഡ്ജിയായിരുന്ന ചെല്ലപ്പാപിള്ളയെയും ഇഞ്ചിനിർ വേലക്കു അസിസ്റ്റാൻറ ഇഞ്ചിനീയരായിരുന്ന മിസ്റ്റർ ജെക്കബ്ബിനെയും നിയമിച്ചു.

അനന്തരം മഹാരാജാവു മദ്രാസ് ഗവർണ്ണരായ ലാർഡ് ഹൊബാട്ടിനെ കാണുന്നതിനും വൈസറായുടെ മുൻക്ഷ

ണനത്തെ സഫലപ്പെടുത്തുന്നതിനുമായിട്ടു ൧൦൫൬-ാമാണ്ടു മകരമാസം ആരംഭത്തിൽ ഇവിടെനിന്നും യാത്രതിരിച്ചു മദ്രാസിൽ എഴുന്നെള്ളി അവിടത്തെ ഗവൎണ്ണരുടെ സന്ദൎശനാനന്തരം കൽക്കത്തായിൽ എഴുന്നെള്ളി വൈസ്രായി അവൎകളെ കണ്ടു അതിൽപിന്നെ ആഗ്ര, ഡെൽഹി, മുതലായ സ്ഥലങ്ങളിൽ എഴുന്നെള്ളി കണ്ടശേഷം കുംഭമാസത്തിൽ തിരിച്ചെഴുന്നെള്ളി. കൽക്കത്തായിൽവച്ചു തിരുവാഭരണങ്ങൾ മോഷണംപോകയും അവ ആ ഗവൎമ്മേൻറുകാരുടെ ഉത്സാഹത്താൽ തിരിച്ചുകിട്ടുകയുംചെയ്തു.

ആയാണ്ടു ഇടവമാസം ബ്രിട്ടീഷ് രീതി അനുസരിച്ചു ഇവിടെയും ജനസംഖ്യകണക്കെടുത്തു. അതു ഏറ്റവും ക്രമമായി എടുക്കപ്പെടുകയാൽ ആ കണക്കു വിശ്വാസയോഗ്യമായിട്ടുള്ളതാകുന്നു. അതിനാൽ അതിനെ തിരുവിതാംകൂറിലെ ആദ്യത്തെ സെൻസസ് എന്നുതന്നെ പറയാം.

ആ മാസം ൧൫-ാനു ബാലനും ബുദ്ധിമാനുമായിരുന്ന മകയിരംതിരുനാൾ മഹാരാജാവു അകാലമൃതിയെ പ്രാപിച്ചു.

ആ സംവത്സരത്തിൽ കാളേജിൽ ബി. എൽ. ക്ലാസു ഏൎപ്പെടുത്തി. അന്നുമുതൽ ഈ കാളേജ് പ്രസിഡൻസിയിലെ പ്രധാനപ്പെട്ട മററുകാളേജുകളുമായി മാത്സൎയ്യത്തെ പ്രാപിച്ചുവരുന്നു.

അനന്തരം തിരുവിതാംകൂറിന്റെയും ബ്രിട്ടീഷ് വകയായ മധുര, തിരുനെൽവേലി, ഈ ജില്ലകളുടെയും മദ്ധ്യേയുള്ള അതിരുവകത്തൎക്കത്തിനെ, ആ ഗവൎമ്മേൻറിൽനിന്നും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുമായി യോജിച്ചു അളന്നു നിശ്ചയിക്കുന്നതിനായി കമീഷണൎകൾ നിയമിക്കപ്പെട്ടു.

൧൦൫൮-ാംവൎഷം അക്ടോബർമാസം മിസ്റ്റർ ബാലാൎഡ് അവധികഴിഞ്ഞു ഹാജരാകയും ൧൦൫൯-ാംവൎഷം ഏപ്രിൽമാസം വേറെജോലിക്കു നിയമിക്കപ്പെടുകയും ചെയ്കയാൽ തൽകാലം മിസ്റ്റർ ഹെന്ന അക്ടോബർമാസംവരെ ജോ

ലിനോക്കിവന്നിരുന്നു. അതിൽപിന്നെ മിസ്റ്റർ മാഗ്രിഗർ റസിഡന്റായിനിയമിക്കപ്പെട്ടു.

൧൦൫൧-ാമാണ്ടിൽ മഹാരാജ്ഞി അവർകളുടെ പ്രഥമ പുത്രനായ പ്രിൻസ് ആഫ് വെയിൽസ് എന്ന രാജകുമാരൻ ഇൻഡ്യാരാജ്യംകാണുന്നതിനായി വരികയാൽകല്പിച്ച ആ രാജകുമാരനെ സ്വരാജ്യത്തുവരുന്നതിനു ക്ഷണിക്കയും ആ വരവിലേക്കു വേണ്ടഏല്പാടുകൾചെയ്യുവരികയുംചെയ്തു. എന്നാൽ ആയിടക്കു ഇവിടെവ്യാപിച്ചിരുന്ന നടപ്പുദീനം നിമിത്തം അദ്ദേഹം വരുന്നില്ലെന്നുള്ള മറുപടികിട്ടുകയാൽ ആ രാജകുമാരനെ കാണുന്നതിന്നായി ൧൦൫൧-ാമാണ്ടു വൃശ്ചികമാസത്തിൽമുറജപമദ്ധ്യേ അദ്ദേഹത്തിനു കൊടുക്കുന്നതിനു പല വിശേഷസാമാനങ്ങൾസഹിതം മദ്രാസിൽ എഴുന്നെള്ളി ആ രാജകുമാരനെ ചെന്നുകണ്ടു. പ്രത്യുപചാരമായി അദ്ദേഹം മഹാരാജാവിനെ എഴുന്നെള്ളിതാമസിച്ചിരുന്ന സ്ഥലത്തുവന്നുകാണുകയും സന്തോഷപൂർവ്വം സമ്മാനങ്ങൾ സ്വീകരിക്കയും ചെയ്തതുകൂടാതെ, തന്റെ സ്വരൂപംകൊത്തീട്ടുള്ള അനർഘമായ ഒരുമോതിരവും, തന്റെപടവും, സ്വർണ്ണമേഡലും, ഒരുവിശേഷപ്പെട്ടവാളും, അനേകം പുസ്തകങ്ങളും, തിരുമനസ്സിലേക്കബഹുമാനമായികൊടുത്തു. അനന്തരം കൽക്കട്ടായിലും മറ്റും എഴുന്നെള്ളിയാത്രപറഞ്ഞുംകൊണ്ടു ലക്ഷദീപദിവസം, മഹാരാജാവു തിരുവനന്തപുരത്തു എഴുന്നെള്ളി.

ഈ യാത്രകളിൽ എല്ലാം അവിടത്തേക്കു നൈസാം മുതലായ സ്വദേശീയരാജാക്കന്മാരുടെയും ബ്രിട്ടീഷുഗവൎമ്മേന്റുകാരുടെയും തദ്ദേശവാസികളായ ജനങ്ങളുടെയും പക്കൽനിന്നും ഉണ്ടായിട്ടുള്ള ബഹുമാനങ്ങളും സൽക്കാരങ്ങളും അപരിച്ഛേദ്യമാകുന്നു.

൧൦൫൨-ാമാണ്ടിൽ ബ്രിട്ടീഷ് ഇൻഡ്യയിൽ മിക്കഭാഗങ്ങളിലും കഠിനതരമായ ക്ഷാമംഉണ്ടായി ജലപാനാദികൾക്കു ഒന്നുംകിട്ടാതെ നാനാജാതിക്കാരായി അനേകം ആളുക

ൾ ഈ രാജ്യത്തുവരികയും, ധൎമ്മതല്പരനും ദയാനിധിയുമായ മഹാരാജാവു, ഒരുസംവത്സരംവരെ അവരെ, വാസസ്ഥലം വസ്ത്രം, ആഹാരം മുതലായ സകല സുഖസാധനങ്ങളും അവരവരുടെ ആവശ്യംപോലെകൊടുത്തു അന്യദേശവാസം എന്നുള്ളതിനെ തോന്നിക്കാതെ രക്ഷിക്കയുംചെയ്തിട്ടുള്ളതു ധൎമ്മരാജ്യം എന്ന നാമധേയത്തെഅന്വൎത്ഥമാക്കിച്ചെയ്തും മഹാരാജാവിൻെറയും രാജകുഡുംബത്തിൻെറയും ശ്രേയസ്സിനെയും യശസ്സിനേയും ഉപരിവൎദ്ധിപ്പിക്കയുംചെയ്തു.

൧൮൭൭-ാംവൎഷം ജനവരിമാസം ൧-ാംനു- മഹാരാജ്ഞിഅവൎകൾ ഇൻഡ്യാചക്രവൎത്തിനി എന്ന സ്ഥാനപ്പേരുകൂടി സ്വീകരിച്ചതിനെപ്പററി ഡൽഹിയിൽ വെച്ചുണ്ടായ ചക്രവൎത്തിസമാജത്തിനു സുഖക്കേടനിമിത്തം മഹാരാജാവിനു അത്രടം എഴുന്നെള്ളുന്നതിനു സൌകൎയ്യപ്പെടായ്കയാൽ അന്നെദിവസം അതുസംബന്ധമായി പുത്തൻകച്ചേരിയിൽ വെച്ചു കൂടിക്കാഴ്ചയുണ്ടായി. ആ സമയം റസിഡൻറു, മഹാരാജ്ഞിഅവൎകളുടെ തത്സംബന്ധമായ പരസ്യം വായിക്കയും മഹാരാജാവിനു സമ്മാനിക്കുന്നതിനായി രാജ്ഞിയാൽ കൊടുത്തയക്കപ്പെട്ടിരുന്ന ഒരു കൊടി ബഹുമാനമായി കൊടുക്കയുംചെയ്തു. അതിൻെറനാമധേയം "എംപീരിയൽബാനർ" എന്നാകുന്നു. അതു ഇന്നും കൂടിക്കാഴ്ചദിവസങ്ങളിൽ ഉപയോഗപ്പെടുത്തപ്പെട്ടുവരുന്നു. മഹാരാജാവിൻെറ സന്തോഷസൂചകമായി ആസമയം ൧൩-ഖിലങ്ങളെ വിട്ടതൽചെയ്തുകൂടാതെ അന്നെദിവസം വെടിക്കെട്ടുമുതലായ അനേകം വിനോദങ്ങളും സകലജാതിക്കാൎക്കും വിശേഷ ഭക്ഷണവും ധാരമാക്ക തീൻമേശയും ഉണ്ടായിരുന്നു.

ഇപ്പഴത്തെ മഹാരാജാവിൻെറ ജ്യേഷ്ഠസഹോദരനും അതിബുദ്ധിമാനും ഈശ്വരഭക്തനും ആയിരുന്ന അത്തംതിരുനാൾ മഹാരാജാവു ൧൦൫൫-ാമാണ്ടു മേടമാസത്തിൽ അപ്രാപ്യകാലമായ മരണത്തെ പ്രാപിച്ചു.

ആ ആണ്ടിൽ ഒടുവിൽ ദിവാൻ ശേഷയ്യാശാസ്ത്രികൾ വേല വിട്ടുപോകയാൽ പകരം സ്വദേശിയും ദിവാൻപേഷ്കാരും ആയിരുന്ന നാണുപിള്ള ൧൦൪൯-ാമാണ്ടു ചിങ്ങമാസത്തിൽ ആ വേലയിൽ നിയമിക്കപ്പെട്ടു.

ഇദ്ദേഹം ൧൮൪൨-സംവത്സരം റസിഡന്റാഫീസിൽ റയിട്ടരായും ൧൮൫൭- സംവത്സരം മുതൽ ഗവൎമ്മേന്റിൽ പല ജോലികളിലും ഇരുന്നിട്ടുണ്ടു.

ആയിടക്കു മിസ്റ്റർ മാഗ്രിഗർ അവധിക്കുപോകയാൽ ൧൮൭൭-ാംവൎഷം മാൎച്ച് മാസത്തിൽ മിസ്റ്റർ സളിവൻ ആക്ടിങ്ങ് റസിഡന്റായിവന്നു.

൧൦൪൮-ാമാണ്ടിൽ സദർകോട്ടിൽ നാലു ജഡ്ജിമാർ ഉണ്ടായിരുന്നതിൽ ഒരാളിനെ കുറക്കുകയും കാൎയ്യനടപ്പിനായി മറ്റുചില ഭേദഗതികൾ ചെയ്കയുംചെയ്തു. കലാൽ റിഗുലേഷൻ നടപ്പുവരുത്തി. അത്യന്തം വിസ്മയജനകമായ പുനലൂർപാലം വേലതീരുകയാൽ അതിനെ ഉപയോഗിച്ചുതുടങ്ങി. എതാദൃശമായ ഒരു പാലം ഇൻഡ്യയിൽ ഒരു സ്ഥലത്തും ഇല്ലെന്നുതന്നെ പറയാം

വൃശ്ചികമാസത്തിൽ മദ്രാസ് ഗവൎണ്ണരായ ഡ്യൂക്ക് ആബ് ബക്കിങ്ങ് ഹാമിനെ കാണുന്നതിനായി മഹാരാജാവു മദ്രാസിൽ എഴുന്നെള്ളി. ആ പ്രഭുവിനെ കണ്ടശേഷം ധൎമ്മ സാവസാനത്തിൽ സുഖമായി തിരിച്ചു എഴുന്നെള്ളി.

൧൮൭൮-ാംവൎഷം ഫെബ്രുവരിമാസത്തിൽ മിസ്റ്റർ ഹാനിങ്ങ്ടൻ ആക്ടിങ്ങ് റസിഡന്റായി നിയമിക്കപ്പെട്ടു. ൧൮൭൯-ാംവൎഷം മാൎച്ച് മാസം മിസ്റ്റർ മാഗ്രിഗർ അവധികഴിഞ്ഞു ജോലിയിൽ പ്രവേശിച്ചു.

൧൦൫൪-ാമാണ്ടു മേടമാസത്തിൽ രേവതിതിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു നടത്തപ്പെട്ടു. ആയിടക്കാകുന്നു നേപ്പിയർ മ്യൂസിയം പണിക്കുറവുതീൎന്നതു.

മഹാരാജാവു സിംഹാസനാരോഹണം ചെയ്തസമയം

തിരുവനന്തപുരത്തും ആലപ്പുഴയിലും മാത്രം ആശുപത്രികൾ ഉണ്ടായിരുന്നു. മററഡിപ്പാൎട്ട്മെൻറുകളിലെ പരിഷ്കാരങ്ങളെ ഒന്നിച്ച മെഡിക്കൽ ഡിപ്പാൎട്ടുമെൻറും ക്രമേണവൎദ്ധിപ്പിക്കപ്പെട്ടുവന്നിരുന്നു.

മുൻ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവ കൂടാതെ നൂതനമായി അനേകം കച്ചേരികൾ, ആശുപത്രികൾ, പാലങ്ങൾ, സത്രങ്ങൾ മുതലായവ കെട്ടിച്ചു. ക്ഷേത്രങ്ങൾ, കുളങ്ങൾ ഊട്ടുപുരകൾ, മുതലായവ അററകുററംതീൎപ്പിച്ചു. നാഞ്ചിനാട്ടിൽ കൃഷിക്കു ഉപയുക്തങ്ങളായ അനേകം വേലകൾ നടത്തിച്ചു. കാലഹരണചട്ടം, അടുത്തൂൺചട്ടം, കോൎട്ടുഫീസു റിഗുലേഷൻ മുതലായി അനേകം ചട്ടങ്ങൾ നടപ്പുവരുത്തി. അനാവശ്യവും ജനോപദ്രവകരവുമായ അനേകം തീരുവകളെ നിറുത്താൽചെയ്തു. വലിയ ഉദ്യോഗങ്ങൾക്കു ശമ്പളവും അധികാരവും കൂടുതൽചെയ്തു അവയെ യോഗ്യന്മാരായ ആളുകൾക്കു സ്പൃഹണീയങ്ങൾ ആക്കിത്തീൎത്തു. കിംബഹുനാ മഹാരാജാവുതന്റെ ബുദ്ധിയുടേയും രാജ്യഭരണതന്ത്രത്തിന്റെയും പാടവത്താൽ രാജ്യത്തിന്റെ ഏതുഭാഗത്തും ഏതുസമയത്തും ഏതുകാലത്തും ആൎക്കും നിൎഭയമായി ഇഷ്ടാനുസാരം, വണ്ടിമുതലായ വാഹനങ്ങളിൽ കയറി സഞ്ചരിക്കാൻപാടില്ലാത്ത സ്ഥലങ്ങളും വിദ്യാഭ്യാസഹീനരായ കുഞ്ഞുങ്ങളും, പരിശ്രമശീലന്മാരല്ലാത്ത പ്രജകളും മതിയായ യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥന്മാരും കൈക്കൂലി മുതലായ അഴിമതികളും പണത്തിനുണ്ടായിരുന്ന ദൌൎല്ലഭ്യവും തീരെ ഇല്ലാതെ ആക്കിത്തീൎത്തു.

അവിടുന്നു സംഗീതം, ശാസ്ത്രം മുതലായ വിഷയങ്ങളിൽ നല്ലപരിചയം ഉള്ള ആളായിരുന്നതിനാൽ ആ വിഷയങ്ങളിൽ അസമൎത്ഥന്മാരായ അനേകം ആളുകൾ ഒരംരാജധാനിയിൽവന്നു പാൎത്തുതുടങ്ങി. മുൻപ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥാനപ്പേരുകൂടാതെ "കൌൺസെല്ലർ ആഫ് ദി എംപ്രസ്സ് ആഫ് ഇൻഡ്യാ" എന്നും "മെംബർ ആഫ് ദി ആർ

ഡർ ആഫ് ദി ഇൻഡ്യൻ എംപയർ'' എന്നും ഉള്ള സ്ഥാനപ്പേരുകളും ലഭിച്ചു.

ഏവം വിധങ്ങളായ പരിഷ്കാരങ്ങളാൽ രാജ്യത്തിനു മാഡൽസ്റ്റേറ്ററു എന്ന നാമധേയം സിദ്ധിച്ചു.

ഈവിധം ഇരുപതുവൎഷകാലം രാജ്യഭാരം ചെയ്തശേഷം ൧൦൫൫-ാമാണ്ടു ഇടവമാസം ൧൮-ാംനു- രാത്രി മഹാരാജാവു ചരമഗതിയെപ്രാപിച്ചു.

## പതിനഞ്ചാം അദ്ധ്യായം.

### ൧൦൫൫-മുതൽ ൧൦൬൦-വരെ.

### രാമവൎമ്മവിശാഖംതിരുനാൾ.

നാടുനീങ്ങിയ മഹാരാജാവിൻെറ അടുത്ത സഹോദരനായ രവിവൎമ്മ മഹാരാജാവു മനശ്ചാഞ്ചല്യംനിമിത്തം രാജ്യഭാരം വഹിക്കുന്നതിനു അസമൎത്ഥനായി ഭവിക്കയാൽ ബ്രിട്ടീഷ ഗവൎമ്മേൻറുകാരുടെ സമ്മതപ്രകാരം അവിടത്തെ കനിഷ്ഠസഹോദരനായ രാമവൎമ്മ മഹാരാജാവു ൧൦൫൫-ാമാണ്ടു മിഥുനമാസം ൩-നു- രാജ്യഭാരം ആരംഭിച്ചു.

മഹാരാജാവിനു ബാല്യംമുതൽ ശരീരത്തിനു നല്ലസുഖമില്ലാതിരുന്നതിനാൽ അവിടത്തെ വിദ്യാഭ്യാസത്തിനു കുറെ വിഘ്നംഭവിച്ചിരുന്നു എങ്കിലും ആ വിഷയത്തിൽ അവിടത്തേക്കുണ്ടായിരുന്ന ജാഗ്രതനിമിത്തം തൻെറ പൂൎവികന്മാരെപ്പോലെസാമാന്യംഎല്ലാഭാഷകളെയും ന്യൂനതകൂടാതെ അഭ്യസിച്ചു. ഠരം തിരുമനസ്സുകൊണ്ടു ഇംഗ്ലീഷ ഭാഷാ പ്രത്യേകം താല്പൎയ്യമായി മാധവരായരോടു അടുക്കൽ പഠിച്ചിരുന്നു. മഹാരാജാവിൻെറ ഇംഗ്ലീഷഭാഷാ പരിജ്ഞാനം സകലരാലും പ്രശംസിക്കപ്പെട്ടിരുന്നു.

ഫസ്റ്റ് പ്രിൻസ് (ഒന്നാംമുറരാജാവു) ആയിട്ടു ൧൦൩൯-മാണ്ടിൽ വടക്കെകൊട്ടാരത്തിൽ എഴുന്നെള്ളിഎങ്കിലും അവിടുന്നുതന്നെ ഇളയരാജാവിൻെറ സ്ഥാനവും വഹിച്ചിരുന്നു.

ഈ രാജകുടുംബത്തിലുള്ള രാജാക്കന്മാരിൽ വെച്ചു ആദ്യമായി മദ്രാസിൽ എഴുന്നെള്ളിയതു ഇവിടുന്ന ആയിരുന്നു. അവസാനം ൧൮൭൪-ാമാണ്ടിൽ അവിടത്തെ യൂനിവർസിറ്റിയിൽനിന്നും എഫ. എം. യു. എന്ന സ്ഥാനം ലഭിച്ചു.

ഈ മഹാരാജാവു സഞ്ചാരപ്രിയനും പരിശ്രമശീലനുമായിരുന്നു എന്നുള്ളതു അവിടത്തെ നടപടികളാലും അവിടുന്നു ചെയ്തിട്ടുള്ള പല പ്രസംഗങ്ങളാലും സ്പഷ്ടമാകുന്നു. അവയിൽ ഒന്നായ "നമ്മുടെ പരിശ്രമസ്ഥിതി" എന്ന പുസ്തകത്തിൽ അവിടുന്നു തിരുവിതാംകൂറിലെ മിക്കഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും യുവരാജാവായിരുന്നപ്പോൾ, നീലഗിരി, ധിയവൊ, മദ്രാസ് മുതലായ സ്ഥലങ്ങളിൽവച്ചു നടന്നിട്ടുള്ള കാഴ്ചകൾക്ക അവിടത്തെ സ്വന്തതൃപ്തിയിൽ നിന്നും മഹാരം ഭാഗ്ര സാധനങ്ങൾ അയക്കയും അവയെക്കുറിച്ചു സന്തോഷിച്ചു അവിടങ്ങളിൽനിന്നും സമ്മാനങ്ങൾ കിട്ടുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു.

അവിടുന്നു മൂപ്പേൽക്കുന്നതിനു മുമ്പിൽ പൂർവം പറഞ്ഞിട്ടുള്ളതുകൂടാതെ രണ്ടുപ്രാവശ്യം മദ്രാസിലും ബംഗളൂരിലുംമറ്റും എഴുന്നെള്ളീട്ടുണ്ടു.

ഈവിധം അന്യരാജ്യസഞ്ചാരത്താലും സ്വപരിശ്രമത്താലും വിദ്വാന്മാരുമായുള്ള സംസർഗ്ഗത്താലും നല്ലരാജ്യഭരണതന്ത്രജ്ഞനും ആയി തീർന്നിരുന്നു.

തിരുമനസ്സിലെ സൂക്ഷ്മബുദ്ധിയും, സത്യസന്ധതയും, പരിഷ്കാരപ്രേമവും, സ്ഥൈര്യവും, ധൈര്യവും, ശ്ലാഘനീയങ്ങളാകുന്നു.

അവിടുന്നു രാജ്യഭാരം ആരംഭിച്ചസമയം ഒരു രാജ്യം പരിഷ്കാരത്തിന്റെ പൂർണ്ണമായ യൌവനാവസ്ഥയെ പ്രാപിച്ചിരിക്കയാൽ മഹാരാജാവിനു ഇച്ഛാനുഗുണങ്ങളായ ഭേദഗതികളും ഏർപ്പാടുകളും ചെയ്യുന്നതിനു അത്ര പ്രയാസമായിരുന്നില്ല.

൧൦൭൭-ാമാണ്ടിന്റെ ആരംഭത്തിൽ ദിവാൻ നാണുപി

ള്ള കല്പനപ്രകാരം വേല രാജികൊടുക്കയാൽ അവിടത്തെ അത്യന്താപിത്രവും, അതിനിപുണന്മാരും മദ്രാസ് ഗവൎമ്മെണ്ടിൽ രജിസ്ത്രാർജനറലും ആയിരുന്ന റാണോബിൾ വി-രാമയ്യങ്കാരെ വരുത്തി കന്നിമാസത്തിൽ ആ വേലയിൽ നിയമിച്ചു.

അടുത്ത തുലാമാസത്തിൽ തിരുമനസ്സിലെ ക്ഷണനപ്രകാരം മദ്രാസിലെ ഗവൎണ്ണരായ ഡ്യൂക്ക് ആഫ് ബക്കിംഗ്ഹാം ആൻഡ് ചാന്‌ഡാസ് എന്ന പ്രഭു വടക്കൻവഴിയായി തിരുവനന്തപുരത്തുവന്നു രണ്ടുമൂന്നുദിവസം താമസിച്ചു. ആ വരവു സംബന്ധിച്ചു കൂടിക്കാഴ്ചയും ദീപോത്സവവും മററും ഉണ്ടായിരുന്നു. ഇവിടത്തെ നടപടികളെയും മഹാരാജാവിന്റെ വിശേഷമായ ഉപചാരങ്ങളെയുംകൊണ്ടു വളരെ സന്തുഷ്ടനായി തിരിച്ചുപോയി.

അനന്തരം മഹാരാജാവിന്റെ ആഗ്രഹം അനുസരിച്ചു ദിവാൻ ഓരോരോ ഏൎപ്പാടുകൾ ചെയ്തുതുടങ്ങി.

ആയിടക്ക വൎക്കലയിൽ രണ്ടാമത്തെ തുരപ്പും വേല തീരുകയാൽ അതിനെ നടപ്പുവരുത്തി. അതു ജനങ്ങളുടെ ഗതാഗതത്തിനു വളരെ അനുകൂലമായും കച്ചവടത്തിന്റെ വൎദ്ധനക്കു ഒരു മുഖ്യകാരണമായും ഭവിച്ചു.

തിരുവിതാംകൂർ, കൊച്ചി, ഈ രണ്ടു സംസ്ഥാനങ്ങളിലെയും ദിവാൻജിമാർതമ്മിൽ ൧൮൭൦-ാംവൎഷം അക്ടോബർ മാസം കൊല്ലത്തുവെച്ചു ചെയ്ത ഉടമ്പടിപ്രകാരം ഈ രണ്ടു രാജ്യങ്ങളിലെയും അതൃത്തി തൎക്കങ്ങളെ ക്രമപ്രകാരം കേട്ടു തീൎച്ചചെയ്യുന്നതിനു ഗവൎമ്മെണ്ടിൽനിന്നും മദ്ധ്യസ്ഥനായി നിയമിക്കപ്പെട്ട മിസ്റ്റർഹാനിങ്ങ്ടൻ പ്രഥമതഃ ഇരിഞ്ഞാലക്കോടു ദേവസ്വംവക അവകാശത്തെപ്പററി വിചാരണചെയ്തു ൧൮൭൧-ാംവൎഷം മാൎച്ചുമാസം ൧൫-ാം തിരുവിതാംകൂറിലേക്കു അനുകൂലമായി വിധിച്ചു. തന്മദ്ധ്യേ ബ്രിട്ടീഷ് വകയായ മധുര തിരുനൽവേലി ഈ ജില്ലകളുടെയും തിരുവിതാംകൂറിന്റെയും അതൃത്തികൾ വ്യവസ്ഥചെയ്യപ്പെ

ട്ടുകൂടാതെ, മുത്തുകുഴിവയൽ, ആഴ്‌വാകുറിച്ചിയിൽ ചില ഭാഗങ്ങൾ, അതിരുമല ഇവയെപ്പററി ഉണ്ടായിരുന്ന തക്കങ്ങളും ഇവിടത്തെക്കു ഗുണമായി തീൎച്ചപ്പെട്ടു.

൧൮൮൧-ാംവൎഷം ഏപ്രിൽമാസം മിസ്റ്റർ ഹാനിങ്ങ്ടൻ റസിഡന്റായി നിയമിക്കപ്പെട്ടു.

ഏകദേശം ൬൪ ആണ്ടിന്റെ അവസാനത്തിൽ വിദ്ദ്വഷികളിൽ ശിരോരത്നമായ ആററങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെക്കു "ഇംപീരിയൽ ആൎഡർ ആഫ് ദി ക്രൗൺ ആഫ് ഇൻഡ്യാ" എന്ന സ്ഥാനപ്പേരു ലബ്ധമായി.

ഇവകൂടാതെ ആയാണ്ടിൽ ബ്രിട്ടീഷ്‌രീതി അനുസരിച്ചു ജനസംഖ്യകണക്കു എടുക്കയും അവിടത്തെ പോസ്റ്റൽ റൂൾസ് അനുസരിച്ചു അഞ്ചൽ ഡിപ്പാൎട്ടുമെന്റിനെ പരിഷ്കരിക്കയും വെള്ളാലപ്രമാണങ്ങൾക്കു കണ്ടുപിഴ നിറുത്തൽ ചെയ്കയുംചെയ്തു.

൧൦൬൭-ാമാണ്ടിന്റെ ആരംഭത്തിൽ സദർകോട്ടിലെ ഒന്നാംജഡ്ജിയായിരുന്ന ചെല്ലപ്പാപിള്ള കല്പനപ്രകാരംജീവനം രാജികൊടുക്കയാൽ പകരം മദ്രാസ് ഹൈക്കോട്ടിൽ വക്കീലായിരുന്ന രാമചന്ദ്രയ്യനെവരുത്തി ആ വേലയിൽ നിയമിക്കയും മുൻസീപ്പന്മാരുടെയും ജഡ്ജിമാരുടെയും ശമ്പളങ്ങളേയും അധികാരങ്ങളേയും കൂടുതൽ ചെയ്കയും സംസ്ഥാനത്തിലെ പ്രധാനപ്പെട്ടകോടതിക്കു ഹൈക്കോടു എന്നു പേരും അതിലെ ജഡ്ജിമാൎക്കു നാമധേയത്തെ ഭേദപ്പെടുത്തി ഒന്നാംജഡ്ജിക്കു ചീഫ്‌ജസ്റ്റീസ്‌എന്നും മററുജഡ്ജിമാൎക്കു പ്യൂണി ജഡ്ജിമാർ എന്നും പേരുകൾ കൊടുക്കയും ഹൈക്കോട്ടിലെ ജഡ്ജിമാരെ കൂടുതൽചെയ്കയും ജില്ലാജഡ്ജിമാരെ കുറവു ചെയ്കയും രാജകീയഅപ്പീൽ ഏൎപ്പെടുത്തുകയുംചെയ്തു.

അനന്തരം മകരമാസത്തിൽ മുറജപം കഴിഞ്ഞുടനെ ഷ്ഠ, മഹാരാജാവു ദിവാൻമുതലായ ചില ഉദ്യോഗസ്ഥന്മാർ സഹിതം ഗംഗാസ്നാനത്തെ ഉദ്ദേശിച്ചും വൈസറായി അവൎകളെ കാണണമെന്നുകരുതിയും കാശി, കൽക്കട്ടാ, മുതലാ

യ സ്ഥലങ്ങളിൽ എഴുന്നെള്ളി. ൟ യാത്രയിൽ മഹാരാജാവു ഗയാശ്രാദ്ധവും കഴിച്ചു മീനമാസാരംഭത്തിൽ സ്വരാജധാനിയിൽ തിരിച്ചെഴുന്നെള്ളി.

അതിൽപിന്നെ ഇടവമാസത്തിൽ ഇരിഞ്ഞാലക്കോട്ട ദേവസ്വത്തിലെക്കു തച്ചുടയകൈമൾ അവരോധംകഴിച്ചയക്കപ്പെട്ടു.

ആയിടക്കു മദ്രാസ് ഗവൎണ്ണരായ മിസ്റ്റർ ഗ്രാന്റഡഫ് തിരുവനന്തപുരത്തുവരുന്നതായി എഴുതിവരികയാൽ ആയാളെ മതിയാകുംവണ്ണം ഉപചരിക്കുന്നതിനുവേണ്ട യത്നങ്ങൾചെയ്തുവരുന്നമധ്യെ ൧൦൫൭-ാമാണ്ടു ചിങ്ങമാസത്തിൽ മഹാരാജാവിന്റെ ജ്യേഷ്ഠസഹോദരനായ ഉത്രംതിരുനാൾമഹാരാജാവു നാടുനീങ്ങുകയും അടുത്ത നാലാംദിവസം മുൻനിശ്ചയിച്ചപ്രകാരം ആപ്രഭു വരികയും ചെയ്കയാൽ ആയാളെ യഥായോഗ്യം സൽക്കരിക്കുന്നതിനും കൂടിക്കാഴ്ചമുതലായവനടത്തുന്നതിനും സംഗതിവന്നില്ല. എങ്കിലും ആപ്രഭു ഒന്നൊ രണ്ടൊ ദിവസം ഇവിടെ താമസിക്കയും മഹാരാജാവിനെകണ്ടു ഏകാന്തത്തിൽ ദുഃഖം ചോദിക്കയും ചെയ്തശേഷം മദ്രാസിലേക്കു തിരിച്ചുപോയി.

അനന്തരം മകരമാസത്തിൽ ചതയംതിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു കഴിഞ്ഞശേഷം മഹാരാജാവു, കഴിഞ്ഞാണ്ടു ഇടവമാസത്തിൽ മഹാരാജ്ഞിഅവർകളാൽ അവിടത്തെക്കുനൽകപ്പെട്ടിരുന്ന ജി. സി. എസ്. ഐ. എന്ന സ്ഥാനപ്പേരും അതിലേക്കുള്ള മുദ്രയും, യഥാക്രമം സ്വീകരിക്കുന്നതിനായി ആററങ്ങൽ മൂത്തതമ്പുരാൻ, ഇളയതമ്പുരാൻ, വലിയകോയിത്തമ്പുരാൻ, മുതലായ ബന്ധുജനങ്ങൾ സഹിതം മദ്രാസിൽ എഴുന്നെള്ളി.

ഫെബ്രുവരിമാസം ൧-ാനു- അവിടത്തെ ഗവൎണ്ണരാൽ മുൻപറഞ്ഞ സ്ഥാനപ്പേരും മുദ്രയും മഹാരാജാവിനു കൊടുക്കപ്പെട്ടു. ആ സന്ദൎഭത്തിലാകുന്നു കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു, മദ്രാസ് യൂനിവൎസി

Asan Asan



റദിൽനിന്നും എച്ച്. എം. യു. എന്ന സ്ഥാനപ്പേർലബ്ധ്യ
മായത്തു. വരുന്നവഴി മഹാരാജാവു, ചിദംബരം, മധുര മു
തലായക്ഷേത്രങ്ങളേയും ദർശനംചെയ്തു കുംഭമാസം ൯-ാം--
രാജധാനിയിൽ തിരിച്ചെഴുന്നെള്ളി. ഇതിനുമുമ്പിൽ ഈ
രാജ്യത്തിലെ റാണിമഹാരാജാക്കന്മാർ ഇതരരാജ്യങ്ങളി
ൽ എഴുന്നെള്ളിട്ടില്ലാ. അഭൂതപൂർവ്വമായ ഈസംഭവം രാജ്ഞി
കളുടെ വിദ്യാഭ്യാസത്തേയും പരിഷ്കാരാഭിവൃദ്ധിയേയും പൂ
ർണ്ണമായി സാക്ഷീകരിക്കുന്നു.

ഇടവമാസത്തിൽ രാജപുത്രികളുടെകല്യാണംനടത്തപ്പെട്ടു.
ആ സന്ദർഭത്തിൽ അതൃത്തിതർക്കത്തിൽ ഉൾപ്പെട്ടവയാ
യ ശേഷം നാലുകേസുകളും മദ്ധ്യസ്ഥനാൽ ഇവിടത്തെക്കു
ദോഷമായിവിധിക്കപ്പെട്ടു എന്നാൽവരികിലും ഉടമ്പടിപ്രകാ
രംചെയ്തു ഗവർമ്മെൻറു അപ്പീൽ ഇടിയറമേട്ട, തിരുവി
താംകൂറിലേക്കു സിദ്ധിച്ചതുകൂടാതെ, ഇളംകുന്നപ്പുഴ, അന്നമ
നട, പെരുമനം, ഈ മൂന്നുക്ഷേത്രങ്ങളുടെയും, മേൽവിചാ
രവും അനുഭവവും ഇവിടത്തേക്കു ലഭിച്ചു.

കൊച്ചിയുമായുള്ള അതൃത്തിതർക്കംഈവിധംഗുണകരമാ
യി അവസാനിച്ചതിൽ ജനങ്ങൾക്കു വളരെ സന്തോഷമുണ്ടാ
യി, അവർ അതിലേക്കു കാരണഭൂതന്മാരായ മഹാരാജാവി
ൻെറയും ദിവാൻ രാമയ്യങ്കാരുടെയും പടംഎഴുതിച്ചു പുത്ത
ൻകച്ചേരി കൂടിക്കാഴ്ചമുറിയിൽ വയ്ക്കയും അന്നെദിവസം
അതുസംബന്ധമായി വളരെ ധർമ്മങ്ങളും വിനോദങ്ങളും
നടത്തിക്കയുംചെയ്തു.

കരപ്പിരിവിൻെറ ലാഘവത്തിനും മുതലെടുപ്പിൻെറ
വർദ്ധനക്കും വസ്തുസംബന്ധിച്ചുള്ള അനാവശ്യവ്യവഹാരങ്ങ
ളുടെ ഒതുക്കത്തിനുംവേണ്ടി ഈ രാജ്യത്തിലുള്ള നിലം പു
രയിടം മുതലായവയെ പൂർവ്വകാലങ്ങളിലെന്നപോലെ ക
ണ്ടും കേട്ടും എഴുതാതെ ക്രമപ്രകാരം അളന്നു തിട്ടപ്പെടുത്തി
കരംനിശ്ചയിച്ചു പട്ടാംകൊടുക്കുന്നതിനായിട്ടു ഏകദേശം

ത്താണ്ടവസാനത്തിൽ സർവ്വേ സെററിൽമെൻറും ആരംഭിച്ചു. അതിലേക്കായി ബ്രിട്ടീഷിൽനിന്നും അതിൽപരിചയമുള്ള ചില ഉദ്യോഗസ്ഥന്മാരെ വരുത്തി നിയമിക്കയും ഏററവും മുഖ്യമായ സെററിൽമെൻറുവേലയെ ശരിയായി നടത്തുന്നതിന്ന സ്വദേശിയും വിശ്വാസിയും ബാല്യമാരഭ്യപലജീവനങ്ങളിലിരുന്ന ഒരംരാജ്യത്തിലെ നടപടികളിൽ നല്ലപരിചയവുമുള്ള ശങ്കരസുബ്ബയ്യനെ ചുമതലപ്പെടുത്തുകയുംചെയ്തു.

ആയിടക്ക മഹാരാജാവു പതുവൽ അന്യംനിൽപ്പു നിരത്താൽ മുതലായ റവന്യൂ വിഷയങ്ങളിൽ ഗുണകരങ്ങളായ പല നിബന്ധനകൾ നടപ്പുവരുത്തി.

അനന്തരം ൧൦൫൯-ാമാണ്ടു മകരമാസത്തിൽ മഹാരാജാവു സേതുസ്നാനാർത്ഥം രാമേശ്വരത്തെഴുന്നെള്ളി. സ്നാനാദികൾ കഴിഞ്ഞു മീനമാസത്തിൽ തിരിച്ചെഴുന്നെള്ളി.

൧൦൬൧-ാമാണ്ടിൽ പുകയിലയുടെ തീരുവയും ൧൦൬൨-ാമാണ്ടിൽ ഉപ്പിന്റെ വിലയും കുറവുചെയ്യപ്പെടുകയാലും കണ്ടെഴുത്തു സംബന്ധമായി തൽക്കാലം ചിലവു അധികപ്പെടുകയാലും ബ്രിട്ടീഷ് രീതി അനുസരിച്ചു ആയാണ്ടു ഇടവമാസത്തിൽ സ്റ്റാമ്പു റിഗുലേഷൻനടപ്പുവരുത്തി. അതു മുതലെട്ടപ്പിന ഒരു മുഖ്യ ഇനമായി ഭവിച്ചു.

ആമാസത്തിൽ ചീഫ് ജസ്റ്റീസ് രാമചന്ദ്രയ്യൻ ജീവനാം രാജികൊടുക്കയാൽ പകരം ബ്രിട്ടീഷിൽ സബ് ജഡ്ജിയായിരുന്നകൃഷ്ണസ്വാമിരാവിനെവരുത്തി ആ ഉദ്യോഗത്തിൽനിയമിച്ചു

൧൦൬൩-ാംവർഷം മേടമാസം മിസ്റ്റർഹാനിങ്ങ്ടൻ അവധിക്കുപോകയാൽ ൧൦൬൪-ാംവർഷം ഫെബ്രുവരിമാസം വരെ മിസ്റ്റർ ലോഗനും അനന്തരം ആഗസ്റ്റ് മാസത്തിൽ മിസ്റ്റർഹാനിങ്ങ്ടൻ അവധികഴിഞ്ഞു ഹാജരാകുന്നതുവരെ മിസ്റ്റർ ബാർല്ലോവും ആക്ടിങ്ങ റസിഡൻറായി കാര്യം വിചാരിച്ചിരുന്നു.

ആസമയം പ്രാഥമിക വിദ്യാഭ്യാസത്തിൻെറ വർദ്ധന

വൃ

ക്കായി ഗുണകരങ്ങളായ അനേകം നവീന ഏർപ്പാടുകൾ ചെയ്തു. വീണ്ടും ബുക്കുകമ്മററി ഏർപ്പെടുത്തി. തിരുവനന്തപുരത്തും കോട്ടാറവും രണ്ടുനാർമൽപള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ഏവംവിധങ്ങളായ ഏർപ്പാടുകളാൽ പ്രാഥമിക വിദ്യാഭ്യാസം വളരെ ഉൽകൃഷ്ടത്തെ പ്രാപിച്ചുവരുന്നു. ആസന്ദത്തിലാകുന്ന കാളേജിൽ പ്രകൃതിശാസ്ത്രം, രസവാദശാസ്ത്രം, മുതലായ വിഷയങ്ങൾകൂടി പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യപ്പെട്ടു.

ഏകദേശം ഈ ആണ്ടിന്റെ അവസാനത്തിൽ രാജധാനിയായ തിരുവനന്തപുരത്തിൽവച്ചു സകല സാധനങ്ങളുടെയും കാഴ്ച നടത്തപ്പെട്ടു. അത്ര വിശേഷമായ ഒരു കാഴ്ച അതിനുമുമ്പിൽ ഈ രാജ്യത്തിൽ ഉണ്ടായിട്ടില്ലെന്നുതന്നെപറയാം. ഈ രാജ്യത്തിലെ സകല ഉല്പന്നങ്ങളും വിശേഷമായ കരകൌശലവേലകളും പ്രദർശിപ്പിക്കപ്പെട്ടതുകൂടാതെ ഇതരദേശങ്ങളിൽനിന്നും പലമാതിരി മനോഹരമായ സാധനങ്ങളും മററും ആസമയം ഹാജരാക്കപ്പെട്ടിരുന്നു. അതു ഏതദ്ദേശവാസികളായ ജനങ്ങളുടെ പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഒരു മുഖ്യകാരണമായിത്തീർന്നു.

൧൦൬൦-ാമാണ്ടു മേടമാസത്തിൽ മഹാരാജാവു തുലാപുരുഷദാനം നടത്തി.

സ്വല്പമായ ഈ അഞ്ചുവർഷത്തിനിടയിൽ, മഹാരാജാവു മുൻവിവരിക്കപ്പെട്ടവ കൂടാതെ നൂതനമായി അനേകം ചട്ടങ്ങൾ നടപ്പുവരുത്തുകയും പലവസ്തുക്കളുടെ ധേററുമതി തീരുവ നിറുത്തൽചെയ്കയും റവന്യൂസംബന്ധമായി മററനേകം ഏർപ്പാടുകൾ ചെയ്കയും മദ്രാസിൽനിന്നും മിസ്റ്റർ മീഡ്, എന്നൊരു ഇഞ്ചിനീയരെ വരുത്തി ആലോചിച്ചു അയാളുടെഅഭിപ്രായപ്രകാരം നാഞ്ചിനാട്ടിൽ കൃഷിക്കു ഉപയുക്തങ്ങളായ അനേകം വേലകൾ നടത്തിക്കയും പട്ടാളം, തുറഷ്ഷു,ഇവയെ പരിഷ്കരിക്കയും പുറമെയുള്ള വേലകൾക്കു അ

ശക്തന്മാരായ ജയിൽ പുള്ളികളെക്കൊണ്ടു ഓരോവിധം കര കൌശല വേലകൾ ചെയ്യിക്കുന്നതിനു ഏൎപ്പാടുചെയ്കയും അനന്തവിലാസം മുതലായി അനേകം വിശേഷ കെട്ടിടങ്ങൾ കെട്ടിക്കയും പല ക്ഷേത്രങ്ങൾ ജീൎണ്ണോദ്ധാരണം ചെയ്കയുംചെയ്തു.

ഈവിധം എത്രയുംശ്ലാഘനീയമായ രാജ്യഭാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രതിഫലമായി പൂൎവം പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥാനപ്പേരുകൾ കൂടാതെ അവിടുന്നു

i ഫെല്ലൊ, ആഫ്, ദി, റായൽ, ഏഷ്യാററിക്ക്, സൊസൈററി ലണ്ടൻ.

ii ഫെല്ലൊ, ആഫ്, ദി, റായൽ, ജിയോഗ്രാഫിക്കൽ സൊസൈററി ലണ്ടൻ.

iii ഫെല്ലൊ,ആഫ്,ദി,ലീനിയൻസൊസൈററിലണ്ടൻ

iv ഫെല്ലൊ, ആഫ്, ദി, സ്ററാററിസ്റ്റിക്കൽസൊസൈററിലണ്ടൻ.

v ആഫീസർ ഡിലാഇൻസ്ട്രക്ഷൻപബ്ലിക്ക മെമ്പർ ഡീലാസൊസൈററി ഡസ് എട്യൂഡസ് കോളോണിയൽഎററ്മാരിട്ടയിംപാരിസ് എന്ന സ്ഥാനപ്പേരുകളേയുംലഭിച്ചു.

തിരുമനസ്സുകൊണ്ടു മററും ക്ഷേമങ്ങളായ അനേക നവീനഏൎപ്പാടുകൾ നടപ്പാക്കണമെന്നു ആലോചിച്ചിരിക്കുന്നമദ്ധ്യെ കാലസാമാന്യത്താൽ ൧൦൬൧,൦-ാമാണ്ടു കൎക്കടകമാസം ൨൦-നു- സന്ധ്യക്കു അപ്രാപ്യകാലമായ മരണത്തെ പ്രാപിച്ചു.

ഈ തിരുമനസ്സുകൊണ്ടു വിദ്യാഭ്യാസ പ്രചാരത്തിൽ താല്പൎയ്യമുള്ളവരായ പല വിദ്വാന്മാരെയും അവരവരുടെയോഗ്യതാനുസാരേണ ബഹുമാനിക്കയും അവൎക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുവരികയും ചെയ്തു.

## പതിനാറാം അദ്ധ്യായം.

### രാമവൎമ്മ മൂലംതിരുനാൾ മഹാരാജാവു.

അനന്തരം നാടുനീങ്ങിയ മഹാരാജാവിന്റെ ഭാഗിനേയനായ ൨൭-തിരുവയസ്സു പ്രായമുള്ള രാമവൎമ്മ മൂലംതിരുനാൾ മഹാരാജാവു ൧൦൬൧-മാണ്ടു ചിങ്ങമാസം ൪-ാംനു- സിംഹാസനാരോഹണംചെയ്തു ഇപ്പോൾ രാജ്യഭാരംചെയ്തുവരുന്നു.

തിരുമനസ്സുകൊണ്ടു ൧൦൩൩-മാണ്ടു മിഥുനമാസത്തിൽ പടിയേററംകഴിഞ്ഞു ഇളയരാജാവായി വടക്കെകൊട്ടാരത്തിൽ എഴുന്നെള്ളി. പ്രാഥമികവിദ്യാഭ്യാസാനന്തരം മഹാരാജാവു ഇപ്പഴത്തെ തിരുവനന്തപുരം ഡിവിഷൻ ദിവാൻപേഷ്കാരായ രഘുനാഥരായരുടെപക്കൽ ഇംഗ്ലീഷ് ഭാഷാ അഭ്യസിച്ചതുകൂടാതെ സംസ്കൃതം മുതലായ ഇതരഭാഷകളെയുംക്രമേണ അഭ്യസിച്ചിരുന്നു. വിദ്യാഭ്യാസത്തിലും രാജ്യഭരണതന്ത്രത്തിലും തിരുമനസ്സുകൊണ്ടു പ്രസിദ്ധന്മാരായ പൂൎവികന്മാരിൽ ഒട്ടും കുറഞ്ഞതല്ലല്ലൊ. വിശിഷ്യ മഹാരാജാവിന്റെ പ്രജാവാത്സല്യവും, ദയയും സത്യസന്ധതയും ക്ഷമയും ധൎമ്മതല്പരതയും ഇതരസാധാരണങ്ങളാകുന്നു. ഈ തിരുമനസ്സുകൊണ്ടു രാജ്യാധിപത്യം സ്വീകരിച്ചിട്ടു ഇപ്പോൾ സ്വല്പകാലമെ ആയിട്ടുള്ളു എന്നാകിലും അതിനകം രാജ്യത്തിനും പ്രജകൾക്കും സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ ആബാലവൃദ്ധം അനുഭവസിദ്ധങ്ങളാകയാൽ അവയെ അപരിച്ഛേദ്യങ്ങൾ എന്നപറയുന്നതു ശരിയല്ലെങ്കിലും അതിസ്തുതിയായി ഭവിക്കുന്നതല്ലൊ.

൧൦൬൧-മാണ്ടിൽ മാതുലനായ മഹാരാജാവിന്റെ മരണംസംബന്ധിച്ചിട്ടുള്ള അടിയന്തരാദികൾ എത്രയുംശ്ലാഘനീയമായവിധത്തിൽ നടത്തപ്പെട്ടതുകൂടാതെ ജനങ്ങളുടെ സൌകൎയ്യത്തിനായിട്ടു ഇവിടത്തെ കോട്ടുകളിൽനിന്നും ഉണ്ടാകുന്നവിധികളെ, കൊച്ചിയിലും ബ്രിട്ടീഷുഇന്ത്യയിലും അവിടങ്ങളിലെ കോടതികളുടെ വിധികളെ ഈ രാജ്യത്തും അതാതു രാജ്യങ്ങളിലുള്ള കോട്ടുകളുടെ വിധികൾപോലെ

ഉടനുടൻ നടത്തികൊടുക്കുന്നതിന്ന വേണ്ടുന്നഏൎപ്പാടുകൾചെയ്തു.

അനന്തരം നാടുനീങ്ങിയ മഹാരാജാവിനാൽ ചെയ്യപ്പെട്ടിട്ടുള്ള പരിഷ്കാരങ്ങൾക്കെല്ലാം മുഖ്യകാരണഭൂതനായിരുന്ന ദിവാൻ രാമയ്യങ്കാർ ൧൦൬൨-ാമാണ്ടു മകരമാസം ൧-ാംനു-ഉദ്യോഗം രാജികൊടുക്കയാൽ, പകരം കോട്ടയംഡിവിഷൻ ഹെഡ് ദിവാൻപേഷ്കാരായിരുന്ന രാമാരായരെ കല്പിച്ചു ആ ഉദ്യോഗത്തിലേക്കു നിയമിച്ചു. ഇദ്ദേഹം ഒരു രാജ്യത്തിൽ ൩൫-സംവത്സരംവരെ പലജീവനങ്ങളിലുംഇരുന്ന നല്ല കാൎയ്യപ്രാപ്തിയും ഒരു ഉദ്യോഗത്തിന്നു പൂൎണ്ണമായ അവകാശവും ഉള്ള ആളായിരുന്നു. ചിരകാംക്ഷിതമായ ഒരുഉദ്യോഗം വഹിച്ചനാൾമുതൽ ദിവാൻ കല്പനപ്രകാരം രാജ്യത്തിന്നുംപ്രജകൾക്കും ക്ഷേമകരങ്ങളായ അനേകം നവീന ഏൎപ്പാടുകൾ ചെയ്തുവരുന്നുണ്ടു അവ സംക്ഷിപ്തമായി താഴെ പ്രസ്താവിക്കപ്പെടുന്നതാണു.

ഈ സന്ദൎഭത്തിൽ ആണ്ടു കുംഭമാസം ൭-ാംനു-ക്കു ശരിയായ ൧൮൮൭-ാം വൎഷം ഫെബ്രുവരിമാസം ൧൯-ാംനു- മഹാരാജ്ഞിഅവൎകളുടെ ഭാസുരമായും പ്രശാന്തമായുംഇരിക്കുന്ന രാജ്യഭരണത്തിൽ ൫൦-വൎഷം പൂൎത്തിയായിവന്ന ജൂബിലി മഹോത്സവം ആഘോഷിക്കേണ്ടതാണെന്നു ഇൻഡ്യാഗവൎമ്മേൻറിൽനിന്നും വ്യവസ്ഥചെയ്തുഎഴുതിവരികയാൽ, അതു പൂൎവം ബംബയിലേക്കു നിശ്ചയിച്ചിരുന്ന എഴുന്നള്ളത്തിനെ തൽക്കാലം കല്പിച്ചുനിൎത്തിവെച്ചുംജൂബിലിയെ തക്കയോഗ്യമായ മാതിരിയിൽ ആഘോഷിക്കേണ്ടതിന്ന വേണ്ടുന്നതുങ്ങൾചെയ്വാൻ പുത്തൻദിവാനോടു ആജ്ഞാപിക്കയുംചെയ്തു.

അദ്ദേഹം തദനുസരണമായി ഇന്ന ഇന്ന വിധം ആഘോഷങ്ങൾ നടക്കേണ്ടതാണെന്ന ഒരു പ്രക്രമപത്രിക പ്രസിദ്ധപ്പെടുത്തി. അതനുസരിച്ചു അന്നും അടുത്ത ദിവസവും സംസ്ഥാനം ഒട്ടുക്കുള്ള സകലകച്ചേരികൾക്കും പള്ളിക്കൂടങ്ങൾക്കും ഒഴിവുണ്ടായിരുന്നു. അന്നേദിവസം കാലത്തു

പട്ടാളംകവാത്തും അനന്തരം ഹിന്തുക്കളായ ഉദ്യോഗസ്ഥന്മാൎക്കും മററുസ്വദേശികൾക്കും ഒരു പബ്ലിക്ക്ഡിന്നരും ബങ്കിട്ട ൭-മണിക്കു, വൈസറായി അവൎകളുടെ തത്സംബന്ധമായലേഖനം സ്വീകരിക്കുന്നതിനായി ഒരു വലിയകൂടിക്കാഴ്ചയുംഉണ്ടായിരുന്നു. ആസമയം മഹാരാജാവു, ദിവാൻ മുഖാന്തരം, ഗവൎണ്ണർജനറൽഅവൎകളുടെ ആദരത്തിനായിഅവിടുന്നു വളരെ കൃതജ്ഞനായിരിക്കുന്നു എന്നുള്ളവിവരം അദ്ദേഹത്തെ ഗ്രഹിപ്പിക്കണമെന്നും മററും റസിഡണ്ടിനോടു, കല്പിക്കയും മഹാരാജ്ഞിഅവൎകളുടെ രാജ്യഭാരത്താൽ പൊതുവിലും, വിശിഷ്യ, തിരുവിതാംകൂറിനും സിദ്ധിച്ചിട്ടുള്ള ഗുണങ്ങളെയും രക്ഷയെയുംപററി സംഗ്രഹമായിവിവരിക്കയും, മഹാരാജ്ഞി അവൎകളുടെ ആയുസ്സിനു ദാൎഢ്യം ദീൎഘമാക്കിചെയ്യണമെന്നു ഈശ്വരനെ പ്രാൎത്ഥിക്കയും ചെയ്തതിന്റെശേഷം തിരുമനസ്സിലെ സൎവ്വപ്രജകൾക്കും ഈ മഹോത്സവത്തിന്റെ ഓൎമ്മക്കുവേണ്ടി, വെള്ളോലആധാരങ്ങൾക്കുള്ള കരണപ്പിഴയെയും, ൧൦൩൦-ാമാണ്ടുക്കുമുമ്പു കൈമാററംചെയ്യപ്പെട്ടിട്ടുള്ള പണ്ടാരപ്പാട്ടവസ്തുക്കളുടെ ആധാരങ്ങൾക്കുള്ള പാട്ടച്ചീട്ടു് അവകാശത്തെയും സൎക്കാരിൽനിന്നും ഉപേക്ഷിച്ചിരിക്കുന്നതായി രണ്ടുതിരുവെഴുത്തുവിളംബരങ്ങൾ പരസ്യംചെയ്കിക്കയും ചിലകുററക്കാരെ വിടുതൽചെയ്കയുംചെയ്തു.

ഇവകൂടാതെ അതുസംബന്ധമായി ധാരമാക്ക തീവ്രേശയുംദീപോത്സവവും വെടിക്കെട്ടുമുതലായി അനേകംവിനോദങ്ങളും സകല പള്ളിക്കൂടങ്ങളിലെയും അദ്ധ്യേതാക്കൾക്കും അദ്ധ്യാപനികൾക്കും യഥായോഗ്യമായ സൽക്കാരങ്ങളും ഉണ്ടായിരുന്നു.

ജൂബിലിപ്രമാണിച്ചു ലണ്ടനിൽ ഏൎപ്പെടുത്തപ്പെട്ട "ഇമ്പിരിയിൽ ഇൻസ്റ്റിറ്റ്യൂട്ടിനു" ൧൦,൦൦൦-ത്രൂപായും, മദ്രാസിൽ ഏൎപ്പെടുത്തപ്പെട്ട "ടെക്നിക്കൽഇൻസ്റ്റിറ്റ്യൂട്ടിനു" ൨,൦൦൦-ത്രൂപായും ഈ മഹോത്സവത്തിന്റെസ്മാരകമായി സ്വരാജ്യത്തിൽ "വിക്ടോറിയാ ജൂബിലി ആസ്പിററൽ" എന്നനാമധേയ—

ത്തോടുകൂടി ഒരു സൂതികാകൎമ്മാഭ്യാസപള്ളിക്കൂടം ഏൎപ്പെട്ട
ത്തുന്നതിനു ൧൦,൦൦൦ രൂപായും മഹാരാജാവു അനുവദിച്ചു.

ആ പള്ളിക്കൂടം ഇപ്പോൾ കൊല്ലത്തു നടന്നുവരുന്നുണ്ടു.

അനന്തരം മഹാരാജാവു, മഹാരാജ്ഞിഅവൎകളുടെ ദ
യാപൂൎവ്വമായ അംഗീകാരത്തിനായി വീട്ടി, കരുന്താളി, ദന്തം
സ്വൎണ്ണം ഇവകൊണ്ടു വിചിത്രമായ കൊത്തുപണിയോടു
കൂടിഉണ്ടാക്കപ്പെട്ട ചിലസാമാനങ്ങൾ മദ്രാസ് ഗവൎമ്മെ
ൻറുമുഖാന്തരം അയക്കയും മഹാരാജ്ഞിഅവൎകൾ അവയെ
ദയാപുരസ്സരം സ്വീകരിക്കയും കൈപ്പററിയവിവരം തിരുമ
നസ്സുഅറിയിക്കയുംചെയ്തു.

ആ മേടമാസത്തിൽ അശ്വതിതിരുനാൾ തിരുമനസ്സി
ലെ തിരുമാടമ്പുനടത്തപ്പെട്ടു.

ആയിടക്കു കൊച്ചിയിലെഇളയരാജാവു, മഹാരാജാവി
നെ കാണുന്നതിനായി വീണ്ടുംഎഴുന്നെള്ളി. ഒരം കൂടിക്കാഴ്ച
കാരണം രണ്ടുസംസ്ഥാനങ്ങളും തമ്മിലുള്ള സ്നേഹബന്ധം
ഉറക്കുന്നതിനിടയായി. ആരാജാവു തിരുവനന്തപുരത്തു എ
ഴുന്നെള്ളിതാമസിച്ചദിവസങ്ങളിലത്രയും, മഹാരാജാവിന്റെ
ബഹുമാനപ്പെട്ട അതിഥിയായിരിക്കയും എല്ലാസ്ഥലങ്ങളി
ലും അവിടത്തെ ഉന്നതപ്പദവിക്കു തക്കതായ ബഹുമാന
ത്തോടും ആദരവോടും എതിരേല്ക്കപ്പെടുകയും ചെയ്തതുകൂ
ടാതെ ആദിവസങ്ങളിൽ യഥായോഗ്യമായ പ്രദൎശനങ്ങളും
ആഘോഷങ്ങളും ഉണ്ടായിരുന്നു.

൧൮൭൭-ാം വൎഷം ജൂലായിമാസം മിസ്റ്റർഹാരിങ്ങ്ടൻ
അവധിക്കുപോകയാൽ ഈ ഒക്ടോബർ മാസംവരെ ജ
നരൽ പ്രെൻഡർഗാസ്റ്റ് കാൎയ്യം വിചാരിച്ചിരുന്നു.

൧൮൭൮-ാമാണ്ടു കന്നിമാസത്തിൽ മദ്രാസ് ഗവൎണ്ണരാ
യ ലാർഡ് ബക്കിങ്ങാം തിരുവനന്തപുരത്തുവന്നു മൂന്നുനാലു
ദിവസം താമസിക്കയും മാന്യനായ ആ പ്രഭുവിനെ മഹാരാ
ജാവു യഥായോഗ്യം സൽക്കരിക്കയും ചെയ്തു. അദ്ദേഹം

തിരുമനസ്സിലെ ഗുണാതിരേകങ്ങളെയും രാജ്യഭാരവിദഗ്ദ്ധത
യെയുംപററി വളരെ സന്തോഷിച്ചു. ആ പ്രഭുവിൻെറ ഓ
ർമ്മക്കായി "കണ്ണിമാറാമാർക്കററു" എന്നപേരോടുകൂടി ഒരു
വാണിഭസ്ഥലം ഇപ്പോൾ കെട്ടപ്പെട്ടിരിക്കുന്നു.

ഏതാനംഭാഗം ഉപാദ്ധ്യായിനിമാരാലും ശേഷം ഉപാ
ദ്ധ്യായന്മാരാലും പഠിപ്പിക്കപ്പെട്ടുവരുന്നതും വർദ്ധിച്ചുവരുന്ന
തുമായ പെൺപള്ളിക്കൂടങ്ങളിലേക്കു മതിയായ യോഗ്യത
സിദ്ധിച്ചഉപാദ്ധ്യായിനിമാർ ഇല്ലാത്തകാരണം പെൺകുട്ടി
കൾ ഒരുക്ലിപ്തമായ വയസ്സിനുമേൽ പള്ളിക്കൂടങ്ങളിൽപഠി
ച്ച് അവരുടെ വിദ്യാഭ്യാസം മുഴുവൻ പൂർത്തിയാക്കാതെ ഇരി
ക്കുന്നു എന്നുകണ്ടു ആ ന്യൂനതയെ തീർക്കുന്നതിനുവേണ്ടി
൧൦൭൫-ാമാണ്ടുമുതൽ ഏർപ്പെടുത്തപ്പെട്ടു നടന്നുവരുന്ന കോ
ട്ടക്കകം പെൺപള്ളിക്കൂടത്തിൽ പരിക്ഷാമാർഗ്ഗമായി ആയാ
ണ്ടു തുലാമാസത്തിൽ ഒരു നാർമ്മൽക്ലാസ്സ ഏർപ്പെടുത്തി. അ
തു എത്രയും തൃപ്തികരമായി നടക്കയാൽ അതിനെ താമസി
യാതെ സ്ഥിരപ്പെടുത്തി. അതു ക്രമേണ വർദ്ധനയെപ്രാപി
ച്ചുവരുന്നു. ഒരു വിധം ഉൽകൃഷ്ടവിദ്യാഭ്യാസം സ്ത്രീകൾക്കും
സുഗ്രഹമാക്കിതീർക്കപ്പെട്ടു.

ഇൻഡ്യയിൽ പ്രധാനപ്പെട്ടതുറമുഖവും കച്ചവടസ്ഥല
വും വളരെ വിശേഷപ്പെട്ടതുമായ ബംബായനഗരത്തെ കാണ
ണമെന്നുള്ള അഭിലാഷം ഹേതുവാൽ ആയാണ്ടു മകരമാസ
ത്തിൽ ലക്ഷദീപാനന്തരം ദിവാൻ മുതലായ ചില ഉദ്യോഗ
സ്ഥന്മാർ സഹിതം തിരുമനസ്സുകൊണ്ടു കിഴക്കൻവഴിയായി
എഴുന്നള്ളത്തു പുറപ്പെട്ടു. ആയാത്രയിൽ മഹാരാജാവു അ
നേകം വിശേഷസ്ഥലങ്ങളെ സന്ദർശിച്ചു. അത്യാനന്ദഭരിത
നായി മീനമാസത്തിൽ സ്വരാജ്യത്തിൽ എഴുന്നെള്ളി.

തദനന്തരം രാജ്യത്തിൻെറയും പ്രജകളുടെയും ക്ഷേമ
ത്തിനായി നവീനമായ പല നിയമങ്ങൾ ഉണ്ടാക്കുന്നതിനു
"നിയമനിർമ്മാണസഭ" ഏർപ്പെടുത്തിയതുകൂടാതെ സ്വപ്രജ
കളിൽ പരിശ്രമത്തെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി൧൦൭൭ആണ്ടു

തോറും നാലു ഡിവിഷനിലും കാൎയ്യങ്ങൾ നടത്തുന്നതിനും വിദ്യാഭ്യാസവൎദ്ധനക്കായി കാളേജിൽവച്ചു ഉപയുക്തങ്ങളായ പലവിഷയങ്ങളേയുംപററി പ്രസംഗങ്ങൾ ചെയ്യിക്കുന്നതിനും വേണ്ട ഏൎപ്പാടുകൾചെയ്തു.

ഈവിധം എത്രയും ഗുണകരമായ രാജ്യഭാരത്തെ മഹാരാജ്ഞി അവർകൾ അഭിനന്ദിച്ചു തിരുമനസ്സിലേക്കു ജി- സി- എസ്സ് - ഐ. എന്ന സ്ഥാനപ്പേർ അനുവദിക്കയും അതിലേക്കുള്ളമുദ്രമദ്രാസ് ഗവൎണ്ണൎക്കു അയച്ചു അതിനെ യഥാക്രമമായി മഹാരാജാവിനു കൊടുക്കുന്നതിനു അദ്ദേഹത്തെ അധികൃതനാക്കുകയും ചെയ്കയാൽ ആ ഗവൎണ്ണർ ആയതു സ്വീകരിക്കുന്നതിനായി അത്രടം കല്പിച്ചെഴുന്നെള്ളണംമെന്നു മഹാരാജാവിനോടു അപേക്ഷിച്ചു. അതിനാൽ ൧൦൫൩-ാമാണ്ടു തുലാമാസത്തിൽ ഉത്സവാനന്തരം ദിവാൻമുതലായ ചില ഉദ്യോഗസ്ഥന്മാർസഹിതം കല്പിച്ചു തിരുനൽവേലിമാൎഗ്ഗം മദ്രാസിൽ എഴുന്നെള്ളുകയും ഡിസംബർമാസം ൩-ാംനു- അവിടത്തെ ഗവൎണ്ണരാൽ അവ തിരുമനസ്സിലേക്കു ക്ഷേമമായി കൊടുക്കപ്പെടുകയും ചെയ്തു. ധനുമാസത്തിൽ തിരുവനന്തപുരത്തു എഴുന്നെള്ളി. അനന്തരം മഹാരാജാവു, വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും പ്രചാരത്തിനായിട്ടു നൂതനമായി ഒരു പാഠശാല ഏൎപ്പെടുത്തി. ഈവിഷയത്തിൽ പൂൎവ്വികന്മാർ അത്രതന്നെ ശ്രദ്ധിക്കായ്കയാൽ അവ ക്ഷയത്തെ പ്രാപിച്ചിരുന്നു. ഈ നവീന ഏൎപ്പാടുകൊണ്ടു അവക്കു പ്രാബല്യത സിദ്ധിച്ചുവരുന്നു.

അതുകൂടാതെ ആയാണ്ടിൽ പ്രബലമായി ഏൎപ്പെടുത്തപ്പെട്ട കരകൌശലവിദ്യാശാലയിൽ അനേകം യുവാക്കൾ പലമാതിരിയായ തൊഴിലുകളെ അഭ്യസിച്ചുവരുന്നു.

ഈ സന്ദൎഭത്തിൽ തിരുമനസ്സിലെ മാതുലനായ ഉത്രാടംതിരുനാൾ മഹാരാജാവു ൧൦൫൭-ാമാണ്ടു ചിങ്ങമാസത്തിൽ പരലോകത്തെ പ്രാപിച്ചു.

* ൨൯

ന്യായിടക്ക മഹാരാജ്ഞി അവർകളുടെ പൌത്രനായ പ്രിൻസ് അൽബെട്ട് വിക്ടർ എന്ന രാജകുമാരൻ ഇൻഡ്യയിൽ പലസ്ഥലങ്ങളെയും സന്ദർശിച്ചുവരുന്നവഴി ആനവേട്ടക്കായി ഈ രാജ്യത്തും വരുന്നതായി എഴുതിവരികയാൽ എത്രയും മാനനീയനായ ആ രാജകുമാരനെ യഥായോഗ്യം സൽക്കരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനായിട്ടു കല്പനപ്രകാരം ദിവാൻ കളത്തൂപ്പുഴ മടത്തറക്കാണി മുതലായ സ്ഥലങ്ങളിൽ ചെന്നു അതിലേക്കുവേണ്ട യത്നങ്ങൾ ചെയ്തു. മൃഗയാസക്തനായ ആ രാജകുമാരൻ നിശ്ചയപ്രകാരം ഡിസംബർമാസം രു-ാനു കുറ്റാലത്തെത്തി. ആ സമയം തിരുമനസ്സുകൊണ്ടു അവിടെ എഴുന്നെള്ളി ആ രാജകുമാരനെ എതിരേല്ക്കയും ദന്തത്തിലും മറ്റും സ്വദേശികളാൽ ഉണ്ടാക്കപ്പെട്ട വിചിത്രങ്ങളായ അനേകം സാമാനങ്ങളെ സമ്മാനിക്കയും ചെയ്തശേഷം കല്പിച്ചു തിരിച്ചു എഴുന്നെള്ളി. അനന്തരം നായാട്ടുകൊണ്ടും ഇവിടത്തെ വിശേഷമായ സൽക്കാരങ്ങളെക്കൊണ്ടും അത്യന്തം ഹൃഷ്ടമാനസനായിട്ടു ആ രാജകുമാരൻ തിരിച്ചുപോയി. ഇംഗ്ലാണ്ടിലെ രാജവംശത്തിൽ ജാതന്മാരായ രാജാക്കന്മാർ ആരും തന്നെ അതഃപൂർവം ഈ രാജ്യത്തിൽ വന്നിട്ടില്ലാ.

അതിൽപിന്നെ മകരമാസത്തിൽ ഗംഗാസ്നാനത്തെ ഉദ്ദേശിച്ചു മഹാരാജാവു ദിവാൻ മുതലായ ഉദ്യോഗസ്ഥന്മാരോടുകൂടെ വടക്കൻവഴിയായി കാശി, കൽക്കട്ടാ മുതലായ സ്ഥലങ്ങളിൽ എഴുന്നെള്ളി. ഗംഗാസ്നാനാനന്തരം ഗയയിൽ എഴുന്നെള്ളി വിഷ്ണുപാദത്തിൽ പിതൃപ്രീതി വരുത്തിയശേഷം കൽക്കട്ടായിൽ എഴുന്നെള്ളി വൈസറായി അവർകളെ കണ്ടു. മഹാരാജാവുമായുള്ള സംഭാഷണത്താൽ അദ്ദേഹത്തിനു തൃപ്തിയുണ്ടായി. അതുവഴി ഉത്തര ഇൻഡ്യയിൽ ആഗ്രാ ഡൽഹി മുതലായ പല വിശേഷ സ്ഥലങ്ങളെയും സന്ദർശിച്ചു മീനമാസത്തിൽ തിരിച്ചെഴുന്നെള്ളി. ൧൦൬൫-ാം

വൎഷം ജൂൺമാസത്തിൽ മിസ്റ്റർ ഹാനിങ്ങ്ടൻ അവധിക്കു പോകയാൽ പകരം അക്ടോബർ മാസംവരെ മദ്രാസ് പ്രസിഡൻസിയിലെ വിദ്യാഭ്യാസ ഡയറക്ടറായ മിസ്റ്റർ ഗ്രീഗ് റസിഡൻറു കാൎയ്യം വിചാരിച്ചിരുന്നു.

അനന്തരം ൧൦൬൬-ാമാണ്ടു തുലാമാസത്തിൽ മഹാരാജാവു രാമേശ്വരത്തു എഴുന്നെള്ളി സേതുസ്നാനംകഴിഞ്ഞ ശേഷം ധനുമാസത്തിൽ സുഖമായി തിരിച്ചെ എഴുന്നെള്ളി.

ആയാണ്ടു മകരമാസം നടത്തപ്പെട്ട ബി. എ. പരീക്ഷയിൽ ഇവിടത്തെ ൨-ാംമുറരാജാവായ മാൎത്താണ്ഡവൎമ്മ മഹാരാജാവു വിജയത്തെപ്രാപിച്ചു. ഈ രാജവംശജാതന്മാരായ രാജാക്കന്മാർ ആരുംതന്നെ ഈവിധമായ ഒരു ബഹുമാനത്തെ അതിനുമുമ്പിൽ ലഭിച്ചിട്ടില്ലാ. ബാലനായ ആ രാജാവിന്റെ ബുദ്ധിസാമൎത്ഥ്യവും വിദ്യാഭ്യാസത്തിലുള്ള അത്യന്താസക്തിയും അനന്യസാധാരണങ്ങളാകുന്നു. മാതുലനായ മഹാരാജാവിന്റെ സ്നേഹപുരസ്സരമായ പ്രോത്സാഹത്താൽ അവിടുന്നു വിദ്യാഭ്യാസം മതിയാക്കാതെ എം. എ. പരീക്ഷക്കു പഠിച്ചുവരുന്നു. അതിലും താമസിയാതെ വിജയിയായി ഭവിക്കുന്നതിനു സൎവ്വശക്തനായിരിക്കുന്ന ഈശ്വരൻ സംഗതിവരുത്തുമാറാകണം.

അടുത്ത കുംഭമാസത്തിൽ ബ്രിട്ടീഷ്‌രീതി അനുസരിച്ചു ഈ രാജ്യത്തും ജനസംഖ്യകണക്കു എടുക്കപ്പെട്ടു.

൧൦൬൫-ാംവൎഷം ജൂലായി മാസത്തിൽ മിസ്റ്റർ ഹാനിങ്ങ്ടൻ അവധിക്കു പോയസമയം നവംബർമാസംവരെ മിസ്റ്റർ ഗ്രീഗ് തന്നെ ആവകജോലി നോക്കിവന്നിരുന്നു.

൧൦൬൭-ാമാണ്ടു മേടമാസത്തിൽ പൂൎവ്വാചാരാനുസാരേണ കല്പിച്ചു തുലാപുരുഷദാനം നടത്തി.

പൂൎവ്വം സംഗ്രഹമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളവകൂടാതെ മലയാളകുഡുംബങ്ങളിലേക്കു ആകുന്ന കുറവുകാരെ ഒ... അടിയറായ നിവൃത്തൽ, ത്തെട്ടകുന്നതിൽ ഉണ്ടായിരുന്ന ....

ചെയ്കയും ദേവസ്വം, ബ്രഹ്മസ്വം, മുതലായവകളും പുരാതനമായ നിരക്കിൻപ്രകാരം സാധനങ്ങൾ ഏല്പിക്കണമെന്നുള്ള അധർമ്മമായ നിർബന്ധത്തിൽനിന്നും ചിരുത്തിക്കാരെ മിക്കവാറും മോചിപ്പിക്കയും അനേകം ക്ഷേത്രങ്ങളിൽ ധ്വജപ്രതിഷ്ഠ കഴിപ്പിക്കയും പലക്ഷേത്രങ്ങളെ ജീർണ്ണോദ്ധാരണം ചെയ്യിക്കയും അനവധികുളങ്ങൾ, കിണറുകൾ, മുതലായവനന്നാക്കിക്കയും ഈഴവർ, കറവർ, വേടർ, പുലയർ, മുതലായ ജാതിക്കാരുടെ വിദ്യാഭ്യാസംവകകളും നവീനമായി ഏർപ്പാടുചെയ്കയും വ്യവസായവർദ്ധനക്കായി സർക്കാരിൽ നിന്നും കുടികൾക്കു പണം കടംകൊടുക്കുന്നതിനു വ്യവസ്ഥചെയ്കയും കൂട്ടതലായി അനേകം പള്ളിക്കൂടങ്ങൾ ആശുപത്രികൾ സത്രങ്ങൾ മുതലായവ കെട്ടിക്കയും സിവിൽ പ്രൊസിഡിയൂർകോഡ് മുതലായി അനേകം ചട്ടങ്ങൾ നടപ്പുവരുത്തുകയും അഞ്ചൽകാർഡ് മുദ്ര മുതലായവയും കാൽരൂപാ അരരൂപാ മുതലായ നാണയങ്ങളും ഉപയോഗിക്കുന്നതിനു ഏർപ്പാടുചെയ്കയും കടലാസു യന്ത്രശാലയും നെയ്ത്തുയന്ത്രശാലയും സ്ഥാപിക്കയും നൂതനമായി അനേകം പരീക്ഷകൾ ഏർപ്പെടുത്തുകയും ആവിവണ്ടി നടപ്പുവരുത്തുന്നതിനു വേണ്ട ഏർപ്പാടുചെയ്തു വേലതുടങ്ങിക്കയും ചെയ്തിട്ടുള്ളവ മഹാരാജാവിന്റെ മഹാമനസ്കതയെയും ധർമ്മതല്പരതയെയും ഈശ്വരഭക്തിയെയും പ്രജാവാത്സല്യത്തെയും പൂർണ്ണമായി സാക്ഷീകരിക്കുന്നു. ജനങ്ങൾ യാതൊരു പീഡകളുംകൂടാതെ ഇച്ഛാനുരോധങ്ങളായ ഓരോതൊഴിലുകളെ നടത്തിവരുന്നു.

സ്വപ്രജാക്ഷേമൈകതല്പരനും കരുണാനിധിയും ആയിരിക്കുന്ന തിരുമനസ്സിലെ തിരുവായുസ്സിനെ സർവ്വശക്തനായിരിക്കുന്ന ജഗദീശ്വരൻ യാവച്ഛക്യം ദീർഘമാക്കിച്ചെയ്യുമാറാകണം.

| [illegible] | മാസം | ൪ | ഇന്ന ഡിവിഷൻ | കച്ചവടസ്ഥലത്തിൻെറ പെരും |
| --- | --- | --- | --- | --- |
| [illegible] | ആടി | ൨൩ | കച്ചവടം വക [illegible]ന്നാമത നമ്പരിനു ള്ള പടിയും ലൈസൻസും. | അയ്യാട പ്രവൃത്തിയിൽ തെക്കനൊഴ്ശ[illegible] കന്നക്കാട്ടു പറമ്പിനും മെക്ക പ[illegible]വകം[illegible] നും വടക്ക കണ്ടത്തിവക പുരയിടത്തി[illegible] റൊട്ടിനും തെക്കുള്ള [illegible]വെശ്രു പറമ്പ[illegible] ദശനായി കെട്ടിയിരിക്കുന്ന ഷാപ്പിൽവ[illegible] |
| [illegible] | ടി | ടി | കൊല്ലം ഡിവിഷൻ [illegible]മത നമ്പരിനു മറ്റു പടിയും ലൈസൻസും. | കൊല്ലത്തു [illegible]ത്തുചെരിയിൽ [illegible] ളുണ്ടുപുരയിടത്തിൽ [illegible] [illegible] ൻെറ വക ചിന്നക്കടയിൽ തെക്കെട്ടം[illegible] റെത്തുള്ള മാളിക [illegible]ടയെ [illegible] ചെന്ന കട[illegible] ത്തെ ൨ മുറികളിൽവച്ചു |

ാള്ള
2

കാല്ലും ഡിവിഷ
ന്നും നമ്പ
ടിയും ലൈന

യിൽ കിഴ
വാസാ
ട്ടിനു കിഴക്ക
തക്കെ വള്ളൂ
ടെയും പുറ
ംപുമറിക്കടെയൻ